| പ്രോജക്ട് | 505/18, 567/19, 1106/20<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്.<br>വെള്ളാരം കുന്ന്-പടിഞ്ഞാറെ മേത്തൊട്ടി നടപ്പാത. | 430/18, 283/19, 1002/20<br>കോടിക്കുളം ഗ്രാമപഞ്ചായത്ത് ഇല്ലിച്ചുവട് കടവൂർ റോഡ് | 138/18, 1020/20<br>കരിങ്കുന്നം<br>ഡിവിഷൻ -കരിങ്കുന്നം പഞ്ചായത്ത് ഒറ്റല്ലൂർ(പുഞ്ചിരിക്കവല) തേവരാനി റോഡ്. |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി/പൂർത്തീകരിച്ച തീയതി | 04.06.2018(3മാസം)/ 28.02.2019 | 19.04.2018(6മാസം)/ 19.03.2019 | 12.03.2018(3മാസം)/ 21.2.19 |
| ബിൽ നം./തീയതി/തുക | 227/AEE/ 19-20തീ.28.06.19 ₹777842/- | 72/AEE/ 19-20തീ.03.05.19 ₹832389/- | 77/AEE/19-20 തീ.03.05.19 ₹965007 |

കരാറിലെ 7-ാം നമ്പർ വ്യവസ്ഥ പ്രകാരം 2% സമയം മാത്രമാണ് പിഴ ഈടാക്കാതെ പരമാവധി അനുവദിക്കാവുന്ന സമയം. എന്നാൽ ഇപ്രകാരം അധിക സമയം അനുവദിച്ചിട്ടില്ല. മേൽ വ്യവസ്ഥ പ്രകാരം കൂടുതൽ വേണ്ടിവരുന്ന മൂന്ന് മാസം വരെയുള്ള സമയത്തിന് കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടിവരുന്ന ഓരോ 3 മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കാൻ സാധിക്കു.

| വെള്ളാരം കുന്ന്- പടിഞ്ഞാറെ മേത്തൊട്ടി നടപ്പാത. | | ഇല്ലിച്ചുവട്-കടവൂർ റോഡ് | ഒറ്റല്ലൂർ(പുഞ്ചിരിക്കവല ) തേവരാനി റോഡ് . |
|---|---|---|---|
| ഈ പദ്ധതി 2017-18-ൽ ആവിഷ്കരിച്ചതാണ്. മൺപണി,കട്ടിയുള്ള പാറ പൊട്ടിച്ച് മാറ്റൽ,15 സെ.മീ കനത്തിൽ 225 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 1:2:4 സിമന്റ് കോൺക്രീറ്റ് നടത്തൽ എന്നിവയായിരുന്നു ഈ പദ്ധതിയുടെ ഇനങ്ങൾ. | | 305.5 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ മെറ്റലിംഗും ടാറിംഗും നടത്തുന്നതിനുള്ള പദ്ധതിയാണിത്. പല തവണകളിലായി 31.03.2019 വരെ കാലാവധി ദീർഘിപ്പിച്ച് കരാറുകൾ തയ്യാറാക്കിയിരിക്കുന്നു | 480 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ റീ ടാറിംഗും 384M2 പാച്ച് വർക്കും നടത്താനുള്ളതാണ് പദ്ധതി . 20.06.2018 വരെഅധിക സമയമനുവദിച്ചുകൊണ്ടുള്ള സപ്ലിമെന്ററി എഗ്രിമെന്റ് 1-ന്റെയും 19.09.2018വരെ സമയമനുവദിച്ചുകൊണ്ടുള്ള സപ്ലിമെന്ററി എഗ്രിമെന്റ് 2-ന്റെയും മുദ്രപത്രം അതിനുശേഷം 14.08.2018-ൽ വാങ്ങിയതാണ്. അതിലെ വർഷം 2016 എന്നാക്കിയിരിക്കുന്നു |
| ആകെ | ₹38,890/- | ₹58,268/- | ₹72,359/- |

| | | | |
|---|---|---|---|
| ചുമത്തേണ്ട പിഴ | | | |

മൂന്ന് പദ്ധതികളിലുമായി ആകെ ഈടാക്കേണ്ടിയിരുന്ന ₹1,69,517/- (പിഴ ചുമത്താതെ സമയ പരിധി നീട്ടിക്കൊടുത്തതും ബില്ല് മാറി നൽകിയപ്പോൾ പിഴ ഈടാക്കാത്തതും) ഉത്തരവാദിയായ അസി. എക്സി. എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

2. മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിക്കുന്നതിനായി പദ്ധതിയുടെ പേരിൽ മാറ്റം വരുത്തിയിരിക്കുന്നു .

വെള്ളാരം കുന്ന്-പടിഞ്ഞാറെ മേത്തെ ാട്ടി നടപ്പാത എന്ന പദ്ധതിയിൽ 15 സെ.മീ കനത്തിൽ കോൺക്രീറ്റിംഗ് നടത്തിയതിൽ നിന്നു തന്നെ നടപ്പാത നിർമ്മാണം എന്ന പേരിൽ റോഡ് നിർമ്മാണമാണ് നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാണ്. ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗ കോളനിയിലേയ്ക്ക് റോഡ് നിർമ്മാണത്തിന് മാർഗ്ഗരേഖ പ്രകാരം തടസ്സമുള്ളതിനാൽ പേരിൽ മാത്രം നടപ്പാത എന്നുൾപ്പെടുത്തി റോഡ് നിർമ്മാണത്തിനുള്ള സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി റോഡ് നിർമ്മാണം നടത്തുകയാണ് ചെയ്തത്. വികസനഫണ്ട് ഉപയോഗിച്ച് നടപ്പാക്കേണ്ട പദ്ധതിയായിരുന്നു ഇത്.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 9/26.08.2020 നൽകിയതിന് ഭാഗികമായി നൽകിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ക്രമ നം.1 പ്രകാരമുള്ള ₹ ,169,517/- ചെലവ് നിരാകരണവും ക്രമ നം.2 പ്രകാരമുള്ള ₹7,77,842/- ചെലവ് തടസ്സവും ഉടരുന്നു.

മേൽ പരാമർശങ്ങൾ വിശദമായി ഖണ്ഡിക 3-5 -ൽ കൊടുക്കുന്നു.

## 1-17 നാരകംപുഴ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം - സ്ഥാപിക്കാത്ത ഇനം ഉൾപ്പെടുത്തി തുക അനുവദിച്ചു - (ഖണ്ഡിക 3-6)

കൊക്കയാർ ഗ്രാമ പഞ്ചായത്തിലെ നാരകംപുഴ കമ്മ്യൂണിറ്റി ഹാളിന്റെ പൂർത്തീകരണമാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് | കൊക്കയാർ ഗ്രാമ പഞ്ചായത്ത് -<br>നാരകംപുഴ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം (1161/20) |
| അടങ്കൽ | ₹13,00,000/- (റ്റി.എസ്. പി.) |
| ബിൽ നമ്പർ/തീയതി | 228/തീയതി. 29.06.2019<br>₹12,68,248/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

മേൽ പ്രവൃത്തിയുടെ അളവ് ബുക്കിലെ രേഖപ്പെടുത്തലുകളുടെ നിജസ്ഥിതി 12.01.2021-ൽ ഗ്രാമ പഞ്ചായത്തിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഭൗതികമായി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ ഫയലിലില്ല.

2. ജനങ്ങൾ തിങ്ങിപ്പാർക്കുന്നതിനിടയിൽ ചെറിയ അളവിലുള്ള സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത് എന്നതിനാൽ . താഴെയും മുകളിലുമായി പരമാവധി 54 M2 അളവുള്ള രണ്ട് മുറികൾ എന്നതിലുപരി കമ്മ്യൂണിറ്റി ഹാളിന്റേതായ യാതൊരു പ്രയോജനങ്ങളും സ്ഥലവാസികൾക്ക് ഈ കെട്ടിടം കൊണ്ട് ലഭിക്കില്ലായെന്ന് വ്യക്തമാണ്.

3. ഒരു കമ്മ്യൂണിറ്റി ഹാളിന് പ്രാഥമികമായി വേണ്ടതാണ് ജലസ്രോതസ്സും വൈദ്യുതി കണക്ഷനും. ഇത് രണ്ടും ലഭ്യമാക്കിയിട്ടില്ല. ലഭ്യമായ സ്ഥലത്ത് പൂർണ്ണമായിത്തന്നെ കെട്ടിടം നിറഞ്ഞ് നിൽക്കുന്നതിനാൽ ജലസ്രോതസ്സിനുള്ള സ്ഥലം ഇനി ലഭ്യമാകുമോയെന്ന് സംശയമാണ്.

4. മേൽ പറഞ്ഞ രണ്ട് പ്രാഥമിക സൗകര്യങ്ങളുമില്ലാതെ സ്ഥാപിക്കാനാവാത്ത എസ്റ്റിമേറ്റിലെ 24-മത്തെ ഇനമായ സബ്മേഴ്സിബിൾ പമ്പ്, സ്ഥാപിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തി (പേജ് 30, 86) തുക അനുവദിച്ച് നല്കിയിട്ടുണ്ട്. ഇത് സ്ഥാപിച്ചിട്ടില്ലായെന്ന് ഭൗതിക പരിശോധനയിൽ കണ്ട് ബോദ്ധ്യപ്പെട്ടു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി(നം.39)ക്ക് മറുപടി ലഭിച്ചിട്ടില്ല. വിശദ വിവരങ്ങൾ ഖണ്ഡിക 3-6 - ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-18 കപ്പലുവേങ്ങ അംഗൻവാടി കെട്ടിട നിർമ്മാണം - സ്ഥാപിക്കാത്ത ഇനങ്ങൾക്ക് തുക അനുവദിച്ച് നൽകി - (ഖ. 3-7)

പെരുവന്താനം ഗ്രാമ പഞ്ചായത്തിലെ കപ്പലുവേങ്ങ അംഗൻവാടിക്ക് പുതിയ കെട്ടിട നിർമ്മാണമാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്.

പദ്ധതി വിശദാംശങ്ങൾ:-

| | |
|---|---|
| പ്രോജക്ട് | പെരുവന്താനം ഗ്രാമ പഞ്ചായത്ത്<br>കപ്പലുവേങ്ങ അംഗൻവാടി കെട്ടിട നിർമ്മാണം (961/20) |
| അടങ്കൽ | ₹10,00,000/- (എസ്. സി. പി.) |
| കൺവീനർ | ഉഷ കെ. എസ്, |
| കരാർ നമ്പർ | 101/AEE/LSGD/IDK/17-18, തീയതി : 31.03.2018 |
| അളവ് ബുക്ക് നമ്പർ | 2248/18-19, 2251/18-19 |
| ബിൽ നമ്പർ/തീയതി | 133/03.05.2019 ₹3,96,728/-<br>218/26.05.2020 ₹5,36,578/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ |

പ്രവൃത്തിയുടെ അളവ് ബുക്കിലെ രേഖപ്പെടുത്തലുകളുടെ നിജസ്ഥിതി 12.01.2021-ൽ ഗ്രാമ പഞ്ചായത്തിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഭൗതികമായി പരിശോധിച്ചപ്പോൾ സ്ഥാപിക്കാത്ത ഇനങ്ങൾ സ്ഥാപിച്ചതായി എം.ബുക്കുകളിൽ രേഖപ്പെടുത്തി തുക അനുവദിച്ചതായി കണ്ടെത്തി. സ്ഥാപിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചത് വഴി ജില്ലാ പഞ്ചായത്തിന് ₹10,155/-യുടെ നഷ്ടമുണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ ഖണ്ഡിക 3-7- ൽ ലഭ്യമാണ്.

## 1-19 കൊക്കയാർ ഗ്രാമ പഞ്ചായത്ത് - കുറ്റിപ്ലങ്ങാട് ജി.എച്ച്.എസ് ബോയ്സ് സൗഹൃദ ടോയ്‌ലറ്റ് - കൺവീനർക്ക് അധികം തുക നൽകി - (ഖ.3-8)

| | | |
|---|---|---|
| പ്രോജക്ട് നം. | 1296/20 | |
| ബിൽ നം./തീയതി & തുക | 408/18.01.2020 | ₹3,11,734/- |
| | 142/27.04.2020 | ₹1,38,528/- |

2018-19 വർഷം ₹5,00,000/- അടങ്കലായി വകയിരുത്തി കരാറിലേർപ്പെട്ട പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 03.03.2020-ലാണ്. പ്രസ്തുത പ്രവൃത്തിക്കായി പാർട്ട് ബില്ലിനത്തിൽ 18.01.2020-ൽ ₹3,11,734/-യും 27.04.2020-ൽ അന്തിമ ബില്ലിനത്തിൽ ₹1,38,528/-യും അനുവദിച്ചിട്ടുണ്ട്. അന്തിമ ബിൽ തയ്യാറാക്കിയതിലെ അപാകതകൾ മൂലം കൺവീനർക്ക് ₹16,820/- അധികം അനുവദിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അനുവദിച്ച തുക (₹) | | അനുവദിക്കാവുന്ന തുക(₹) | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 458307 | ആകെ പ്രവൃത്തി മൂല്യം | 458307 |
| (-)പാർട്ട് ബിൽ | 311733 | (-)OHC (ഒന്നാം പാർട്ട് ബിൽ പ്രകാരമുള്ള പ്രവൃത്തിമൂല്യമായ ₹3,29,876/-യുടെ 5.5%) | 18143 |
| | 146590 | (-)പാർട്ട് ബിൽ (OHC കുറവ് ചെയ്ത ശേഷമുള്ള തുക) | 311734 |
| (-)OHC 5.5% | 8062 | .. | 128430 |
| | 138528 | (-)OHC | 7064 |
| (-)IT 1% | 1385 | (-)IT(ഓവർഹെഡ് ചാർജ്ജ് കുറവ് ചെയ്ത ശേഷമുള്ള ₹1,21,366/-യുടെ 1%) | 1214 |
| (-)KCWWF 1% | 1385 | (-)KCWWF 1% | 1214 |
| കൺവീനർക്ക് നൽകിയ തുക | 135758 | കൺവീനർക്ക് നൽകാവുന്ന തുക | 118938 |

കൺവീനർക്ക് അധികം നൽകിയ തുക : ₹16,820/-(135758-118938)

കൺവീനർക്ക് അധികമായി നൽകിയ ₹16,820/- ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഖണ്ഡിക 3-8 -ൽ കൊടുക്കുന്നു.

## 1-20 കണയങ്കവയൽ വൃദ്ധസദനം - നിർമ്മാണ പ്രവർത്തനങ്ങൾ പാതി വഴിയിൽ അവസാനിച്ചു - (ഖ.3-9)

| | |
|---|---|
| പ്രോജക്ട് നം. | 171/20 |
| ബിൽ നം./തീയതി &തുക | 290/18.01.20;₹14,98,934/- |

2018-19-ൽ ആവിഷ്കരിച്ച് 20.02.19-ൽ കരാർ ഒപ്പുവച്ച പ്രവൃത്തി 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. പദ്ധതി

നിർവ്വഹണ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന ന്യൂനതകൾ കാണുന്നു.

1. കണയങ്കവയൽ വായനശാലയുടെ ഉടമസ്ഥതയില്ലുള്ള സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി

കണയങ്കവയൽ വായന ശാലയുടെ ഉടമസ്ഥതയില്ലുള്ള സ്ഥലത്താണ് വൃദ്ധസദനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. പ്രവൃത്തി സ്ഥലം നാളിതുവരെയും ജില്ലാ പഞ്ചായത്തിന് വിട്ടുനൽകിയിട്ടില്ല. പദ്ധതിക്ക് വേണ്ടി നാളിതു വരെയായി ₹14,98,934/- ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി സ്ഥലം ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടാത്തത് പദ്ധതിയുടെ പൂർത്തീകരണത്തെ തടസ്സപ്പെടുത്തുവാൻ സാധ്യത കാണുന്നു.

2. നിർമ്മാണ പ്രവർത്തനങ്ങൾ പാതി വഴിയിൽ അവസാനിച്ചു

ടോയ്‌ലറ്റ്, പ്ലംബിംഗ്, പെയിന്റിംഗ്, ടൈലിംഗ് എന്നിവ ഉൾപ്പെടുത്തി ഏറെക്കുറെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റാണ് ആദ്യം തയ്യാറാക്കിയിരുന്നത്. വായനശാലയുടെ ഉടമസ്ഥയില്ലുള്ള ഭൂമിയുടെ താഴത്തെ തട്ടിലേക്ക് കെട്ടിട നിർമ്മാണം മാറ്റി സ്ഥാപിക്കുകയും പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തതിനാൽ കെട്ടിടത്തിന്റെ സ്ട്രക്ച്റൽ ജോലികൾ മാത്രമെ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. കെട്ടിട നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനാവശ്യമായ തുടർ പ്രോജക്ടുകൾ ഏറ്റെടുക്കാത്തതിനാൽ വൃദ്ധസദന നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. വൃദ്ധസദനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ജല ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടില്ല.

3. കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിനുവേണ്ടി ഉപയോഗപ്പെടുത്തിയില്ല

അളവ് ബുക്ക് പേജ് 1, ഇനം 1 പ്രകാരമുള്ള പ്രവൃത്തി 30 സെ.മീ കനത്തിൽ മണ്ണ് കുഴിച്ചെടുക്കുക എന്ന പ്രവൃത്തിയായിരുന്നു. അളവ് ബുക്ക് ഇനം 1 പ്രകാരം നീക്കം ചെയ്ത 144$m^3$ മണ്ണ് ഫില്ലിംഗ് പ്രവൃത്തിക്ക് വേണ്ടി വിനിയോഗിച്ചിട്ടില്ല. പെരുവന്താനം ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കുഴിച്ചെടുത്ത മണ്ണ് പ്രവൃത്തി സ്ഥലത്ത് കണ്ടെത്തുവാനും കഴിഞ്ഞില്ല. കുഴിച്ചെടുത്ത മണ്ണ് എർത്ത് ഫില്ലിംഗിന് ഉപയോഗപ്രദമല്ലെന്ന് അളവ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. അളവ് ബുക്ക് ഇനം 1 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് വേണ്ടി ഉപയോഗിക്കാതിരുന്നത് മൂലം ₹44,444/-(144$m^3$@308.64)യുടെ നഷ്ടമുണ്ടായിട്ടുണ്ട്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 44, 48 എന്നിവയ്ക്ക് വിശദീകരണം നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വൃദ്ധസദനം പ്രവർത്തനയോഗ്യമാക്കുന്നതോടൊപ്പം നഷ്ട തുകയായ ₹44,444/- ഉത്തരവാദികളായ അസി. എഞ്ചിനീയർ, അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ ഖണ്ഡിക 3-9 -ൽ കൊടുക്കുന്നു.

## 1-21 പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് - തെക്കേ കുരിശുമല അംഗൻവാടി - പഴയ കെട്ടിടത്തിൽ നിന്നും നീക്കം ചെയ്ത കരിങ്കല്ല് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാതിരുന്നത് മൂലം കൺവീനർക്ക് അധികം തുക നൽകി - (ഖ. 3-10)

| | |
|---|---|
| പ്രോജക്ട് നം. | 991/20 |
| ബിൽ നം./തീയതി & തുക | 63/03.05.19;₹1012040346/- |

നിലവിലുള്ള അംഗൻവാടി കെട്ടിടം പൊളിച്ച് നീക്കം ചെയ്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2017-18 വർഷം ആവിഷ്കരിച്ച പദ്ധതിയാണിത്. നിലവിലുള്ള കെട്ടിടം പൊളിച്ച് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ അളവ് ബുക്കിൽ രേഖപ്പെടുത്തി ₹53,839/- കൺവീനർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. പദ്ധതി കൺവീനർക്ക് അധികം തുക നൽകി

അളവ് ബുക്ക് ഇനം 2 (സ്പെസിഫിക്കേഷൻ 15.9.2) ആയി 12.47$m^3$ കരിങ്കല്ല് പൊളിച്ച് നീക്കം ചെയ്ത് അട്ടിയിട്ട വകയിൽ കൺവീനർക്ക് ₹18,159/- അനുവദിച്ചിട്ടുണ്ട്. അളവ് ബുക്കിൽ പ്രവൃത്തി ഇനം 12 ആയി രേഖപ്പെടുത്തിയിരിക്കുന്നത് Dry Rubble Masonry(60.7.1) എന്ന പ്രവൃത്തിയാണ്. 11.586$m^3$ കരിങ്കല്ല് കെട്ടിയ വകയിൽ കൺവീനർക്ക് ₹2,778.10/-നിരക്കിൽ ₹32,187.06/-നൽകിയിട്ടുണ്ട്. എന്നാൽ അളവ് ബുക്ക് ഇനം 2 പ്രകാരം നീക്കം ചെയ്ത 12.47$m^3$ കരിങ്കല്ല് പ്രസ്തുത പ്രവൃത്തിക്കായി വിനിയോഗിച്ചിട്ടില്ല. പ്രസ്തുത കരിങ്കല്ല് ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ DSR സ്പെസിഫിക്കേഷൻ 60.7.8 പ്രകാരം (DR With Departmental Stone) ₹1036.03/$m^3$ നിരക്കിൽ 11.586$m^3$ കരിങ്കല്ല് കെട്ടിനായി ₹12,003.44 കൺവീനർക്ക് നൽകിയാൽ മതിയായിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി ₹20,184/- കൺവീനർക്ക് അധികം നൽകിയിട്ടുണ്ട് (30187.06-12003.44). അളവ് ബുക്ക് പ്രവൃത്തി ഇനം 1 (സ്പെസിഫിക്കേഷൻ 15.74) പ്രകാരം നീക്കം ചെയ്ത 10.51$m^3$ ഇഷ്ടിക, ഇനം 3 (സ്പെസിഫിക്കേഷൻ 15.12.1) പ്രകാരം പൊളിച്ചെടുത്ത 2 വാതിൽ, 8 ജനലുകൾ എന്നിവ ലേലം ചെയ്ത് നൽകിയിട്ടില്ല. ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലം നേരിട്ട് പരിശോധന നടത്തിയെങ്കിലും അളവ് ബുക്കിൽ പ്രവൃത്തി ഇനം 1, 2 & 3 ആയി രേഖപ്പെടുത്തിയിട്ടുള്ളതും പുനരുപയോഗപ്രദമെന്ന് കാണിച്ചിട്ടുള്ളതുമായ സാധനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

2. അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടില്ല

വാട്ടർ ടാങ്കിനും അനുബന്ധ പ്രവൃത്തികൾക്കുമായി പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും കുടിവെള്ള സ്രോതസ് കണ്ടെത്തി വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടില്ല .സമീപ വീട്ടുകളിൽ നിന്നും പൈപ്പിലൂടെ എത്തിക്കുന്ന വെള്ളം വാട്ടർ ടാങ്കിൽ ശേഖരിച്ചാണ് നിലവിൽ കുടിവെള്ളം ലഭ്യമാക്കുന്നത്.

ഉപ ഖണ്ഡിക 1, 2 എന്നിവ പ്രകാരം പരാമർശിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.43) വിശദീകരണം നൽകിയിട്ടില്ല. നഷ്ടമായി നിജപ്പെടുത്തിയിട്ടുള്ള ₹20,184/- ഉത്തരവാദിയായ അസി. എഞ്ചിനീയർ, അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഖണ്ഡിക 3-10 -ൽ ഉൾപ്പെടുത്തുന്നു.

## 1-22 പാമ്പനാർ ഗവ. സ്കൂൾ സംരക്ഷണ ഭിത്തി - കൺവീനർക്ക് അധികം തുക നൽകി - (ഖ.3-11)

പാമ്പനാർ ഗവ.സ്കൂളിന് സംരക്ഷണ ഭിത്തിയും അതിന് മുകളിൽ ചുറ്റുമതിൽ കെട്ടുന്നതിനുമായി 2017-18 വർഷം തയ്യാറാക്കിയ പദ്ധതിയാണിത്. അളവ് ബുക്ക് 2322/18-19 പേജ് 12-ൽ എക്സ്ട്രാ ഇനം 3 ആയി രേഖപ്പെടുത്തിയിരിക്കുന്നത് 'Painting Walls With Cement Water Proofing Paint As Per Specification Two Coats' എന്ന പ്രവൃത്തിയാണ്. അളവ് ബുക്കിൽ ചെയ്ത പെയിന്റിംഗ് പ്രവൃത്തിയുടെ അളവ് അധികമായി രേഖപ്പെടുത്തിയത് മൂലം കൺവീനർക്ക് ₹13,812/- അധികമായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3 ഖണ്ഡിക 3-11- ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-23 കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി നടത്തിപ്പിലുണ്ടായ അപാകതകൾ മൂലം നഷ്ടം - (ഖ.3-12)

ദേവികുളം ഗ്രാമ പഞ്ചായത്തിലെ ചെണ്ടുവരൈ ജി.എച്ച്.എസ്.എസ്. കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി നടത്തിപ്പിലുണ്ടായ അപാകതകൾ മൂലം ജില്ലാ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 965/20 |
| അടങ്കൽ തുക | ₹10,00,000/- |
| ബിൽ നമ്പർ, തീയതി, തുക | 9/03.05.2019, ₹6,71,227/- |

എ) നിർവ്വഹിക്കാത്ത/സ്ഥാപിക്കാത്ത ഇനങ്ങൾ എം. ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു

കുടിവെള്ള പദ്ധതിക്ക് വേണ്ടി ജി.ഐ. പൈപ്പ് ശൃംഖല സ്ഥാപിച്ചതിന് ട്രെഞ്ചിംഗ് ഉൾപ്പെടുന്ന ഡി.എസ്.ആർ. നിരക്കാണ് അനുവദിച്ചത്. എന്നാൽ പ്രസ്തുത പദ്ധതി പ്രദേശങ്ങൾ നേരിൽ പരിശോധിച്ചതിൽ, ട്രെഞ്ചിംഗ് നടത്താതെ വിവിധ അളവുകളിലുള്ള പൈപ്പുകൾ ചിലയിടങ്ങളിൽ മണ്ണിന് മുകളിലൂടെ സ്ഥാപിച്ചിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖാമൂലം അംഗീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ട്രെഞ്ചിംഗ് പ്രവൃത്തി നടത്താത്തതിനാൽ അതിനുള്ള നിരക്ക് കുറവ് ചെയ്യാതെ കരാറുകാരന് പ്രതിഫലം നൽകുക വഴി അധിക ചെലവുണ്ടായിട്ടുണ്ട്.

ജി. ഐ. പൈപ്പുകൾ സ്ഥാപിച്ചതു വഴി അധിക തുക നല്കിയതിന്റെ വിവരം

| അളവ് പുസ്തകത്തി ലെ ഇനം | പ്രവൃത്തി യുടെ ആകെ അളവ്(m) | ടെൻഡർ കുറവിന്റെ ശതമാനം | ഭൗതിക പരിശോധന യിൽ ട്രഞ്ചിംഗ് നടത്താ ത്തതായി കണ്ട അളവ് (M) | ട്രഞ്ചിംഗ് നടത്താ ത്തിടത്ത് അത് നടത്തിയ തായി രേഖപ്പെടുത്തി അനുവദിച്ച തുക(₹) | ട്രഞ്ചിംഗ് നടത്താത്ത തിനാൽ അനുവദി ക്കാവുന്ന തുക(₹) | അധികം നൽകി യത്(₹) |
|---|---|---|---|---|---|---|
| 1) 25 Mm GI പൈപ്പ് സ്ഥാപിക്കൽ | 213 | 21.1 | 213 | 53925.21 (320.88-യുടെ 21.1% കുറവായ ₹253.17 നിരക്കിൽ) | 39145.14 (232.92യുടെ 21.1% കുറവായ ₹183.78 നിരക്കിൽ) | 14780.07 |
| 2) 40mm GI പൈപ്പ് സ്ഥാപിക്കൽ | 600 | 21.1 | 144 | 53317.44 (469.28-യുടെ 21.1% കുറവായ ₹370.26 നിരക്കിൽ) | 43326.72 (381.34-യുടെ 21.1% കുറവായ ₹300.88 നിരക്കിൽ) | 9990.72 |
| 3) 50mm GI പൈപ്പ് | 578 | 21.1 | 50 | 21074 | 17603.5 | 3470.5 |

| | | | | | | |
|---|---|---|---|---|---|---|
| സ്ഥാപിക്കൽ | | | | (534.2/-യുടെ<br>21.1% കറവായ<br>₹421.48 നിരക്കിൽ) | (446.23/-യുടെ<br>21.1%കറവായ<br>₹352.07നിരക്കിൽ) | |
| | | | | | ആകെ | 28241.29 |

നിർവ്വഹിക്കാത്ത/സ്ഥാപിക്കാത്ത ഇനങ്ങൾ നിർവ്വഹിച്ചതായി/സ്ഥാപിച്ചതായി എം. ബുക്കിൽ രേഖപ്പെടുത്തുന്നത് നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ അസി. എഞ്ചിനീയറുടെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണ്. ആയത് ചെക്ക് മെഷർ ചെയ്യതായി രേഖപ്പെടുത്തിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്തും വീഴ്ചയുണ്ട്.

ബി) <u>പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു</u>

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2012-നെ അടിസ്ഥാനമാക്കി തയ്യാറാക്കിയ നിർവ്വഹണ കരാറിലെ 6, 7 എന്നീ വ്യവസ്ഥകൾ പ്രകാരം കരാർ തീയതി മുതൽ പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലമേറ്റ് വാങ്ങി അടുത്ത പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും കരാർ ഉടമ്പടിയുടെ ഭാഗമായി വെച്ചിട്ടുള്ള കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്തപക്ഷം കരാർ കാലാവധിയുടെ ഇരുപത് ശതമാനം സമയം കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. പിന്നീടുള്ള മൂന്ന് മാസക്കാലയളവിൽ കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും തുടർന്ന് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ രണ്ട് ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കാൻ സാധിക്കു.

തക്കതായ കാരണങ്ങളാൽ അനുവദിക്കാവുന്ന 20% ഇളവ് അനുവദിച്ച ശേഷവും പിഴ ഈടാക്കാതെ കാലയളവ് നീട്ടി നല്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാർ തീയതി | ടെണ്ടർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി | കരാർ തുക (₹) | ഇളവുകൾ പൂർണമായി അനുവദിച്ചാൽ പോലും പിഴ കൂടാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/ നിരക്ക്/ തുക ₹ |
|---|---|---|---|---|---|
| 17-02-2018 | 3 മാസം | 717872.98 | 29-06-18<br>[3 മാസം+<br>(10+10+18) ദിവസം] | 08-03-2019 | 30-06-2018<br>(1%) -₹7179<br>30-9-2018<br>(2%)- ₹14357<br>30-12-2018<br>(2%)- ₹14357<br>ആകെ<br>-<br>₹35893 |

പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട എല്ലാ തയ്യാറെടുപ്പുകളും നടത്തിയതിന് ശേഷം മാത്രമാണ് കോൺട്രാക്ടർ കരാറിൽ ഏർപ്പെടുന്നത്. ഒരിക്കൽ കരാറിൽ ഏർപ്പെട്ടാൽ ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കി പദ്ധതിയുടെ സുഗമമായ നടത്തിപ്പും പൂർത്തീകരണവും ഉറപ്പാക്കേണ്ടത് കരാറുകാരന്റെ മാത്രം ചുമതലയാണ്. അനുവദനീയ കാലയളവിന്റെ 20% ഇളവ് നൽകാൻ മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമുള്ളത്. ആയതിനാൽ സാധന സാമഗ്രികളുടെ ക്ഷാമം കാരണം കാലാവധിയിൽ ഇളവ് നൽകാനുള്ള അപേക്ഷകളിൽ അനുകൂല തീരുമാനമെടുക്കാൻ വ്യവസ്ഥ 7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന് ബാദ്ധ്യതയില്ല. അപ്രകാരം ചെയ്യുന്നത് ക്രമ വിരുദ്ധവുമാണ്. കരാർ വ്യവസ്ഥ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചത് വഴി ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ പോലും ഈടാക്കിയില്ലായെന്നത് നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ എക്സി. എഞ്ചിനീയറുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്.

1994-ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ സെക്ഷൻ 2(എൽ)-ൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള വീഴ്ച ഉണ്ടായതിനാൽ മേൽ സൂചിത രണ്ട് അപാകതകളിലുമായി ₹64,134/- (28241+35893) ജില്ലാ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുന്നു. നഷ്ട തുക കരാറുകാരിൽ നിന്ന് പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ജി. ഐ. പൈപ്പുകൾ സ്ഥാപിച്ചത് വഴി അധികം നൽകിയ തുക (₹28,241/-) പ്രവൃത്തി

നടപ്പാക്കിയ അസി. എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചത് വഴി ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം (₹35,893/-) നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 16(1) പ്രകാരം സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്. വിശദ വിവരങ്ങൾ ഖണ്ഡിക 3-12 -ൽ കൊടുക്കുന്നു.

## 1-24 ദേവികുളം ഗുഡാർവിള ഗവ. ഹൈസ്കൂൾ അറ്റകുറ്റ പണി -ചെയ്യാത്ത പ്രവൃത്തി അളവ് ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു - (ഖ.3-13)

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 1418/20-<br>ദേവികുളം ഗുഡാർവിള ഗവ. ഹൈസ്കൂൾ അറ്റകുറ്റപ്പണി |
| അടങ്കൽ | ₹5,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| കൺവീനർ | ശ്രീ. പ്രഭാകരൻ |
| എം. ബുക്ക് നമ്പർ | 275/19-20 |
| ബിൽ നം, തുക | 191/11.05.2020 ₹3,30,857/- |

അപാകതകൾ

1. പ്രവൃത്തിയുടെ അളവ് ബുക്ക് പേജ് നമ്പർ 1, 2 എന്നിവയിലായി ഗേറ്റ് പില്ലർ സ്ഥാപിക്കുന്നതിനായി 6.75m3 മണ്ണ് മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഗേറ്റ് പില്ലർ വളരെക്കാലം മുമ്പ് സ്ഥാപിച്ചതാണെന്നും കരിങ്കല്ല് ഉപയോഗിച്ച് നിർമ്മിച്ച പില്ലറുകളിൽ പെയിന്റിംഗ് മാത്രമാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നടത്തിയതെന്നും കൺവീനറായ സ്കൂൾ ഹെഡ്മാസ്റ്റർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഗേറ്റ് പില്ലർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അളവ് പുസ്തകത്തിന്റെ 1 മുതൽ 12 വരെ പേജുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ അളവുകളും കൃത്രിമമായി ചമച്ചതാണെന്ന് ദേവികുളം ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു. മുൻ വർഷം SSA ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പ്രവൃത്തിയുടെ അളവ് കൂടി ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തന്മൂലം താഴെ രേഖപ്പെടുത്തിയിരിക്കുന്ന ഇനങ്ങളിലായി ₹60,434/- അധികമായി നല്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി ഇനം നമ്പർ (എം. ബുക്ക് പ്രകാരം) | പ്രവൃത്തി (എം. ബുക്ക് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്) | നല്കിയ തുക (₹) |
|---|---|---|
| 7 | Earth Work(2.8.1) | 1571.6 |
| 8 | 1:4:8 Concrete (4:1:8) | 5639.55 |
| 9 | 1:1.5:3 Concrete (5.1.2) | 18185.4 |
| 10 | R.C.C (5.2.2) | 16048.31 |
| 11 | Centring And Shuttering (5.9.6) | 6467 |
| 12 | Steel (5.22.6) | 12522.31 |
| | Total | 60434 |

2. അളവ് ബുക്ക് പേജ് നം. 13 മുതൽ 17 വരെ പേജുകളിലായി 21.394m3 റോഡ് എർത്ത് വർക്കും കോൺക്രീറ്റും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ 17.156m3 മാത്രമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. SSA ഫണ്ട് ഉപയോഗിച്ച് താഴത്തെ കെട്ടിടത്തിലേക്കുള്ള റാമ്പിന്റെ കോൺക്രീറ്റിന്റെ അളവ് (4.238എം3) കൂടി ചേർത്താണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ രണ്ടിനങ്ങളിലുമായി ₹32,280.37 അധികമായി നല്കി. വിശദാംശം ചുവടെ നല്കുന്നു.

| ഇനം | എം. ബുക്ക് പ്രകാരം (എം3) | ഭൗതിക പരിശോധനയിൽ കണ്ടെത്തിയത്(എം $^3$) | | അധികമായി രേഖപ്പെടുത്തിയത് (എം $^3$) (SSA ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചത്) | | അധികം നല്കിയ തുക(₹) |
|---|---|---|---|---|---|---|
| എർത്ത് വർക്ക് | 21.394 | 15x3x0.15=6.75<br>6.5x(8+5.2)/2 X0.15=6.386<br>8x(3.4+3.3)/2 X0.15=4.02 | 17.156 | 7.4x2.07x0.12=1.838<br>6.5x2x0.12=1.56<br>3.5x2x0.12=0.84 | 4.238 | 4.238 X74.16<br>=314.29 |
| 1:2:4 കോൺക്രീറ്റ് എം. | 21.394 | 15x3x0.15=6.75 | 17.156 | 7.4x2.07x0.12=1.838 | 4.238 | 4.238 X7542.73= |

| | | | | | |
|---|---|---|---|---|---|
| ബുക്ക് പ്രകാരം | | 6.5x(8+5.2)/2 X0.15=6.386<br>8x(3.4+3.3)/2 X0.15=4.02 | 6.5x2x0.12=1.56<br>3.5x2x0.12=0.84 | | 31966.08 |
| | | | ആകെ | | 32280.37 |

പ്രവൃത്തിയിൽ ആകെ ₹92,715.37ചെയ്യാത്ത പ്രവൃത്തികൾക്കായി നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അധികം നല്കിയ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഖണ്ഡിക 3-13 -ൽ കൊടുക്കുന്നു.

## 1-25 കൊട്ടക്കാമ്പൂർ ജലപാതയ്ക്ക് സംരക്ഷണം- പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ മൂലം നഷ്ടം - (ഖ.3-14)

നിലവിലുള്ള ചെക്ക് ഡാമിൽ നിന്ന് മണ്ണ് നീക്കം ചെയ്യുകയും ഡാമിനും കനാലിനും സമീപത്തുള്ള വാട്ടർ ടാങ്കിനും അറ്റകുറ്റപ്പണികൾ നടത്തുകയും ഫുട്പാത്ത് നിർമ്മിക്കുകയുമാണ് വട്ടവട ഗ്രാമ പഞ്ചായത്തിലെ കൊട്ടക്കാമ്പൂർ ജലപാതയ്ക്ക് സംരക്ഷണം എന്ന പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1218/20 |
| ബിൽ നമ്പർ, തീയതി,തുക | 301/27.05.2020, ₹9,22,132/- |

(I) പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി പ്രദേശം ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

A) അരുവി വന്ന് ചേരുന്ന നിലവിലുണ്ടായിരുന്ന ഒരു മീറ്ററോളം പൊക്കമുള്ള ചെക്ക് ഡാമിന്റെ ഉയരമാണ് വീണ്ടും വർദ്ധിപ്പിച്ചത്. എന്നാൽ ഡാമിൽ ഒഴുകിയെത്തുന്ന അത്രയും തന്നെ വെള്ളം, ഡാമിന്റെ ഏറ്റവും താഴെയായി നിർമ്മിച്ചിരിക്കുന്ന ചാലുവഴി, എപ്പോഴും ഒഴുകി പോകുന്നതിനാൽ നിലവിലുണ്ടായിരുന്ന ചെക്ക് ഡാം തന്നെ പ്രയോജനരഹിതമാണെന്നതാണ് വാസ്തവം. അങ്ങനെ വരുമ്പോൾ ഇപ്രകാരം ഉയരം വർദ്ധിപ്പിക്കുന്നതുകൊണ്ട് ഭൗതികലക്ഷ്യം കൈവരിക്കുകയില്ലായെന്നത് വ്യക്തമാണ്; സ്വഭാവികമായി അതിനുണ്ടായ ചെലവ് പാഴ്ചെലവായി മാറുന്നു.

B) ചെക്ക് ഡാമിന് തൊട്ട് താഴെ ഭാഗത്തായി ആർ.സി.സി.-യാൽ ഭിത്തികൾ നിർമ്മിച്ച് നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാട്ടർ ടാങ്കിന് ചുറ്റും 75 സെ.മീ. വീതിയിൽ കരിങ്കൽ കെട്ടി അതിന് മുകളിൽ 10 സെ. മീറ്റർ കനത്തിൽ 124 കോൺക്രീറ്റ് ചെയ്ത് സംരക്ഷണ ഭിത്തി നിർമ്മിച്ചതായി കാണുന്നു. ആർ.സി.സി.-യാൽ നിർമ്മിച്ച യാതൊരു തകരാറുമില്ലാത്ത ഭിത്തിയ്ക്ക് കേവലം ഒരു കരിങ്കൽ ഭിത്തി സംരക്ഷണം നൽകുകയില്ലായെന്ന് സുവ്യക്തമായതിനാൽ ആയിനത്തിൽ ₹1,03,650/-യുടെ പാഴ് ചെലവ് ഉണ്ടായിരിക്കുന്നു .

C) പ്രവൃത്തി ഇനം 1 പ്രകാരം 20 മീറ്റർ നീളവും 10 മീറ്റർ വീതിയുമുള്ള ചെക്ക് ഡാമിൽ നിന്ന് ഒരു മീറ്റർ കനത്തിൽ മണ്ണ് നീക്കം ചെയ്തതായി അളവ് ബുക്ക് 2, 3 പേജുകളിലായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ചെക്ക് ഡാമിന്റെ യഥാർത്ഥ അളവ് 8.5x7 ആണെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

നിർവ്വഹിക്കാത്ത പ്രവൃത്തി നിർവ്വഹിച്ചതായി അളവ് ബുക്കിൽ രേഖപ്പെടുത്തുന്നത് നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ അസി. എഞ്ചിനീയറുടെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണ്. ആയത് ചെക്ക് മെഷർ ചെയ്തതായി രേഖപ്പെടുത്തിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്തും വീഴ്ചയുണ്ട്.

(Ii) പിഴ ഈടാക്കാതെ ക്രമ വിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2012-നെ അടിസ്ഥാനമാക്കി തയ്യാറാക്കിയ നിർവ്വഹണ കരാറിലെ 6, 7 എന്നീ വ്യവസ്ഥകൾ പ്രകാരം കരാർ തീയതി മുതൽ പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലമേറ്റ് വാങ്ങി അടുത്ത പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും കരാറുടമ്പടിയുടെ ഭാഗമായി വെച്ചിട്ടുള്ള കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്തപക്ഷം കരാർ കാലാവധിയുടെ ഇരുപത് ശതമാനം സമയം കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. പിന്നീടുള്ള മൂന്ന് മാസക്കാലയളവിൽ കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും തുടർന്ന് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ രണ്ട് ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കാൻ സാധിക്കൂ.

ഇവിടുത്തെ പ്രവൃത്തിയുടെ സംഗതിയിൽ, തക്കതായ കാരണങ്ങളാൽ അനുവദിക്കാവുന്ന 20% ഇളവ് അനുവദിച്ച ശേഷവും പിഴ ഈടാക്കാതെ കാലയളവ് നീട്ടി നല്കിയതായി കാണുന്നു.

ഇ-ടെണ്ടറിൽ സൂചിപ്പിച്ചിരിക്കുന്ന പൂർത്തീകരണ കാലാവധിയിൽ അധികരിച്ച കാലാവധി അനുവദിക്കുകയോ അപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖകളിൽ എഴുതുകയോ ചെയ്യുന്നത് ശരിയല്ല. ഇവിടുത്തെ സംഗതിയിൽ ഇ-ടെണ്ടറിൽ പൂർത്തീകരണ കാലവധി നാല് മാസമെന്നാണ്. എന്നാൽ വിവിധ രേഖകളിൽ ആയത് ആറ് മാസമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട എല്ലാ തയ്യാറെടുപ്പുകളും നടത്തിയതിന് ശേഷം മാത്രമാണ് കോൺട്രാക്ടർ കരാറിൽ ഏർപ്പെടുന്നത്. ഒരിക്കൽ

കരാറിൽ ഏർപ്പെട്ടാൽ ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കി പദ്ധതിയുടെ സുഗമമായ നടത്തിപ്പും പൂർത്തീകരണവും ഉറപ്പാക്കേണ്ടത് കരാറുകാരന്റെ മാത്രം ചുമതലയാണ്. അനുവദനീയ കാലയളവിന്റെ 20% ഇളവ് നൽകാൻ മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമുള്ളത്. ഇക്കാരണങ്ങളാൽ സാധന സാമഗ്രികളുടെ ക്ഷാമം കാരണം കാലാവധിയിൽ ഇളവ് നൽകാനുള്ള അപേക്ഷകളിൽ അനുകൂല തീരുമാനമെടുക്കാൻ വ്യവസ്ഥ 7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന് ബാദ്ധ്യതയില്ല; അപ്രകാരം ചെയ്യുന്നത് ക്രമവിരുദ്ധവുമാണ്. കരാർ വ്യവസ്ഥ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചത് വഴി ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ പോലും ഈടാക്കിയില്ലയെന്നത് നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ എക്സി. എഞ്ചിനീയറുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്.

1994-ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ സെക്ഷൻ 2(എൽ)-ൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള വീഴ്ച ഉണ്ടായതിനാൽ (I)C, (Ii) എന്നീ രണ്ട് അപാകതകളിലുമായി ₹41,995/- (14050+27945) ജില്ലാ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുന്നു. നഷ്ട തുക കരാറുകാരിൽ നിന്ന് പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആദ്യ അപാകത മൂലമുണ്ടായ നഷ്ടം തുല്യമായി, പ്രവൃത്തി നടപ്പാക്കി എം. ബുക്ക് എഴുതിയ അസി. എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും രണ്ടാമത്തെ അപാകത മൂലമുണ്ടായ നഷ്ടം പിഴ ഈടാക്കാതെ അന്തിമ ബിൽ തയ്യാറാക്കി തുക അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 16(1) പ്രകാരം സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

വിശദ വിവരങ്ങൾ ഖണ്ഡിക 3-14 -ൽ ഉൾപ്പെടുത്തുന്നു.

## 1-26 പള്ളിവാസൽ ഗ്രാമ പഞ്ചായത്ത്-കുമ്പൻപാറ പർനായി സിറ്റി റോഡ് - അന്തിമ ബില്ലിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തില്ല - (ഖ.3-15)

| | |
|---|---|
| പ്രോജക്ട് നം. | 1183/20 |
| ബിൽ നം./ തീയതി & തുക | 427/28.01.20; ₹11,66,138/- |

അടിമാലി ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റിയുമായി 30.01.19-ൽ കരാർ ഒപ്പ് വെച്ച പ്രവൃത്തിയിൽ റോഡ് കോൺക്രീറ്റിംഗും ഐറിഷ് ഡ്രെയിനേജുമാണ് പ്രധാനമായും നടപ്പാക്കിയിട്ടുള്ളത്. 09.11.19-ൽ പൂർത്തീകരിച്ച പ്രവൃത്തിക്ക് വേണ്ടി അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ 2% നിരക്കിലുള്ള ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല.

ജി.എസ്.ടി അടയ്ക്കാൻ ബാധകമായ തുകയായ ₹10,41,195/- (1166138/1.12)യിൽ നിന്നും 2% നിരക്കിലുള്ള തുക കുറവ് ചെയ്യാതിരുന്നത് മൂലം സർക്കാരിന് ₹20,824/-യുടെ നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ട തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എക്സി. എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.49 തീയതി 10.02.21) മറുപടി ലഭ്യമായില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-15-ൽ ചേർത്തിട്ടുണ്ട്.

## 1-27 വാത്തിക്കുടി ഗ്രാമ പഞ്ചായത്ത്-പാറസിറ്റി പള്ളിക്കുടം റോഡ് - കരാറുകാരന് അധികം തുക നൽകി - (ഖ.3-16)

പാറസിറ്റി-പള്ളിക്കുടം സിറ്റി റോഡിന് സംരക്ഷണ ഭിത്തി നിർമ്മിക്കുക എന്ന പ്രവൃത്തിയിലെ അളവ് തുകകൾ എം. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം ആകെ പ്രവൃത്തി മൂല്യം ₹7,81,198/-യാണ്. ആകെ പ്രവൃത്തി മൂല്യം ₹7,88,121/-യായി പരിഗണിച്ചാണ് കരാറുകാരന് അന്തിമ ബിൽ തയ്യാറാക്കി നൽകിയിരിക്കുന്നത്. തന്മൂലം ₹6,923/- അധികമായി പിൻവലിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം 3 ഖണ്ഡിക 3-16 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28 വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത്-IHDP കോളനി റോഡ് റീടാറിംഗ് - കരാറുകാരന് അധികം തുക നൽകി - (ഖ. 3-17)

| | |
|---|---|
| പ്രോജക്ട് നം. | 1285/20 |
| പദ്ധതി അടങ്കൽ | ₹10,00,000/-(വികസന ഫണ്ട്- എസ്.സി.പി) |
| കരാറുകാരൻ | സെബാസ്റ്റ്യൻ പി.എസ്. |
| കരാർ നം. & തീയതി | 299/30.01.19 |
| അളവ് ബുക്ക് | 2325/18-19 |
| ബിൽ നം./തീയതി & തുക | 301/1.8.19; ₹9,98,096/- |

മഞ്ചുമല IHDP കോളനി റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയിലെ അളവ് തുകകൾ എം. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം ആകെ പ്രവൃത്തി മൂല്യം ₹9,84,875/-യാണ്. ആകെ പ്രവൃത്തി മൂല്യം ₹10,00,000/-യായി പരിഗണിച്ചാണ് കരാറുകാരന് അന്തിമ ബിൽ തയ്യാറാക്കി

നൽകിയിരിക്കുന്നത്. എം. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി ഇനം നം. | പ്രവൃത്തിയുടെ പേര് | അളവ് | നിരക്ക് | തുക(₹) |
|---|---|---|---|---|
| 1.01 | 5.5.B2a Modified Penetration Macadam | 32m$^2$ | 364.10/m$^2$ | 11651.20 |
| 1.02 | 5.2.1a Tack Coat With Bitumen Emulsion(RS1) | 57.62m$^2$ | 10.37/m$^2$ | 597.51 |
| 1.03 | 5.9.12a 20mm Thick Open Graded Premix Carpet | 1665m$^2$ | 172.27/m$^2$ | 286829.55 |
| 1.04 | 5.12A.3.2a Seal Coat Manuel Means Type C Bitumen S-65 | 1665m$^2$ | 67.97/m$^2$ | 113170.05 |
| 1.05 | Plain Reinforced Concrete | 1.912m$^3$ | 9498.74/m$^3$ | 18161.59 |
| Extra Item 1 | 3.1 Preparation Of Foundation For Embankment | 1602m$^2$ | 33.19/m$^2$ | 53170.38 |
| E2 | 4.9 Wet Mix Macadam | 120.15 M$^3$ | 336.1/m$^3$ | 403824.15 |
| E3 | 75.5.2.2pb Tack Coat With Packed Bitumen Rates(RS1) | 1602 M$^2$ | 13.53/m$^2$ | 21675.06 |
| E4 | 75.5.1.1pb Prime Coat | 1602 M$^2$ | 58.65/m$^2$ | 93957.3 |
| | | | ആകെ | 984875.2 |

8 ബാരൽ ബിറ്റുമിന്റെ വിലയായ ₹1,904/- (8 X 238) കിഴിച്ച് ₹9,82,971/- (984875-1904)യായിരുന്നു ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്നത്. ₹9,98,096/-യാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചത്. അധികം പിൻവലിച്ച ₹15,125/- ഉത്തരവാദിയായ എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 53 തീയതി. 16.02.2021-ന് മറുപടി ലഭ്യമായില്ല. വിശദ വിവരങ്ങൾ ഖണ്ഡിക 3-17- ൽ കൊടുക്കുന്നു.

## 1-29 മരിയാപുരം ഗ്രാമ പഞ്ചായത്ത്-വെട്ടിയാങ്കൽ-ഈന്തുങ്കൽ പടി റോഡ് ടാറിംഗ് - കരാറുകാരന് അധികം തുക നൽകി - (ഖ.3-18)

| | | |
|---|---|---|
| പ്രോജക്ട് നം. | 905/20, വെട്ടിയാങ്കൽ-ഈന്തുങ്കൽ പടി റോഡ് ടാറിംഗ് | |
| ബിൽ നം./തീയതി & തുക | 187/03.05.19; ₹4,14,197/- | |
| | 259/24.07.19 ₹2,84,864/- | |

വെട്ടിയാങ്കൽ-ഈന്തുങ്കൽ പടി റോഡ് ടാറിംഗ് എന്ന പ്രവൃത്തിയിൽ താഴെപ്പറയും പ്രകാരം ₹6,754/- കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്.

ഒന്നാം പാർട്ട് ബിൽ പ്രകാരമുള്ള ₹4,14,197/-യും അന്തിമ ബിൽ പ്രകാരമുള്ള ₹2,74,080/-യുമുൾപ്പെടെ ₹6,72,597/- കരാറുകാരന് നൽകിയിട്ടുണ്ട്. കരാറുകാരന് അനുവദിക്കാവുന്ന തുക ₹6,65,843/-യാണ്. കാലി വീപ്പയുടെ വിലയുൾപ്പെടെയുള്ള പാർട്ട് ബിൽ തുകയായ ₹4,19,671/ -അന്തിമ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതിന് പകരം കാലിവീപ്പയുടെ വില ഒഴിവാക്കി അന്തിമ ബിൽ തയ്യാറാക്കിയതിനാലാണ് അധികം തുക നൽകുവാനിടയായിട്ടുള്ളത്. അധികം നൽകിയ ₹6,754/- ഉത്തരവാദിയായ അസി. എക്സി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

വിശദ വിവരങ്ങൾ ഖണ്ഡിക 3-18-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-30 കാമാക്ഷി ഗ്രാമ പഞ്ചായത്ത്-ഉപ്പുതോട് പെരുമ്പള്ളിപടി കരിക്കൻമേട് റോഡ് - പ്രവൃത്തി സ്ഥലത്ത് നിന്നും പൊട്ടിച്ചെടുത്ത കരിങ്കല്ല് പൂർണ്ണമായും ഉപയോഗപ്പെടുത്തിയില്ല -നഷ്ടം ₹55,958/- (ഖ.3-19)

| | | |
|---|---|---|
| പ്രോജക്ട് നം. | 904/20, ഉപ്പുതോട് പെരുമ്പള്ളിപടി കരിക്കൻമേട് റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണം | |
| ബിൽ നം./ തീയതി&തുക | 183/3.5.19; ₹290294/- | |
| | 391/18.1.20;₹209136/ | |

ഉപ്പുതോട് പെരുമ്പള്ളിപടി കരിക്കൻമേട് റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയാണ് 11.04.18-ൽ ഭരണാനുമതി ലഭിച്ച പദ്ധതിയിലൂടെ നടപ്പാക്കിയിട്ടുള്ളത്.അളവുബുക്ക് ഇനം 2(DSR Code 3.9.1) പ്രകാരമുള്ള രേഖപ്പെടുത്തലുകളനുസരിച്ച് (പേജ് 3&18)ആകെ 93.06m3 കരിങ്കല്ല് പ്രവൃത്തി സ്ഥലത്തു നിന്നും പൊട്ടിച്ചെടുത്ത് അട്ടിയിട്ടുണ്ട്.അളവുബുക്കിൽ പ്രവൃത്തി ഇനം 4(od 141691/18-19) ആയി രേഖപ്പെടുത്തിയിട്ടുള്ളത് "DR Masonry With Departmental Rubble(55m3)" എന്ന പ്രവൃത്തിയും ഇനം6 ആയി രേഖപ്പെടുത്തിയിട്ടുള്ളത് "DRY Rubble Masonry(28.8m3)" എന്ന പ്രവൃത്തിയുമാണ്.രണ്ടിനങ്ങളിലുമായി ആകെ 83.8m3 കരിങ്കല്ല് കെട്ട് പ്രവൃത്തിയാണ് നടപ്പാക്കിയിട്ടുള്ളത്.ഇനം 4 പ്രകാരമുള്ള കരിങ്കല്ല് കെട്ട് പ്രവൃത്തിക്ക് ₹1154/m$^3$ നിരക്കിൽ ₹63470/-യും(55m$^3$@₹1154/-) ഇനം 6 പ്രകാരമുള്ള പ്രവൃത്തിക്ക് ₹3097/m$^3$ നിരക്കിൽ ₹89193.6/-യും(28.8m$^3$@₹3097/-) കരാറുകാരന് അനുവദിച്ച നൽകിയിട്ടുണ്ട്. പ്രവൃത്തി സ്ഥലത്തു നിന്നും പൊട്ടിച്ചെടുത്ത 93.06m$^3$ കരിങ്കല്ല് പൂർണ്ണമായും "DR Masonry With Departmental Rubble" എന്ന പ്രവൃത്തിക്ക് വിനിയോഗിക്കാമെന്നിരിക്കെ 55m$^3$ കരിങ്കല്ല് മാത്രമാണ് പ്രസ്തുത പ്രവൃത്തിക്കായി

വിനിയോഗിച്ചിട്ടുള്ളത്. 28.8$m^3$ അളവിലുള്ള കരിങ്കല്ല് കെട്ട് കരാറുകാരന്റെ സ്വന്തം കല്ലുപയോഗിച്ച് ചെയ്തതായി അളവുബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തു. കൂടാതെ പ്രവൃത്തി ഇനം 1 (DSR Code 3.8.1) ആയി 179.429$m^3$ സാധാരണ കല്ല് പ്രവൃത്തി സ്ഥലത്തു നിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി സ്ഥലത്തു നിന്നും ലഭ്യമായ കരിങ്കല്ല് പൂർണ്ണമായും ഉപയോഗിക്കാത്തതുമൂലം ₹55958/-യുടെ നഷ്ടമുണ്ടായിട്ടുണ്ട്.

കരാറുകാരന് അധികം നൽകിയ ₹55958/- ഉത്തരവാദികളായ അസി.എഞ്ചിനിയർ, അസി.എക്സി.എഞ്ചിനിയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.54 തീയതി 09.03.2021 ന് മറുപടി ലഭ്യമായില്ല.
വിശദവിവരങ്ങൾ ഖണ്ഡിക 3-19-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-31 വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത്-ഭൂമിയാംകുളം പള്ളിപടി വാസുപ്പാറ റോഡ് ടാറിംഗ്-കരാറുകാരന് അധികം തുക നൽകി (ഖ.3-20)

| | |
|---|---|
| പ്രോജക്ട് നം. | 109/20, ഭൂമിയാംകുളം പള്ളിപടി വാസുപ്പാറ റോഡ് ടാറിംഗ് |
| ബിൽ നം/തീയതി&തുക | 23/3.5.19; ₹500000/- |
| | 244/12.7.19 ₹448420/- |

ഭൂമിയാംകുളം പള്ളിപടി വാസുപ്പാറ റോഡ് ടാറിംഗ് എന്ന പ്രവൃത്തിയിൽ താഴെപ്പറയും പ്രകാരം ₹4876/- കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്.

ഒന്നാം പാർട്ട് ബിൽ പ്രകാരമുള്ള ₹481252/-യും അന്തിമ ബിൽ പ്രകാരമുള്ള ₹431474/-യുമുൾപ്പെടെ ₹912726/-കരാറുകാരന് നൽകിയിട്ടുണ്ട്. കരാറുകാരന് അനുവദിക്കാവുന്ന തുക ₹907850/-യാണ്. അധികം നൽകിയ ₹4876/-ഉത്തരവാദിയായ അസി.എക്സി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ ഖണ്ഡിക 3-20-ൽ ചേർത്തിട്ടുണ്ട്.

## 1-32 മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി നടത്തിപ്പ് അപാകതകൾ

| | |
|---|---|
| പ്രോജക്ട് | S0733/20, മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി<br>(Better Education) |
| നിർവ്വഹണം | ജില്ലാ പട്ടിക ജാതി വികസന ഓഫീസർ |
| അടങ്കൽ | ₹1,00,00,000/- (വികസന ഫണ്ട് എസ്.സി.പി.) |
| ആകെ ചെലവ്<br>ബിൽ നം./തീയതി/ തുക | ₹ 39,79,300/-<br>1) 2/19-20/ 04.10.19/ ₹ 2471980/-<br>2) 3/19-20/ 16.03.20/ ₹ 628050/-<br>3) 5/19-20/ 28.02.20/ ₹ 327750/-<br>4) 6/19-20/ 28.02.20/ ₹140520/-<br>5) 7/19-20/ 28.02.20/ ₹ 411000/- |

സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ഇടുക്കി ജില്ല പഞ്ചായത്ത് 2010 മുതൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബെറ്റർ എഡ്യൂക്കേഷൻ പദ്ധതിയുടെ ഭാഗമായി 2019-20 വർഷം ഒരു കോടി രൂപ വകയിരുത്തിയിരുന്നു. 2019-20ൽ ₹3979300/- ചെലവഴിക്കുകയും ₹ 3607220/- യുടെ ക്യൂ ബിൽ ആയതിനാൽ 2020-21 ൽ ചെലവ് വരുകയും ചെയ്തു. (ആകെ ₹ 7586520/-) ജില്ലയിലെ താഴെപ്പറയുന്ന സ്വകാര്യ മാനേജ്മെന്റുകൾ നടത്തുന്ന അൺഎയിഡഡ് സ്കൂളുകൾക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നത്.

| ക്രമ നം. | സ്കൂൾ | കുട്ടികളുടെ എണ്ണം | 2019-20 ൽ അനുവദിച്ച തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | കാർമൽഗിരി സി.എം.ഐ ഇംഗ്ലീഷ് മീഡിയം സ്കൂൾ, മൂന്നാർ | 27 | 1882800 | 2019-20 മുതൽ പുതിയ കുട്ടികൾക്ക് അഞ്ചാം ക്ലാസ്സിൽപ്രവേശനം നൽകിയിട്ടില്ല. |
| 2 | സെന്റ് പയസ് ടെൻത് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കട്ടിക്കാനം | 15 | 1059000 | .. |
| 3 | സെന്റ് മേരീസ് സെൻട്രൽ സ്കൂൾ, രാജകുമാരി | 27 | 1947100 | .. |
| 4 | ശ്രീ വിദ്യാധിരാജ വിദ്യാസദൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഇടുക്കി | 7 | 445560 | .. |
| 5 | ജയ്മാത പബ്ലിക് സ്കൂൾ, മറയൂർ | 15 | 967500 | |
| 6 | എസ്.ഡി.എ ഇ.എം.എച്ച്.എസ്. നെടുങ്കണ്ടം | 19 | 1284560 | .. |
| | ആകെ | | 7586520 | |

മേൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സർക്കാരിന്റെ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ പ്രത്യേക നിർദ്ദേശങ്ങൾ ഇല്ലാത്തതിനാൽ സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. കൂടാതെ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിരിക്കുന്നു.

1. പദ്ധതിയിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് ഒരു അദ്ധ്യയന വർഷം താഴെ പറയും പ്രകാരം ₹72,400/- നിരക്കിൽ തുക സ്കൂൾ മാനേജ്മെന്റിന് നൽകുകയാണ് ചെയ്യുന്നത്.

| ഇനം | തുക |
|---|---|
| രജിസ്ട്രേഷൻ ഫീസ് | 3000 |
| ഭക്ഷണം/ താമസം | 40000 |
| ട്യൂഷൻ | 13200 |
| സ്പെഷ്യൽ കോച്ചിംഗ് | 7200 |
| മ്യൂസിക് | 1500 |

| | |
|---|---|
| യൂണിഫോം | 3000 |
| യോഗ | 1500 |
| സ്പോർട്ട്സ് & ഗെയിംസ് | 1500 |
| ഡ്രോയിംഗ് | 1500 |
| ആകെ | 72400 |

2. ഓഡിറ്റ് വർഷം ഐ.റ്റി.ഡി.പി. ഇടുക്കി ജില്ലാ പ്രോജക്ട് ഓഫീസർ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി താഴെ പറയുന്ന രണ്ട് പദ്ധതികൾ കൂടി നടപ്പാക്കിയിട്ടുണ്ട്.

പദ്ധതിയിൽ ഉൾപ്പെടുന്ന സ്കൂളുകൾക്ക് നിർബന്ധമായും നല്ല ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കേണ്ടതാണ് എന്നിരിക്കെ യാതൊരു അടിസ്ഥാന സൗകര്യവുമില്ലാത്ത സ്ഥാപനത്തെ തെരഞ്ഞെടുത്തതിൽ ഗുരുതരമായ അപാകത ഉണ്ടായിരിക്കുന്നു. 2019-20 അദ്ധ്യയന വർഷം മാത്രം 19 കുട്ടികളുടെ താമസം/ഭക്ഷണം എന്നിവയ്ക്കായി സ്ഥാപനത്തിന് ₹7,74,400/- അനുവദിച്ചിട്ടുണ്ട്. ഈ തുക തിരികെ ഈടാക്കുന്നതിനും സ്ഥാപനത്തെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പട്ടിക ജാതി വിഭാഗത്തിലെ കുട്ടികളെ ഇപ്രകാരം പീഡിപ്പിക്കുന്ന വിവരം ബന്ധപ്പെട്ട അധികാരികളെയും വിദ്യാഭ്യാസ വകുപ്പിനെയും അറിയിക്കേണ്ടതും പദ്ധതിയിൽപ്പെട്ട മറ്റ് സ്കൂളുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യം ഉണ്ടെന്ന് ഉറപ്പാക്കേണ്ടതും പര്യാപ്തമായ സൗകര്യം ലഭ്യമല്ലെങ്കിൽ കർശനമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

2) പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന സ്കൂളുകളിൽ കുട്ടികൾക്ക് മതിയായ സൗകര്യത്തോടുകൂടിയ ഹോസ്റ്റൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പദ്ധതിയുടെ ഭാഗമായ നെടുങ്കണ്ടം എസ്.ഡി.എ. റസിഡൻഷ്യൽ ഇംഗ്ലീഷ് ഹൈസ്കൂൾ എന്ന സ്ഥാപനത്തിലെ കുട്ടികളുടെ പരാതിയിന്മേൽ നെടുങ്കണ്ടം ബ്ലോക്ക് പട്ടികജാതി വിസന ഓഫീസർ പരിശോധന നടത്തി ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് 05.03.2020 ൽ നൽകിയിട്ടുള്ള റിപ്പോർട്ടിൽ ടി സ്കൂളിൽ ഹോസ്റ്റലിന് പ്രാഥമികമായ സൗകര്യം പോലും ഇല്ലായെന്ന് അറിയിച്ചിരിക്കുന്നു. ഹോസ്റ്റലിൽ 6 പെൺകുട്ടികളും 13 ആൺകുട്ടികളുമാണ് ഉള്ളത്. പെൺകുട്ടികളുടെ ഹോസ്റ്റലിൽ ഡോർമെറ്ററി തരത്തിൽ ക്രമീകരിച്ചിരിക്കുന്ന ഇടുങ്ങിയ ഒരു ഹാളിൽ വളരെ ശോചനീയമായ അവസ്ഥയിലാണ് കുട്ടികൾ താമസിച്ചുവരുന്നതെന്നും കിടക്കുവാൻ നല്ല കട്ടിലുകൾ പോലും ഇല്ലായെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ബെഡ്ഡിന്റെ അവസ്ഥ പരിതാപകരമാണ്, ആറ് കുട്ടികൾക്കും കൂടി എഴുതി പഠിക്കുവാൻ ഒരു മേശ മാത്രമാണ് ഉള്ളത്. മുറിയിലെ ഫാൻ പ്രവർത്തിക്കുന്നില്ല, വേണ്ടത്ര ലൈറ്റുകൾ ഇല്ല, കൊതുക് ശല്യം രൂക്ഷമായ സ്ഥലമായിട്ടും കൊതുക് വലയില്ല, കതകിന് അകത്തുനിന്നും കൊളുത്തില്ല, രാത്രി സമയത്ത് കുട്ടികൾക്ക് കതക് അകത്തുനിന്നും പൂട്ടുന്നതിന് സാധിക്കുന്നില്ല തുടങ്ങിയ ഗുരുതരമായ അപാകതകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആൺകുട്ടികളുടെ ഹോസ്റ്റലിലും ഇതേ അവസ്ഥയാണ് ഉള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൈകിട്ട് 6.30 ന് ഭക്ഷണം കൊടുക്കുന്നതിനാൽ കുട്ടികൾക്ക് രാത്രി വിശക്കാറുണ്ടെന്നും കുട്ടികൾ രാത്രികാലങ്ങളിൽ ചായ തിളപ്പിക്കുന്നതിന് വാങ്ങിവച്ചിരുന്ന ഇൻഡക്ഷൻ കുക്കർ, തുണി തേക്കുന്നതിനുള്ള അയൺ ബോക്സ് എന്നിവ പ്രിൻസിപ്പാൾ എടുത്തുകൊണ്ടുപോയെന്നും കുട്ടികൾ പരാതിപ്പെട്ടതായും റിപ്പോർട്ടിലുണ്ട്. ഉച്ചയ്ക്ക് തയ്യാറാക്കുന്ന തണുത്ത ഭക്ഷണം തന്നെയാണ് പലപ്പോഴും രാത്രി നൽകുന്നതെന്നും ഭക്ഷണം ഇപ്രകാരം നൽകുവാനേ നിർവ്വാഹമുള്ളൂ എന്ന് പ്രിൻസിപ്പാൾ അറിയിച്ചതായും റിപ്പോർട്ടിൽ ഉണ്ട്. എന്നാൽ ഇപ്രകാരം ഒരു റിപ്പോർട്ട് കിട്ടിയതിന് ശേഷം ജില്ലാ പട്ടിക ജാതി വികസന ഓഫീസർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് സെക്രട്ടറി മുഖാന്തിരം നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11 തീയതി 08.09.2020) ജില്ലാ പട്ടികജാതി വികസന ഓഫീസർ നൽകിയിരിക്കുന്ന മറുപടിയിൽ 11/05/1989ലെ സർക്കാർ ഉത്തരവ് പ്രകാരം സമർത്ഥരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഉത്തരവായിരുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് ജില്ലാ പഞ്ചായത്ത് ബെറ്റർ എഡ്യൂക്കേഷൻ എന്ന പദ്ധതി തയ്യാറാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വരുന്നതിന് മുമ്പ് 1989-ൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് വഴി പദ്ധതി നടത്തുവാൻ നിർദ്ദേശിച്ച ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തിന് പദ്ധതി ഏറ്റെടുക്കുവാൻ കഴിയില്ല. ആയതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. രാജകുമാരി സെന്റ് മേരീസ് സെൻട്രൽ സ്കൂൾ, സി.എം.ഐ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നീ സ്ഥാപനങ്ങൾക്ക് അഡ്മിഷൻ ഫീസ് അധികമായി നൽകിയത് സംബന്ധിച്ച് പരിശോധിച്ച് പിന്നീട് മറുപടി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഇപ്രകാരം ഓരോ വർഷവും തുക നിശ്ചയിക്കുന്ന മാനദണ്ഡം വ്യക്തമല്ല. സ്വകാര്യ സ്കൂളുകൾ ആവശ്യപ്പെടുന്ന തുക കൊടുക്കുന്ന രീതിയാണ് അവലംബിച്ച് വരുന്നത്. ഇപ്രകാരം തുക സ്കൂളുകൾക്ക് നൽകുമ്പോൾ പ്രസ്തുത സേവനം കുട്ടികൾക്ക് കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കുവാൻ യാതൊരു മോണിട്ടറിംഗും നടത്തുന്നില്ല. പദ്ധതി പ്രകാരം കുട്ടികൾക്ക് അഞ്ചാം ക്ലാസ്സിലേക്ക് മാത്രമായി പ്രവേശനം പരിമിതപ്പെടുത്തുകയും ടി സ്കൂളിൽ പന്ത്രണ്ടാം ക്ലാസ്സ് വരെ ഉണ്ടെങ്കിൽ തുടരാവുന്നതുമാണ്. അതായത് അഡ്മിഷൻ ഫീസ് ₹3000/- അഞ്ചാം ക്ലാസ്സിൽ ചേരുന്ന സമയത്ത് മാത്രം ഈടാക്കേണ്ടതാണ് എന്നിരിക്കെ രാജകുമാരി സെന്റ് മേരീസ് സെൻട്രൽ സ്കൂളിന് പതിനൊന്നാം ക്ലാസ്സിലേക്ക് ₹3000/- നിരക്കിൽ ഏഴ് കുട്ടികൾക്കു വേണ്ടിയും ഏഴാം ക്ലാസ്സിലേക്ക് ₹3000/- നിരക്കിൽ ഒരു കുട്ടിക്കു വേണ്ടിയും തുക നൽകിയിരിക്കുന്നു. കൂടാതെ മൂന്നാർ കാർമ്മൽഗിരി സി.എം.ഐ. ഇംഗ്ലീഷ് മീഡിയം സ്കൂൾ അഞ്ചാം ക്ലാസ്സിലേക്ക് പുതിയ കുട്ടികളെ ഉൾപ്പെടുത്തുവാൻ കഴിയില്ലായെന്നും പദ്ധതിയിൽ നിന്നും പിന്മാറുകയാണെന്നും അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും പതിനൊന്നാം ക്ലാസ്സിലേക്ക് ₹3000/- നിരക്കിൽ മൂന്ന് കുട്ടികളുടെ പേരിൽ അഡ്മിഷൻ ഫീസ് ഇനത്തിൽ സ്കൂളിന് തുക നൽകിയിരിക്കുന്നു.

എ)

| | |
|---|---|
| പ്രോജക്ട് | S1163/20, ഇടുക്കി ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏറ്റവും മിടുക്കരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതി |
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി., ഇടുക്കി |
| അടങ്കൽ | ₹86088/- (വിസന ഫണ്ട് റ്റി.എസ്.പി.) |
| ബിൽ നം./ തീയതി/ തുക | 01/19-20/ 22.10.2020/ ₹ 86088/- |

ബി)

| | |
|---|---|
| പ്രോജക്ട് | S0766/20, മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി<br>(Better Education Scheme) |
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി., ഇടുക്കി |
| അടങ്കൽ | ₹250,000/- (വിസന ഫണ്ട് റ്റി.എസ്.പി.) |

| | |
|---|---|
| ബിൽ നം. /തീയതി/ തുക | 02/19-20/ 20.12.2020/ ₹ 214000/- |

മേൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സർക്കാരിന്റെ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ പ്രത്യേക നിർദ്ദേശങ്ങൾ ഇല്ലാത്തതിനാൽ സർക്കാരിൽ നിന്നും പ്രത്യേക അനുമതി നേടിയാണ് പദ്ധതി നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ സർക്കാർ അനുമതി വാങ്ങാതെയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. പദ്ധതി പ്രകാരം കുട്ടികൾക്ക് അഞ്ചാം ക്ലാസ്സിലേക്ക് മാത്രമായി പ്രവേശനം പരിമിതപ്പെടുത്തുകയും സ്കൂളിൽ പന്ത്രണ്ടാം ക്ലാസ്സ് വരെ ഉണ്ടെങ്കിൽ തുടരാവുന്നതുമാണ്. അതായത് അഡ്മിഷൻ ഫീസ് ₹3000/- അഞ്ചാം ക്ലാസ്സിൽ ചേരുന്ന സമയത്ത് മാത്രം ഈടാക്കേണ്ടതാണ് എന്നിരിക്കെ ശ്രീ വിദ്യാധിരാജ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ മറ്റുക്ലാസ്സുകളിലേക്ക് പ്രവേശനം നൽകുന്നതിന് അഞ്ച് കുട്ടികളിൽ നിന്നും ₹3000/- നിരക്കിൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിരിക്കുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് 29.09.2020-ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

വർഷങ്ങളായി തുടരുന്ന പ്രസ്തുത പദ്ധതിയിലൂടെ വിദ്യാഭ്യാസം നേടുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ വിശദമായി മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും (2014-15 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 & 2017-18 ലെ ഖണ്ഡിക 3-3 എന്നിവ കാണുക) ഭരണസമിതി അതിന്മേൽ യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല. പൊതുവിദ്യാഭ്യാസ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് പകരം സ്വകാര്യ മാനേജ്മെന്റ് സ്കൂളുകൾക്ക് പ്രതിവർഷം ലക്ഷക്കണക്കിന് രൂപ ഈ പദ്ധതിയിലൂടെ നൽകിവരികയാണ്. 2010 മുതൽ നടത്തിവരുന്ന ഈ പദ്ധതിയെ സംബന്ധിച്ചും പദ്ധതിയുടെ ധനവിനിയോഗം സംബന്ധിച്ചും സമഗ്രമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. തൻവർഷത്തെ ചെലവ് തുക ₹39,79,300/- തടസ്സപ്പെടുത്തുന്നു.

## 1-33 ജലസേചന പദ്ധതികൾ എന്ന പേരിൽ സ്വകാര്യ സ്കൂളിന് കുടിവെള്ള പദ്ധതി.

പൂമാംകണ്ടം ജലസേചന പദ്ധതി, മുരിക്കാശേരി ജലസേചന പദ്ധതി പൂർത്തീകരണം എന്നിവ ഒരു പദ്ധതി തന്നെ രണ്ട് വ്യത്യസ്ത പേരുകളിൽ നടപ്പിലാക്കുന്നതാണ്. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും അപാകതകൾ സംഭവിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളും അപാകതകളും താഴെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | 100/20-പൂമാംകണ്ടം ജലസേചന പദ്ധതി | 753/20-മുരിക്കാശേരി ജലസേചന പദ്ധതി പൂർത്തീകരണം |
|---|---|---|
| അടങ്കൽ | 1200000(വികസനഫണ്ട്) | 700000 (600000-വികസനഫണ്ട്)<br>(100000-തനതുഫണ്ട്) |
| കരാറുകാരന്റെ പേര് | നൗഷാദ് പി.എസ്. | നൗഷാദ് പി.എസ്. |
| എം-ബുക്ക് നം. | 2222/18-19,2422/17-18 | 69/19-20 |
| ബിൽ നം,തുക | 189/AEE/19-20 Dt03/05/2019 Rs 600000<br>16/AEE/21/04/2020-₹444323/- | 200/AEE/20-21തി 18/05/2020 Rs 336237/ |

പൂമാംകണ്ടം ജലസേചന പദ്ധതിയുടെ ലക്ഷ്യം, പൂമാംകണ്ടം പ്രദേശത്ത് ജലസേചനം നടത്തുന്നതിനായി പൈപ്പ് ലൈൻ സ്ഥാപിക്കൽ, വാട്ടർ ടാങ്ക്, കിണർ എന്നിവ നിർമ്മിക്കുകയായിരുന്നു. മുരിക്കാശ്ശേരി ജലസേചനപദ്ധതി പൂർത്തീകരണത്തിൽ മോട്ടോർ പൈപ്പ്ലൈൻ എന്നിവ സ്ഥാപിക്കൽ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

അപാകതകൾ

1. ഒരു പദ്ധതി തന്നെ രണ്ട് വ്യത്യസ്ത പേരുകളിൽ നടപ്പാക്കുന്നു. പൂമാംകണ്ടം ജലസേചന പദ്ധതിയുടെ പൂർത്തീകരണമാണ് പേര് മാറ്റി മുരിക്കാശേരി ജലസേചന പദ്ധതി പൂർത്തീകരണം എന്ന പേരിൽ നടപ്പിലാക്കുന്നത്

2. ഈ പ്രവൃത്തിയുടെ കുളം, വാട്ടർടാങ്ക് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ജില്ലാ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ഈ പ്രവൃത്തിയുടെ ടാങ്ക് നിർമ്മിച്ചിരിക്കുന്നത് മുരിക്കാശ്ശേരി സെന്റ് മേരീസ് എൽ.പി.സ്കൂൾ എന്ന എയിഡഡ് സ്കൂൾ വക സ്ഥലത്താണ്.

3. ജലസേചന പദ്ധതിയുടെ അനുമതിക്കാവശ്യമായ ആയക്കെട്ട് സർട്ടിഫിക്കേറ്റ് ലഭ്യമായിട്ടില്ല. ആയതിനാൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരം, ജലസേചനം കൊണ്ട് പ്രയോജനം ലഭിക്കുന്ന കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം എന്നീ വിവരങ്ങളില്ല.

4. ജലസേചന പദ്ധതിയാണെങ്കിലും നിലവിൽ ഈ പ്രവൃത്തിയുടെ ടാങ്ക് സെന്റ് മേരീസ് എൽ.പി സ്കൂളിലെ കുട്ടികൾക്ക് കുടിവെള്ളത്തിനായിട്ടാണ് സ്ഥാപിച്ചിട്ടുള്ളത്

5. ഈ പദ്ധതിയുടെ കുളത്തിനോട് ചേർന്ന് മത സ്ഥാപനത്തിന്റെ ടോയ്ലറ്റ് കോംപ്ലക്സ് സ്ഥിതി ചെയ്യുന്നു.

6. അളവ് ബുക്കുകൾ പ്രകാരം പൈപ്പ് ലൈൻ പൂർണ്ണമായി സ്ഥാപിച്ചിട്ടുണ്ട് എന്നാൽ നേരിട്ടുള്ള പരിശോധനയിൽ ഈ പദ്ധതിയ്ക്കായി സ്ഥാപിച്ച പൈപ്പ് ലൈൻ കുളവുമായും ടാങ്കുമായും ബന്ധിപ്പിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു.

7. 15 HP മോട്ടോർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ മോട്ടോർ സ്ഥാപിച്ചിട്ടില്ല. ആയതിനാൽ നിലവിൽ പദ്ധതി പ്രവർത്തനക്ഷമമല്ല.

8. പദ്ധതികൾ വാത്തിക്കുടി ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ വ്യക്തമാകുന്നത് ജലസേചനപദ്ധതികൾ എന്ന പേരിൽ ഉത്പാദനമേഖലയിലാണ് ആവിഷ്കരിച്ചത് എങ്കിലും മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളും സേവനമേഖലയിൽ സെന്റ് മേരീസ് എൽ.പി. സ്കൂളിലെ കുടിവെള്ളത്തിനുള്ളവയാണ്. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണെന്നുമാത്രമല്ല ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത എയ്ഡഡ് സ്കൂളിന് ജില്ലാ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധവുമാണ്.

9. പൂമാംകണ്ടം ജലസേചന പദ്ധതിയുടെ പ്രോജക്ട് പ്രകാരം 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലായി 6,00,000 രൂപ വീതം ആകെ 18,00,000/- രൂപയാണ് പദ്ധതിയ്ക്കായി വകയിരുത്തിയത്. എന്നാൽ 2018-19 പ്രോജക്ട് പ്രകാരം ഭരണാനുമതിക്ക് ശുപാർശ ചെയ്ത തൻവർഷ അടങ്കൽ 1200000 രൂപയും ആകെ അടങ്കൽ 3000000 രൂപയുമാണ്. പ്രോജക്ട് പ്രകാരം ഭരണസമിതി അംഗീകരിച്ച തൻവർഷ അടങ്കൽ തുക 600000 രൂപയും ഭരണസമിതി അംഗീകരിച്ച ആകെ അടങ്കൽ 600000 രൂപയുമാണ്. ഇതോടൊപ്പം സാങ്കേതികാനുമതി ആവിശ്യമില്ലാത്ത പ്രവൃത്തിയാണെന്നും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അംഗീകാരം ലഭിച്ച പദ്ധതിയിലെ പൂമാംകണ്ടം ജലസേചന പദ്ധതിക്കായി ₹1044323യും മുരിക്കാശ്ശേരി ജലസേചന പദ്ധതി പൂർത്തീകരണത്തിനായി ₹336237യും ചെലവഴിച്ചിരിക്കുന്നു.

പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 21/24.09.2020 ന് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ രണ്ട് പദ്ധതികൾക്കുമായി ചെലവഴിച്ച ₹1380560/- (1044323+336237)ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.





## 1-34 സ്ഥാപനത്തിന്റെ വരവ് തുക യഥാസമയം ബാങ്കിൽ ഒടുക്കുന്നതിൽ നിരന്തരമായി വീഴ്ചവരുത്തുന്നു

ഇടുക്കി ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമായ കോലാനി പൌൾട്രിഫാമിൽ വിവിധയിനത്തിൽ ലഭിക്കുന്ന വരവ് തുകകൾ യഥാസമയം ജില്ലാ പഞ്ചായത്തിൽ നേരിട്ട് ഒടുക്ക് വരുത്തുന്നതിന് ദൂരപരിധി മൂലമുള്ള പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് സമീപത്തുള്ള എസ്.ബി.ഐ. തൊടുപുഴ ശാഖയിലെ 67071211490 നമ്പർ പ്രകാരമുള്ള സ്ഥാപന മേധാവിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. എന്നാൽ 2019-20 വർഷം ഇപ്രകാരം സ്ഥാപനത്തിൽ ലഭിക്കുന്ന വരവ് തുകകൾ യഥാസമയം ബാങ്കിൽ നിക്ഷേപിച്ചിട്ടില്ല. വരവ് തുകകൾ തൊട്ടടുത്ത പ്രവൃത്തിദിവസം തന്നെ ബാങ്കിൽ നിക്ഷേപിക്കണം എന്ന നിയമാനുസൃത നിബന്ധന പാലിക്കാതെ പലപ്പോഴും ദിവസങ്ങൾ കഴിഞ്ഞ് മാത്രം ഒടുക്ക് വരുത്തുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| തുക ലഭിച്ച തീയതി | തുക (₹) | തുക ബാങ്കിൽ ഒടുക്കിയ തീയതി |
|---|---:|---|
| 24.05.2019 | 29080 | ₹84543/- 01.06.2019 ൽ ഒടുക്കി |
| 25.05.2019 | 640 | |
| 26.05.2019 | 800 | |
| 27.05.2019 | 2034 | |
| 28.05.2019 | 480 | |
| 29.05.2019 | 15000 | |
| 31.05.2019 | 1040 | |
| 30.05.2019 | 35469 | |
| 15.11.2019 | 54090 | ₹113489/- 25.11.2019-ൽ ഒടുക്കി |
| 18.11.2019 | 174 | |
| 21.11.2019 | 58980 | |
| 23.11.2019 | 150 | |
| 24.11.2019 | 95 | |
| 06.12.2019 | 675 | ₹81313/- 13.12.2019 ൽ ഒടുക്കി |
| 07.12.2019 | 22050 | |
| 08.12.2019 | 75 | |
| 09.12.2019 | 7350 | |
| 11.12.2019 | 100 | |
| 12.12.2019 | 51063 | |

വലിയ തുകകൾ ഉൾപ്പെടെ വരവുണ്ടായിട്ടും തുക ഒടുക്കുവാൻ ഇപ്രകാരം കാലതാമസം വരുത്തിയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.1 തീയതി 10.08.20) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വരവ് തുക ഒടുക്കുവാൻ കാലതാമസം വരുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-35 സമ്പൂർണ്ണ കേൾവി -സാമൂഹ്യ സുരക്ഷാമിഷനിൽ ഒടുക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് | S0850/20, സമ്പൂർണ്ണ കേൾവി |
| അടങ്കൽ | ₹2500000/- (വികസന ഫണ്ട് ജനറൽ) |
| നിർവ്വഹണം | ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ |
| ബിൽ നം./ തീയതി / തുക | 01/2019-20/ 12.06.2019/ ₹900000/- |

കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ വിധേയരായ കുട്ടികൾക്ക് ബാറ്ററിയും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണ്. കോക്ലിയർ ഇംപ്ലാന്റ് ഉപകരണത്തിന്റെ ബാറ്ററിയും തുടർ സർവ്വീസിനും ഭീമമായ തുക ചെലവ് വരുന്നതിനാൽ തുടർന്നുള്ള ഉപയോഗത്തിന് ബുദ്ധിമുട്ടുണ്ടാവുന്നു. ആയതിനാൽ കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഉപകരണത്തിന്റെ ബാറ്ററി മാറ്റുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. ഓരോ വ്യക്തികൾക്കും പ്രത്യേക സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതുകൊണ്ട് ഓരോരുത്തരേയും പരിശോധിച്ച് ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷം പ്രോജക്ട് തയ്യാറാക്കേണ്ടതാണ് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ സ.ഉ.(കൈ)നം.22/2018 ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുമ്പോൾ ഓരോരുത്തരും ശരീരത്തിൽ ഘടിപ്പിക്കുന്ന ഉപകരണം വ്യത്യസ്തമായതിനാൽ അവയുടെ ബാറ്ററി ഉൾപ്പെടെയുള്ള തുടർ സർവ്വീസുകളും അതിനാവശ്യമായി വരുന്ന ചെലവും വ്യത്യസ്ഥമാണ്. ഇപ്രകാരമുള്ള സേവനത്തിനായി ഒരു കുട്ടിക്ക് ₹50,000/- നിരക്കിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് തുക ഒടുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 26.02.2019-ലെ സ.ഉ.(സാധാ.)നം.426/2019 പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇത് പ്രകാരം 18 ഗുണഭോക്താക്കൾക്കായി ₹9,00,000/- മേൽ സൂചിത ബിൽ പ്രകാരം സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിലെ ആദ്യത്തെ വ്യക്തിയായ കുമാരി.അൽഫോൺസ ബെന്നി (8 വയസ്സ്) അപേക്ഷ സമർപ്പിച്ചിരിക്കുന്നത് തന്നെ 2018 വർഷം ഇക്കാര്യത്തിനായി ചെലവ് വന്നിട്ടുള്ള ₹55000/- തിരികെ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ടാണ്. എന്നാൽ ടിയാന്റെ ഉൾപ്പെടെ ഒരു ഗുണഭോക്താവിന് ₹50,000/- നിരക്കിൽ ₹9,00,000/- സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയത് എപ്രകാരം വിനിയോഗിച്ചു എന്നതിന് യാതൊരു രേഖയുമില്ല. പദ്ധതി പണം സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറി എന്നല്ലാതെ ഗുണഭോക്താക്കൾക്ക് അതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല. ഇത് സംബന്ധിച്ച് അടിയന്തരമായി വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ 2 തീയതി 12.08.2020) നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ 03.12.2020-ൽ ലഭ്യമാക്കിയ മറുപടിയിൽ കേരള സാമൂഹ്യ സുരക്ഷ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോക്ടർ ബി.മുഹമ്മദ് അഷീൽ നൽകിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രത്തിൽ ആകെ 14 കുട്ടികൾക്ക് പദ്ധതി പ്രകാരം പണം ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഓരോ കുട്ടിക്കും എത്ര രൂപ ചെലവഴിച്ചു എന്നോ, ആകെ 18 കുട്ടികൾക്കായി പരമാവധി ₹50,000/- നിരക്കിൽ വകയിരുത്തിയതിൽ ബാക്കി 4 കുട്ടികളുടെ വിവരമോ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. ചെലവ് തുക ₹9,00,000/- തടസ്സപ്പെടുത്തുന്നു.

1-36 വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്. രാജഗിരി പുളിക്കത്തൊട്ടി റോഡ്. അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിന് ഘടനാപരമായ മാറ്റം വരുത്തിയിട്ടും റീടെണ്ടർ നടത്തിയില്ല.

| | |
|---|---|
| പ്രോജക്ട് നം. | രാജഗിരി പുളിക്കത്തൊട്ടി റോഡ് (ബഹുവർഷ പദ്ധതി) |
| പ്രോജക്ട് നം. | 1254/19, 184/20 |
| അടങ്കൽ | ₹1000000/- |
| ഫണ്ടിനം | വികസന ഫണ്ട് പൊതുവിഭാഗം |
| കരാറുകാരൻ | രാജീവ് പി.എസ്. |
| കരാർ തുക | ₹999198/- |
| കരാർ നം | 371/Q/AEE/LSGD/IDK/18-19തീ.08.03.19 |
| ബിൽ നം,തീയതി തുക | 89/AEE/19-20തീ.03.05.19 ₹500000/-<br>225/AEE/19-20തീ.28.06.19 ₹496458/- |
| അളവ് ബുക്ക് നം | 10/18-19 |

പ്രോജക്ട്, എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ പ്രകാരം 345 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ പുതിയ ടാർ റോഡ് നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. ഇ-ടെണ്ടർ, റീ ഇ-ടെണ്ടർ എന്നിവ നടത്തിയിട്ടും ആരും പങ്കെടുക്കാത്തതിനാൽ ക്വൊട്ടേഷൻ പ്രകാരം എസ്റ്റിമേറ്റ് തുകയ്ക്ക് തന്നെ കരാറുകാരനെ ചുമതലപ്പെടുത്തിയിരിക്കുന്നു. എഗ്രിമെന്റ് തയ്യാറാക്കും വരെ ടാർ റോഡ് നിർമ്മിക്കുന്നതിനുള്ളതാണ് പദ്ധതി . പ്രളയക്കെടുതിയിൽ റോഡ് താറുമാറായതിനാൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതാണ് അഭികാമ്യം എന്നും അയതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നും എഗ്രിമെന്റ് തയ്യാറാക്കിയതിന് തൊട്ടടുത്ത ദിവസം വണ്ണപ്പുറം സെക്ഷൻ എ.ഇ. ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 13.03.2019 ൽ പഞ്ചായത്ത് കമ്മറ്റി അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുമതി നൽകിയിരിക്കുന്നു. (പ്രളയം നടന്നത് 2018 ആഗസ്റ്റ് മാസത്തിലും പദ്ധതിക്ക് അംഗീകാരം ലഭിച്ചത് അതിനുശേഷം 25.09.2019 ലുമാണന്ന കാര്യം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.) ആയതിന്റെ അടിസ്ഥാനത്തിൽ ടാർ റോഡിനുള്ള എല്ലാ ഇനങ്ങളും മാറ്റി 253 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ കോൺക്രീറ്റ് റോഡ് നിർമ്മിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നു. എസ്റ്റിമേറ്റിൽ ഘടനാപരമായ മാറ്റം വരുത്തിയിട്ടും വീണ്ടും മത്സരാധിഷ്ഠിതമായ ടെണ്ടർ നടപടിയിലൂടെ അല്ലാതെ ആദ്യ കരാറുകാരനെ എസ്റ്റിമേറ്റ് നിരക്കിൽ തന്നെ പ്രവൃത്തി നടത്താൻ ചുമതലപ്പെടുത്തിയിരിക്കുന്നു.

പൊതുവെ കോൺക്രീറ്റ് റോഡുകളുടെ ടെണ്ടറിൽ മത്സരം നടക്കുന്നതും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞനിരക്കിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതുമാണ്. ഈ പ്രവൃത്തിയിൽ ടാറിംഗ് റോഡിന് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടറിലെ മത്സരം ഒഴിവാക്കി എഗ്രിമെന്റിൽ ഏർപ്പെട്ടതിന് ശേഷം എസ്റ്റിമേറ്റിലെ എല്ലാ ഇനങ്ങളും മാറ്റി എസ്റ്റിമേറ്റ് നിരക്കിൽ തന്നെ കോൺക്രീറ്റ് റോഡ് പ്രവൃത്തി നടപ്പാക്കിയത് കരാറുകാരനെ സഹായിക്കുന്ന നടപടിയാണ്. ഇത് ക്രമവിരുദ്ധമായ നടപടിയാണ്. ഈ പ്രവൃത്തിയുടെ ₹996458/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 നടപടിക്രമം പാലിക്കാതെ പ്രവൃത്തി നിർവ്വഹണം നടത്തിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | S0273/18, മൂലമറ്റം ഡിവിഷൻ- വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത്- പന്നിമറ്റം - ചെപ്പുകുളം റോഡ് റീ ടാറിംഗ് |
| അടങ്കൽ | ₹718861/- (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സി. എൻജിനീയർ |
| അളവ് ബുക്ക് നം. | 320/17-18 |
| കരാർകാരൻ | ശ്രീ. എം.കെ.സെബാസ്റ്റൻ |
| കരാർ നം. / തീയതി | 189/T/EE/LSGD/IDK/17-18 /02.11.2017 |
| ബിൽ നം./ തീയതി / തുക | 52/19-20/ 03.05.2019/ ₹692461/- |

ഇടുക്കി ജില്ലാ പഞ്ചായത്തിലെ വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിൽ പന്നിമറ്റം-ചെപ്പുകുളം റോഡ് റീടാറിംഗ് എന്ന പ്രവൃത്തി 2017-18 ൽ ഏറ്റെടുക്കുകയും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 08.08.2017 ൽ ഇ-ടെണ്ടർ ചെയ്തതിൻ പ്രകാരം ശ്രീ. എം.കെ. സെബാസ്റ്റ്യൻ എന്ന കരാറുകാരനുമായി 02.11.2017 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടിലും വിശദമായ എസ്റ്റിമേറ്റിലും പോട്ട് ഹോൾ ഫില്ലിംഗ്, റീ ടാറിംഗ്, ഐറിഷ് ഡ്രെയിൻ എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. ആയത് പ്രകാരം പ്രവൃത്തി ടെണ്ടർ ചെയ്ത് ആറ് മാസത്തെ പ്രവർത്തന കാലാവധിയിൽ 02.11.2017-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. 01.05.2018-ൽ പ്രവൃത്തി നിയമാനുസൃതം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ റോഡ് തകർന്ന് പോയിട്ടുള്ളതിനാൽ ടി റോഡ് കോൺക്രീറ്റ് ചെയ്യണമെന്ന് ഡിവിഷൻ മെമ്പർ ശ്രീമതി. സുമിത സി.വി. എക്സി. എൻജിനീയർക്ക് കത്ത് നൽകുകയും ചെയ്തു. തുടർന്ന് ടി പ്രവൃത്തി 700 മീറ്റർ നീളത്തിൽ റീടാറിംഗ് നടത്തുന്നതിന് മെയിന്റനൻസ് ഗ്രാന്റ് തുക വകയിരുത്തി അംഗീകാരം ലഭിച്ച പദ്ധതിയാണെന്നും, എന്നാൽ കാലവർഷക്കെടുതിയിൽ റോഡ് ഒലിച്ചുപോയിട്ടുള്ളതായി ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് നൽകിയിട്ടുള്ളതിനാൽ റീ-ടാറിംഗ് ഒഴിവാക്കി 184.55 മീറ്റർ കോൺക്രീറ്റ് ചെയ്യുണ്ടത് അനിവാര്യമാണെന്നും അതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതാണെന്നും കാണിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് എക്സിക്യൂട്ടീവ് എൻജിനീയർ കത്ത് നൽകിയിട്ടുണ്ട്. ( അസി.എൻജിനീയറുടെ ടി കത്ത് ഫയലിൽ ഇല്ല). ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 08.11.2018 ലെ 2-ാം നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചു. ഈ വേളയിൽ ഒന്നും നിലവിൽ ടെണ്ടർ ചെയ്ത കരാറുകാരൻ അനുവദിച്ച സമയത്തിനുള്ള പ്രവൃത്തി നിർവ്വഹിച്ചിട്ടില്ലയെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായോ വീഴ്ചവരുത്തിയ കരാറുകാരനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കിയതായോ കാണുന്നില്ല. റീ-

ടാറിംഗ് പ്രവൃത്തിയുടെ എല്ലാ ഇനങ്ങളും വ്യത്യാസപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയ സാഹചര്യത്തൽ സമയബന്ധിതമായി പ്രവൃത്തി നിർവ്വഹിക്കുവാൻ വീഴ്ചവരുത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ വീണ്ടും ടെണ്ടർ നടത്തിയില്ലയെന്നുമാത്രമല്ല, ഇപ്രകാരം വീഴ്ച വരുത്തിയ കരാറുകാരന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ടെണ്ടറില്ലാതെ നൽകുകയും ചെയ്തിരിക്കുന്നു. ഇത് ഗുരുതരമായ വീഴ്ചയായി കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6 തീയതി 18.08.2020) നൽകിയെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഉചിതമായ വകുപ്പ്തല നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക ₹692461/-തടസ്സപ്പെടുത്തുന്നു.

## 1-38 വാടക കുടിശിക

2019-20-ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 261826/- രൂപ വാടക കുടിശ്ശികയുണ്ട്. ഇതിൽ 68882/- രൂപ 2020-21 വർഷത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. അവശേഷിക്കുന്ന കുടിശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ പേര്/പ്രതിമാസ വാടക | വാടക ഉടമ | കുടിശിക |
|---|---|---|---|
| 1 | നെടുംകണ്ടം വ്യവസായ എസ്റ്റേറ്റ്<br>332/m | കോ-ഓർഡിനേറ്റർ,ഹൈറേഞ്ച് എൻവയൺമെന്റ് ആൻറ് റിസർച്ച് സെന്റർ | 3984 |
| 2 | ചെറുതോണി ഷോപ്പിംഗ് കോംപ്ലക്സ് റൂം നം-4<br>6445/M | മണികണ്ഠൻ പളയക്കുടി | 38670 |
| 3 | ചെറുതോണി ഷോപ്പിംഗ് കോംപ്ളക്സ് റൂം നം-7<br>399/M | പ്രസ് ക്ലബ്ബ് | 240 |
| 4 | ചെറുതോണി ഷോപ്പിംഗ് കോംപ്ളക്സ് റൂം നം-1<br>6382/M | നെൽസൺ ആന്റണി | 51056 |
| 5 | ചെറുതോണി ഷോപ്പിംഗ് കോംപ്ലക്സ്<br>4500/M | BSNL കസ്റ്റമർ കെയർ സെന്റർ | 54000 |
| 6 | രാജമുടി വ്യവസായ എസ്റ്റേറ്റ്<br>2315/M | വിനോദ് ജോസഫ് | 23150 |
| 7 | മുട്ടം -കാക്കോമ്പ് വ്യവസായ എസ്റ്റേറ്റ്<br>1448/M(19/6/19-ൽ റൂം തിരിച്ചെടുത്തു) | ജയിംസ് കെ.ജെ. | 4344 |
| 8 | കാക്കൊമ്പ് വ്യവസായ എസ്റ്റേറ്റ്<br>10500/M | എം.ഡി, ക്ലീൻ കേരള കമ്പനി | 10500 |
| 9 | രാജമുടി വ്യവസായ എസ്റ്റേറ്റ്<br>1000/M (9/19 മുതൽ) | സെക്രട്ടറി, വാത്തിക്കുടി ഗ്രാമ പഞ്ചായത്ത് | 7000 |
| | | ആകെ | 192944 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 22-ന് വാടകകുടിശിക ഉടൻ ഈടാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. വാടകകുടിശിക പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-39 ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത്- മനയ്ക്കത്തണ്ട് ജലസേചന പദ്ധതി പൂർത്തീകരണം- സ്ഥാപിച്ച പൈപ്പ് നഷ്ടപ്പെട്ടിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് | 837/20, ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത്- മനയ്ക്കത്തണ്ട് ജലസേചന പദ്ധതി പൂർത്തീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ |
| അടങ്കൽ (വികസന ഫണ്ട് ജനറൽ) | ₹1750000/- 2017-18<br>₹2250000/- 2018-19 |
| കരാറുകാരൻ | ശ്രീ.റ്റി.സി ഫ്രാൻസിസ് |
| കരാർ നം./ തീയതി | 313/Q/AEE/LSGD/IDK/18-19 / 11.02.2019 |
| അളവ് ബുക്ക് നം. | 2032/18-19 |
| ബിൽ നം./ തീയതി/ തുക<br>(₹404854/-) | 1) 105/19-20/ 03.05.2019/ ₹256769/-<br>2) 361/19-20/ 19.10.2019/ ₹ 148085/- |

ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്തിലെ മനയ്ക്കത്തണ്ട് ജലസേചന പദ്ധതി പൂർത്തീകരണം പദ്ധതിയിൽ പൊതു കിണറിന്റെയും മോട്ടോർ പുരയുടെയും അറ്റകുറ്റപ്പണിയും 25mm GI പൈപ്പ് സ്ഥാപിക്കലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എം.ബുക്കിലെ ഇനം നമ്പർ 2 പ്രകാരം 25 Mm ജി.ഐ.പൈപ്പ് 652.70 മീറ്റർ ട്രഞ്ചിംഗ് ഇല്ലാതെ സ്ഥാപിച്ചതിന് ₹ 141492.30/- ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണം ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത് എൽ,എസ്.ജി.ഡി. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ 25mm GI പൈപ്പ് 652.70 മീറ്റർ നീളത്തിൽ സ്ഥാപിച്ചതായി അളവുബുക്കിൽ

രേഖപ്പെടുത്തിയിരിക്കുന്നത് കണ്ടെത്തുവാൻ കഴിഞ്ഞില്ല. ഇത് സംബന്ധിച്ച് പ്രാദേശികമായി നടത്തിയ അന്വേഷണത്തിൽ പദ്ധതി പൂർത്തീകരണത്തിന് ശേഷം പ്രസ്തുത പൈപ്പ് മാറ്റി പകരം ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയിൽപ്പെടുത്തി പി.വി.സി. പൈപ്പ് സ്ഥാപിക്കുകയും നിലവിലുണ്ടായിരുന്ന GI പൈപ്പ് ചിലർ എടുത്തുകൊണ്ടുപോവുകയും ചെയ്തിട്ടുള്ളതാണെന്ന് സമീപവാസിയും വാട്ടർ ടാങ്കിന് സ്ഥലം വിട്ടുനൽകുകയും ചെയ്തിട്ടുള്ള ശ്രീ. അബ്രഹാം, മാതാളികുന്നേൽ എന്ന വ്യക്തി രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് 23.09.2020-ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17) നൽകിയതിന് പ്രസ്തുത കുടിവെള്ള പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ പിന്നീട് ഉൾപ്പെടുത്തേണ്ടി വന്നതിനാൽ നിലവിൽ ഉണ്ടായിരുന്ന GI പൈപ്പ് മാറ്റി വണ്ണം കൂടിയ PVC പൈപ്പ് സ്ഥാപിച്ചിട്ടുള്ളതാണെന്നും മാറ്റിയ GI പൈപ്പ് ഗുണഭോക്താക്കളുടെ സംരക്ഷണയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും എക്സി.എൻജിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കൾ സൂക്ഷിച്ചിട്ടുള്ള പൈപ്പ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് വിവരം അറിയിക്കേണ്ടതാണ്. GI പൈപ്പിനായി ചെലവഴിച്ച ₹1,41,492/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-40 ജവഹർ ഭവന പദ്ധതി പലിശ തുക ഒടുക്കിയതിന് വ്യക്തതയില്ല

ഇടുക്കി ജില്ലയിൽ ജനറൽ വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്കായി പ്രത്യേക ഭവന പദ്ധതികൾ ഒന്നും നിലവിലില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്ത് വഴി വീട് നിർമ്മിച്ചു നൽകുന്നതിനായി ജവഹർ ഭവന നിർമ്മാണ പദ്ധതി എന്ന പുതിയ ഭവന പദ്ധതിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് 27.05.2015 ലെ സ.ഉ.(സാധാ) നം.1577/15/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം 11% പലിശയ്ക്ക് വായ്പ അനുവദിക്കേണ്ടതും ഗ്രാമ പഞ്ചായത്ത് 5% ബ്ലോക്ക് പഞ്ചായത്ത് 1% ജില്ലാ പഞ്ചായത്ത് 5% എന്നിങ്ങനെ പിലിശ ബാദ്ധ്യത ഏറ്റെടുക്കേണ്ടതും വായ്പ തുക ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് തിരിച്ചടയ്ക്കേണ്ടതുമാണ്. ഇപ്രകാരം ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ 31 ശാഖകൾ വഴി 33 ഗ്രാമ പഞ്ചായത്തുകൾക്കായി 62.80 കോടി രൂപ 2016-17 വർഷം അനുവദിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലാ പഞ്ചായത്തിൽ 2019-20 വർഷം S1488/20 നമ്പർ പദ്ധതി പ്രകാരം ജവഹർ ഭവന പദ്ധതിക്കായി ₹1,33,00,000/- ചെലവഴിച്ചിരിക്കുന്നു. ഭവന പദ്ധതിക്കായി ഒടുക്ക് വരുത്തുന്ന പലിശ തുകയുടെ ജില്ലാ പഞ്ചായത്ത് വിഹിതമാണ് ഒടുക്ക് വരുത്തേണ്ടത്. പ്രതിവർഷം ജില്ലാ പഞ്ചായത്തിന് നിശ്ചയിച്ചിട്ടുള്ള പലിശ ബാദ്ധ്യതയുടെയും നാളിതുവരെ ഈ ഇനത്തിൽ ജില്ലാ പഞ്ചായത്ത് ഒടുക്ക് വരുത്തിയ തുകയുടെയും വിവരം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.10 തീയതി 26.08.2020) നൽകിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തുകൾ വായ്പ തുക ഒടുക്ക് വരുത്തുന്നതിന് വീഴ്ച വന്നാൽ ആയതിന്മേൽ ഉണ്ടാകുന്ന അധിക പലിശ ബാദ്ധ്യത ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതില്ല. ആയതിനാൽ 2016-17 മുതൽ നാളിതുവരെ പലിശ ബാദ്ധ്യത കണക്കാക്കി, കൂടുതൽ തുക ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനോ തുടർ വർഷങ്ങളിലെ കണക്കിൽ ക്രമീകരിക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-41 മണക്കാട് ഗ്രാമപഞ്ചായത്ത്. പൂതക്കാവ് ഇറിഗേഷൻ പദ്ധതി മാറിയ ജി.ഐ പൈപ്പുകൾ പഞ്ചായത്തിന് കൈമാറിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 1326/19, 195/20 |
| അടങ്കൽ | ₹1000000/- |
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം |
| കരാറുകാരൻ | പ്രിൻസ് ടി മാത്യു |
| കരാർ തുക | ₹999264.49 |
| ബിൽ നം,തീയതി തുക | 402/AEE/2018-19തീ. 18.12.19 ₹484659/-<br>428/AEE/2019-20തീ. 28.01.20 ₹437351/- |
| അളവ് ബുക്ക് നം. | 198/17-18 |

പൂതക്കാവ് ജലസേചന പദ്ധതിയുടെ പമ്പിംഗ് ലൈനിന്റേയും വിതരണലൈനിലേയും പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ അളവ് ബുക്കിലെ ഇനം 1.1 പ്രകാരം 686.80മീറ്റർ 65 Mm ജി.ഐ പൈപ്പും ഇനം 1.2പ്രകാരം 492.05മീറ്റർ 32 Mm ജി.ഐ പൈപ്പും മാറ്റി പുതിയത് സ്ഥാപിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത പഴയ പൈപ്പ് ജില്ലാ പഞ്ചായത്തിന് കൈമാറിയതായോ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയതായോ കാണുന്നില്ല. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതിയ്ക്കായുള്ള ₹9,22,010/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 ജില്ലാ കൃഷിത്തോട്ടത്തിന്റെ പ്രവർത്തനം

ജില്ലാ പഞ്ചായത്തിന്റെ കീഴിൽ അരീക്കുഴയിൽ പ്രവർത്തിക്കുന്ന ജില്ലാ കൃഷിത്തോട്ടത്തിന്റെ പ്രവർത്തനം വിശകലം നടത്തിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപെട്ടു.

1. ജില്ലാകൃഷിത്തോട്ടം ജില്ലയിലെ വിവിധ കൃഷി ഭവനുകൾക്ക് നൽകുന്നതിനും സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായും വിവിധ ഇനം തൈകൾ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും ഉത്പാദിപ്പിക്കുന്ന തൈകൾ സ്റ്റോക്കിലെടുക്കുന്നില്ല. വിതരണം ചെയ്യുന്ന തൈകളുടെ കണക്ക് മാത്രമാണ്

സൂക്ഷിക്കുന്നത്.

2. തൻവർഷം വിതരണം ചെയ്ത തൈകളുടെ വില പൂർണ്ണമായി ലഭിച്ചിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | കൈപ്പറ്റിയ കൃഷി ഭവൻ | ഇൻവോയ്സ് നം. /തീയതി | നിരക്ക് ₹ | എണ്ണം | ലഭിക്കാനുള്ള തുക ₹ |
|---|---|---|---|---|---|---|
| 1 | പച്ചക്കറി വിത്ത് | എ.ഡി.എ തൊടുപുഴ | VEG-2/19 24.06.19 | 9 | 4000 | 36000 |
| 2 | കുരുമുളക് തൈ | കൃഷിഭവൻ കടയത്തൂർ | OT-SNPC1/2019 05.02.2020 | 20 | 400 | 8000 |
| 3 | കൊക്കോ തൈ | കൃഷിഭവൻ പുറപ്പുഴ | CCS-PRPA1/2019/06.11.2019 | 20 | 1435 | 28700 |
| 4 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻ ആലക്കോട് | TC1/2019 19.10.19 | 15 | 5000 | 75000 |
| 5 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻ കരിമണ്ണൂർ | TC 2/2019 19.10.19 | 15 | 5000 | 75000 |
| 6 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻ കടയത്തൂർ | TC 3/2019 19.10.19 | 15 | 5000 | 75000 |
| 7 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻവെള്ളിയാമറ്റം | TC 4/2019 19.10.19 | 15 | 5000 | 75000 |
| 8 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻ ഇടവെട്ടി | TC 5/2019 19.10.19 | 15 | 5000 | 75000 |
| 9 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻ കരിങ്കുന്നം | TC 6/2019 19.10.19 | 15 | 5000 | 75000 |
| 10 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻ മണക്കാട് | TC 7/2019 19.10.19 | 15 | 5000 | 75000 |
| 11 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻ തൊടുപുഴ | TC 8/2019 19.10.19 | 15 | 5000 | 75000 |
| 12 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻ കാമാക്ഷി | TC 9/2019 19.10.19 | 15 | 5000 | 75000 |
| 13 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻ കഞ്ഞിക്കുഴി | TC 10/2019 19.10.19 | 15 | 5000 | 75000 |
| 14 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻ വാത്തിക്കുടി | TC 11/2019 19.10.19 | 15 | 2500 | 37500 |
| 15 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻ അടിമാലി | TC 12/2019 19.10.19 | 15 | 5000 | 75000 |
| 16 | ടിഷ്യൂ കൾച്ചർ വാഴ | കൃഷിഭവൻ നെടുങ്കണ്ടം | TC 13/2019 19.10.19 | 15 | 17500 | 262500 |
| | ആകെ | | | | | 1197700 |

ഈ തുക എത്രയും പെട്ടെന്ന് ബന്ധപ്പെട്ട കൃഷിഭവനുകളിൽ നിന്ന് ഈടാക്കി ജില്ലാ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

## 1-43 ജില്ലാ പഞ്ചായത്ത് കൃഷിത്തോട്ടത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏറ്റെടുത്ത പദ്ധതികളിൽ നിർവ്വഹണം നടത്തുന്നതിൽ വീഴ്ച വന്നിരിക്കുന്നു

ഇടുക്കി ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ള ജില്ലാ കൃഷിത്തോട്ടം, അരിക്കുഴ എന്ന സ്ഥാപനം ഏകദേശം 30 ഹെക്ടർ ഭൂപ്രദേശം ഉൾപ്പെടുന്നതാണ്. കൃഷിത്തോട്ടത്തിൽ ആഭ്യന്തര റോഡുകളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവം ഉണ്ട്. ഇതിനായി 2018-19 ൽ താഴെ പറയുന്ന പദ്ധതികൾ ഏറ്റെടുക്കുകയും 2019-20 ൽ പദ്ധതികൾ സ്പിൽഓവർ പദ്ധതികളായി നിലനിർത്തുകയും ചെയ്തെങ്കിലും പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക ₹ |
|---|---|---|---|
| 1 | 1147/20 | അരിക്കുഴ ഫാം ഇന്റേണൽ റോഡ് | 1320017/- |
| 2 | 1148/20 | അരിക്കുഴ ഫാം ജനസേചനം, ടാങ്ക് | 500000/- |
| 3 | 1150/20 | അരിക്കുഴ ഫാമിൽ തൊഴുത്ത് നിർമ്മാണം | 2400000/- |
| 4 | 1151/20 | അരിക്കുഴ ഫാമിൽ ഗ്രീൻഹൌസ് | 200000/- |

അടിയന്തര പ്രാധാന്യമുള്ള ഇത്തരം പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.7 തീയതി 25.08.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിന് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-44 ഡീസൽ എഞ്ചിനുകൾ ജില്ലാപഞ്ചായത്ത് ഏറ്റെടുക്കാതെ നശിക്കുന്നു

2019-20-ൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ താഴെ പറയുന്ന ജലസേചനപദ്ധതികളിലും കുടിവെള്ള പദ്ധതികളിലും പുതിയ മോട്ടോർ സ്ഥാപിച്ചപ്പോൾ നിലവിൽ ഉപയോഗിച്ചുകൊണ്ടിരുന്ന 15 HP ഡീസൽ എഞ്ചിനുകൾ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലേയ്ക്ക് മാറ്റിയില്ല. ഇവയെല്ലാം ഓഡിറ്റ് വേളയിലും ഈ പദ്ധതികളുടെ സമീപത്തായി ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. പ്രസ്തുത എഞ്ചിനുകൾ ഏറ്റെടുത്ത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം., പേര് | അടങ്കൽ തുക |
|---|---|---|
| 1 | 883/20, കൊച്ചുകരിമ്പൻ പുത്തൻ പുരയ്ക്കൽ കുടിവെള്ള പദ്ധതി | 1000000 |
| 2 | 1028/19-20,ചന്ദ്രഗിരിജലസേചന പദ്ധതി പൂർത്തീകരണം | 500000 |
| 3 | 880/20,ഇടിഞ്ഞമല ജലസേചന പദ്ധതി | 1300000 |

## 1-45 തെരുവുനായ്ക്കളുടെ നിയന്ത്രണം -ഫണ്ടിൽ തുക അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 1336/20 |
| നിർവ്വഹണം | കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ |
| അടങ്കൽ | ₹5000000/- |

തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി വിവിധ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള യൂണിയൻബാങ്കിന്റെ ചെറുതോണി ശാഖയിൽ 18.08.2020ൽ ₹2708784/- അവശേഷിക്കുന്നു. 05.05.2017ലെ സ. ഉ. (സാധ) നമ്പർ 1480/17/തസ്വഭവ. പ്രകാരം കുടുംബശ്രീ ജില്ലാ കോ ഓർഡിനേറ്ററെ ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി തീരുമാനിച്ചു. അതിന് മുമ്പ് ഈ പദ്ധതി നടപ്പാക്കുന്നതിനായി വിവിധ ഗ്രാമപഞ്ചായത്തുകൾ ജില്ലാപഞ്ചായത്തിലേയ്ക്കാണ് തുക ഒടുക്കിയിരുന്നത്. ഈ തുകയിൽനിന്നാണ് പദ്ധതി നിർവ്വഹണത്തിനായി മേൽ പ്രോജ്കട് പ്രകാരം₹1430000/- തൻവർഷം കൈമാറിയിരിക്കുന്നത്. ആയതിൽ ₹1426500/- ചെലവഴിച്ചിരിക്കുന്നു. ₹3500/- ചെലവഴിക്കാൻ അവശേഷിക്കുന്നു. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലും അവശേഷിക്കുന്ന തുകകൾ ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-46 LIFE, PMAY പ്രോജക്ടുകൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം -വിനിയോഗ സാക്ഷ്യപത്രമില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ ഘടകം, ഇടുക്കി |

തൻവർഷം നടപ്പാക്കിയ 5 പ്രോജക്ടുകളിലൂടെ ഇടുക്കി ജില്ലയിലെ വിവിധ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിലെ LIFE, PMAY ഗുണഭോക്താക്കൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ അതാത് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടുവെന്ന് ഉറപ്പാക്കി, പ്രോജക്ടിന്റെ പൂർത്തീകരണവിവരം വിനിയോഗ സാക്ഷ്യപത്രം സഹിതം അറിയിക്കുവാൻ ടി തദ്ദേശസ്വയംഭരണ സ്ഥാപനമേധാവികൾക്ക് നിർവഹണ ഉദ്യോഗസ്ഥൻ നിർദ്ദേശം നൽകിയിരുന്നെങ്കിലും അത് പാലിക്കപ്പെട്ടിട്ടില്ല. പ്രോജക്ട് അടിസ്ഥാനത്തിലുള്ള ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര് | തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | കൈമാറിയ തുക ₹ | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | എസ് 16/2020 PMAY (ജനറൽ) ജില്ലാ പഞ്ചായത്ത് വിഹിതം | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | 15 | 697300 | 1/19-20 തീ.10.06.2019 |
| 2 | | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 11 | 302700 | 2/19-20 തീ.10.06.2019 |
| 3 | എസ് 1339/2020 PMAY (ജനറൽ) ജില്ലാ പഞ്ചായത്ത് വിഹിതം | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 18 | 841100 | 15/19-20 തീ.06.01.2020 |
| 4 | എസ് 012/2020 LIFE (SCP) ജില്ലാ പഞ്ചായത്ത് വിഹിതം | വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | 52 | 5200000 | 3/19-20 തീ.3.12.2019 |
| 5 | | കുമളി ഗ്രാമപഞ്ചായത്ത് | 28 | 2500000 | |
| 6 | | വട്ടവട ഗ്രാമപഞ്ചായത്ത് | 16 | 900000 | |
| 7 | | പാമ്പാടുമ്പാറ ഗ്രാമപഞ്ചായത്ത് | 1 | 40000 | 18/19-20 തീ.4.3.2020 |
| 8 | | പീരുമേട് ഗ്രാമപഞ്ചായത്ത് | 18 | 1380000 | 22/19-20തീ.19.3.2020 |
| 9 | | മാങ്കുളം ഗ്രാമപഞ്ചായത്ത് | 6 | 270000 | 23/19-20 തീ.19.3.2020 |
| 10 | എസ് 013/2020 LIFE (TSP) ജില്ലാ പഞ്ചായത്ത് വിഹിതം | മറയൂർ ഗ്രാമപഞ്ചായത്ത് | 10 | 1000000 | 4/19-20 തീ.7.12.2019 |
| 11 | | അടിമാലി ഗ്രാമപഞ്ചായത്ത് | 6 | 990000 | |
| 12 | | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | 8 | 700000 | |
| 13 | | വട്ടവട ഗ്രാമപഞ്ചായത്ത് | 5 | 1000000 | |
| 14 | | മാങ്കുളം ഗ്രാമപഞ്ചായത്ത് | 10 | 1000000 | |
| 15 | | ഇടമലക്കുടി ഗ്രാമപഞ്ചായത്ത് | 7 | 1000000 | |
| 16 | | കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് | 10 | 1000000 | |
| 17 | | അറക്കുളം ഗ്രാമപഞ്ചായത്ത് | 6 | 345000 | |
| 18 | | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 6 | 1000000 | |
| 19 | എസ് 011/2020 LIFE (GENERAL) ജില്ലാ പഞ്ചായത്ത് വിഹിതം | മാങ്കുളം ഗ്രാമപഞ്ചായത്ത് | 42 | 4200000 | 5/19-20 തീ.21.12.2019 |
| 20 | | ഇടവെട്ടി ഗ്രാമപഞ്ചായത്ത് | 8 | 500000 | |
| 21 | | പെരുവന്താനം ഗ്രാമപഞ്ചായത്ത് | 17 | 1700000 | |
| 22 | | ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | 31 | 2600000 | 6/19-20 തീ.31.12.2019 |
| 23 | | പാമ്പാടുമ്പാറ ഗ്രാമപഞ്ചായത്ത് | 60 | 2800000 | 10/19-20 തീ. 31.12.2019 |
| 24 | | ശാന്തമ്പാറ ഗ്രാമപഞ്ചായത്ത് | 20 | 1300000 | 8/19-20 തീ.31.12.2019 |

| | | | | | |
|---|---|---|---|---|---|
| 25 | | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 7 | 700000 | |
| 26 | | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് | 7 | 700000 | |
| 27 | | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | 17 | 800000 | 9/19-20 തീ.31.12.2019 |
| 28 | | സേനാപതി ഗ്രാമപഞ്ചായത്ത് | 20 | 800000 | |
| 29 | | കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് | 38 | 4000000 | 7/19-20 തീ.31.12.2020 |
| 30 | | പാമ്പാടുമ്പാറ ഗ്രാമപഞ്ചായത്ത് | 2 | 80000 | 22/19-20 തീ.4.3.2020 |
| 31 | | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് | 12 | 480000 | 19/19-20 തീ.4.03.2020 |

തുക യഥാർത്ഥ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്നും അത് യഥാവിധി വിനിയോഗിച്ചിട്ടുണ്ടെന്നുമുള്ള സാക്ഷ്യപത്രം അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-47 പാർട്ട് ബില്ലുകൾ കൈപ്പറ്റി ഒരു വർഷമായിട്ടും തുടർ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം.,പേര് | 838/20-ഉടുമ്പന്നൂർ-പെരിങ്ങാശ്ശേരി ഗവ.എച്ച് എസ് ഓഡിറ്റോറിയം റൂഫിംഗ് |
| പദ്ധതി അടങ്കൽ | ₹2320000/-(സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| കൺവീനർ | ബിനോ കെ.സി |
| കരാർ നം.&തീയതി | 78/2.12.18 |
| അളവുബുക്ക് | 2427/18-19 |
| ബിൽ നം/തീയതി&തുക | 253/26.5.20;₹935260/- |

26.6.18-ൽ ഭരണാനുമതി ലഭിച്ച പദ്ധതിയുടെ പൂർത്തീകരണ കാലാവധി 4 മാസമായിരുന്നു. 19.4 X 8 മീ. വലുപ്പത്തിലുള്ള ഓപ്പൺ എയർ ഓഡിറ്റോറിയം, റൂഫിംഗ് എന്നിവയായിരുന്നു പദ്ധതിയിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. ഓഡിറ്റോറിയത്തിന്റെ വൈദ്യുതീകരണ പ്രവൃത്തികൾക്കായി ₹3,20,000/-യും നീക്കിവച്ചിരുന്നു. 26.05.20-ൽ പാർട്ട് ബില്ലിനത്തിൽ ₹935260/- കൺവീനർക്ക് നൽകിയിട്ടുണ്ടെങ്കിലും പിന്നീട് തുടർ പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല. ടൈലിംഗ്, സീലിംഗ്, പെയിന്റിംഗ്, റൂഫിംഗ് തുടങ്ങിയ പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല. വൈദ്യുതീകരണ പ്രവൃത്തികളും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

2. വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത് ഗവ.ഹൈസ്കൂൾ സംരക്ഷണ ഭിത്തി

| | |
|---|---|
| പ്രോജക്റ്റ് നം. | 205/20 |
| പദ്ധതി അടങ്കൽ | ₹2000000/-(വികസന ഫണ്ട് (ജനറൽ)) |
| കൺവീനർ | ശ്രീമതി സിന്ധു സി |
| കരാർ നം&തീയതി | 56/17.12.18 |
| അളവുബുക്ക് | 1034/17-18 |
| ബിൽ നം/തീയതി&തുക | 211/3.5.19; ₹998666/- |

കനത്ത മഴയെ തുടർന്ന് കേടുപാടു പറ്റിയ സ്കൂൾ സംരക്ഷണ ഭിത്തി പൊളിച്ച് പുതിയ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ആസൂത്രണം ചെയ്ത പദ്ധതിയാണിത്. 17.12.18-ൽ കരാർ ഒപ്പുവച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3 മാസമായിരുന്നു. 3.05.19-ൽ പാർട്ട് ബില്ലിനത്തിൽ ₹998666/-കൺവീനർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പിന്നീട് തുടർ പ്രവൃത്തികൾ ചെയ്ത് പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

വ്യക്തമായ കാരണം കൂടാതെ പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കൺവീനർമാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുകയും പദ്ധതി പൂർത്തീകരണം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 1-48 വിവിധ ജലസേചന പദ്ധതികൾ-പദ്ധതി പൂർത്തീകരണം അനന്തമായി നീളുന്നു

1. കുമാരമംഗലം ഗ്രാമ പഞ്ചായത്ത്-ഉരിയരിക്കുന്ന് ജലസേചന കുളം നിർമ്മാണം

| | |
|---|---|
| പ്രോജക്റ്റ് നം | 107/20 |
| പദ്ധതി അടങ്കൽ | ₹1000000/-(വി.ഫ.ജനറൽ) |
| കരാറുകാരൻ | സുനിൽ കുമാർ വി.എസ്. |
| കരാർ നം&തീയതി | 378/8.3.19 |
| അളവുബുക്ക് നം. | 2180/18-19 |
| ബിൽ നം/തീയതി&തുക | 385/18.11.19;₹315171/- |

3.2മീ.വ്യാസവും 8മീ ആഴവുമുള്ള കിണർ നിർമ്മിച്ച് ചുറ്റമതിൽ കെട്ടുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 26.6.18-ൽ ഭരണാനുമതി ലഭിച്ച പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 8.3.19-ൽ കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. 3 മാസമായിരുന്നു പദ്ധതിയുടെ പൂർത്തീകരണ കാലാവധി. എന്നാൽ 5.7മീ ആഴത്തിലുള്ള കിണർ നിർമ്മാണം മാത്രമാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്. 18.11.19ൽ പാർട്ട് ബില്ലിനത്തിൽ കരാറുകാരൻ ₹315171/- കൈപ്പറ്റിയിട്ടുണ്ടെങ്കിലും കിണറിന്റെ ചുറ്റമതിൽ ഉൾപ്പെടെയുള്ള തുടർ പ്രവൃത്തികളൊന്നും നാളിതുവരെയും നിർവ്വഹിച്ചിട്ടില്ല. കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതെ പദ്ധതിയുടെ പൂർത്തീകരണ കാലാവധി 31.03.20 വരെ ദീർഘിപ്പിച്ച്

നൽകുകയും ചെയ്തിട്ടുണ്ട്. ദീർഘിപ്പിച്ച നൽകിയ കാലാവധിക്കു ശേഷവും പദ്ധതിയുടെ പൂർത്തീകരണം സാധ്യമായിട്ടില്ല. ടി പദ്ധതിയുടെ തുടർച്ചയായി ഉരിയരിക്കുന്ന് കുടിവെള്ള പദ്ധതി (പ്രോജക്ട് നം.118/20) എന്ന പേരിൽ മറ്റൊരു പദ്ധതിക്കും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു. ടി പദ്ധതിയുടെ ഭാഗമായി ടാങ്ക് പൈപ്പ് ലൈൻ എന്നിവയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതിയും പാതിവഴിയിലെത്തി നിൽക്കുകയാണ്.

2.ആലക്കോട് ഗ്രാമ പഞ്ചായത്ത്-ചന്ദ്രൻപിള്ള ജലസേചന പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 990/20 |
| പദ്ധതി അടങ്കൽ | ₹1000000/-(വി.ഫ.ജനറൽ) |
| കരാറുകാരൻ | സാജുമോൻ മാത്യു |
| കരാർ നം&തീയതി | 352/1.3.19 |
| അളവുബുക്ക് | 203/18-19&2460/18-19 |
| ബിൽ റഫറൻസ് നമ്പർ<br>തീ/തുക | 1360156675 തി. 30/0319<br>₹397870<br>13601434200 തി. 29/03/21<br>₹42534 |

നിലവിലുള്ള പഞ്ചായത്ത് കിണറിൽ നിന്നും 7.5HP മോട്ടോർ പമ്പ് സെറ്റ് ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് ഉയരത്തിലുള്ള ടാങ്കിലെത്തിച്ച് ജി.ഐ. പൈപ്പുകൾ വഴി വെള്ളം വിതരണം ചെയ്യുന്നതിനാണ് 7.06.17-ൽ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നത്. 2017-18 വർഷം അംഗീകാരം ലഭിച്ച പദ്ധതിയാണെങ്കിലും കരാറുകാരനുമായി ഒപ്പുവച്ചിട്ടുള്ളത് 1.3.19-ലാണ്. 6 മാസമായിരുന്നു പദ്ധതിയുടെ പൂർത്തീകരണ കാലാവധി. ജി.ഐ പൈപ്പുകളുടെ സപ്പോർട്ടിനായി പില്ലറുകൾ സ്ഥാപിക്കൽ തുടങ്ങി വിവിധ പ്രവൃത്തികൾ ആദ്യ എസ്റ്റിമേറ്റിൽ നിന്നും അധികമായി കരാറുകാരൻ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിന് നാളിതുവരെയും അംഗീകാരം ലഭിച്ചിട്ടില്ല. പമ്പ് സെറ്റ് സ്ഥാപിക്കൽ, വൈദ്യുതി കണക്ഷൻ തുടങ്ങിയ പ്രവൃത്തികൾ നടപ്പാക്കിട്ടുള്ളതായി അളവുബുക്കിൽ (2303/18-19) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ 3.12.2020-ൽ തയ്യാറാക്കിയ രണ്ടാം പാർട്ട് ബില്ലിൽ മേൽ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല ജലസേചന പദ്ധതി ഭാഗികമായി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്ത അളവുബുക്കിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട് (അളവുബുക്ക് 2460).

പദ്ധതി പൂർത്തീകരണത്തിന് അനാവശ്യമായ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുകയും പദ്ധതി പൂർത്തിയാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-49 നഗരംപാറ വെയ്റ്റിംഗ് ഷെഡ് കടമുറി -കുത്തകക്കാരനെ നിയമവിരുദ്ധമായി തുടരാൻ അനുവദിച്ചതുവഴി വൻ റവന്യൂ നഷ്ടം

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ ചെറുതോണിക്കും പൈനാവിനും മധ്യേ നഗരംപാറയിൽ തൊടുപുഴ-പുളിയൻമല റോഡു വക്കിലായി ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു വെയ്റ്റിംഗ് ഷെഡും, അതിനനുബന്ധമായി 30 ചതുരശ്ര മീറ്റർ (6 മീറ്റർ നീളം X 5 മീറ്റർ വീതി ) വിസ്തീർണമുള്ള ഒരു കടമുറിയും (നം.X/640) സ്ഥിതി ചെയ്യുന്നു. ഇടുക്കി മെഡിക്കൽ കോളേജ് ജംഗ്ഷൻ ബസ് സ്റ്റോപ്പ് ആയാണ് പ്രസ്തുത വെയ്റ്റിംഗ് ഷെഡ് പ്രവർത്തിക്കുന്നത്. 1999-2000 വർഷത്തെ വാർഷിക പദ്ധതിയിൻകീഴിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ, നിർമ്മിക്കുക-പ്രവർത്തിപ്പിക്കുക-കൈമാറുക (Build- Operate-Transfer) എന്ന വ്യവസ്ഥപ്രകാരം ആസൂത്രണം ചെയ്ത് നിർമ്മിച്ച സമുച്ചയമാണിത്. (പ്രോജക്ട് നം.272/99-2000, 209/2000-01). അൻപതിനായിരം രൂപ പദ്ധതി വിഹിതവും ഒരു ലക്ഷം രൂപ ബാങ്ക് വായ്പയോ മറ്റുള്ളവയോ, ബാക്കി തുക സ്പോൺസർഷിപ്പും ആയി കണ്ടെത്തുവാൻ നിശ്ചയിച്ച് ആവിഷ്കരിച്ച പ്രോജക്ട് ശ്രീ.ജോസഫ് അഗസ്റ്റിൻ, കിഴക്കേടത്ത്, വാഴത്തോപ്പ് എന്ന വ്യക്തി ഏറ്റെടുത്ത് നടത്താൻ തയ്യാറാവുകയും 2,62,608/-ചെലവിൽ പണി പൂർത്തീകരിക്കുകയും ചെയ്തു (50000 ജില്ലാ പഞ്ചായത്ത് വിഹിതം + 212608 സ്പോൺസർഷിപ്പ്) (ടിയാന്റെ സ്പോൺസറായുള്ള തെരഞ്ഞെടുപ്പ് എപ്രകാരം നടന്നുവെന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.) ഭരണസമിതിയുടെ 14.07.2000-ലെ 25-ാം നമ്പർ തീരുമാനപ്രകാരം, പ്രസ്തുത വ്യക്തിയുടെ വിഹിതമായ 212608/- രൂപ പലിശ കൂടാതെ സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിച്ച് പി.ഡബ്ല്യൂ.ഡി നിശ്ചയിക്കുന്ന വാടക നിരക്കിൽ 20 വർഷം കുത്തകക്കാരനായി തുടരുവാൻ വ്യവസ്ഥ ചെയ്ത് 28.07.2000-ൽ ജില്ലാപഞ്ചായത്ത് ഇയാളുമായി കരാറിൽ ഏർപ്പെട്ടു. ജില്ലാ പഞ്ചായത്ത് ഡിവിഷൻ പൊതുമരാമത്ത് വകുപ്പ് എക്സി.എൻജിനിയർ നിശ്ചയിച്ച 636/-രൂപയായിരുന്നു പ്രഥമ പ്രതിമാസ വാടക. തുടർന്ന് ഓരോ വർഷവും നിശ്ചിത ശതമാനം വർദ്ധനവ് വരുത്തി 2019-20-ൽ ജൂലൈ മാസം വരെ 1321/-രൂപയായിരുന്നു പ്രതിമാസ വാടക. "S.J Medicals" എന്ന പേരിൽ ഒരു ഇംഗ്ലീഷ് മരുന്നു വിൽപനശാലയാണ് ഇയാളുടേതായി പ്രസ്തുത കടമുറിയിൽ ആരംഭിച്ചത്. എന്നാൽ 05.08.2002-ൽ തയ്യാറാക്കിയ മുക്ത്യാർപ്രകാരം ഈ കടമുറി കൈവശം വച്ച് ഉപയോഗിച്ചുവരുന്നത് ഇയാളുടെ സഹോദരനായ ശ്രീ.ജെയിൻ അഗസ്റ്റിൻ കിഴക്കേടത്ത്, പള്ളിക്കാമുറി, കരിമണ്ണൂർ എന്ന വ്യക്തിയാണ്. കടമുറിയുടെ സ്പോൺസറായ ശ്രീ. ജോസഫ് അഗസ്റ്റിൻ അമേരിക്കയിലേക്ക് പോകുന്നതിനാലാണ് ഇത്തരമൊരു കൈമാറ്റമെന്ന് പ്രസ്തുത രേഖയിൽ കാരണമായി ചൂണ്ടിക്കാട്ടിയിട്ടുള്ളത്. തുടർന്ന് 18

വർഷത്തിനിപ്പുറം, നാളിതുവരെ ഇയാൾ തിരികെയെത്തി മുക്ത്യാർ ഒഴിഞ്ഞ് അവകാശം തിരികെയെടുത്തിട്ടില്ല.

27.07.2020-ൽ BOT കരാറിന്റെ കാലാവധി പൂർത്തിയാവുന്നതിനാൽ തുടർന്നുള്ള നടപടികൾ സെക്രട്ടറി ഭരണസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ, 29.06.2020-ൽ ചേർന്ന ഭരണസമിതി യോഗം അജണ്ട നം.9 ആയി വിഷയം ചർച്ചയ്ക്കെടുത്തു. ഇക്കാര്യത്തിൽ കൂടുതൽ ചർച്ച ആവശ്യമുണ്ടെന്ന് പ്രസിഡന്റ് അഭിപ്രായപ്പെട്ടെങ്കിലും പ്രതിമാസം 2000/- രൂപ വാടക നിശ്ചയിച്ച് ഇയാൾക്കു തന്നെ മുറി തുടർന്നും അനുവദിക്കാനാണ് ഭരണസമിതിയംഗങ്ങൾ നിർദ്ദേശിച്ചത്. അപ്രകാരം 2000/- രൂപ തന്നെ വാടക നിശ്ചയിച്ച് ടിയാനെ കുത്തകക്കാരനായി ഭരണസമിതി അംഗീകരിച്ചു.(തീരുമാന നം.9/1 തീ.29.06.2020). കരാർ കാലാവധി കഴിഞ്ഞതിനാൽ ടെൻഡർ നടപടികളിലൂടെ മുറി കൈയ്യൊഴിയണമെന്നും, ഈ തീരുമാനം നിയമാനുസൃതമല്ലെന്നും ആകയാൽ പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ട് സെക്രട്ടറി 30.06.2020-ൽ പ്രസിഡന്റിന് 1995-ലെ കേരള പഞ്ചായത്ത് രാജ് (യോഗ നടപടിക്രമങ്ങൾ) ചട്ടങ്ങളിലെ, ചട്ടം 29(3), 2003-ലെ കേരള പഞ്ചായത്ത് രാജ് (നിയമവിരുദ്ധമായ തീരുമാനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ) ചട്ടങ്ങളിലെ, ചട്ടം 3 എന്നിവ പ്രകാരം കുറിപ്പ് നൽകുകയും 21.07.2020-ൽ ചേരുന്ന ഭരണസമിതി യോഗത്തിൽ ഉൾപ്പെടുത്തുന്നതിന് അജണ്ടക്കുറിപ്പ് (അജണ്ട നം.8) തയ്യാറാക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത തീയതിയിൽ യോഗം ചേരാൻ കഴിഞ്ഞില്ല. ഇതിനിടെ, മുറിയുടെ 2020-21 വർഷത്തേക്കുള്ള വാടകക്കരാർ പുതുക്കി നൽകണമെന്നാവശ്യപ്പെട്ട് മുക്ത്യാർ ഉടമ 24.07.2020-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുൻപാകെ അപേക്ഷ സമർപ്പിച്ചു. 29.06.2020-ലെ തീരുമാനത്തിൽ തനിക്ക് വിയോജിപ്പുണ്ടെന്നും, ആയത് ചർച്ച ചെയ്യുന്നതിന് നിശ്ചയിച്ച ഭരണസമിതി യോഗം നടക്കാതിരുന്നതിനാൽ വിഷയം പരിഗണിക്കാൻ സാധിച്ചിട്ടില്ലെന്നും , അടുത്ത യോഗത്തിൽ തീരുമാനമെടുത്ത് അറിയിക്കുന്നതാണെന്നും വിശദീകരിച്ച് സെക്രട്ടറി 27.07.2020-ലെ എ4-1681/2020 നമ്പർ കത്തു പ്രകാരം ഇതിന് മറുപടി നൽകി. ഭരണസമിതി തീരുമാനത്തിൽ സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയത് നിയമവിരുദ്ധമാണെന്നും, ആയതിനാൽ അത് തള്ളിക്കളഞ്ഞ് തീരുമാനം നടപ്പാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകണമെന്നുമുള്ള അപേക്ഷയുമായി മുക്ത്യാർ ഉടമ ബഹു.കേരള ഹൈക്കോടതി മുൻപാകെ മണ്ഡാമസ് റിട്ട് ഹർജി ഫയൽ ചെയ്തു. ( നം.WP(C) No.15972/2020). 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 182(iii) അനുസരിച്ച് ഭരണസമിതി ഒരു തീരുമാനമെടുത്താൽ അത് നടപ്പാക്കാൻ സെക്രട്ടറിക്ക് നിയമപരമായ ബാധ്യതയുണ്ടെന്നും, പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിലൂടെ മനുഷ്യജീവനോ, ആരോഗ്യത്തിനോ ,പൊതു സുരക്ഷയ്ക്കോ അപകടമുണ്ടാകുവാൻ സാധ്യതയുണ്ടെങ്കിൽ മാത്രമേ സെക്രട്ടറിക്ക് വിയോജനം രേഖപ്പെടുത്താൻ അവകാശമുള്ളുവെന്നും, ഈ വിഷയത്തിൽ അത്തരം സ്ഥിതിവിശേഷമൊന്നുമില്ലാത്തതിനാൽ ഹർജിക്കാരനനുകൂലമായി പ്രവർത്തിക്കുവാൻ സെക്രട്ടറിക്കു നിർദ്ദേശം നൽകണമെന്നും, തന്നെ നേരിൽക്കേൾക്കാൻ അവസരം ലഭിക്കണമെന്നും ആയിരുന്നു അപേക്ഷയിൽ ചൂണ്ടിക്കാട്ടിയിരുന്ന പ്രധാന നിവൃത്തികൾ. വിഷയം പരിഗണിച്ച കോടതി, താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകി 06.08.2020-ൽ ഹർജി തീർപ്പാക്കി.

1. വിധിപ്പകർപ്പ് കൈപ്പറ്റി 3 ദിവസങ്ങൾക്കുള്ളിൽ ഹർജിക്കാരൻ വസ്തുതകൾ വിവരിച്ച് ജില്ലാപഞ്ചായത്ത് പ്രസിഡന്റിന് അപേക്ഷ സമർപ്പിക്കണം.

2. അപേക്ഷ ലഭിച്ച ശേഷം പ്രസിഡന്റും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അടങ്ങുന്ന ഒരു ഉപസമിതി, ഹർജിക്കാരനെ നേരിൽ കേൾക്കാനും ,അയാൾക്ക് വാടക വർദ്ധനവു സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കാനും അവസരം നൽകണം.

3. ശേഷം ഇതു സംബന്ധമായ കണ്ടെത്തലുകളും ശിപാർശകളും ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതി മുൻപാകെ വെയ്ക്കുകയും അതിന്റെ മുൻകൂർപ്രതി ഹർജിക്കാരന് നൽകുകയും വേണം.

4. ഭരണസമിതി വിഷയത്തിന്റെ എല്ലാ വശങ്ങളും വിശദമായി ചർച്ച ചെയ്ത് ഉചിത നടപടികൾ സ്വീകരിക്കേണ്ടതും തീരുമാനം ഹർജിക്കാരനെ യഥാകാലം അറിയിക്കേണ്ടതുമാണ്. നാലാഴ്ചയ്ക്കുള്ളിൽ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിരിക്കണം.

കരാർ പുതുക്കുമ്പോൾ ജില്ലാ പഞ്ചായത്ത്, പ്രാദേശികമായി നിലനിൽക്കുന്ന ഉയർന്ന വാടകനിരക്കു കുത്തകക്കാരനു ബാധകമാക്കി നിശ്ചയിച്ചു നൽകരുതെന്ന് ഹർജിക്കാരൻ വാദിച്ചെങ്കിലും ബഹു. കോടതി ഈ വിഷയത്തിൽ ഇടപെടേണ്ടതായ ആവശ്യകതയില്ലെന്ന് നിരീക്ഷിച്ച് ഹർജി തീർപ്പാക്കുകയാണുണ്ടായത്. കോടതി വിധിയെത്തുടർന്ന് 03.09.2020-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നു. മുക്ത്യാർ ഉടമയുടെ വാദഗതികൾക്കൂടി പരിഗണിച്ച് ടെൻഡർ നടപടികൾ ഒഴിവാക്കി 4000/-രൂപ വാടക നിരക്കിൽ 2021മാർച്ച് 31 വരെ തുടരാൻ അനുവദിച്ചും, ഡെപ്പോസിറ്റ് തിരികെ നൽകാനും, നിശ്ചയിച്ച് തീരുമാനമെടുത്തു. കൂടാതെ പ്രതിവർഷം 5% നിരക്കിലുള്ള വർദ്ധനവോടെ കുത്തകക്കാരനായി തുടരാൻ അനുവദിക്കുന്ന ശിപാർശയും മുന്നോട്ടുവെച്ചു. പ്രസിഡന്റിന്റെ വിയോജിപ്പോടെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത തീരുമാനം കൈക്കൊണ്ടത്. തുടർന്ന് വിഷയം ഭരണസമിതി 07.09.2020-ൽ പരിഗണിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഭരണസമിതി അംഗങ്ങളായ അഡ്വ.സിറിയക് തോമസ്, ശ്രീമതി.കുഞ്ഞുമോൾ ചാക്കോ, ശ്രീ.എൻ.റ്റി. മനോജ് എന്നിവരുടെ വിയോജനക്കുറിപ്പുകളോടെ ഉപസമിതി തീരുമാനവും ശിപാർശയും ഭരണസമിതി അംഗീകരിച്ചു. (തീരുമാന നം.3/1). തദനുസരണം മുക്ത്യാർ ഉടമ 08.08.2020-ൽ പുതുക്കിയ മുക്ത്യാറിന്റെകൂടി വെളിച്ചത്തിൽ 09.10.2020-ൽ കരാർ പുതുക്കി 4000/- രൂപ പ്രതിമാസനിരക്കിൽ 8 മാസത്തേക്കുള്ള തുക ഒന്നിച്ച് ഒടുക്കി (രസീത് നം.120040100052/തീ.09.10.2020) കുത്തകക്കാരനായി തുടർന്നു വരുന്നു.

പ്രസ്തുത വാടകക്കരാർ പുതുക്കൽ നടപടിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. BOT അടിസ്ഥാനത്തിലാണ് വെയ്റ്റിംഗ് ഷെഡ് സമുച്ചയത്തിന്റെ നിർമാണം പൂർത്തീകരിച്ചത്. 28.07.2000-ൽ ജില്ലാ പഞ്ചായത്തുമായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥയനുസരിച്ച് , നിയമാനുസൃത വാടകയിലും വ്യവസ്ഥയിലും കൈവശം വെച്ച് കച്ചവടം നടത്തുന്നതിനും മറ്റ് ക്രമവിരുദ്ധമായി പ്രവർത്തിക്കാതിരിക്കുന്നപക്ഷം (പരമാവധി 20 വർഷം) ടിയാൻ മുടക്കിയ 212608/- രൂപ (പലിശയില്ലാതെ) സെക്യൂരിറ്റിയായി കണക്കാക്കി കടമുറി കൈവശം വെയ്ക്കുവാനാണ് അവകാശമുണ്ടായിരുന്നത്. 27.07.2020-ൽ ടിയാനുമായുണ്ടായിരുന്ന കരാറിന്റെ കാലാവധി കഴിഞ്ഞതിനാൽ അതുവരെ അനുഭവിച്ചുവന്ന വാടകയിളവിനും, അപ്രകാരം മുറി കൈവശം സൂക്ഷിക്കുന്നതിനുമുള്ള അവകാശം അവസാനിച്ചതാണ്. 636/-രൂപ നിരക്കിൽ ഈടാക്കി വന്ന വാടക 5% വീതം പ്രതിവർഷം വർദ്ധിച്ച് 20 വർഷംകൊണ്ട് 2020-21-ൽ കേവലം 1321/- രൂപയിലാണ് എത്തിയത്. പ്രത്യേകമായുണ്ടായിരുന്ന എല്ലാ നിയമ പരിഗണനയും നിലച്ച് ജില്ലാ പഞ്ചായത്തിന്റെ ഇതര ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ കുത്തകക്കാർക്ക് ബാധകമായ കൈവശാവകാശം മാത്രം നിലനിൽക്കുന്ന സാഹചര്യമാണ് കരാർ കാലാവധി അവസാനിക്കുമ്പോൾ നിലവിലുണ്ടായിരുന്നത്. കരാർ കാലയളവിൽ, വാടകയിളവിനുള്ള എല്ലാ സൌകര്യവും 20 വർഷവും അനുഭവിച്ചത്, തുടർന്ന് അനുവദിക്കേണ്ട ബാധ്യത ജില്ലാപഞ്ചായത്തിനില്ലാത്തതാണ്. ആയതിനാൽ ജില്ലാപഞ്ചായത്ത് നിശ്ചയിക്കുന്ന- വാണിജ്യ കടമുറികൾക്കു ബാധകമായ- നിരക്കിൽ വാടക അടച്ച് കുത്തകക്കാരനായി തുടരാനോ അതിൽ താത്പര്യമില്ലാത്തപക്ഷം താക്കോൽ തിരികെ ഏൽപ്പിച്ച് സെക്യൂരിറ്റി തുക കൈപ്പറ്റുകയോ ആണ് ടിയാന് നിയമപരമായി കരണീയമായിരുന്നത്. പരമാവധി 20 വർഷം മാത്രം മുറി കൈവശം വെയ്ക്കാൻ അവകാശമുണ്ടായിരിക്കെ കരാർ കാലാവധിക്കുശേഷം ടിയാൻ മുന്നോട്ടുവെച്ച ഡിമാന്റുകൾ, ജില്ലാപഞ്ചായത്തിന് ഭാവിയിലുണ്ടാകാവുന്ന ഭീമമായ റവന്യൂനഷ്ടം വിലയിരുത്താതെ അംഗീകരിച്ചുനൽകിയ ഭരണസമിതിയുടെ തീരുമാനം ക്രമവിരുദ്ധമാണ്.

2. സ്പോൺസറായ ശ്രീ. ജോസഫ് അഗസ്റ്റിൻ കേവലം 2 വർഷം മാത്രമാണ് കടമുറി ഭൌതികമായി ഉപയോഗിച്ചത്. ഇയാൾ അമേരിക്കയിലേക്ക് പോകുന്നതിനു മുന്നോടിയായി 05.08.2002-ൽ തയ്യാറാക്കിയ മുക്ത്യാറിന്റെ അടിസ്ഥാനത്തിൽ ഇയാളുടെ സഹോദരനായ ശ്രീ.ജെയിൻ അഗസ്റ്റിനാണ് തുടർന്ന് നാളിതുവരെയും കടമുറി ഉപയോഗിച്ചുവരുന്നത്. 08.08.2020-ൽ തയ്യാറാക്കിയ പുതുക്കിയ മുക്ത്യാറിൽ " USA Overseas Citizen Of India" എന്നാണ് സ്പോൺസർ സ്വയം വിശേഷിപ്പിച്ചിട്ടുള്ളത്. തുടർന്നുള്ള 18 വർഷത്തിലൊരിക്കൽപോലും ഇയാൾ മുക്ത്യാർ റദ്ദാക്കി സ്വയം കുത്തവകാശം ഏറ്റെടുക്കുന്നതായി ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല. സ്പോൺസർ എന്ന നിലയിൽ ശ്രീ. ജോസഫ് അഗസ്റ്റിനോടു മാത്രമാണ് ഏതെങ്കിലും വിധത്തിൽ ജില്ലാ പഞ്ചായത്തിന് ബാധ്യതയുണ്ടായിരുന്നത്. ആ ബാധ്യത നിറവേറ്റുന്നതിന്റെ ഭാഗമായി 20 വർഷം മുക്ത്യാർ ഉടമയെ തുച്ഛമായ വാടകയ്ക്ക് തുടരാൻ അനുവദിച്ചതുമാണ്. ആ സാഹചര്യം അവസാനിച്ചതിനാൽ കടമുറി നിർമാണപ്രവർത്തനങ്ങളിലോ മറ്റേതെങ്കിലും വിധത്തിലോ പങ്കാളിയല്ലാത്ത, ജില്ലാപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തീർത്തും അപരിചിതനായ ശ്രീ.ജെയിൻ അഗസ്റ്റിന് മാത്രം ഹിതകരമായ രീതിയിൽ, കുത്തകാവകാശം ഇളവുകളോടെ തുടർന്നും അനുവദിച്ച നടപടി നീതീകരിക്കാവുന്നതല്ല. മുക്ത്യാർ പ്രകാരം ശ്രീ.ജെയിൻ അഗസ്റ്റിന് ജില്ലാപഞ്ചായത്തുമായി വാടക സംബന്ധിച്ച് കരാറിലേർപ്പെടുന്നതിനും കത്തിടപാടുകൾ നടത്തുന്നതിനും നിയമപരമായി അവകാശമുണ്ടായിരിക്കെ, കരാറുകൾ ചമച്ചിരിക്കുന്നത് സ്പോൺസറായ ശ്രീ.ജോസഫ് അഗസ്റ്റിന്റെ പേരിലാണ്. എന്നാൽ അവയിൽ ശ്രീ.ജോസഫ് അഗസ്റ്റിന്റേതായി രേഖപ്പെടുത്തിയിട്ടുള്ള ഒപ്പുകൾ ആദ്യ കരാറിലെ ഒപ്പുകളിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. വ്യാജ ഒപ്പു രേഖപ്പെടുത്തി കരാർ ചമച്ചതിന്റെ സാഹചര്യം ദുരൂഹമായതിനാൽ അത് അന്വേഷണവിധേയമാക്കേണ്ടതാണ്. (ഈ കരാറുകളിൽ തത്സമയമുള്ള സെക്രട്ടറിയുടെ ഒപ്പും കാണപ്പെടുന്നതിനാൽ.)

3. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 182-ാം വകുപ്പിൽ സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും നിർവചിച്ചിട്ടുണ്ട്.

വകുപ്പ് 182(i)

" സെക്രട്ടറി പഞ്ചായത്തിന്റെ പരിഗണനയ്ക്ക് വരുന്ന ഏതൊരു സംഗതിയിലും അദ്ദേഹത്തിന്റെ അഭിപ്രായം രേഖപ്പെടുത്തേണ്ടതും അജണ്ടയിലെ ഓരോ ഇനവും സെക്രട്ടറിയുടെ വ്യക്തമായ അഭിപ്രായം സഹിതം പഞ്ചായത്തിന്റെ മുൻപാകെ വെയ്ക്കേണ്ടതുമാണ്. "

വകുപ്പ് 182(iii)

" പഞ്ചായത്തിന്റെ പ്രമേയങ്ങൾ നടപ്പിൽ വരുത്തേണ്ടതും ആകുന്നു."

"എന്നാൽ പഞ്ചായത്ത് പാസ്സാക്കിയ ഏതെങ്കിലും പ്രമേയം നിയമാനുസൃതം പാസ്സാക്കിയതല്ലെന്നോ ഈ ആക്ടോ മറ്റേതെങ്കിലും ആക്ടോ പ്രകാരം നൽകിയിട്ടുള്ള അധികാരസീമ ലംഘിച്ചതാണെന്നോ അല്ലെങ്കിൽ അത് നടപ്പാക്കിയാൽ മനുഷ്യജീവനോ ആരോഗ്യത്തിനോ പൊതു സുരക്ഷയ്ക്കോ അപകടകരമാകുവാൻ സാധ്യതയുള്ളതാണെന്നോ സെക്രട്ടറിക്ക് അഭിപ്രായമുള്ളപക്ഷം അദ്ദേഹം ആ പ്രമേയം പുനരവലോകനം ചെയ്യാൻ പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടേണ്ടതും പഞ്ചായത്ത് അത് പുനരവലോകനം ചെയ്യുന്ന സമയത്ത് തന്റെ അഭിപ്രായങ്ങൾ പറയേണ്ടതും അതിനുശേഷവും പഞ്ചായത്ത് അതിന്റെ ആദ്യതീരുമാനത്തിൽത്തന്നെ ഉറച്ചു നിൽക്കുകയാണെങ്കിൽ വിവരം പ്രസിഡന്റിനെ അറിയിച്ചശേഷം സംഗതി തീരുമാനത്തിനായി സർക്കാരിന് റഫർ ചെയ്യേണ്ടതും പതിനഞ്ച് ദിവസം വരെ സർക്കാരിന്റെ തീരുമാനം ലഭിക്കാതിരുന്നാൽ പ്രസ്തുത പ്രമേയം നടപ്പിലാക്കേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്".

കരാർ കാലാവധി കഴിഞ്ഞതിനാൽ ഉയർന്ന വാടകയ്ക്ക് സാധ്യത തേടാതെ നാമമാത്രമായ വർദ്ധനവു വരുത്തി (1321/- രൂപയിൽനിന്ന് 2000/- രൂപയാക്കി വർദ്ധിപ്പിച്ച) നിലവിലുള്ളയാളെ തുടരാൻ അനുവദിക്കുന്നത് വഴി ഭാവിയിലുണ്ടാകാവുന്ന കനത്ത റവന്യൂ നഷ്ടം പഞ്ചായത്തു ഫണ്ടിന്റെ സുരക്ഷിതമായ സൂക്ഷിപ്പിനു ചുമതലയുണ്ടായിരുന്ന(182 (V), (Viii) എന്നിവ പ്രകാരം) സെക്രട്ടറി 29.06.2020-ലെ ഭരണസമിതിയോഗത്തിൽ ചൂണ്ടിക്കാട്ടി വിയോജനം രേഖപ്പെടുത്തിയിരുന്നതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 182(iii) വകുപ്പുപ്രകാരമുള്ള നിയമപരമായ ചുമതല സെക്രട്ടറി നിറവേറ്റിയെങ്കിലും പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കാൻ ബാധ്യതയുള്ള ഭരണസമിതി അത് വേണ്ട രീതിയിൽ പരിഗണിക്കാതെ തീരുമാനത്തിൽ ഉറച്ച നിൽക്കുകയാണുണ്ടായത്. ബഹു. ഹൈക്കോടതിയിൽനിന്ന് ജില്ലാപഞ്ചായത്തിനു വിരുദ്ധമായി തീരുമാനമൊന്നുമുണ്ടായിരുന്നില്ല. കുത്തകക്കാരന്റെ ഭാഗം സമയബന്ധിതമായി കേൾക്കണമെന്നു മാത്രമായിരുന്നു നിർദ്ദേശം . വാണിജ്യ സാധ്യത പരിഗണിച്ച് ഉയർന്ന വാടക നിശ്ചയിക്കുന്നത് വിലക്കണമെന്ന് ഹർജിക്കാരൻ അപേക്ഷിച്ചിരുന്നുവെങ്കിലും അത്തരത്തിലൊരു തീരുമാനമെടുക്കേണ്ടതിന്റെ ആവശ്യകതയില്ലെന്ന കോടതിയുടെ നിരീക്ഷണം ഈ സാഹചര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കോടതിയുടെ പ്രതികൂല ഉത്തരവുകളൊന്നും നിലവിലില്ലാതിരിക്കെ സെക്രട്ടറിയുടെ നിയമപരമായ ഉപദേശം തള്ളിക്കളഞ്ഞ് പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കാൻ ഇടവരുത്തുന്ന തീരുമാനം കൈക്കൊണ്ട ഭരണസമിതിയുടെ നടപടി നിയമവിരുദ്ധമാണ്. ഫയൽ അന്തിമതീർപ്പിനായി സെക്രട്ടറി സമർപ്പിച്ചവേളയിൽ, " പൊതു മുതലിന്റെ കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നതാണ് ഭരണസമിതിയുടെ തീരുമാനമെന്ന് " വിശേഷിപ്പിച്ച് അതിൽ പങ്കുചേരേണ്ടി വന്ന സാഹചര്യത്തെ ദൌർഭാഗ്യകരമെന്ന് പ്രസിഡന്റ് രേഖപ്പെടുത്തിയ വിവരവും ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

4. താലൂക്കാശുപത്രിയെന്ന നിലയിൽ അതുവരെ പ്രവർത്തിച്ചിരുന്ന നിലവിലെ മെഡിക്കൽ കോളേജ്,സർക്കാർ ജില്ലാ ആശുപത്രിയായി ഉയർത്തിയത് 09.08.2000-ലാണ്. (വാടക കരാർ ആരംഭിക്കുന്നതിന് ഏതാനും ആഴ്ചകൾക്ക് മുൻപ് ). ഇടുക്കി മെഡിക്കൽ കോളേജ് എന്ന പേരിൽ പദവി ഉയർത്തപ്പെട്ട ഈ ആശുപത്രിയാണ് ഹൈറേഞ്ചിലെ ജനങ്ങൾ ഇന്ന് ഏറ്റവുമധികം ആശ്രയിക്കുന്ന സർക്കാർ മേഖലയിലുള്ള ആരോഗ്യസ്ഥാപനം. മെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനുള്ള അംഗീകാരമായില്ലായെങ്കിലും അതിനുള്ള അടിസ്ഥാനസൌകര്യവികസനം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കോഴ്സുകൾ ആരംഭിക്കുന്നതോടെ സ്പെഷ്യാലിറ്റികൾ ആരംഭിക്കുകയും രോഗികളുടെ എണ്ണം പതിന്മടങ്ങ് വർദ്ധിക്കുയും ചെയ്യും. മെഡിക്കൽ കോളേജ് ആശുപത്രിയുടെ മുൻവശത്താണ് ഇംഗ്ലീഷ് മരുന്നുവിൽപനശാല പ്രവർത്തിക്കുന്ന ജില്ലാപഞ്ചായത്ത് വക പ്രസ്തുത കടമുറി. ഈ പ്രദേശത്തിനടുത്തൊന്നും മറ്റു മരുന്നു വ്യാപാരസ്ഥാപനങ്ങളില്ല. ഇവിടെനിന്ന് ഏകദേശം അര കിലോമീറ്റർ അകലെയാണ് പ്രധാന ടൌൺ ആയ ചെറുതോണി. മെഡിക്കൽ കോളേജ് ആശുപത്രിയുടെ സ്റ്റോക്കിലില്ലാത്ത മരുന്നുകൾക്ക് ജനങ്ങൾ സ്വാഭാവികമായും സമീപിക്കുന്നത് ഈ മരുന്നു വിൽപനശാലയെയാണ്. സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ശിപാർശ ചെയ്യുന്ന വാണിജ്യപേരുകളിലുള്ള മരുന്നുകൾ സാധാരണ ലഭ്യമാകുക അതാത് ആശുപത്രിയുടെ പ്രാന്തപ്രദേശങ്ങളിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ മാത്രമാണെന്ന വസ്തുതയും ഇതോടു ചേർത്തു വായിക്കേണ്ടതാണ്. കുത്തകക്കാരൻ മരുന്ന് വിൽപനയിൽ മറ്റു സ്ഥാപനങ്ങളിൽനിന്ന് യാതൊരു മത്സരവും നേരിടുന്നില്ലായെന്നത് മേൽപ്രസ്താവിച്ച വസ്തുതകളിൽനിന്ന് വ്യക്തമാണ്. 03 ജീവനക്കാർ സ്ഥാപനത്തിൽ ജോലി ചെയ്യുന്നതായി കുത്തകക്കാരൻ സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിൽ പരാമർശിച്ചിട്ടുള്ളത് മികച്ച നിലയിൽ ബിസിനസ് മുന്നോട്ടു പോകുന്നതിന്റെ മറ്റൊരു തെളിവാണ്. ഇത്തരത്തിൽ എല്ലാവിധ അനുയോജ്യ വ്യാപാര സാധ്യതകളുമുള്ള 30ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കടമുറിയാണ് 2020 ജൂലൈ മാസം വരെ തുച്ഛമായ 1321/-രൂപ പ്രതിമാസ വാടകയ്ക്ക് കൈവശം വച്ചതും, തുടർന്ന് ഭരണസമിതി ആദ്യഘട്ടത്തിൽ കേവലം 2000/-രൂപയും, പിന്നീട് 4000/- രൂപയുമായി പുതുക്കി നിശ്ചയിച്ച് തുടരാൻ അനുവദിച്ചതും.

5. ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ചെറുതോണിയിൽ പ്രവർത്തിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ പല കടമുറികളും ബങ്കുകളും പ്രസ്തുത കടമുറിയുടെ ഇരട്ടിയിലധികം വാടകയ്ക്കാണ് കൈയ്യൊഴിഞ്ഞു നൽകിയിട്ടുള്ളത്. ഇത്രയും അടിസ്ഥാന സൌകര്യങ്ങളും, വിസ്തീർണവുമില്ലാത്തതും വാണിജ്യരംഗത്ത് വൻ മത്സരവും നേരിടുന്നവയാണ് ഇവയെല്ലാം തന്നെ. ചില കടമുറികളുടെ വാടക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചെറുതോണി ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | കടമുറി നം. | പ്രതിമാസ വാടക |
|---|---|---|
| 1 | 02 | 8934 + GST |
| 2 | 06 | 9713 + GST |
| 3 | ബങ്ക് നം 8 | 12394 + GST |
| 4 | ബങ്ക് നം 101 | 9569 + GST |
| 5 | ബങ്ക് നം 7(2) | 8805 + GST |

5 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണമുള്ള ,കേവലമൊരു ബങ്കിന് പന്തീരായിരത്തിലധികം രൂപ പ്രതിമാസ വാടകയുണ്ടായിരിക്കെ എല്ലാവിധ വാണിജ്യാനുകൂല സാഹചര്യങ്ങളുമുള്ള കടമുറിക്ക് അതിന്റെ മൂന്നിലൊന്നുപോലും വാടക നിശ്ചയിക്കാത്തത് ഒട്ടുംതന്നെ നീതീകരിക്കാവുന്ന നടപടിയല്ല.

6 . ഭരണസമിതി സ്വീകരിക്കുന്ന തെറ്റായ പ്രമേയങ്ങളിൽ കൈക്കൊള്ളേണ്ട നടപടികൾ, 2003-ലെ കേരള പഞ്ചായത്ത് രാജ് (നിയമവിരുദ്ധമായ തീരുമാനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ) ചട്ടങ്ങളിൽ വിശദമാക്കിയിട്ടുണ്ട്. ഭരണസമിതിയോഗങ്ങളിൽ പങ്കെടുക്കുന്ന സെക്രട്ടറി അതാത്

സമയങ്ങളിൽ ഭരണസമിതി എടുക്കുന്ന തീരുമാനങ്ങളുടെ നിയമസാധുത വിലയിരുത്തി സമിതിക്ക് ഉപദേശം നൽകേണ്ടതാണ്. പഞ്ചായത്ത് രാജ് നിയമങ്ങൾക്കോ, അതിനെ പിൻപറ്റി പുറപ്പെടുവിക്കപ്പെട്ട ചട്ടങ്ങൾക്കോ , സർക്കാർ മാർഗരേഖകൾക്കോ വിരുദ്ധമായി ഭരണസമിതി തീരുമാനമെടുക്കുന്നപക്ഷം സെക്രട്ടറി രേഖാമൂലം വിയോജിപ്പ് ഭരണസമിതിയെ ധരിപ്പിക്കേണ്ടതും തുടർന്ന് പ്രസ്തുത വിവരം രേഖാമൂലം പ്രസിഡന്റിനെ അറിയിക്കേണ്ടതുമാണ്. കുത്തകക്കാരനെ 2000രൂപ പ്രതിമാസവാടകനിരക്കിൽ തുടരാൻ അനുവദിച്ച 29.06.2020-ലെ തീരുമാനത്തിനെതിരെ സെക്രട്ടറി വിയോജനം യോഗത്തിൽ ധരിപ്പിക്കുകയും 30.06.2020-ൽ പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രേഖാമൂലം പ്രസിഡന്റിനെ അറിയിക്കുകയും അടുത്ത യോഗത്തിലേക്ക് അജണ്ടക്കുറിപ്പ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ തനിക്ക് വിയോജിപ്പുള്ള പക്ഷം തെറ്റായ തീരുമാനം നടപ്പാക്കുന്നതിനുമുൻപ്, ചട്ടം 4 പ്രകാരം സർക്കാരിനെ അറിയിക്കാനും , പതിനഞ്ച് ദിവസം സർക്കാർ തീർപ്പിനു കാത്തിരുന്ന ശേഷം ലഭിക്കാത്തപക്ഷം നടപ്പാക്കാനും വ്യവസ്ഥയുണ്ട്. എന്നാൽ പ്രസ്തുത തീരുമാനം സെക്രട്ടറി സർക്കാരിനെ അറിയിച്ചില്ല. ( മുൻ ഇടുക്കി വികസന അതോറിറ്റിയുടെ കൈവശമുണ്ടായിരുന്നതും ജില്ലാപഞ്ചായത്തിനു കൈമാറിയതുമായ സ്ഥലമെന്ന നിലയിൽ അതിന്റെ മുൻച്ചുമതലക്കാരനായ ജില്ലാകളക്ടർക്ക് 23.10.2020-ൽ പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളിച്ച് സെക്രട്ടറി കത്തു നൽകിയിട്ടുണ്ട്.( കത്ത് നം.B6-2110/2000) . മേൽവിഷയത്തിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ വിയോജനക്കുറിപ്പിന്റെയും തുടർന്ന ബഹു. ഹൈക്കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഭരണസമിതി തങ്ങളുടെ മുൻതീരുമാനം പുനഃപരിശോധിച്ച് പ്രതിമാസ വാടക 2000 രൂപയിൽനിന്ന് 4000/- രൂപയായി വർദ്ധിപ്പിച്ചതിനാലാണ് വിഷയം സർക്കാരിലേക്ക് റഫർ ചെയ്യാതിരുന്നതെന്ന് സെക്രട്ടറി 01.06.2021-ലെ A1-1887/2020 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

7. പ്രസ്തുത കടമുറി ഓഡിറ്റ് ടീം നേരിൽ പരിശോധിക്കുകയുണ്ടായി. കടമുറി ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണെങ്കിലും കെട്ടിടത്തിന്റെ പാർശ്വങ്ങളിലോ മുകളിലോ ഉടമസ്ഥാവകാശം സാക്ഷ്യപ്പെടുത്തുന്ന ശിലാഫലകം/ ബോർഡ് പ്രദർശിപ്പിച്ചിട്ടില്ല. തികച്ചും സ്വകാര്യ സ്ഥാപനമെന്ന തോന്നൽ ദ്യതിപ്പിക്കുന്ന രീതിയിലാണ് കടയുടെ എടുപ്പും പെയിന്റിംഗും നടത്തിയിട്ടുള്ളത്. ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥാവകാശം വ്യക്തമാകുന്ന രീതിയിൽ ബോർഡ് സ്ഥാപിക്കാത്തത് /രേഖപ്പെടുത്തലുകൾ നടത്താത്തത് ശരിയായ നടപടിയല്ല.

നീതിപൂർവകവും നിയമപരവുമായി പ്രവർത്തിക്കുവാൻ ബാധ്യസ്ഥമാണ് ഭരണസമിതിയും അത് ഉൾപ്പെടുന്ന ഉദ്യോഗസ്ഥവൃന്ദവും. ജനങ്ങളുടെ സ്വാഭാവിക നീതിയും , വികസനവും ഉറപ്പാക്കുന്നതോടൊപ്പം , നിയമവിരുദ്ധമായ കാര്യങ്ങളിൽ ഒഴിഞ്ഞുനിൽക്കാനുള്ള വിവേകം ഭരണരംഗത്ത് പ്രകടിപ്പിക്കേണ്ടത് അനാരോഗ്യപ്രവണതകൾ ഒഴിവാക്കുന്നതിന് അനിവാര്യമാണ്. പഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താത്പര്യം സംരക്ഷിക്കാൻ ബാധ്യതയുള്ള ഭരണസമിതി , സെക്രട്ടറിയുടെ നിയമോപദേശം മറികടന്ന് സ്വകാര്യവ്യക്തിയുടെ സാമ്പത്തിക അഭിവൃദ്ധിക്ക് ഹേതുവാകുന്ന രീതിയിൽ അനുകൂല തീരുമാനമെടുത്തത് അംഗീകരിക്കാവുന്ന വസ്തുതയല്ല. ഇതിനോടകം കരാർ ചമച്ച് ശേഷിക്കുന്ന മാസങ്ങളിലെ വാടക മുൻകൂറായി ഒടുക്കിയതിനാൽ 31.03.2021 വരെ തുടരാനുള്ള നിയമപരമായ അവകാശം കുത്തകക്കാരന് സിദ്ധിച്ചിട്ടുണ്ട്. ഇതിലൂടെ ഗണ്യമായ വാടക നഷ്ടം ജില്ലാപഞ്ചായത്തും സഹിക്കേണ്ടി വന്നു. തുടർന്നുള്ള വർഷങ്ങളിൽ തുച്ഛമായ നിരക്കിൽ വാടക വർദ്ധിപ്പിച്ച് തുടരാൻ അനുവദിക്കുകവഴി പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം തുടർന്നുവരും. 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 161(7), 1995-ലെ കേരള പഞ്ചായത്ത്‌രാജ് (യോഗനടപടി ക്രമങ്ങൾ) ചട്ടങ്ങളിലെ ചട്ടം 11 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടികൾ അനുവർത്തിച്ച്

തുടർന്നുള്ള സാമ്പത്തികവർഷം 5% വർദ്ധനവോടെ തുടരാനനുവദിക്കുന്ന തീരുമാനം പുനഃശോധിച്ച്, ഇതര കടമുറികൾക്ക് നിശ്ചയിച്ചിട്ടുള്ള വാടകയ്ക്ക് സമാനമായ വാടക പ്രസ്തുത കടമുറിക്കുകൂടി ബാധകമാക്കി നിശ്ചയിക്കേണ്ടതാണ്. വൻ റവന്യൂ ചോർച്ചയ്ക്ക് കാരണമാകുന്ന രീതിയിൽ വാടകക്കാരനെ തുടരാൻ അനുവദിച്ച സാഹചര്യം സർക്കാരിന് റിപ്പോർട്ട് ചെയ്ത് അഭിപ്രായം തേടേണ്ടതാണ്. ഈ രണ്ടു വിഷയങ്ങളിലും സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

( ഇറു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 38/2020 തീ. 29.12.2020) മറുപടി ലഭ്യമാക്കിയില്ല.)

## 1-50 വനിതാ സാംസ്കാരിക നിലയം നിലവിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം

ഫയൽ നം. ബി.6-2823/17

കാമാക്ഷി ഗ്രാമ പഞ്ചായത്തിൽ നിർമ്മിച്ച വനിതാ സാംസ്കാരിക നിലയം എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയമായി 2019-20 വർഷം പ്രവർത്തിക്കുന്നതിന് സെക്രട്ടറി വാടക ഒഴിവാക്കി കരാർ പുതുക്കി നൽകിയ നടപടി ഭരണസമിതി അംഗീകരിച്ചതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തലുണ്ട് (അജണ്ട 24 തീരുമാനം 1/തീ. 11.06.2019). വനിതകളുടെ സമഗ്ര വികസനത്തിനായി തയ്യാറാക്കുന്ന വനിതാ ഘടക പദ്ധതി പ്രകാരം പൂർത്തീകരിക്കപ്പെട്ട ഒരു പ്രോജക്ട് എപ്രകാരം ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചുവെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് പ്രസ്തുത ആസ്തി കയ്യൊഴിയൽ പ്രക്രിയ. സർക്കാർ മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന 10% നിർബന്ധിത വകയിരുത്തൽ മാനദണ്ഡം മറികടക്കുന്നതിന് (തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന വികസന ഫണ്ട് വിഹിതത്തിൽ നിന്ന് 10 ശതമാനം തുക വനിതാ ഘടക പദ്ധതിക്ക് നിർബന്ധമായി വകയിരുത്തണമെന്ന് എല്ലാ പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖകളിലും വ്യവസ്ഥയുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29.01.2018-ലെ ജി.ഒ (എംഎസ്.) 11/2018 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 5.4.1.1(10), 6.3 എന്നീ

ഖണ്ഡികകൾ കാണുക). ആവിഷ്ക്കരിക്കുന്ന ഇത്തരം പ്രോജക്ടുകൾ തുക ഏത് വിധേനയും ചെലവഴിക്കുന്നതിനുള്ള ഉപാധികൾ മാത്രമായി പരിണമിക്കുന്നു. മുൻ വാർഷിക പദ്ധതികളുടെ കാലയളവിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ജില്ലാ പഞ്ചായത്ത് നിർമിച്ച അനേകം കെട്ടിടങ്ങൾ ഉപയോഗിക്കാതെ അടഞ്ഞ് കിടന്നും സാമൂഹ്യവിരുദ്ധരുടെ അതിക്രമം മൂലവും വിജനമായ സ്ഥലങ്ങളിലുള്ളവ ഏറ്റെടുക്കാൻ ആളില്ലാതെയും നശിക്കുന്നതായി ഭരണ സമിതി വിലയിരുത്തി അവ ചെറിയ വാടകയ്ക്കെങ്കിലും കുത്തകക്കാരെ കണ്ടെത്തി കയ്യൊഴിയാൻ തീരുമാനമെടുത്ത ഭരണസമിതിയുടെ 31.12.2018-ലെ അജണ്ട നം.36 തീരുമാനം 01-ഉം ഇതോടുചേർത്ത വായിക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പിന് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിട്ടുകിട്ടിയ വകുപ്പുകളിൽ എക്സൈസ് വകുപ്പ് ഉൾപ്പെടുന്നില്ല. ആകയാൽ ഘടക സ്ഥാപനമോ ഏതെങ്കിലും തരത്തിൽ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വരുന്നതോ അല്ലാത്ത ഒരു വകുപ്പിന്റെ ഉപകാര്യാലയം പ്രവർത്തിപ്പിക്കുന്നതിന് വാടക രഹിതമായി ആസ്തി കൈയ്യൊഴിഞ്ഞ് നൽകേണ്ട ബാധ്യത ജില്ലാ പഞ്ചായത്തിനില്ല. ആകയാൽ സെക്രട്ടറി സ്വീകരിച്ച ഇത്തരമൊരു നടപടി സാധൂകരിച്ച ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ക്രമവിരുദ്ധമാണ്. പ്രസ്തുത കെട്ടിടം വനിതാ ക്ഷേമത്തിന് ഉപകരിക്കാത്ത സാഹചര്യം നില നിൽക്കുന്നപക്ഷം സർക്കാർ നിശ്ചയിക്കുന്ന വാടക നിരക്കിൽ കാര്യാലയം പ്രവർത്തിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പിന് കൈമാറാവുന്നതാണ്. വാടക നിശ്ചയിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ സേവനം തേടുന്നതിനും കാലവിളംബം കൂടാതെ തുക ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രാപ്യമായ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് പദ്ധതിപ്പണത്തിന്റെ വിനിയോഗം സാർത്ഥകമാക്കുന്നതിനായി വിഷയം വർക്കിംഗ് ഗ്രൂപ്പ്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-51 ഇ-ടെൻഡർ ഫോം വരവ് കണക്കുകളിൽ വ്യക്തതയില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാ പഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത് (എസ്.ബി.ഐ പൈനാവ് ശാഖയിലെ അക്കൗണ്ട് നം. 67278030532). ത്രിതല പഞ്ചായത്ത് സംവിധാനത്തിലെ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രോജക്ടുകളുടെ ടെൻഡർ ഫീസിനൊപ്പം ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടുകളുടെ ടെൻഡർ ഫോം വിലയും നിരതദ്രവ്യവും ഈ അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. ഓരോ വർഷവും ഭീമമായ തുകയാണ് ഇതിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നതെങ്കിലും അതാത് സ്ഥാപനത്തിന് അർഹമായ വിഹിതം കൃത്യമായി തിട്ടപ്പെടുത്തി തിരികെ ക്രമീകരിക്കാത്തതിനാൽ കോടിക്കണക്കിന് തുക നീക്കിബാക്കിയായി ശേഷിക്കുകയാണ്. കറന്റ് അക്കൗണ്ടായതിനാൽ ഈ തുകയുടെ പലിശ ലഭിക്കുന്നുമില്ല. ജില്ലാ പഞ്ചായത്ത് ഓരോ വർഷവും അഞ്ഞൂറിലധികം പുതിയ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ട്. ഏതാണ്ട് എല്ലാ പ്രോജക്ടുകളും 5 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ളതിനാൽ ജില്ലാ പഞ്ചായത്തിന് അർഹതപ്പെട്ട ലക്ഷക്കണക്കിന് രൂപ ഈ അക്കൗണ്ടിൽ ശേഷിക്കുന്നുണ്ട്. ഇവയുടെ കണക്കുകൾ നിർവ്വഹണ ഉദ്യോഗസ്ഥരായ അസി. എക്സി. എൻജിനിയർ, എക്സി. എൻജിനിയർ എന്നിവരുടെ കാര്യാലയത്തിൽ അവശ്യം ഉണ്ടാവേണ്ടതാണ്. എന്നാൽ അവ പോലും കൃത്യമായി നിർണ്ണയിച്ച് ജില്ലാ പഞ്ചായത്തിന് പൂർണ്ണമായി കൈമാറാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല (₹86,91,399/- ജില്ലാ പഞ്ചായത്തിനും ₹4,36,840/- കുമളി ഗ്രാമ പഞ്ചായത്തിനും 09.09.2020-ൽ ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്). തന്മൂലം പലിശയിനത്തിൽ ഗണ്യമായ തുകയുടെ വരവ് നഷ്ടം പഞ്ചായത്തിന് സംഭവിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റുകളിലെ 27.10.2020 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം ഈ അക്കൌണ്ടിൽ ₹2,00,33,286.89 നീക്കിയിരിപ്പുണ്ട്.

2015-16 സാമ്പത്തിക വർഷം മുതൽ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും ഇ-ടെൻഡർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളും അവയ്ക്കുവേണ്ടി ക്രമീകരിക്കപ്പെട്ട തുകകളും സംബന്ധിച്ച സമഗ്രമായ വിവരങ്ങൾ അതാത് സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിനും അർഹമായ തുക കൈമാറാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പലിശയിനത്തിൽ നഷ്ടമാകുന്ന തുക വ്യക്തിപര ബാധ്യതയായി പരിഗണിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/19.11.2020-ന്) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-52 നിരതദ്രവ്യം കണ്ടുകെട്ടിയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

ജില്ലാ പഞ്ചായത്ത് ഭരണസമിതി 2019-2020 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മരാമത്ത് പ്രവൃത്തികൾക്ക് ടെൻഡർ സമർപ്പിച്ച് യോഗ്യത നേടിയ ചില കരാറുകാർ തുടർ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കരാർ വെയ്ക്കുന്നതിൽ/പ്രവൃത്തി ആരംഭിക്കുന്നതിൽ കാലവിളംബം സംഭവിച്ച സാഹചര്യം വിലയിരുത്തിയ ജില്ലാ പഞ്ചായത്ത് ഭരണസമിതി പ്രസ്തുത കരാറുകാർക്കെതിരെ 2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാനവലിലെ 2116.1, 2116.2.1 അനുച്ഛേദങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിയമ നടപടികൾ സ്വീകരിക്കുവാൻ എൽ.എസ്.ജി.ഡി. വിഭാഗം

എക്സിക്യൂട്ടീവ് എൻജിനിയറെ ചുമതലപ്പെടുത്തി. തീരുമാനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അജണ്ട നം.1 തീരുമാന നം.08/03.02.2020

പ്രോജക്ട് നം.എസ്.0495/2020 ദേവികുളം നെറ്റിക്കുടി ടോപ്പ് റോഡ് കോൺക്രീറ്റിംഗ്, പ്രോജക്ട് നം. എസ്.1424/2020 ദേവികുളം ചെണ്ടുവരെ ലോവർ ഡിവിഷൻ റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾക്ക് L1 ആയി ടെൻഡർ സമർപ്പിച്ച ശ്രീ. എസ്. ശരവണകുമാർ എന്ന കരാറുകാരന് 12.12.2019-ൽ സെലക്ഷൻ നോട്ടീസ് അയച്ചെങ്കിലും ഇയാൾ കരാർ ചമയ്ക്കാൻ ഹാജരാകാതിരുന്ന സാഹചര്യം വിലയിരുത്തി ടെൻഡറിനൊപ്പം സമർപ്പിച്ച നിരതദ്രവ്യം കണ്ടുകെട്ടി റീ-ടെണ്ടർ നടത്താൻ തീരുമാനിച്ചു.

2. അജണ്ട നം.1 തീരുമാന നം.02/09.03.2020

പ്രോജക്ട് നം.എസ് 1186/2020 അടിമാലി-തോക്കുപാറ ഹൈസ്കൂൾപടി മാങ്ങാപ്പാറ റോഡ് നിർമാണം (2018-19 വർഷത്തെ പ്രോജക്ട്) എന്ന പ്രവൃത്തിക്ക് L1 ആയി (14% കുറവ്) ടെൻഡർ സമർപ്പിച്ച ശ്രീ. ജോണി യോഹന്നാൻ നിർമാണപ്രവൃത്തി ഏറ്റെടുത്ത് നടത്താതിരുന്ന സാഹചര്യം വിലയിരുത്തി, ടിയാൻ സമർപ്പിച്ച ഇ.എം.ഡി തുക കണ്ടുകെട്ടി റീ-ടെണ്ടർ നടത്താൻ തീരുമാനിച്ചു. അതിൻപ്രകാരം റീ-ടെണ്ടർ നടപടി പൂർത്തീകരിച്ച് , മൂസാ കൺസ്ട്രക്ഷൻ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത് പ്രവൃത്തിയുടെ നിർവഹണച്ചുമതല കൈമാറാൻ അസി.എക്സി.എൻജിനിയറെ ചുമതലപ്പെടുത്തി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ ₹ | പി.എ.സി ₹ | നിരതദ്രവ്യം/സെക്യൂരിറ്റി നിക്ഷേപമായി ഒടുക്കിയ തുക ₹ | ഒടുക്കിയ തുകയുടെ വിവരങ്ങൾ |
|---|---|---|---|---|---|
| 1 | എസ്.0495/2020 ദേവികുളം നെറ്റിക്കുടി ടോപ്പ് ഡിവിഷൻ റോഡ് കോൺക്രീറ്റിംഗ് | 10,00,000 | 943175.8 | 33430 | E-procurement Ref.No. 446768801790 തീ.29.11.2019 |
| 2 | എസ്. 1424/2020 ദേവികുളം ചെണ്ടുവരെ ലോവർ ഡിവിഷൻ റോഡ് കോൺക്രീറ്റിംഗ് | 10,00,000 | 943175.8 | 33430 | E-procurement Ref.No. 447225801775 തീ.29.11.2019 |
| 3 | എസ്. 1186/2020 അടിമാലി – തോക്കുപാറ ഹൈസ്കൂൾപടി മാങ്ങാപ്പാറ റോഡ് നിർമാണം | 800000 | 694543 | 20000 | E-procurement Ref.No. 305746565048 തീ.04.09.2018 |

ഭരണസമിതിയുടെ പ്രസ്തുത തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.25/2020 തീ.20.10.2020) നൽകിയിരുന്നു. ആയതിന് 23.12.2020-ൽ സമർപ്പിച്ച മറുപടിയിൽ നിരതദ്രവ്യം കണ്ടുകെട്ടിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക പഞ്ചായത്തിന് കൈമാറുന്നതിന് പകരം എക്സി.എൻജിനിയറുടെ പേരിലുള്ള അക്കൌണ്ടിൽ ( എസ്.ബി.ഐ പൈനാവ് ശാഖയിലെ അക്കൗണ്ട് നം. 67278030532) നിലനിർത്തിയിരിക്കുകയാണ്. ടി തുക പഞ്ചായത്തു ഫണ്ടിൽ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-53 കരിമണ്ണൂർ ജില്ലാ വിത്ത് ഉൽപ്പാദന കേന്ദ്രം - പ്രവർത്തനാവലോകനം

കരിമണ്ണൂർ ജില്ലാ സീഡ് ഫാമിന്റെ ഉടമസ്ഥതയിൽ 5.27 ഹെക്ടർ സ്ഥലമാണുള്ളത്. ഇതിൽ 0.53 ഹെക്ടർ പുരയിടവും ബാക്കി 4.74 ഹെക്ടർ നിലവുമാണ്. പ്രധാന കൃഷിയിനങ്ങൾ നെല്ല്, പച്ചക്കറികൾ, നാളികേരം എന്നിവയാണ്. സംയോജിത കൃഷി രീതിയുടെ ഭാഗമായി കാലി വളർത്തൽ , മത്സ്യക്കൃഷി, തേനീച്ച വളർത്തൽ , മണ്ണിര കംപോസ്റ്റ് നിർമ്മാണം എന്നിവയും നടന്നു വരുന്നു. കാര്യാലയ സമുച്ചയം, ജീവനക്കാരുടെ ക്വാർട്ടേഴ്സ്, കാലിത്തൊഴുത്ത്, സ്റ്റോർ റൂം, മഴമറകൾ, മീൻകുളം എന്നിവ 0.53 ഹെക്ടർ പുരയിടത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ വിപുലമായ വിത്ത്/വിളയുത്പാദനത്തിന് സ്ഥലപരിമിതി ഏറെയാണ്. മീൻകുളത്തിലെ വെള്ളവും, തൊഴുത്തിലെ ചാണക സ്ലറിയും, മണ്ണിര കംപോസ്റ്റും കൃഷിക്ക് ഉപയോഗിക്കുന്നതിനാൽ പുറമെ നിന്ന് ജൈവവളം വാങ്ങേണ്ടി വരുന്നില്ല. പാൽ ക്ഷീരസംഘം മുഖേനയും മത്സ്യം, പച്ചക്കറി, തേൻ തുടങ്ങിയവ കമ്പോളവിലയ്ക്ക് പൊതുജനങ്ങൾക്കും വില്പന നടത്തുന്നു. നെൽവിത്തുമാത്രമാണ് സംസ്ഥാന സീഡ് അതോറിറ്റിക്കും കൃഷി ഭവനുകൾക്കും നൽകി വരുന്നത്. 2019-20 സാമ്പത്തികവർഷം ഫാമിൽനിന്ന് രണ്ടു വിഭാഗങ്ങളിലായി 8785/- കിലോഗ്രാം നെൽവിത്ത് ഉത്പാദിപ്പിച്ച് കൈമാറിയിട്ടുണ്ട്. കൂടാതെ മുപ്പതിനായിരത്തോളം ഫലവൃക്ഷത്തൈകളും ഉത്പാദിപ്പിച്ച് വിതരണം ചെയ്തു. 08 സ്ഥിരം തൊഴിലാളികളും 07 താത്ക്കാലിക തൊഴിലാളികളും ഫാമിൽ ജോലി ചെയ്യുന്നു. ഫാമിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

ലക്ഷങ്ങളുടെ വരവ് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ ലയിപ്പിക്കപ്പെട്ട കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന

കൃഷിഫാമുകളുടെ നടത്തിപ്പ് ചുമതല, തദ്ദേശഭരണവകുപ്പിന്റെ 18.9.1995 ലെ ജി.ഒ. (പി) 189/95നമ്പർ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറി ലഭിച്ചു. 27.2.2003 ലെ ജി.ഒ (ആർ.ടി.)നം.677/03/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കൃഷി ഫാമുകളുടെ ആസ്തികളിൽ നിന്നുള്ള വരുമാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് വരുമാനമായി കണക്കാക്കാൻ സർക്കാർ നിർദ്ദേശിക്കുകയും23.10.2003 ലെ 15523/ഡി. പി.1/03/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലൂടെ ഇക്കാര്യം സ്പഷ്ടീകരിക്കുകയും ചെയ്തിട്ടുണ്ട്. കരിമണ്ണൂർ ജില്ലാ സീഡ് ഫാമിലെ വരവുകൾ സൂക്ഷിക്കുന്നതിനായി എസ്.ബി.ഐ കരിമണ്ണൂർ ശാഖയിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിലവിലുണ്ട്. ( നം.34393667053 ). എന്നാൽ രസീതു പ്രകാരം ഫാമിൽ നേരിട്ട് പിരിക്കുന്ന തുകകൾ ഈ അക്കൗണ്ടിൽ നിക്ഷേപിക്കുന്നില്ല. പകരം ആഴ്ചകളോളം കൈവശം സൂക്ഷിച്ച് ജില്ലാ പഞ്ചായത്തിനു കൈമാറുന്ന രീതിയാണ് അനുവർത്തിച്ചു വരുന്നത്. പ്രധാന വിത്തിനമായ നെല്ല് കേരള സ്റ്റേറ്റ് സീഡ് അതോറിറ്റിക്കും , വിവിധ കൃഷിഭവനുകൾക്കും നൽകുന്നതിന്റെ വിലയാണ് ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നത്. 16.12.2020 വരെയുള്ള രേഖപ്പെടുത്തലുകൾപ്രകാരം പ്രസ്തുത അക്കൗണ്ടിൽ 349706.26/- രൂപ നീക്കിയിരിപ്പുണ്ട്. ഗണ്യമായ തുക ഈ അക്കൗണ്ടിൽ നിലനിർത്തേണ്ട ആവശ്യകതയില്ലാത്തതിനാൽ ദൈനംദിന ചെലവുകൾക്കാവശ്യമായത് മാത്രം നിലനിർത്തി ബാക്കി തുക ജില്ലാപഞ്ചായത്തിന് കൈമാറേണ്ടതാണ്.

പിരിവു തുകകൾ കാഷ് ആയി ദീർഘനാൾ കൈവശം സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. ആകയാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ഹ്രസ്വമായ ഇടവേളകളിൽ പിൻവലിച്ച് ചെക്ക്/കാഷ് മുഖേന ജില്ലാപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.(കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 7(2) കൂടി കാണുക) .

## 1-54 ഇടുക്കി വികസന അതോറിറ്റിയുടെ ചെലവ് കണക്കുകൾ ജില്ലാ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.3.2007 -ലെ ജി.ഒ (ആർടി) 98/07 നമ്പർ ഉത്തരവു പ്രകാരം ഇടുക്കി വികസന അതോറിറ്റി നിർത്തലാക്കി അതിന്റെ ആസ്തി-ബാധ്യതകൾ ഇടുക്കി ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. സ.ഉ.(സാധാ) 84/2009/തസ്വഭവ തീ. 9.1.2009 പ്രകാരം വികസന അതോറിറ്റിയിലെ ജീവനക്കാരെയും അവരുടെ ശമ്പള, അലവൻസുകളുടെ ബാധ്യതയും കൈമാറിയിട്ടുണ്ട്.

ഇടുക്കി ജില്ലാ കളക്ടറുടെ 10.09.1998ലെ C9-60838/88 നമ്പർ ഉത്തരവ് പ്രകാരം 322 ഹെക്ടർ (798 ഏക്കർ) വനഭൂമി ഏറ്റെടുത്ത് ഇടുക്കി വികസന അതോറിറ്റിക്ക് കൈമാറിയിരുന്നു. ഈ ഭൂമി ഇടുക്കി വികസന അതോറിറ്റി നിർത്തലാക്കിയപ്പോൾ ജി.ഒ.(എം.എസ്.)നം.98/07/എൽ.എസ്.ജി.ഡി. /തീ.30.03.2007 ഉത്തരവ് പ്രകാരം ഇടുക്കി ജില്ലാപഞ്ചായത്തിന് കൈമാറി കിട്ടി.

ഇടുക്കി ടൗൺഷിപ്പിന്റെ വികസനത്തിന് ഉപയുക്തമാക്കുന്നതിനായി ഇടുക്കി വികസന അതോറിറ്റിയ്ക്ക് വനം വകുപ്പിൽ നിന്നും റവന്യൂ വകുപ്പ് മുഖേന സിദ്ധിച്ച322.974 ഹെക്ടർ (സർക്കാർ ഉത്തരവ് (എം.എസ്.) നം.346/80/എ.ഡി./തീയതി.27/9/1980 പ്രകാരം ) കൈമാറി ഭൂമിയുടെ ഉടമസ്ഥാവകാശം ഇപ്രകാരം ജില്ലാപഞ്ചായത്തിന് സ്വന്തമായി.

പ്രസ്തുത വസ്തുവിൽനിന്നും ടൗൺഷിപ്പ് വികസന പദ്ധതികളുടെ ഭാഗമായി സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും വിവിധ കാലയളവിൽ ജില്ലാ പഞ്ചായത്ത് സ്ഥലം കൈമാറി നൽകിയിട്ടുണ്ട്. ഏറ്റവും അവസാനമായി സർക്കാർ ഉത്തരവ് നം.1821/19/LSGD Dt. 24 . 8 . 2019 പ്രകാരം 2 ഏക്കർ സ്ഥലം കോടതി സമുച്ചയത്തിന് നൽകിയതിന് ശേഷം 494.78 ഏക്കർ (200.23 ഹെക്ടർ) ശേഷിക്കുന്നതായി ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇടുക്കി വികസന അതോറിറ്റിയുടെ ആസ്തിയിൽ ഉൾപ്പെട്ട് കൈമാറ്റം ചെയ്യപ്പെട്ട ഷോപ്പിംഗ് കോംപ്ലക്സുകൾ, ബങ്കുകൾ ,ഓഡിറ്റോറിയം, സ്റ്റേഡിയം എന്നിവയുടെ വാടകയാണ് പ്രധാന വരുമാനമാർഗം. 2018-ലെ പ്രളയത്തിൽ ഒട്ടനവധി ബങ്കുകളും , കടമുറികളും നഷ്ടപ്പെട്ടത് വരുമാനത്തെ സാരമായി ബാധിച്ചു. നിലവിൽ 12 സ്റ്റാൾ , 14 ബങ്കുകൾ, 7 ഷോപ്പിംഗ് കോംപ്ലക്സ് റൂം, 2 ഷട്ടർ റൂം , ഒരു സ്റ്റേഡിയം എന്നിവയിലൂടെ മാത്രമാണ് വരുമാനം ലഭിക്കുന്നത്. പ്രസ്തുത വരവ് വികസന അതോറിറ്റിയുടെ പേരിലുള്ള പ്രത്യേക അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്.

ജില്ലാ പഞ്ചായത്തിലേയ്ക്ക് ലയിപ്പിച്ച വികസന അതോറിറ്റിയുടെ പ്രതിവർഷ വരവു -ചെലവു കണക്കുകൾ ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും ഓഡിറ്റ് നടത്തുന്നതിനും പ്രത്യേകമായി സൂക്ഷിക്കേണ്ടതാണെന്ന് സ.ഉ.(സാധാ) 1265/07/LSGD Dt.21.04.2007 -പ്രകാരം സർക്കാർ അഭിപ്രായപ്പെട്ടിരുന്നു. അതുപ്രകാരം ഇതിന്റെ വരവു ചെലവുകൾ നിലവിൽ ജില്ലാപഞ്ചായത്തിന്റെ ധനകാര്യപത്രികയിൽ ഉൾപ്പെടുത്താതെ പ്രത്യേകമായാണ് തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളത്. കണക്കുകളുടെ സങ്കീർണത ലഘൂകരിക്കാൻ പ്രസ്തുത നടപടി സഹായകരമാണെന്നതിനാൽ അതു തുടരാമെങ്കിലും ജില്ലാപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളായി മാറിയ വിഷയങ്ങൾ ജില്ലാപഞ്ചായത്തിന്റെ ധനകാര്യപത്രികയിൽക്കൂടി പ്രതിഫലിക്കേണ്ടത് കണക്കുകളുടെ സമഗ്രതയ്ക്ക് അനിവാര്യമാണ്. സർക്കാർ ഉത്തരവിൽ അനുശാസിക്കുന്നതനുസരിച്ച് സമാന്തരമായി വരവു ചെലവുകൾ സൂക്ഷിക്കുന്നതിനൊപ്പംതന്നെ അവ ജില്ലാപഞ്ചായത്തിന്റെ ധനകാര്യപത്രികയിലും ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇടുക്കി വികസന അതോറിറ്റിയുടെ 2019-20 വർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 12410873 | ശമ്പളം | 681455 |

| | | | |
|---|---|---|---|
| വാടക വരവ് - ബങ്ക് | 528468 | ഉൽസവബത്ത | 6710 |
| സ്റ്റാൾ | 232208 | ലീവ് സറണ്ടർ | 25350 |
| സ്റ്റേഡിയം | 3000 | യാത്രപ്പടി | 6385 |
| ഷോപ്പിംഗ് കോംപ്ലക്സ് | 63660 | സെസ് | 1122 |
| സെസ് | 5867 | ജിഎസ് റ്റി | 113118 |
| ഇഎംഡി | 24508 | സ്റ്റാമ്പ് | 1000 |
| ജിഎസ് റ്റി | 126125 | സ്റ്റേഷനറി | 1095 |
| പലിശ | 597174 | ഇഎംഡി | 10528 |
| സെക്യൂരിറ്റി നിക്ഷേപം | 45326 | കടിയൊഴിപ്പിക്കൽ | 8325 |
| പണമാക്കാത്ത ചെക്കുകൾ വരവിലെടുത്തത് | 2250 | മെയിന്റനൻസ് | 39518 |
| | | ബാങ്ക് ചാർജ് | 40 |
| | | നീക്കിയിരിപ്പ് | |
| | | ഐ.ഡി.സി.ബി. | 977696 |
| | | എസ്.ബി.ഐ. | 2524187 |
| | | യു.ബി.ഐ. | 7543 |
| | | സ്ഥിര നിക്ഷേപം- ഐ.ഡി.സി.ബി. | 1000000 |
| | | സ്ഥിര നിക്ഷേപം- ഐ.ഡി.സി.ബി. | 2193289 |
| | | സ്ഥിര നിക്ഷേപം- യു.ബി.ഐ. | 6442098 |
| ആകെ | 14039459 | ആകെ | 14039459 |

തൻവർഷ നീക്കിയിരിപ്പിലുൾപ്പെട്ട 35 ലക്ഷത്തിലധികം രൂപ താരതമ്യേന കുറഞ്ഞ പലിശനിരക്ക് മാത്രം ലഭിക്കുന്ന എസ്.ബി അക്കൗണ്ടിലാണ് ശേഷിക്കുന്നത്. ദൈനംദിനച്ചെലവുകൾക്ക് ആവശ്യമായ തുക മാത്രം പ്രസ്തുത അക്കൗണ്ടിൽ നിലനിർത്തി ബാക്കി തുക സ്ഥിരനിക്ഷേപമായി മാറ്റുകയോ പ്രളയത്തിൽ നശിച്ച ഷോപ്പിംഗ് കോംപ്ലക്സുകളുടെ നവീകരണം-പുതിയവയുടെ നിർമ്മാണം പോലുള്ള വരുമാനദായക വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്.

## 1-55 കരാറുകാർ സ്വേച്ഛയാ പ്രവൃത്തികൾ നിർവഹിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിലൂടെ സാധൂകരണം നേടുന്നു

ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ച പരാമർശം 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8-ൽ വിശദമായി പരാമർശിച്ചിരുന്നതാണ്. തൻവർഷത്തെ ഫയലുകൾ പരിശോധിച്ചതിൽ ഏതാണ്ട് 99 ശതമാനം പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകൾ പുതുക്കിയാണ് നടപ്പാക്കിയതെന്ന് കാണുന്നു. വകയിരുത്തുന്ന തുകയ്ക്ക് അനുസൃതമായി ഒരു എസ്റ്റിമേറ്റ് പ്രാഥമികമായി തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങുകയും തുടർന്ന് കരാറുകാരൻ സ്വന്തം ഇഷ്ടപ്രകാരമുള്ള ഇനങ്ങൾ പി. എ. സി തുകയ്ക്കുള്ളിൽ പരിമിതപ്പെടുന്നപ്രകാരം ചെയ്തശേഷം അവയെ ആസ്പദമാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ക്ഷമതയുള്ള ഉദ്യോഗസ്ഥനും ഭരണസമിതിയും ഇത് അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഫൈനൽ ബില്ലിലെ അളവുകളും റിവൈസ്ഡ് എസ്റ്റിമേറ്റിലെ അളവുകളും തമ്മിലുള്ള ചേർച്ച ഈ അനുമാനം സ്ഥിരീകരിക്കുന്നതാണ്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യം വരികയാണെങ്കിൽ ആ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റിന് കാലതാമസം കൂടാതെ സാങ്കേതിക അനുമതി തേടേണ്ടതാണെന്നും പ്രവൃത്തി പൂർത്തിയായതിന് ശേഷമോ വളരെയേറെ പുരോഗതി ഉണ്ടായ ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നല്കാൻ പാടില്ല എന്നും ജി.ഒ(പി) 11/2018തസ്വഭവ തീ 29/1/2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗരേഖയുടെ ഖ: 3-8-2-9(VI)-ൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ മറികടന്ന് നടത്തിയ പദ്ധതി പ്രവർത്തനങ്ങളുടെ ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) അടിമാലി ഗ്രാമപഞ്ചായത്ത് -കുമ്പൻപാറ 200 ഏക്കർ റോഡ് ടാറിംഗ്

പ്രോജക്ട് നം. എസ് 1166/2020

അടങ്കൽ തുക :- 10,00,000/-രൂപ (മെയിന്റനൻസ് ഫണ്ട് (ജനറൽ))

കരാർ നം. 1/Q/AEE/LSGD/IDK/19-2020 തീ.18.06.2019

ബിൽ തുക :- ₹ 9,31,505/- (ബിൽ നം. 321/19-20 തീ.29.05.2020)

പ്രസ്തുത റോഡിന്റെ 800 മുതൽ 1450 വരെയുള്ള ചെയിനേജിൽ വരുന്ന 700 മീറ്റർ നീളം 3.6 മീറ്റർ വീതിയിൽ റീടാർ ചെയ്യുന്നതിന് പോട്ട്ഹോൾ ഫില്ലിംഗ്, റീടാറിംഗ് എന്നീ പ്രധാന ഇനങ്ങളാണ് പ്രാഥമിക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ പ്രസ്തുത ഇനങ്ങൾ പൂർണമായി ഒഴിവാക്കി 152 മീറ്റർ റോഡ് കോൺക്രീറ്റിംഗും 148 മീറ്റർ ഐറിഷ് ഓട നിർമാണവുമാണ് നടത്തിയത്. എസ്റ്റിമേറ്റ് പുതുക്കുന്നതിന് ഭരണസമിതി 14.05.2019ൽ ഭരണാനുമതിയും ( തീരുമാന നം.I(3) ) റിവൈസ്ഡ് എസ്റ്റിമേറ്റിന് എക്സി.എൻജിനിയർ 25.10.2019-ൽ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. എന്നാൽ പുതുക്കിയ സാങ്കേതികാനുമതി ലഭിക്കുന്നതിന് ഒരു മാസം മുൻപുതന്നെ (27.09.2019) പ്രവൃത്തി പൂർത്തിയായി എന്നാണ് അളവു പുസ്തകത്തിലെ (2288/2018-19) രേഖപ്പെടുത്തലുകൾ വെളിവാക്കുന്നത്.

2) അടിമാലി ഗ്രാമപഞ്ചായത്ത് -ചില്ലിത്തോട് 60-ാംപടി എസ്.സി കോളനി അംഗൻവാടി നിർമാണം

പ്രോജക്റ്റ് നം.എസ് 1170/2020

അടങ്കൽ തുക :- 15,00,000/-രൂപ (വികസനഫണ്ട് (എസ്.സി.പി))

കരാർ നം. :- 74/BC/AEE/LSGD/IDK/18-19/തീ.21.12.2018

പാർട്ട് ബിൽ :- 766793/- ബിൽ നം.310/2019-2020 തീ.29.05.2020)

ഫൈനൽ ബിൽ :- 639063/- (ബിൽതുക നൽകിയിട്ടില്ല)

ഒരു നില കോൺക്രീറ്റ് ചെയ്ത് അംഗൻവാടിയായും മേൽക്കൂര ജി.ഐ ഷീറ്റു മേഞ്ഞ് ഒരു ഹാൾ നിർമിക്കുവാനമുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ യഥാർത്ഥ നിർവഹണവേളയിൽ രണ്ടു നില കോൺക്രീറ്റ് ചെയ്യുകയും, മേൽക്കൂര ഇരുമ്പ് ഷീറ്റ് മേഞ്ഞ് 3-ാമത് ഒരു നില കൂടി നിർമിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വകയിരുത്തിയ തുക അധികമായി വന്നതിനാൽ അത് ലാപ്സാകാതിരിക്കുന്നതിന് ഒരു വനിതാ കൗൺസിൽ ഹാൾ കൂടി നിർമിച്ചുവെന്നാണ് സ്ഥലപരിശോധനാവേളയിൽ സന്നിഹിതനായിരുന്ന കരാറുകാരൻ അറിയിച്ചത്. എസ്റ്റിമേറ്റ് പുതുക്കുന്നതിന് ഭരണസമിതി അനുമതി നൽകിയതും (തീരുമാന നം.I(5)) എക്സി.എൻജിനിയർ സാങ്കേതികാനുമതി നൽകിയതും 09.03.2020-ലാണ്. എന്നാൽ അളവു പുസ്തക നം. 2283 & 2283 (A)പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചത് പിറ്റേ ദിവസം ,അതായത് 10.3.2020-ലും. കെട്ടിടത്തിന്റെ ചിത്രം ചുവടെ ചേർക്കുന്നു.



3.അടിമാലി ഗ്രാമപഞ്ചായത്ത് -5-ാം വാർഡ് 14-ാംമൈൽ പകൽവീട് നിർമാണം

പ്രോജക്റ്റ് നം. എസ്198/2020

കരാർ നം. തീയതി:- 343/Q/AEE/LSGD/IDK/18-19/തീ.26.02.2019

അടങ്കൽ തുക :- 25,00,000/-രൂപ (വികസനഫണ്ട്(ജനറൽ))

ഒന്നാം പാർട്ട് ബിൽ ;- 620118/- ബിൽ നം.124/2020-21 തീ.18.04.2020

രണ്ടാം പാർട്ട് ബിൽ :- 882333/- ബിൽ നം. 435/2020-21 തീ. 28.08.2020

(ഫൈനൽ ബിൽ നൽകിയിട്ടില്ല)

അടിമാലി ഗ്രാമപഞ്ചായത്തിന്റെ 5-ാം വാർഡിൽ നിലവിലുണ്ടായിരുന്ന ഒരു അംഗൻവാടിയോടു ചേർന്ന് 115 ചതുരശ്ര മീറ്റർ വീതം ഓരോ നിലയ്ക്കും വിസ്തീർണമുള്ള ഒരു ഇരുനിലക്കെട്ടിടം നിർമിക്കുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. എന്നാൽ ഒരു നിലയും സ്റ്റെയർ റൂമും, അംഗൻവാടിക്ക് ശുചിമുറി, കെട്ടിടത്തിനു പിൻവശത്ത് സ്വകാര്യവ്യക്തിയുടെ സ്ഥലത്തിന് കോൺക്രീറ്റ് സംരക്ഷണഭിത്തി, ഓട നിർമാണം എന്നീ ഇനങ്ങളാണ് യഥാർത്ഥത്തിൽ നിർവഹിച്ചത്. എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ 09.01.2020-ൽ സമർപ്പിച്ചതായി കാണുന്നുവെങ്കിലും ഭരണസമിതി തീരുമാനം, താരതമ്യ പത്രിക, പുതുക്കിയ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി വിവരങ്ങൾ എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പദ്ധതി 03.07.2020-ൽ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ചിത്രം ചുവടെ ചേർക്കുന്നു.



വ്യവസ്ഥാപിതമായ നിയമങ്ങൾ, പദ്ധതി മാർരേഖ എന്നിവ തികച്ചും അവഗണിച്ചാണ് മരാമത്തു പ്രവൃത്തികളുടെ നിർവഹണം നടക്കുന്നതെന്ന് മുകളിൽ വിവരിച്ചിട്ടുള്ള ഉദാഹരണങ്ങൾ വെളിവാക്കുന്നു. നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ കർശനമായി പാലിച്ചു പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-56 ചക്കക്കാനം എസ് സി കോളനി വനിതാ കാർഷിക വിപണനകേന്ദ്രം -സർക്കാർ ഭൂമിയിൽ അനുമതിയില്ലാതെ കെട്ടിടനിർമ്മാണം

വിവിധ വർഷങ്ങളിലെ പ്രോജക്ട് നമ്പരുകൾ

| | |
|---|---|
| 2017-18 | എസ് 1420/18 |
| 2018-19 | എസ് 1020/19 |
| 2019-2020 | എസ് 1049/2020 |
| 2020-21 | എസ് 0786/21 |

പ്രോജക്ട് വിശദാംശങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എക്സി.എൻജിനിയർ |
| അടങ്കൽ | ₹20,00,000/-(വികസന ഫണ്ട് പട്ടികജാതി പ്രത്യേക ഘടകപദ്ധതി) |
| കരാറുകാരൻ | ശ്രീ.പി.സി.ഫ്രാൻസിസ്<br>പുളിയ്ക്കൽ, കല്ലാർ പി.ഒ. തൂക്കുപാലം |
| PAC | ₹1997543/- |
| കരാർ നം./തീയതി | 499/T/EE/LSGD/IDK/17-18 Lതീ.31.3.2018 |
| M Book | 378/17-18 |
| I$^{st}$ & Part Bill തുക | ₹278187/-(ബിൽ നം.337/AEE/ 2019-2020 തീ. 07.09.2019) |
| II$^{nd}$ & Part Bill തുക | 1382150/- രൂപ ( ബിൽ തുക പിൻവലിച്ചിട്ടില്ല) |

പാമ്പാടുംപാറ ഡിവിഷനിൽ ഉൾപ്പെടുന്ന കരുണാപുരം ഗ്രാമപഞ്ചായത്തിലെ ചക്കക്കാനത്ത് 3 കടമുറികളും സ്റ്റെയർ റൂമും ചേർന്ന് 104 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ഒരു കെട്ടിടം വനിതാ കാർഷികവിപണന കേന്ദ്രം എന്ന പേരിൽ നിർമിക്കുന്നതിന് ആവിഷ്കരിച്ച പ്രോജക്ടാണിത്. പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് പദ്ധതി പ്രദേശത്ത് പ്രാദേശിക പരിശോധനയും നടത്തി. പ്രസ്തുത പരിശോധനകളിൽ കണ്ടെത്തിയ വസ്തുതകൾ ചുവടെ വിവരിക്കുന്നു.

1)പദ്ധതി നിർവഹണത്തിനുവേണ്ടി കരാറുകാരൻ ജില്ലാപഞ്ചായത്ത് എക്സി.എൻജിനിയറുമായി കരാറിൽ ഏർപ്പെട്ടത് 31.3.2018-ൽ ആണെങ്കിലും 21.12.2018-ൽ മാത്രമാണ് പദ്ധതി നിർവ്വഹിക്കുന്നതിനായി ഇയാൾക്ക് സ്ഥലം കൈമാറി നൽകിയിട്ടുള്ളത്.(സൈറ്റ് ലഭ്യമാകാതെ ടെൻഡർ നടപടികളുമായി മുന്നോട്ടുപോയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.) സ്ഥലം കൈമാറുന്നതിനായി 21.12.2018ൽ തയ്യാറാക്കിയ ഒരു സമ്മതപത്രം ഇതു സാധൂകരിക്കുന്നതിന് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സമ്മതപത്രത്തിൽ ഒന്നും രണ്ടും കക്ഷികളായി ഒപ്പിട്ടിരിക്കുന്ന യഥാക്രമം ശ്രീ.കെ.എം. രവികുമാർ കാഞ്ഞിരത്തുങ്കൽ, ശ്രീ. കെ.റ്റി. പ്രഭ കൊല്ലം പറമ്പിൽ എന്നിവർ തങ്ങളുടെ പട്ടയ വസ്തുവിനോടു ചേർന്നു കിടക്കുന്നതും കരുണാപുരം വില്ലേജിലെ സർവ്വേ നമ്പർ 67/1-ൽ ഉൾപ്പെട്ടതുമായ 3 ആർ 360 ച.മീറ്റർ സ്ഥലം കെട്ടിട നിർമ്മാണത്തിന് നിരാക്ഷേപമായി ജില്ലാ പഞ്ചായത്തിന് വിട്ടു നൽകുന്നതിന് സമ്മതിച്ചിട്ടുണ്ട്. എന്നാൽ സമ്മതപത്രത്തിനൊപ്പമുള്ള പട്ടികയിൽ പ്രസ്തുത സ്ഥലത്തിന്റെ ഇനമായി സൂചിപ്പിച്ചിരിക്കുന്നത് സർക്കാർ ഭൂമി എന്നാണ്. നിയമപരമായി ഉടമസ്ഥാവകാശം /പട്ടയം ലഭിക്കാത്ത സർക്കാർ ഭൂമി വിട്ടൊഴിയുന്നതായുള്ള സമ്മതപത്രത്തിന്റെമാത്രം അടിസ്ഥാനത്തിൽ

കെട്ടിട നിർമ്മാണവുമായി മുന്നോട്ടു പോയ നടപടി ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അനുമതി കൂടാതെ നിർമ്മിക്കപ്പെട്ട കെട്ടിടം അനധികൃതം എന്ന ഗണത്തിൽപ്പെടുത്തി സർക്കാർ പൊളിച്ചു നീക്കാനുള്ള എല്ലാ സാഹചര്യവും നിലനിൽക്കുന്നു. അത്തരമൊരു അവസ്ഥ സംജാതമാകുന്നപക്ഷം വിനിയോഗിക്കപ്പെട്ട മുഴുവൻ തുകയും പാഴ്ച്ചെലവായി ഭവിക്കുന്നതാണ്. ഉടമസ്ഥാവകാശം സ്ഥിരീകരിക്കാത്ത സ്ഥലത്ത് കെട്ടിടനിർമ്മാണം ഏറ്റെടുത്ത സാഹചര്യം വിശദീകരിക്കേണ്ടതാണ്.

2) പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്ന് ഗുരുതരമായ അലംഭാവം ഉണ്ടായെങ്കിലും യഥാസമയം ഇടപെടലുകൾ സ്വീകരിക്കാതിരുന്നത് പദ്ധതി അനന്തമായി നീളുന്നതിന് കാരണമായി. 5 മാസം പൂർത്തീകരണ കാലയളവ് നിശ്ചയിച്ച് 31.3.2018-ൽ കരാർ വെച്ച പ്രവൃത്തി ഓഡിറ്റ് കാലയളവിലും(നാലാമത്തെ വർഷവും) പൂർത്തിയാകാതിരുന്നത് മൂലം പുതിയ പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തേണ്ട ഭീമമായ തുക നഷ്ടപ്പെട്ടു. (ഓരോ വർഷവും 20 ലക്ഷം രൂപ വീതം പ്രോജക്ടിനായി വകയിരുത്തേണ്ടി വന്നു). കെട്ടിടത്തിന്റെ അസ്ഥിവാരം പൂർത്തിയാക്കി കരാറുകാരൻ ആദ്യ പാർട്ട് ബിൽ സമർപ്പിക്കുന്നത് 28.03.2019-ൽ മാത്രമാണ്. തുടർന്ന് ഏറെ നാളുകൾക്ക് ശേഷം, പ്രസ്തുത സൈറ്റിനു മുകളിലൂടെ വൈദ്യുത ലൈൻ കടന്നു പോകുന്നതിനാൽ അത് മാറ്റുന്ന മുറയ്ക്കേ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയൂ എന്നും അതിനാൽ പൂർത്തീകരണ കാലയളവ് 31.3.2020 വരെ നീട്ടി നൽകണമെന്നുമുള്ള വാദങ്ങൾ ഉന്നയിച്ച് ഇയാൾ 05.08.2019-ൽ നിർവഹണ ഉദ്യോഗസ്ഥന് കത്തു നല്കി. ടെൻഡർ സമർപ്പിക്കുമ്പോഴോ, കരാർ വെയ്ക്കുമ്പോഴോ, സൈറ്റ് കൈമാറുമ്പോഴോ, ആദ്യ പാർട്ട് ബിൽ സമർപ്പിച്ചപ്പോഴോ, യഥാർത്ഥ പൂർത്തീകരണ കാലയളവ് അവസാനിച്ചപ്പോഴോ ഇയാൾ മേൽപ്രസ്താവിച്ച ആക്ഷേപം ഉന്നയിച്ചിരുന്നില്ലായെന്നത് പ്രത്യേകം കാണേണ്ടതാണ്. പ്രസ്തുത അപേക്ഷയിന്മേൽ ഫീൽഡ് മേൽനോട്ടച്ചുമതലയുള്ള കരുണാപുരം സെക്ഷൻ അസി.എൻജിനിയറിൽനിന്ന് നിജസ്ഥിതി സംബന്ധിച്ച റിപ്പോർട്ട് തേടാതെ ഏകപക്ഷീയമായി നിർവഹണ ഉദ്യോഗസ്ഥൻ പിഴ കൂടാതെ പൂർത്തീകരണ കാലയളവ് 31.03.2020 വരെ നീട്ടി നൽകി. 2012-ലെ കേരള പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 പ്രകാരം ഒരു കരാറിന്റെ കാലാവധി പിഴയോടുകൂടി പരമാവധി നീട്ടി നൽകാവുന്നത് യഥാർത്ഥ പൂർത്തീകരണ കാലയളവിന്റെ 50% കൂടി മാത്രമാണ്. 5 മാസം കാലാവധിയുണ്ടായിരുന്ന പ്രവൃത്തിയുടെ സമയപരിധി ഒന്നര വർഷത്തിനുശേഷം (കരാർ തീയതി:- 31.3.2018)) 07 മാസത്തേക്ക് കൂടി നീട്ടി നൽകിയിരിക്കുന്നു. ഇപ്രകാരം വീണ്ടും വേണ്ടത്ര സമയം ലഭിച്ചെങ്കിലും കരാറുകാരൻ 23.03.2020-ൽ സൂക്ച്ചർ വരെയുള്ള ഇനങ്ങൾ നിർവഹിച്ചതിന്റെ പാർട്ട് ബിൽ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

3) പ്രാദേശിക പരിശോധനയുടെ ഭാഗമായി പ്രവൃത്തിയുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന കരുണാപുരം ഗ്രാമപഞ്ചായത്ത് അസി.എൻജിനീയർ LID&EW, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത സൈറ്റ് 04.11.2020-ൽ സന്ദർശിച്ചു. ചക്കക്കാനത്ത് കാറ്റാടിപ്പാടത്തേക്കുള്ള റോഡിന്റെ വശത്തായാണ് പ്രസ്തുത കെട്ടിടനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്. 3 കടമുറികളുടെയും സ്റ്റെയർ റൂമിന്റെയും ഭാഗികമായ പണികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്ലാസ്റ്ററിംഗ്, തറ ടൈൽ പാകൽ, ജനലുകൾക്കും മുറികൾക്കും ഷട്ടർ, പെയിന്റിംഗ്, ജലവിതരണം, വൈദ്യുതീകരണം എന്നീയിനങ്ങൾ ഇനിയും ശേഷിക്കുന്നു. തറ നിർമ്മാണത്തിനുശേഷം കരാറുകാരൻ ഉന്നയിച്ചതുപോലെ നിർമ്മാണത്തിനു തടസ്സമായ രീതിയിൽ പട്ടിക വസ്തുവിലൂടെ വൈദ്യുത ലൈൻ കടന്നുപോയിരുന്നതിന്റെ യാതൊരു തെളിവും പരിശോധനാവേളയിൽ കാണാൻ കഴിഞ്ഞില്ല. ലൈൻ കടന്നുപോകേണ്ട ആവശ്യകത ഉറപ്പാക്കുന്ന രീതിയിൽ വസ്തുവിന്റെ പാർശ്വങ്ങളിലൊന്നും വാസഗൃഹങ്ങളില്ല. കൂടാതെ സമീപത്ത് സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോർമറിലേക്ക് വിവിധ ഭാഗങ്ങളിലേക്കെത്തുന്ന ലൈനുകൾ ഈ കെട്ടിടത്തിൽനിന്നും ഏറെ അകലെയാണ് കടന്നു പോകുന്നത്. കരാറുകാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയിരുന്ന രീതിയിൽ ഈ വസ്തുവിലേക്ക് ഏതെങ്കിലും തരത്തിൽ ലൈൻ ഉണ്ടായിരുന്നുവെങ്കിൽ കാണാൻ സാധിക്കുമായിരുന്ന പോസ്റ്റുകളുടെ വിന്യാസത്തിലെ ഗതി വ്യതിയാനം എങ്ങും പ്രകടമല്ല. കൂടാതെ ജില്ലാ പഞ്ചായത്ത് ഈ വസ്തുവിലെ ലൈൻ മാറ്റിക്കിട്ടുന്നതിന് കെ.എസ്.ഇ.ബി അധികൃതരുമായി ഏതെങ്കിലും രീതിയിൽ കത്തിടപാടുകൾ നടത്തുകയോ, തുക നിക്ഷേപിക്കുകയോ, പ്രവൃത്തി പൂർത്തീകരിച്ചതായി രേഖ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഗണ്യമായ തുക വേണ്ടി വരുന്ന ഇത്തരം പ്രവൃത്തികൾ കരാറുകാരന് സ്വമേധയാ നടത്താൻ നിയമപരമായ അധികാരം ഇല്ലാത്തതുമാണ്. കാലാവധി നീട്ടിക്കിട്ടുന്നതിന് കരാറുകാരൻ അപേക്ഷയിൽ പ്രസ്താവിച്ച കാരണങ്ങൾ വ്യാജമായിരുന്നുവെന്ന് മേൽ പരാമർശിച്ച വസ്തുതകൾ സ്ഥിരീകരിക്കുന്നു.

നിർമിച്ച കെട്ടിടത്തിന്റെ നിലവിലെ ചിത്രം ചുവടെ ചേർക്കുന്നു.



4) പ്രസ്തുത നിർമ്മിതിയുടെ ഗുണഭോക്താക്കൾ ആരെന്നും ഏതു രീതിയിലാണ് അത് ഉപയോഗിക്കപ്പെടുകയെന്നും സൂചിപ്പിക്കുന്ന യാതൊരു രേഖയും ജില്ലാ പഞ്ചായത്ത് സമാനരീതിയിൽ ഏറ്റെടുത്ത കെട്ടിനിർമാണ പ്രവൃത്തികളുടെ കാര്യത്തിലെന്നപോലെ ഈ പ്രോജക്ടിന്റെ ഫയലിലും സൂക്ഷിച്ചിട്ടില്ല. 5 മാസത്തെ സമയപരിധിയുണ്ടായിരുന്ന ഈ പ്രവൃത്തി 4 വർഷങ്ങൾ കഴിഞ്ഞിട്ടും എങ്ങുമെത്താത്ത സ്ഥിതിയായതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല.

പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാൻ കരാറുകാരന് കർശന നിർദ്ദേശം നൽകേണ്ടതാണ്. വ്യാജമായ ആക്ഷേപം ഉന്നയിച്ച് കാലാവധി നീട്ടി വാങ്ങിയതിന് നടപടി സ്വീകരിക്കേണ്ടതും ഫൈനൽബില്ലിൽനിന്ന് നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. ഒപ്പം തന്നെ റവന്യൂ ഭൂമിയിൽ ഇത്രയും ഭീമമായ മുതൽ മുടക്കിയതിന് സർക്കാരിൽ നിന്ന് സാധൂകരണവും ഉടമസ്ഥാവകാശവും കരസ്ഥമാക്കേണ്ടതും അത് ലഭ്യമാകാതെ വരുന്നപക്ഷം ചെലവഴിച്ച തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-57 കൊമ്പൊടിഞ്ഞാൽ വനിതാ വ്യവസായ കേന്ദ്രം നിർമാണം - ലക്ഷ്യങ്ങളുടെ പാഴ്ചെലവ്

| | |
|---|---|
| പ്രോജക്ട് നം.,പേര് | എസ്.975/2020-കൊമ്പൊടിഞ്ഞാൽ വനിതാവ്യവസായ കേന്ദ്രം പൂർത്തീകരണം |
| അടങ്കൽ | ₹15,00,000/- |
| എം.ബുക്ക് നം. | 1027/18-19 |
| കോൺട്രാക്ടർ | ശ്രീ.സജി എം.എസ്. |
| ബിൽ നം.-തുക (വികസന ഫണ്ട് (ജനറൽ)) | ₹4,66,027/-<br>ബിൽ നം.115/19-2020 തീ.03/05/19<br>₹8,41,279<br>ബിൽ നം.399/2020-21 തീ.29.05.2020 |

കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ കൊമ്പൊടിഞ്ഞാൽ എന്ന സ്ഥലത്ത് വനിതാവ്യവസായ കേന്ദ്രം സ്ഥാപിക്കാനുള്ള ഈ പദ്ധതി 2016-17-ൽ ആവിഷ്കരിച്ചതാണെങ്കിലും നാളിതുവരെ പണികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. 6മീറ്റർ നീളവും 3.5 മീറ്റർ വീതിയുമുള്ള ഹാളും ഒരു ടോയ്‌ലറ്റും പണിയുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. 2005-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിയലും)ചട്ടങ്ങളിലെ ചട്ടം 3(1)പ്രകാരം, വസ്തു വാങ്ങുമ്പോൾ അത് നിർദിഷ്ട ആവശ്യത്തിന് ഉചിതമെന്ന ജില്ലാ കളക്ടറുടെ അനുയോജ്യതാ സാക്ഷ്യപത്രം ലഭ്യമാക്കുക എന്ന പ്രാരംഭനടപടി പോലും സ്വീകരിക്കാതിരുന്നതാണ് പദ്ധതി പരാജയപ്പെടാനുള്ള മുഖ്യകാരണം. പദ്ധതിയ്ക്കായി വിട്ടുകിട്ടിയ, കൈവശാവകാശം മാത്രം സിദ്ധിച്ച സ്ഥലം കെട്ടിടനിർമ്മാണത്തിന് അനുയോജ്യമല്ലാതിരുന്നതിനാൽ പൂർത്തീകരണത്തിനു വിനിയോഗിക്കേണ്ട വൻതുക അനുബന്ധ സൗകര്യവികസനത്തിനു ചെലവഴിക്കേണ്ട സാഹചര്യമുണ്ടായി. പി.ഡബ്ല്യു.ഡി റോഡിൽ നിന്ന് വളരെ ഉയരത്തിൽ ഒരു കുന്നിൻ ചെരിവിലാണ് പദ്ധതിക്കുള്ള സ്ഥലം കണ്ടെത്തിയത്. കെട്ടിടം നിർമിക്കുന്നതിനായി 10 മീറ്റർ വീതിയിൽ മണ്ണ് നീക്കം ചെയ്ത് റോഡിൽനിന്ന് ഏകദേശം 5 മീറ്റർ ഉയരത്തിൽ സ്ഥലം നിരപ്പാക്കിയെടുത്തു. കെട്ടിടത്തിന്റെ സ്ട്രക്ചറൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് കേവലം ₹9,34,696/-യാണ് (2017-18-ൽ) ചെലവഴിച്ചത്. എന്നാൽ അതിന്റെ സുരക്ഷയ്ക്ക് റോഡ് നിരപ്പിൽനിന്ന് സംരക്ഷണഭിത്തി, നട എന്നിവ നിർമിക്കുന്നതിനും അനുബന്ധ ജോലികൾക്കുമായി 13,07,306/-രൂപ (2019-20-ൽ ) ചെലവഴിക്കേണ്ടി വന്നു. ഫലത്തിൽ ₹22,42,002/- ചെലവഴിക്കപ്പെട്ട 750 $M^2$ വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിന്റെ നിർമാണം അനന്തമായി നീളുന്ന സാഹചര്യമുണ്ടായി. തറ ടൈൽ പാകൽ, റോളിംഗ് ഷട്ടർ, ജനലുകൾക്ക് ഷട്ടർ, വയറിംഗ്, പ്ലംബിംഗ്, ടോയ്‌ലറ്റ് നിർമ്മാണം, ജലലഭ്യത ഉറപ്പുവരുത്തൽ, പെയിന്റിംഗ് തുടങ്ങിയ ഇനങ്ങൾ ഇനിയും ശേഷിക്കുന്നുവെങ്കിലും അതിനായി നടപ്പു സാമ്പത്തികവർഷത്തിലും പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിട്ടില്ല. കൂടിയാലോചനകളുടെ അഭാവവും പദ്ധതി ആവിഷ്കരിക്കുന്നതിനു മുമ്പ് സ്ഥലത്തിന്റെ അനുയോജ്യത വിലയിരുത്താതിരുന്നതും ഇപ്രകാരമുള്ള ദുർവ്യയത്തിന് കാരണമായി. 2020-21-ൽ തുടർ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയിട്ടില്ലാത്തതിനാലും ഭരണസമിതിയുടെ കാലാവധി പൂർത്തിയായതിനാലും കെട്ടിട നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കപ്പെടാനാണ്

സാധ്യത. ഗതാഗതവും ആൾസഞ്ചാരവും വളരെ പരിമിതമായ പാതയോരത്തെ വിജനമായ സ്ഥലത്ത് നിർമിക്കപ്പെട്ട ഈ കെട്ടിടം സാമൂഹ്യവിരുദ്ധരുടെ സങ്കേതമായി പരിണമിക്കാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ലക്ഷങ്ങൾ ചെലവഴിച്ച് പൂർത്തീകരിക്കപ്പെട്ടാലും അത് ഏതു വിധത്തിൽ വിനിയോഗിക്കപ്പെടുമെന്ന കാര്യവും വിലയിരുത്തപ്പെടേണ്ടതാണ്. "വനിതാ ഘടക പദ്ധതികളുള്ള നിർബന്ധ വകയിരുത്തൽ" എന്ന വാർഷികപദ്ധതി നിർദേശം പാലിക്കുന്നതിനു മാത്രം സഹായകരമാകുന്ന ഇത്തരം പ്രോജക്ടുകൾ പൊതുപ്പണത്തിന്റെ പാഴ്ച്ചെലവിനുള്ള ഉപാധികൾ മാത്രമായി മാറുന്നു. കരാറുകാരന് സാമ്പത്തിക നേട്ടവും ജില്ലാ പഞ്ചായത്തിന് ചെലവു പരിധി ഉയർത്തിക്കാട്ടാനും മാത്രം ഉപകരിക്കുന്ന ഇത്തരം പദ്ധതികൾ തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഉൾപ്പെടുന്നില്ലായെന്ന് വർക്കിംഗ് ഗ്രൂപ്പുകൾ നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്. പ്രോജക്ട് ലക്ഷ്യം കാണാത്തതിനാലും തുടർപ്രോജക്ട് ആസൂത്രണം ചെയ്യാത്തതിനാലും ചെലവഴിച്ച തുക പാഴ്ചെലവായി മാറി.കെട്ടിടം പണി പൂർത്തീകരിച്ചാൽ ഏതെങ്കിലും വിധത്തിൽ പ്രയോജനപ്പെടുമെന്ന് ഉറപ്പായാൽ മാത്രം പൂരകമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിഷ്ക്രിയ ആസ്തികൾ ഉണ്ടാക്കിയതിന് ഭരണസമിതി അംഗങ്ങൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരിൽ നിന്ന് തുക തിരികെ ഈടാക്കേണ്ടതാണ്. പ്രസ്തുത കെട്ടിടത്തിന്റെ ചിത്രം ചുവടെ ചേർക്കുന്നു.





1-58 കമ്മ്യൂണിറ്റി ഹാളുകൾ-നിർമ്മാണം പൂർത്തിയാക്കിയില്ല

ജില്ലാപഞ്ചായത്ത് മുൻവർഷങ്ങളിൽ ആരംഭിച്ച് തൻവർഷത്തിലേക്കു കടന്ന പല കമ്മ്യൂണിറ്റി ഹാൾ നിർമ്മാണങ്ങളും ആസൂത്രണമില്ലായ്മയുടെയും, പണദുർവ്യയത്തിന്റെയും, സർക്കാർ മാനദണ്ഡങ്ങളുടെ ലംഘനങ്ങളുടെയും ഉത്തമ ഉദാഹരണങ്ങളാണ്. പൂർത്തീകരണത്തിനു വേണ്ടതായ തോതിൽ തുക തൻവർഷമോ തുടർന്നുള്ള വർഷങ്ങളിലോ വകയിരുത്താതെ, ലഭ്യമായ തുക ചെലവഴിച്ച് കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രം സൃഷ്ടിച്ച് പദ്ധതി അവസാനിച്ച അവസ്ഥയിലാണ് പല നിർമ്മാണങ്ങളും. സാമൂഹ്യ വിരുദ്ധരുടെ താത്ക്കാലിക സങ്കേതങ്ങളും , വണ്ടിത്താവളങ്ങളുമായാണ് പലതും നിലവിൽ വർത്തിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ നല്കുന്നു.

1) മന്നാക്കുടി ട്രൈബൽ കമ്മ്യൂണിറ്റി ഹാൾ - 16 കോൺക്രീറ്റ് തൂണുകളിലായി കെട്ടിടത്തിന്റെ അസ്ഥിപഞ്ജരം മാത്രം

| | |
|---|---|
| പ്രോജക്ട് നം,പേര് | എസ്ടി160/20-മന്നാക്കുടി ട്രൈബൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം |
| അടങ്കൽ | ₹15,00,000(വികസനഫണ്ട്) |
| കരാറുകാരൻ | ശ്രീ.സലേഷ് രാജു |
| കരാർ നമ്പർ | 493/T/EE/LSGD/17-18 തീ. 31/03/2018 |
| എം. ബുക്ക് നമ്പർ | 525/17-18 |
| തുകയുടെ വിശദാംശങ്ങൾ (വികസനഫണ്ട്-റ്റി.എസ്.പി.) | ₹14,79,367/-രൂപ. ബിൽനം. 229/19-20 തീ.29/06/2019 |

കേരളത്തിലെ ഏറ്റവും വലിയ തദ്ദേശസ്വയംഭരണ വാർഡാണ് കമളി ഗ്രാമപഞ്ചായത്തിലെ മന്നാക്കുടി. ജനസംഖ്യയിൽ ഭൂരിപക്ഷവും പട്ടികവർഗ്ഗക്കാർ. സാമൂഹ്യമായി ഏറെ പിന്നാക്കം നിൽക്കുന്ന ഈ മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് 2017-18-ൽ ആവിഷ്കരിച്ച പദ്ധതിയാണ് "ട്രൈബൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം". എന്നാൽ വകയിരുത്തിയ പണം വിനിയോഗിച്ച പദ്ധതി നിർവ്വഹണം പൂർത്തിയായപ്പോൾ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കടലാസിൽ മാത്രമൊതുങ്ങി.

ഹാൾ, ടോയ്‌ലറ്റ്, പ്ലംബിംഗ്-ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, G.I ഷീറ്റ് റൂഫിംഗ്, പെയിന്റിംഗ് എന്നിവ ഉൾപ്പെടെ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവൃത്തികളെല്ലാം ഉൾപ്പെടുത്തിയാണ് ആദ്യം എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ നിർവ്വഹണവേളയിൽ G.I ഷീറ്റ് റൂഫിംഗ് മാറ്റി കോൺക്രീറ്റ് മേൽക്കൂരയാക്കി മാറ്റി എസ്റ്റിമേറ്റ് പുതുക്കി . ഇതോടെ കമ്മ്യൂണിറ്റി ഹാൾ 16 കോൺക്രീറ്റ് തൂണുകളിലായി ഒരു മേൽക്കൂര മാത്രമുള്ള കെട്ടിടത്തിന്റെ അസ്ഥിപഞ്ജരം മാത്രമായി പരിണമിച്ചു. ₹15,00,000/- ചെലവഴിച്ച കെട്ടിടം ഇപ്പോൾ സമീപവാസികൾ വാഹനങ്ങൾ പാർക്കുചെയ്യുവാനും, ഉണ്ണി ഉണക്കുന്നതിനുള്ള സ്ഥലമായി ഉപയോഗിച്ചു വരുന്നു. 2020-21-ൽ ഇതിന്റെ തുടർ പ്രോജക്ടുകൾ ഇല്ലാത്ത സാഹചര്യത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറിയിരിക്കുകയാണ്. കെട്ടിടത്തിന്റെ ചിത്രം ചുവടെ ചേർക്കുന്നു.



2) തിങ്കൾക്കാട് കമ്മ്യൂണിറ്റി ഹാൾ

| | |
|---|---|
| പ്രോജക്ട് നം,പേര് | എസ്0157/20-തിങ്കൾക്കാട് കമ്മ്യൂണിറ്റി ഹാൾ (ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്) |
| അടങ്കൽ<br>PAC | ₹2500000/- (വികസനഫണ്ട്- ടി.എസ്.പി)<br>₹2312090/- |
| കരാറുകാരൻ | ശ്രീ. ബാബു ദേവസ്യ |
| കരാർ നമ്പർ | 169/T/AEE/LSGD തീ. 26/12/18 |
| എം.ബുക്ക് നമ്പർ | 406/17-18 |
| ബിൽ നം, തുക (വികസനഫണ്ട്-റ്റി.എസ്.പി.) | 277/AEE/19-20 DT17/08/2019 ₹1192286/- |

2018-19 ൽ ₹10,00,000/-യും 2019-20-ൽ ₹15,00,000/- യും വകയിരുത്തി ആവിഷ്കരിച്ച ബഹുവർഷ പ്രോജക്ടാണ് തിങ്കൾക്കാട് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം. 115.7 $M^2$ വിസ്തീർണ്ണമുള്ള ഒരു കെട്ടിടമാണ് നിർമ്മിക്കാനുദ്ദേശിച്ചിരുന്നത്. പിന്നീട് എസ്റ്റിമേറ്റ് പുതുക്കിയതിന്റെ കമ്മറ്റി തീരുമാനങ്ങളോ, പുതുക്കിയ എസ്റ്റിമേറ്റോ ഫയലിൽ ലഭ്യമല്ല. 2019-20-ൽ പ്രോജക്ട് സ്പിൽ ഓവറായി ഏറ്റെടുത്തപ്പോൾ അടങ്കൽ തുക ₹15,00,000 ആയി കുറച്ചിരുന്നു. നിലവിൽ കമ്മ്യൂണിറ്റി ഹാൾ ഏതാനും കോൺക്രീറ്റ് തൂണുകളും മേൽക്കൂരയും മാത്രമായി ചുരുങ്ങിയ അവസ്ഥയിലാണ്. പ്രോജക്ട് വിഭാവനം ചെയ്തപ്പോഴുള്ള ഭൗതിക ലക്ഷ്യത്തോട് യാതൊരു നീതിയും പുലർത്താൻ നിർവ്വഹണത്തിൽ സാധിച്ചിട്ടില്ല. ചിത്രം ചുവടെ ചേർക്കുന്നു.



തുടർവർഷത്തിൽ ബാക്കി പ്രവൃത്തികൾക്ക് പ്രോജക്ട് ആവിഷ്ക്കരിക്കാതെ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതിന്റെ കാരണവും വ്യക്തമല്ല. പദ്ധതി പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3ചുരുളി സാംസ്കാരിക നിലയം -പണി പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | എസ് 421/20-ചുരുളി സാംസ്കാരിക നിലയം നിർമ്മാണം |
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട്/പൊതുവിഭാഗം) |
| PAC | ₹9,90,272/- |
| കരാറുകാരൻ | ശ്രീ.ജോർജ് വർക്കി |
| കരാർ നമ്പർ | 93/T/AEE/LSGD/IDK/19-20 |
| എം. ബുക്ക് നമ്പർ | 238/19-20 |
| ബിൽ നം, തുക<br>(വികസനഫണ്ട്-ജനറൽ) | 134/AEE/2020-21 തീ.27/04/2020- 406296/-രൂപ<br>413/AEE/2020-21 തീ.17/08/2020-580200 /- |

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ചുരുളിയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി 2019-20-ൽ ₹5,00,000/-വും 2020-21-ൽ ₹5,00,000/-വും വകയിരുത്തി ആവിഷ്കരിച്ച ബഹുവർഷ പ്രോജക്ടാണ് ചുരുളി സാംസ്കാരിക നിലയം നിർമ്മാണം. കെട്ടിടങ്ങളുടെ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് എന്ന സർക്കാർ നിർദ്ദേശം നിലനിൽക്കെ, (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.01.2018-ലെ ജി.ഒ(എം.എസ്)നം.11/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 13-ാം പഞ്ചവത്സരപദ്ധതി ആസൂത്രണ മാർഗരേഖയുടെ ഖണ്ഡിക 3.5.1.19 കാണുക) സ്ട്രക്ചർ നിർമ്മാണം വരെയുള്ള പ്രവൃത്തികൾക്ക് മാത്രമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ മാത്രം പൂർത്തീകരിച്ച് കരാർ അവസാനിപ്പിച്ചു. ഏതാനും കോൺക്രീറ്റ് തൂണുകളിൽ മേൽക്കൂര നിർമിക്കപ്പെട്ട പാഴ് നിർമിതിയായി നിലവിൽ സാംസ്കാരിക നിലയം അവശേഷിക്കുന്നു.



ഗണ്യമായ തുക ചെലവഴിക്കപ്പെട്ട പ്രസ്തുത പദ്ധതി എങ്ങുമെത്താതെ അവസാനിപ്പിച്ച നടപടി ക്രമപ്രകാരമുള്ളതല്ല. ശേഷിക്കുന്ന ഇനങ്ങൾ പൂർത്തീകരിച്ച് കെട്ടിടം ഉപയോഗപ്രദമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-59 എ.കെ.ജി പടി ചെക്ക് ഡാം- 30ലക്ഷത്തിന്റെ പദ്ധതിയുടെ ഗുണഫലം ഒരു വ്യക്തിയിൽ കേന്ദ്രീകരിച്ചു

പ്രോജക്റ്റ് നം.എസ് 1081/2020

അടങ്കൽ തുക :- ₹30,00,000/- ( വികസന ഫണ്ട് -പൊതു വിഭാഗം)

ആകെ വേലമൂല്യം :-₹ 2996532/-

ബിൽ നം.339/AEE/19-20 തീയതി.07.09.2019

പാമ്പാടുംപാറ ഡിവിഷനിൽ ഉൾപ്പെട്ട കരുണാപുരം ഗ്രാമപഞ്ചായത്തിലെ എ.കെ.ജി പടിയിൽ ചെക്ക് ഡാം നിർമിക്കുന്നതിന് 2018-19 വർഷം തയ്യാറാക്കിയതാണ് പ്രസ്തുത പ്രോജക്റ്റ്( നം.എസ് 1161/19) . ഇതുപ്രകാരം കൂട്ടാർ തോടിനു കുറുകെ 1.7 മീറ്റർ ഉയരവും 20 മീറ്റർ വീതിയുമുള്ള ഒരു ചെക്ക് ഡാം തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രോജക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളും പ്രാദേശിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകളും ചുവടെ ചേർക്കുന്നു.

1. നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടയുകയും, പരിസ്ഥിതിക്ക് ഏറെ കോട്ടം തട്ടുന്ന രീതിയിൽ മലിനീകരണത്തിന് ഹേതുവാകുകയും , അനധികൃത കൈയ്യേറ്റങ്ങൾക്കും മണൽ ഖനനത്തിനും സഹായകരമാകുകയും ചെയ്യുന്നുവെന്ന കാരണങ്ങൾ മുൻനിർത്തി കേരളത്തിൽ തടയണനിർമാണത്തിന് അംഗീകാരം നൽകുന്നത് നിർത്തലാക്കുവാൻ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ സംസ്ഥാനതല ഉന്നതാധികാരസമിതിയുടെ 30.08.2017-ൽ നടന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഏറ്റവും അടിയന്തിര സാഹചര്യങ്ങളിൽ മാത്രം ശാസ്ത്രീയ പഠനത്തിന് ശേഷം നിർമാണാംഗീകാരം അനുവദിച്ചാൽ മതിയെന്നും തീരുമാനിച്ചു. സർക്കാർതലത്തിൽ ഇത്തരമൊരു തീരുമാനമുണ്ടായിട്ടും തുടർന്നുള്ള വർഷം തടയണ നിർമാണത്തിന് പ്രോജക്റ്റ് തയ്യാറാക്കി നടപ്പാക്കിയ നടപടി വിശദീകരണമർഹിക്കുന്നു.

2. ഒരു ജലസേചന പദ്ധതിയുടെ പ്രാഥമികവും അനിവാര്യവുമായ ഘടകം ആയക്കെട്ട് സാക്ഷ്യപത്രമാണ്. കൃഷി വികസന -കർഷകക്ഷേമ വകുപ്പിൽ നിന്ന് ലഭ്യമാക്കുന്ന പ്രസ്തുത സാക്ഷ്യപത്രത്തിലാണ് പ്രോജക്ടിൽ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ സേവനം സിദ്ധിക്കുന്ന കൃഷി ഭൂമിയുടെ വിസ്തൃതി, അതിലെ വിളകൾ, ഗുണഭോക്താക്കളായ കർഷകരുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളുന്നത്. എന്നാൽ ടി സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആകയാൽ ഈ പ്രോജക്ടിന്റെ ഗുണഭോക്തൃ പ്രദേശവും അതിലെ കർഷകരുടെ വിവരവും സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല.

3. കുട്ടാർ തോടിനു സമിപമുള്ള ,ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്തിന്റെ അതിർത്തി അവസാനിക്കുന്ന ഭാഗത്താണ് തടയണ നിർമിച്ചിരിക്കുന്നത്. ചെക്ക് ഡാം നിർമ്മിക്കുവാനായി തെരഞ്ഞെടുത്ത സ്ഥലം എപ്രകാരമാണ് നിർണയിച്ചതെന്ന് ഫയലിൽ രേഖയില്ല. ടി വ്യക്തിയുടെ സ്ഥലത്ത് 2014-15 കാലയളവിൽ വാർഷിക പദ്ധതിയുടെ ഭാഗമായി നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് 15 ലക്ഷം രൂപ മുതൽമുടക്കി 8 മീറ്റർ വ്യാസം X 4.5 മീറ്റർ ആഴത്തിൽ ഒരു കുളം നിർമിച്ചിട്ടുണ്ട്. (പരിശോധനാ സമയത്ത് കുളത്തിൽ ഏതാണ്ട് 2.5 മീറ്റർ ആഴത്തിൽ വെള്ളം സംഭരിച്ചിട്ടുണ്ട്.) പൊതു ജലസേചനപദ്ധതി എന്ന പേരിലാണ് കുളം നിർമിച്ചതെങ്കിലും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളായ പമ്പ് ഹൗസ് നിർമ്മാണം, വിതരണക്കുഴൽ സ്ഥാപിക്കൽ, വൈദ്യുതീകരണം എന്നിവ ഇതുവരെയും പൂർത്തീകരിക്കാതെ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി അവസാനിപ്പിച്ചതെങ്ങനെയെന്ന് വ്യക്തമല്ല. ടി വ്യക്തി സ്വന്തം ചെലവിൽ മോട്ടോറും ടാങ്കും സ്ഥാപിച്ച് തന്റെ കൃഷിയിടത്തിൽ ജലസേചനം നടത്തി വരികയാണ്. മറ്റാരും ഈ കുളത്തിൽനിന്ന് ജലം സംഭരിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നില്ല. പൊതുമുതൽ 15 ലക്ഷം രൂപ ചെലവഴിച്ച ആസ്തി സ്വന്തം ഉടമസ്ഥതയിലാക്കിയിട്ടുള്ള ഇദ്ദേഹത്തിന്റെ മേൽപരാമർശിച്ച കുളത്തിലെ ജലനിരപ്പ് നിലനിർത്തുന്നതിനാണ് ജില്ലാ പഞ്ചായത്ത് 30 ലക്ഷം വിനിയോഗിച്ച് ചെക്ക് ഡാം നിർമിച്ചതെന്ന് സംശയിക്കേണ്ട സ്ഥിതിയാണുള്ളത്. കുളത്തിന്റെ ചിത്രം താഴെ ചേർക്കുന്നു.



4. കുട്ടാർ തോടിന് ഏകദേശം 25 മീറ്റർ വീതിയുള്ള ഭാഗത്താണ് തടയണ നിർമാണം നടന്നിട്ടുള്ളത്. തടയണയുടെ നീളം കേവലം 20 മീറ്ററും. അതിന്റെ വിംഗ് വാൾ പ്രബലിത കോൺക്രീറ്റിനു പകരം കല്ലുകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. തോടിന്റെ സ്വാഭാവിക വീതിയും ഒഴുക്കും പരിഗണിക്കാതെ നിർമ്മിച്ച ഒരു വശത്തെ വിംഗ് വാൾ മഴക്കാലത്ത് പൂർണമായും തകരുകയും കരാറുകാരൻ സ്വന്തം നിലയ്ക്ക് വീണ്ടും നിർമ്മിക്കുകയുമായിരുന്നു. ഇപ്രകാരം നിർമ്മിച്ച കൽക്കെട്ടിനിടയിലൂടെയാണ് ജലം ഇപ്പോഴും ഒഴുകുന്നത്. ശക്തമായ മഴയിൽ തടയണ ഈ കെട്ടുൾപ്പെടെ തകരാനുള്ള സാധ്യതയാണ് നിലനിൽക്കുന്നത്. സൃഷ്ടിക്കുന്ന ആസ്തിയുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതിനും സൈറ്റ് സാഹചര്യങ്ങൾ പരിഗണിക്കാതിരുന്നതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്. ചെക്ക് ഡാമിന്റെ ചിത്രം ചുവടെ ചേർക്കുന്നു.



തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുന്ന ബൃഹത് പദ്ധതികൾ പരമാവധി ആളുകൾക്ക്

സേവനമെത്തിക്കുന്നതിനാണ് ലക്ഷ്യമിടേണ്ടത്. എന്നാൽ വ്യക്തി താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ തീരുമാനം പോലും മറികടന്ന് ആവിഷ്കരിക്കുന്ന ഇത്തരം പ്രോജക്ടുകൾ പദ്ധതിപ്പണത്തിന്റെ ഗുണഫലം ഏകവ്യക്തിയിൽ കേന്ദ്രീകരിക്കാനാണ് ഉപകരിക്കുന്നത്. ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കാൻ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-60 അമരാവതി-നാലാം മൈൽ കാർഷിക ജലസേചന പദ്ധതി- നോക്കുകുത്തിയായി കുഴൽകിണറും ടാങ്കും

| | |
|---|---|
| പ്രോജക്ട് നം,പേര് | എസ് 1016/20- അമരാവതി-നാലാം മൈൽ കാർഷിക ജലസേചന പദ്ധതി |
| അടങ്കൽ | ₹20,00,000/-(വികസന ഫണ്ട്-ജനറൽ) |
| എം ബുക്ക് നം | 2247/18-19 |
| കോൺട്രാക്ടർ | ശ്രീ.അഫ്സൽ കെ.എം |
| PAC | ₹16,44,668/-രൂപ |
| എഗ്രിമെന്റ് തീയതി | 96/ T/AEE/LSGD/IDK/18-19 തീ. 22/11/18 |

കമളി ഗ്രാമപഞ്ചായത്തിലെ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ് അമരാവതി-നാലാംമൈൽ മേഖല. ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 2017-18-ൽ എസ്174/18 നമ്പരായി ആവിഷ്കരിച്ച പദ്ധതിയാണിത്. കാർഷിക ജലസേചന പദ്ധതി എന്നാണ് പദ്ധതിയുടെ പേരെങ്കിലും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായിട്ടാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. കുഴൽകിണർ നിർമ്മാണം, വിതരണശൃംഖല സ്ഥാപിക്കൽ, ടാങ്ക് നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങളിലൂടെ 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. കുഴൽകിണർ നിർമ്മിക്കുന്നതിനുവേണ്ടി പ്രാഥമികമായി ₹1,14,950/- ഭൂഗർഭജല വകുപ്പിന് കൈമാറി.(ബിൽ നമ്പർ 4/19-20 തിയതി-03/05/2019) ഇടർന്ന് ടാങ്ക് നിർമ്മിച്ചതിന് 367,252/-രൂപ 2020-21-ൽ പിൻവലിച്ചു. (ബിൽനം 24/20-21 തീയതി 21/04/2020 ). രണ്ടാമത് പിൻവലിച്ച തുകയിൽ 3,52,560/-രൂപയും ട്രഷറിയിൽ നിന്ന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത് ഭൂഗർഭ ജലവിഭവ വകുപ്പിന്റെ അക്കൗണ്ട് നമ്പരിലേക്കാണ്.(അക്കൗണ്ട് നം.710051400000026). ടാങ്ക് നിർമ്മിച്ചതിന്റെ തുക കോൺട്രാക്ടർക്ക് നല്കുന്നതിന് പകരം ഭൂഗർഭ ജലവിഭവ വകുപ്പിന്റെ അക്കൗണ്ടിലേയ്ക്ക് നല്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. അധികമായി നല്കിയ തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പാതയോരത്ത് നിർമിക്കപ്പെട്ട ഒരു കുഴൽകിണറും 200 മീറ്ററോളം അകലെ കുന്നിൻ മുകളിൽ ഒരു ടാങ്കും മാത്രമാണ് പദ്ധതിയിലൂടെ നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികൾ. ₹20,00,000-/ അടങ്കലിൽ 2017-18-ൽ ആരംഭിച്ച ഒരു പദ്ധതി 4,82,202/-രൂപ ചെലവഴിച്ച് ഒരു ഗുണഭോക്താവിന് പോലും പ്രയോജനപ്പെടാതെ അവസാനിച്ചിരിക്കുന്നു. കുഴൽക്കിണറിൽ വേണ്ടത്ര ജലലഭ്യത ഉള്ളതായി പ്രാദേശികപരിശോധനാവേളയിൽ സന്നിഹിതനായിരുന്ന, പദ്ധതിയുടെ ഗുണഭോക്താവായ ഒരു വ്യക്തി അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും അത് വൈകിപ്പിച്ചതിന് നിയമാനുസൃത പിഴത്തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതുമാണ്. പദ്ധതിയുടെ കുഴൽക്കിണറിന്റെ ചിത്രം ചുവടെ ചേർക്കുന്നു.




## 1-61 അമ്പലപ്പാറ കുടിവെള്ള പദ്ധതി ലക്ഷ്യംകൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 1029/20-അമ്പലപ്പാറ കുടിവെള്ള പദ്ധതി |
| അടങ്കൽ | ₹46,00,000/-വികസന ഫണ്ട് (ജനറൽ) |
| എഗ്രിമെന്റ് നം. | 119/EE/LSGD/IDK/17-18 Dt 07/08/2017 |
| എം.ബുക്ക് നം. | 2048/17-18 |
| ചെലവു തുക ബിൽ നം | ₹ 33,41,605/- 04/AEE/2019-2020 തീ.04/05/2019 |
| കോൺട്രാക്ടർ | ശ്രീ.പി.എ ഷാജി പടലുങ്കൽ |

ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ കടിവെള്ളക്ഷാമം അതിരൂക്ഷമായിട്ടുള്ള അമ്പലപ്പാറ മേഖലയിൽ കടിവെള്ളമെത്തിക്കുന്നതിനായി 2016-17ൽ 1337/17 നമ്പർ പ്രോജക്ടായി ആവിഷ്കരിച്ച പദ്ധതിയാണിത്. 25/06/2017-ൽ പദ്ധതി ടെണ്ടർ നടത്തുകയും 24/07/2017-ൽ എഗ്രിമെന്റ് വയ്ക്കുവാൻ കത്ത് നല്കുകയും 07/08/2017-ൽ കോൺട്രാക്ടറുമായി കരാറിലേർപ്പെടുകയും ചെയ്തു. 90 ദിവസമായിരുന്നു പദ്ധതി നിർവ്വഹണ കാലാവധി. ചെക്ക് ഡാം നിർമ്മാണം, G.I പൈപ്പ് ലൈൻ, ടാങ്ക് നിർമ്മാണം എന്നിവയായിരുന്നു പ്രവൃത്തിയിലെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന ഇനങ്ങൾ. പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിനെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ കോൺട്രാക്ടർക്ക് പല തവണ കത്ത് നല്കിയെങ്കിലും ആറ്റിൽ ശക്തമായ വെള്ളമൊഴുക്കുമൂലം പണി തടസ്സപ്പെടുന്നതായി ചൂണ്ടിക്കാട്ടി കാലാവധി നീട്ടിത്തരണമെന്ന് വിവിധ ഘട്ടങ്ങളിൽ കരാറുകാരൻ ആവശ്യപ്പെട്ടിരിക്കുന്നു. 06/11/2017-ൽ പൂർത്തിയാക്കേണ്ടിയിരുന്ന പദ്ധതി പൂർത്തീകരിച്ചത് 25/03/2019-ൽ മാത്രമാണ്.

പത്ത് വർഷങ്ങൾക്ക് മുമ്പ് ജില്ലാപഞ്ചായത്ത് നിർമ്മിച്ച ഒരു കുളത്തിന്റെ സമീപത്തായി ചെക്ക് ഡാം നിർമ്മിച്ച് ജലം തടഞ്ഞുനിർത്തി കുളത്തിലെ ജലവിതാനം താഴാതെ നിലനിർത്തുന്നതാണ് പദ്ധതിയിലെ പ്രധാന പ്രവൃത്തി. പഴയ കുളത്തിൽ നീരുറവ വേണ്ടത്ര ഇല്ലാത്തതിനാലാണ് ഇപ്രകാരം ചെയ്തത്. ചെക്ക് ഡാം നിർമ്മിച്ച് കഴിഞ്ഞപ്പോൾ തടഞ്ഞു നിർത്തപ്പെട്ട മലിന ജലമാണ് നിലവിൽ കുളത്തിലേയ്ക്ക് എത്തുന്നത്. പദ്ധതിയുടെ ഭാഗമായി, ഈ വെള്ളം ശുദ്ധീകരിക്കുന്നതിന് ഒരു ട്രീറ്റ്മെന്റ് യൂണിറ്റ് സ്ഥാപിക്കുവാൻ പ്രത്യേക ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. പിന്നീട് ഈ വിഷയത്തിൽ തുടർ നടപടികൾ ഉണ്ടായിട്ടുമില്ല.

നേരിട്ടുള്ള പരിശോധനയിലും കുളത്തിൽ സംഭരിക്കുന്നത് മലിനജലമാണെന്ന് ബോധ്യപ്പെട്ടു. കുളത്തിനോട് ചേർന്ന് പമ്പ് ഹൗസ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതിൽ മോട്ടോർ കാണപ്പെട്ടില്ല. ആറ് മാസങ്ങൾക്ക് മുമ്പ് അത് തകരാറായതിനാൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നീക്കം ചെയ്തതാണെന്നാണ് സമീപവാസികൾ അറിയിച്ചത്. പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ ചുവടെ വിവരിക്കുന്നു.

എം. ബുക്കിലെ രേഖപ്പെടുത്തലിൽ പിഴവ്- അധികതുക നല്കി

പ്രവൃത്തിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും താഴെപ്പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

1)ഇനം നമ്പർ12

18.12.8:Providing And Fixing G I Pipes Including Trenching And Refilling Etc. External Work 80 Mm Dia Nominal Bore- 550 Metre) .

2) ഇനം നമ്പർ13

80 Mm Non Return Valve ഘടിപ്പിക്കൽ

ഈ രണ്ടിനങ്ങളും സ്ഥാപിച്ചതായി അളവ് പുസ്തകത്തിന്റെ 28, 29 പേജ് നമ്പർ പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട് . 550 മീറ്റർ 80 Mm G I പൈപ്പ് സ്ഥാപിച്ചതിന് ₹ 5,06,556/-യും (550x 921.01/m) വാൽവിന്റെ വിലയായി ₹3,996/- യും (1x3995.95)നല്കി. എന്നാൽ സ്ഥല പരിശോധനയിൽ 80 Mm GI പൈപ്പിനും, വാൽവിനും പകരം 50 Mm അളവിലുള്ളവ സ്ഥാപിച്ചതായാണ് കാണുവാൻ സാധിച്ചത് . എസ്റ്റിമേറ്റിൽ ട്രെഞ്ചിംഗ് നടത്തി പൈപ്പ് സ്ഥാപിക്കുവാനാണ് നിരക്ക് നിശ്ചയിച്ചിരുന്നതെങ്കിലും മണ്ണിന് മുകളിലൂടെയാണ് അത് സ്ഥാപിച്ചിട്ടുള്ളത്. ഈ ഇനങ്ങൾക്കായി ₹2,24,375/- അധികം നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| ഇനം. നം. | അളവ് ബുക്കിലെ ഇനം | അളവ് | നല്കിയ തുക ₹ | യഥാർത്ഥത്തിൽ ചെയ്തിരിക്കുന്ന പ്രവൃത്തി | അളവ് | നല്കാവുന്ന തുക ₹ | അധികം നല്കിയത് ₹ |
|---|---|---|---|---|---|---|---|
| 12 | 18.12.8 Providing A And Fixing Gl Pipes Complete With Gl Fittings Including 80 Mm Dia Nominal Bore | 550m | 550x921.01 =506556/- | Providing A And Fixing Gl Pipes Complete With Gl Fittings Including 50 Mm Dia Nominal Bore(excluding Trenching And Filling) | 550m | 550X518=284900 | 221656 |
| 13 | 18.19.6.1 Providing And Fixing Gunmetal Non Return Valve Of Approved Quality(80mm) | 1no | 1x3995.95= 3996 | Providing And Fixing Gunmetal Non Return Valve -50 Mm | 1No. | 1X1277=1277 | 2719 |
| | ആകെ അധികം നല്കിയത് | | | | | | 224375 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന്( നം.29/18.11.2020) 120040500029/29.12.20 രസീത് നം. പ്രകാരം ₹2,24,375/- തിരിച്ചടച്ചു.

പ്രോജക്ട് അനന്തമായി നീളുന്നതും അതിന്റെ ലക്ഷ്യം നേടാനാവാത്തതും സ്വാഭാവിക നീതി നിഷേധവും കൂടിയാണ്. കടിവെള്ളം എത്തിക്കേണ്ടത് അനിവാര്യ ചുമതലയായതിനാൽ ഇക്കാര്യത്തിൽ സത്വര നടപടികൾകൈക്കൊള്ളുന്നതിനായി വിഷയം ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.





1-62 ടൈഫോർഡ് എസ്റ്റേറ്റ് എസ്.സി കോളനി കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 971/20, ടൈഫോർഡ് എസ്റ്റേറ്റ് എസ്.സി കോളനി കുടിവെള്ള പദ്ധതി |
| അടങ്കൽ | ₹1000000/-( വികസന ഫണ്ട് /പട്ടികജാതി ഘടക പദ്ധതി) |
| എം ബുക്ക് നമ്പർ | 2246/18-19 |
| ബിൽ നം. | 128/തീയതി 03.05.19, ₹2,48,809/- |
| P A C | ₹8,34,314.69 |
| കൺവീനർ | ശ്രീ.മുരുകേശൻ |

ഏലപ്പാറ ഗ്രാമപ്പഞ്ചായത്തിലെ ടൈഫോർഡ് എസ്റ്റേറ്റിൽ നിലവിലുള്ള കുളത്തിന്റെ ആഴം വർദ്ധിപ്പിക്കൽ, പമ്പ് ഹൗസ്-കോൺക്രീറ്റ് ടാങ്ക് എന്നിവയുടെ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, പമ്പ്സെറ്റ് വാങ്ങൽ, ഇലക്ട്രിഫിക്കേഷൻ എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പിന്നീട് കോൺക്രീറ്റ് ടാങ്കിനു പകരം പി.വി.സി ടാങ്ക് ഉൾപ്പെടുത്തി അത് പുതുക്കി. കുളത്തിന്റെ ആഴം കൂട്ടുകയും പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്തുവെങ്കിലും പദ്ധതി പ്രദേശത്ത് വൈദ്യുതി എത്തിയിട്ടില്ലാത്തതിനാൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. വെള്ളം പമ്പ് ചെയ്യുന്നതിന് 5 H.P മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ₹86300/-യും ലേബർ ചാർജിനത്തിൽ ₹15200/-യും ചെലവഴിച്ചിട്ടുണ്ട്. (M.BOOK Page No-46) എന്നാൽ മോട്ടോറും അനുബന്ധ ഉപകരണങ്ങളും പമ്പ് ഹൗസിൽ സ്ഥാപിച്ചിരുന്നില്ല. പ്രാദേശിക പരിശോധനാവേളയിൽ അത് സമീപമുള്ള ഒരു വീട്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. പമ്പ് ഹൗസിന്റെ വാതിൽപോലും യഥാവിധി ഘടിപ്പിക്കാതെ മറ്റൊരു വീട്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. വൈദ്യുതീകരണത്തിനായി നിലവിൽ തുടർപദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. സ്വകാര്യ കമ്പനിയുടെ ഉടമസ്ഥതയിലുള്ള തേയില എസ്റ്റേറ്റിൽ പണികഴിപ്പിച്ച പമ്പ് ഹൗസിൽ വൈദ്യുതി എത്തിക്കണമെങ്കിൽ 5 പോസ്റ്റുകൾ ആവശ്യമായി വരുമെന്നും അതിന് കടത്തുകൂലിയടക്കം ഗണ്യമായ തുക നിക്ഷേപിക്കേണ്ടിവരുമെന്നും, എന്നാൽ ലൈൻ സ്ഥാപിക്കുന്നതിന് ഇനി കമ്പനി അധികൃതർ അനുവാദം നൽകുമോയെന്ന കാര്യം

സംശയകരമാണെന്നും, പരിശോധനാവേളയിൽ സന്നിഹിതയായിരുന്ന ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ അസി. എൻജിനിയർ അറിയിക്കുകയുണ്ടായി. നിർമ്മാണപ്രവൃത്തികൾക്കുള്ള അനുമതികൾ യഥാസമയം മുൻകൂറായി ലഭിക്കാതെയും ഭൗതികസാഹചര്യങ്ങൾ വിലയിരുത്താതെയും പ്രവൃത്തി ആരംഭിച്ച്, മുൻഗണനാക്രമം പാലിക്കാതെ വാങ്ങൽ ഉൾപ്പടെയുള്ള നടപടികൾ പൂർത്തീകരിച്ചതു വഴി ഗണ്യമായ പൊതുപ്പണം പാഴ്ചെലവായി മാറിയിരിക്കുന്നു.

മോട്ടോർ വാങ്ങിയ സ്ഥാപനത്തിന്റെ ബില്ലിൽ ELLAI-LAXMI കമ്പനിയുടെ 5 HP Submersible പമ്പ് സെറ്റ് എന്നാണ് രേഖപ്പെടുത്തലെങ്കിലും സമീപത്തെ വീട്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടത് TARO-TEXMO കമ്പനി നിർമിതമായ 5HP Submersible മോട്ടോറാണ്. ജി.എസ്.റ്റി. റീട്ടെയിൽ ഇൻവോയിസിലെ പ്രസ്തുത മാറ്റം സംബന്ധിച്ച് വിശദീകരണം ഹാജരാക്കേണ്ടതാണ്. മോട്ടോർ വാങ്ങുക മാത്രമാണ് ചെയ്തതെങ്കിലും അത് സ്ഥാപിക്കുന്നതിനുൾപ്പടെയുള്ള ചെലവുകളും അളവു പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് അനുവദിച്ചുവെന്ന വസ്തുതയും ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. കുടിവെള്ള പദ്ധതിക്കാവശ്യമായ എല്ലാ ഭൗതിക സാഹചര്യവും ഒരുക്കിയ ശേഷം മാത്രം നടത്തേണ്ട വാങ്ങൽ പ്രക്രിയ അനവസരത്തിൽ പൂർത്തീകരിച്ചത് പദ്ധതിപ്പണം ഏതു വിധേനയും ചെലഴിക്കുക എന്ന വ്യഗ്രതയാണ് വെളിവാക്കുന്നത്. ഇത്തരം അനാരോഗ്യപ്രവണത സർക്കാർ കർശനമായി വിലക്കിയിട്ടുള്ളതാണ്. വൈദ്യുതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയതിനായി തുക ചെലവഴിക്കാതെ മോട്ടോർ വാങ്ങിയത് അഭിലഷണീയമായ പ്രവണതയല്ല. പദ്ധതി കമ്മീഷൻ ചെയ്യാൻ വിദൂരമായ സാധ്യത മാത്രം നിലനിൽക്കേ വാങ്ങി സൂക്ഷിച്ച മോട്ടോറിന്റെ വാറന്റി കാലാവധി കഴിഞ്ഞ് നിഷ്ക്രിയ ആസ്തിയും പാഴ് വസ്തുവുമായി പരിണമിക്കുന്നതിനുള്ള സാഹചര്യമാണ് സംജാതമായിരിക്കുന്നത്. മോട്ടോറിനും അനുബന്ധ ഉപകരണങ്ങൾക്കുമായി കാലാനുക്രമമല്ലാതെ ₹101500/- ചെലവഴിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. ഭൗതിക സാഹചര്യങ്ങൾ വിശദമായി വിലയിരുത്താതെയും വേണ്ടത്ര മുന്നൊരുക്കങ്ങൾ നടത്താതെയും പ്രോജക്റ്റ് ഏറ്റെടുത്തത് പരാജയത്തിനു കാരണമായതായി ഓഡിറ്റ് വിലയിരുത്തുന്നു. ആകയാൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുക ₹2,48,809/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.








## 1-63 വഞ്ചിവയൽ എസ് റ്റി കോളനി കുടിവെള്ള പദ്ധതി- കുളം നിർമ്മാണത്തിൽ പ്രോജക്ട് അവസാനിപ്പിച്ചു.

പ്രോജക്ട് നം.എസ്.1172/19, എസ്.1281/2020

അടങ്കൽ തുക :-₹10,00,000/- (വികസന ഫണ്ട് -പട്ടികവർഗ ഉപപദ്ധതി)

ആകെ ചെലവ് :- ₹999263/- രൂപ(ബിൽ നം.308/19-2020 പണമാക്കിയ തീയതി 29.05.2020 )

വണ്ടിപ്പെരിയാർ ഡിവിഷനിലെ വള്ളക്കടവ്, പെരിയാർ ടൈഗർ റിസർവ്വിനുള്ളിൽ സ്ഥിതി ചെയ്യുന്ന വഞ്ചിവയൽ എന്ന പട്ടിക വർഗ കോളനിയിലാണ് പ്രസ്തുത പദ്ധതി പ്രദേശം . 19 കുടുംബങ്ങളാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള സോഷ്യൽ മാപ്പ് പ്രകാരം ഇതിന്റെ ഗുണഭോക്താക്കളായുള്ളത്. എന്നാൽ 85-ലധികം കുടുംബങ്ങൾ ഇവിടെ അധിവസിക്കുന്നുവെന്നാണ് സൈറ്റ് പരിശോധനാസമയം സന്നിഹിതനായിരുന്ന ഊരു മൂപ്പൻ അറിയിച്ചത്. ടി പ്രോജക്ടിന്റെ ഭാഗമായി ശ്രീ. തങ്കപ്പൻ മരുതിനാനിയ്ക്കൽ എന്ന വ്യക്തിയുടെ സ്ഥലത്ത് നിലവിലുണ്ടായിരുന്ന ഒരു കുളത്തിന്റെ വ്യാപ്തം വർദ്ധിപ്പിച്ച് 16 മീറ്റർ നീളം X 11.05 മീറ്റർ വീതി X 3.5 മീറ്റർ ഉയരം എന്നീ അളവുകളിലുള്ള ഒരു കുളം നിർമിച്ചു. ജലലഭ്യതയുള്ള കുളത്തിൽ ഏകദേശം രണ്ടു മീറ്റർ ആഴത്തിൽ വെള്ളം സംഭരിച്ചിട്ടുള്ളതായി പരിശോധനാവേളയിൽ കണ്ടു. 3 മോട്ടോറുകൾ ഉപയോഗിച്ച് സമീപസ്ഥമായ വീടുകളിലേക്ക് വെള്ളം പമ്പ് ചെയ്യുന്നുണ്ട്. നിർമിക്കപ്പെട്ട കുളത്തിന്റെ ചിത്രം ചുവടെ ചേർക്കുന്നു.



വിജയകരമായി ഒന്നാം ഘട്ടം പൂർത്തിയാക്കിയെങ്കിലും പമ്പ് ഹൌസ്, ടാങ്ക് എന്നിവയുടെ നിർമാണം, മോട്ടോർ വാങ്ങൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ, വൈദ്യുതീകരണം എന്നീ പൂരക പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് സന്നദ്ധമാകാതെ അത് അവസാനിപ്പിച്ചിരിക്കുകയാണ്.( 2020-21 വാർഷിക പദ്ധതിയിൽ പദ്ധതി പൂർത്തീകരണത്തിന് പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല.) ജനങ്ങൾക്ക് പ്രത്യേകമായി എന്തെങ്കിലും സേവനം പ്രദാനം ചെയ്യാത്ത അസംഖ്യം നിഷ്ക്രിയനിർമിതികൾ സമാന്തരമായി പണികഴിപ്പിക്കുമ്പോഴും കുടിവെള്ളം എത്തിക്കുവാൻ പ്രാപ്തമായ ഒരു പ്രോജക്ട് പാതി വഴിയിൽ ഉപേക്ഷിച്ച നടപടി അംഗീകരിക്കാവുന്ന വസ്തുതയല്ല. പാർശ്വവത്കരിക്കപ്പെട്ട ഒരു ജനസമൂഹത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ പരിഗണിക്കാതെയുള്ള ഇത്തരം പദ്ധതി ആസൂത്രണ പ്രക്രിയകൾ സ്വാഭാവിക നീതി നിഷേധവും ജനകീയാസൂത്രണപദ്ധതിയുടെ അന്തഃസത്തയ്ക്ക് നിരക്കാത്തതുമാണ്. തുടർന്നുള്ള വാർഷിക പദ്ധതിയിൽ പ്രവൃത്തി പൂർത്തീകരണത്തിന് പ്രോജക്ട് ആവിഷ്കരിക്കുന്നതിനായി വിഷയം വർക്കിംഗ് ഗ്രൂപ്പ്, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-64 കുമളി ടൌൺ അഴുക്ക് ചാൽ നിർമ്മാണം- പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിച്ചു

വിവിധ വർഷങ്ങളിലെ പ്രോജക്ട് നമ്പരുകൾ

| വർഷം | പ്രോജക്ട് നമ്പർ |
|---|---|
| 2017-18 | എസ് 647/18 |
| 2018-19 | എസ് 630/19 |
| 2019-2020 | എസ് 977/2020 |

പ്രോജക്ട് വിശദാംശങ്ങൾ

| | |
|---|---|
| അടങ്കൽ | ₹20,00,000/- (വികസന ഫണ്ട് -പൊതുവിഭാഗം) |
| കരാറുകാരൻ | ശ്രീ.വി.ജെ.രാജു & കമ്പനി വാലുപറമ്പിൽ, പഴയരിക്കണ്ടം |
| പി.എ.സി | ₹19,58,896/- |
| സാങ്കേതികാനുമതി | 190/RE/EE/LSGD/IDK/18-19 തീ. 14.03.2019 |
| കരാർ നം. | 335/T/ AEE/LSGD/ IDK/18-19തീ. 22.02.2019 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 21.03.2019 |
| അളവു പുസ്തകം | 2237/18-19 |
| ചെലവു തുക<br>CC I & Part | ₹887301 /-<br>(–) 42463( നികുതികൾ)<br>ബിൽ നം.329/AEE/2018-19 തീ.23.03.2019 |
| CC II & Final | ₹1069791/-<br>(-) 51198 ( നികുതികൾ)<br>ബിൽ നം. 131/19-20 തീ. 03.05.2019 |

വണ്ടൻമേട് ഡിവിഷനിൽ ഉൾപ്പെട്ട കമളി ടൌണിൽ മുൻവർഷങ്ങളിൽ ഗ്രാമ-ബ്ലോക്ക് -ജില്ലാപഞ്ചായത്തുകൾ നടപ്പിലാക്കിയതിനു തുടർച്ചയായി അഴുക്കുചാൽ നിർമിക്കുന്നതിന് ആവിഷ്കരിച്ച പ്രോജക്ടാണിത്. കുമളി പട്ടണത്തോടു ചേർന്നുകിടക്കുന്ന റോസാപ്പൂക്കണ്ടത്തുനിന്ന് ആരംഭിച്ച് ടൌണിലൂടെ ഒഴുകുന്ന അഴുക്കുചാലിന്റെ വീതിയും ആഴവും കൂട്ടി കോൺക്രീറ്റ് സ്ലാബിട്ട് മൂടി നടപ്പാതയാക്കി പരിണിതപ്പെടുത്തുക എന്നതായിരുന്നു പ്രോജക്ട് പ്രവർത്തനം. ഇതു പ്രകാരം 73.5 മീറ്റർ നീളം X 2.76 മീറ്റർ വീതി X 1.15 മീറ്റർ ഉയരം എന്നീ അളവുകളിൽ ഓട നിർമിച്ച് അതിനു മുകളിൽ 0.25 മീറ്റർ ഘനമുള്ള കോൺക്രീറ്റ് സ്ലാബ് പാകി പ്രവൃത്തി പൂർത്തീകരിച്ചു. പ്രസ്തുത ഓട നിർമിച്ച പ്രദേശം ഓഡിറ്റ് ടീം ഭൌതികമായി പരിശോധിച്ചു. പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ ചുവടെ വിവരിക്കുന്നു.

1. തുടർപദ്ധതികളുടെ ഭാഗമായി ആവിഷ്കരിച്ച പ്രോജക്ട് ടൌണിന്റെ മദ്ധ്യഭാഗത്തുള്ള ചന്തയുടെ അടുത്തുവരെ ഓട നിർമ്മിച്ച് നിലവിൽ അവസാനിപ്പിച്ചിരിക്കുകയാണ്. റോഡ് നിരപ്പിനൊപ്പം തന്നെയാണ് അഴുക്കുചാലിലെ ജലനിരപ്പും. സാമാന്യം ശക്തമായ രീതിയിൽ ഒഴുക്കും കാണപ്പെട്ടു. ഓടയുടെ തുടർന്നുള്ള ഭാഗത്ത് ശരിയായ രീതിയിൽ മലിനജല ബഹിർഗമന സാഹചര്യം ഇല്ലാത്തതിനാൽ മാലിന്യങ്ങൾ തങ്ങിനിന്ന് ദുർഗന്ധമുള്ള ജലം റോഡിലേക്ക് പരക്കുന്നുണ്ട്. തന്മൂലം ഈ വഴിയുള്ള കാൽനടയാത്രയും ഏറെ ദുസ്സഹമായിത്തീർന്നിരിക്കുന്നു. നേരിയ മഴ പെയ്യുന്ന സാഹചര്യത്തിൽ പോലും ഓട കവിഞ്ഞ് മലിനജലം സമീപമുള്ള വ്യാപാരസ്ഥാപനങ്ങളിലും വാസഗൃഹങ്ങളിലും എത്താനുള്ള സാധ്യതയാണ് നിലനിൽക്കുന്നത്. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയം പോലുള്ള ഒരു സാഹചര്യം സംജാതമാകുന്നപക്ഷം വൻതോതിലുള്ള വെള്ളക്കെട്ട് ടൌണിൽ ഉണ്ടാകാനുള്ള സാധ്യതയാണ് പ്രസ്തുത പ്രോജക്ട് നിർവഹണത്തിലൂടെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരളത്തിലെ ഏറ്റവും പ്രശസ്ത വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഒന്നായ തേക്കടിയിലേക്കെത്താൻ വിദേശികളും സ്വദേശികളുമായ സഞ്ചാരികൾ ആശ്രയിക്കുന്ന കുമളി ബസ് സ്റ്റാന്റിനു സമീപത്തുകൂടിയാണ് ഓടയുടെ തുടർന്നുള്ള ഗതി. ഇതിനനുബന്ധമായി ധാരാളം ഹോട്ടലുകളും, റിസോർട്ടുകളും മത്സ്യ-മാംസ സ്റ്റാളുകളടക്കമുള്ള വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവ പൂർണമായും നശിക്കാനും മാരകമായ സാംക്രമികരോഗങ്ങൾ പടർന്നുപിടിക്കാനും ഇടവരുത്തുന്ന രീതിയിൽ പദ്ധതിപ്രവർത്തനം അവസാനിപ്പിച്ച നടപടി ശരിയായ വികസന മാതൃകയല്ല മുന്നോട്ടുവെയ്ക്കുന്നത്. പ്രധാന ടൂറിസ്റ്റ് മേഖലയിലെ വികലമായ പദ്ധതിപ്രവർത്തനം വിവിധ മേഖലകളിൽ ചർച്ച ചെയ്യപ്പെടാനും ജില്ലാ പഞ്ചായത്തിന് അവമതിപ്പുണ്ടാക്കാവുന്ന പ്രതികരണങ്ങൾക്ക് കാരണമാകാനും ഇട നൽകും. ചില സ്വകാര്യവ്യക്തികൾ ഉയർത്തിയ പരാതിയെത്തുടർന്നാണ് തുടർപ്രോജക്ട് ആവിഷ്കരിക്കാത്തതെന്ന് പരിശോധനാവേളയിൽ സന്നിഹിതരായിരുന്ന കുമളി എൽ.എസ്.ജി.ഡി.സെക്ഷൻ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. ഗുരുതരമായ പാരിസ്ഥിതികപ്രശ്നത്തിനും വ്യാപക വിമർശനത്തിനും വഴിവെയ്ക്കുന്ന രീതിയിൽ തുടർപ്രവർത്തനം അവസാനിപ്പിച്ച നടപടി പുനഃപരിശോധിച്ച്, കൂടിയാലോചനകളിലൂടെ പൂരകമായി പ്രോജക്ട് ആവിഷ്കരിച്ച് പദ്ധതി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ടിന്റെ തത്സ്ഥിതി ദൃശ്യങ്ങൾ ചുവടെ ചേർക്കുന്നു.





1-65 കുപ്പക്കല്ല് കലുങ്ക് നിർമ്മാണം- ആദ്യദിനങ്ങളിൽത്തന്നെ തകർന്ന അപ്രോച്ച് റോഡും സംരക്ഷണഭിത്തിയും പുനർനിർമ്മിക്കാൻ നടപടികളില്ല

പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 053/2019, എസ് 916/2020 |
| പ്രോജക്ടിന്റെ പേര് | വണ്ടൻമേട് ഗ്രാമപഞ്ചായത്ത്-കുപ്പക്കല്ല് കലുങ്ക് നിർമാണം |
| അടങ്കൽ | ₹15,00,000/- (ആസ്തി പരിപാലന ഗ്രാന്റ് -റോഡ് വിഭാഗം) |
| പി.എ.സി | ₹13,24996.7/- |
| കരാറുകാരൻ | ശ്രീ.ഗോപാലകൃഷ്ണൻ, 3/88 ഈസ്റ്റ് സ്ട്രീറ്റ്, മുറുനെല്ലിക്കോട്ടൈ, ഡിൻഡിഗൽ, തമിഴ്നാട് |
| കരാർ നം. | 100/T/AEE/LSGD/IDK/18-19 തീ.26.11.2018 |
| പുതുക്കിയ സാങ്കേതികാനുമതി | 241/RE/EE/LSGD/IDK തീ. 16.03.2019 |
| പ്രവൃത്തി ആരംഭിച്ച തീയതി | 26.11.2018 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 16.03.2019 (പുതുക്കിയ സാങ്കേതികാനുമതി ലഭിച്ച തീയതി തന്നെ) |
| അളവ് പുസ്തകം | 2034/2017-18 |
| ആകെ വേലമൂല്യം | ₹1324997 /-( പി.എ.സി-യിൽ നിജപ്പെടുത്തി) |
| നികുതികൾ | ₹50160/- |
| കരാറുകാരന് നൽകിയ തുക | ₹1274836/- |
| ബിൽ നം. തീയതി | 167/AEE/19-20 തീ.03.05.2020 |

കരാറുകാരൻ ഹാജരാക്കിയിട്ടുള്ള സെക്യൂരിറ്റി നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക ₹ | വിശദാംശങ്ങൾ |
|---|---|---|
| നിരതദ്രവ്യം | 37500/- | എക്സി.എൻജിനിയറുടെ അക്കൌണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തു. (Ref No. 321672588391 SBI MOPS. തീ.16.10.2018 |
| പെർഫോമൻസ് ഗ്യാരന്റി | 66500/- | ട്രഷറി നിക്ഷേപ സർട്ടിഫിക്കറ്റ് നമ്പർ JJ 871541 / തീയതി23.11.2018 |
| അഡീ.പെർഫോമൻസ് ഗ്യാരന്റി | 35000/- | യൂണിയൻ ബാങ്ക് നെടുങ്കണ്ടം ശാഖയിലെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നമ്പർ 436985 / തീയതി 26.11.2018 |
| ആകെ | 139000/- | |

വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ കുപ്പക്കല്ലിൽ നിലവിലുണ്ടായിരുന്ന കലുങ്ക് നീക്കം ചെയ്ത് തത്സ്ഥാനത്ത് പുതിയൊരെണ്ണം നിർമ്മിക്കുന്നതിനും അപ്രോച്ച് റോഡ് വീതി കൂട്ടി കോൺക്രീറ്റ് ചെയ്യുന്നതിനും ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. ഇതു പ്രകാരം 6.60 മീറ്റർ നീളവും 3.80 മീറ്റർ വീതിയുമുള്ള ഒരു കലുങ്കും, ചുവടെ ചേർക്കുന്ന അളവുകളിൽ ഇരു വശങ്ങളിലുമായി സംരക്ഷണഭിത്തിയും, അതിനുമീതെ മണ്ണിട്ട് നികത്തി അപ്രോച്ച് റോഡും നിർമ്മിച്ച് കോൺക്രീറ്റ് ചെയ്തു.

| റോഡിന്റെ സംരക്ഷണഭിത്തി | അളവുകൾ |
|---|---|
| RW1 | 19.7 X 1.7 X 0.6 |
| RW2 | 5.7 X 0.8 X 0.6 |
| RW3 | 5 X 1 X 1.1 |
| RW4 | 3 X 1 X 2.2 |

പൊളിച്ചു നീക്കിയ പഴയ കലുങ്കിന്റെ അവശിഷ്ടങ്ങളും, മണ്ണും സംരക്ഷണഭിത്തിക്കുള്ളിൽ നിറച്ച് നികത്തിയെടുത്താണ് അപ്രോച്ച് റോഡ് നിർമിച്ചത്. ശരിയായ രീതിയിൽ പവർ/നാച്ചുറൽ കൺസോളിഡേഷൻ നടക്കുന്നതിനുമുൻപ് റോഡ് കോൺക്രീറ്റിംഗും പൂർത്തീകരിച്ചു. തൻമൂലം പ്രോജക്ട് പൂർത്തീകരിച്ച് ഗതാഗതത്തിനു തുറന്നുകൊടുത്ത് ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ റോഡും സംരക്ഷണഭിത്തിയും തകർന്നു. തകരാർ പരിഹരിക്കുന്നതിനെന്ന രീതിയിൽ കരാറുകാരൻ തൊഴിലാളികൾ മുഖേന കോൺക്രീറ്റിംഗ് പൂർണമായി ഇളക്കി മാറ്റിയെങ്കിലും പൂർവ്വ

സ്ഥിതിയിലാക്കാൻ ഇടർ നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല. തൻമൂലം ഈ വഴിയിലൂടെയുള്ള യാത്ര ഏറെ കഠിനമായിത്തീർന്നിട്ടുണ്ട്.

സംരക്ഷണഭിത്തി നിർമാണം, റോഡ് കോൺക്രീറ്റിംഗ് എന്നിവയ്ക്കായി ചെലവഴിച്ച തുകകളുടെ എം.ബുക്ക് പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇന നമ്പർ | പ്രവൃത്തി | ചെയ്ത അളവ് ,നിരക്ക് | അനുവദിച്ച തുക | അളവു പുസ്തകത്തിലെ പേജ് നമ്പർ |
|---|---|---|---|---|
| 4 | റോഡ് സംരക്ഷണഭിത്തിയുടെ മുകൾഭാഗം കോൺക്രീറ്റിംഗ് | 35.156എം$^3$ @ 8858.37/എം$^3$ | 311424.86 | 28,29,30,3536 |
| 10 | സംരക്ഷണഭിത്തിക്കുള്ള കൽക്കെട്ട് | 20.008 എം$^3$ @ 3229.83/എം$^3$ | 64622.43 | 16,40,41 |
| | | ആകെ അനുവദിച്ച തുക | 3,76,047/- | |

16.03.2019-ൽ പൂർത്തീകരിച്ച പ്രസ്തുത പ്രോജക്ടിന്റെ ബിൽ 03.05.2020-ലാണ് കരാറുകാരന് നൽകിയത്. ഇതിനും ഏറെ മുൻപുതന്നെ (താഴെ വിവരിക്കുംപ്രകാരം 11.12.2019-ൽ ഇതു സംബന്ധിച്ച രേഖകൾ ജില്ലാ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്.) അപ്രോച്ച് റോഡും സംരക്ഷണഭിത്തിയും തകർന്ന വിവരം നിർവഹണ ഉദ്യോഗസ്ഥന് അറിയാമായിരുന്നു. 09.12.2019-ഇതു സംബന്ധമായി വണ്ടൻമേട് എൽ.എസ്.ജി.ഡി സെക്ഷൻ അസി. എൻജിനിയർ കരാറുകാരന് അയച്ച നമ്പർ രേഖപ്പെടുത്താത്ത കത്ത് ഇക്കാര്യം സ്ഥിരീകരിക്കുന്നു. (പ്രസ്തുത കത്തിന്റെ ഒരു പകർപ്പ് ജില്ലാ പഞ്ചായത്തിലെ എക്സി.എൻജിനിയർക്കും നൽകിയിട്ടുണ്ട്. ആയത് 11.12.19-ൽ കൈപ്പറ്റി 1970(a)- ആയി തപാൽ നമ്പർ നൽകി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.) റോഡിൽ മണ്ണും കോൺക്രീറ്റ് അവശിഷ്ടങ്ങളും നിറച്ചെങ്കിലും അത് കോൺക്രീറ്റ് ചെയ്യുന്നതിനുമുൻപ് ഉറപ്പിക്കുകയോ കോൺക്രീറ്റ് ചെയ്ത ഭാഗം യഥാവിധി 7 ദിവസം നനയ്ക്കുകയോ ചെയ്തിരുന്നില്ലായെന്നും അതിനാലാണ് കൽക്കെട്ടും കോൺക്രീറ്റിംഗും ഇളകി നശിക്കാനിടയായതെന്നും പ്രാദേശിക പരിശോധനാവേളയിൽ സന്നിഹിതരായിരുന്ന തദ്ദേശവ്യക്തികൾ അറിയിക്കുകയുണ്ടായി. മരാമത്ത് പ്രവൃത്തികളുടെ നിർവഹണവേളയിൽ ഗുണനിലവാരം ഉറപ്പാക്കാൻ അനിവാര്യമായ, സാങ്കേതിക വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിലുണ്ടായ വീഴ്ചയാണ് ഇത്തരമൊരു തകരാറിന് മുഖ്യകാരണമായത്. പ്രവൃത്തി നിർവഹണത്തിൽ സംഭവിച്ച തകരാറിനെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരുന്നിട്ടും അത് പരിഹരിക്കുന്നതിന് മുൻകൈ എടുക്കാതെ തുക അനുവദിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ നടപടി ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ഏറെ ജനരോഷം ക്ഷണിച്ച് വരുത്തിയ പ്രസ്തുത പദ്ധതി നടത്തിപ്പിലെ ക്രമക്കേട് സംബന്ധിച്ച് സ്പെഷ്യൽ ബ്രാഞ്ചും, വിജിലൻസും സമാന്തരമായ അന്വേഷണങ്ങൾ നടത്തി വരുന്നതായി തദ്ദേശവാസികളിൽനിന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിച്ച് ഒന്നേമുക്കാൽ വർഷം കഴിഞ്ഞിട്ടും അതിന്റെ തകരാർ പരിഹരിക്കാൻ ശക്തമായ നിയമനടപടികൾ (സെക്യൂരിറ്റി കണ്ടു കെട്ടി നഷ്ടോത്തരവാദിത്വത്തിൽ തകരാർ പരിഹരിക്കുക, കരാറുകാരനെ കരിമ്പട്ടികയിൽപ്പെടുത്തുക, സിവിൽ-ക്രിമിനൽ വ്യവഹാരം ആരംഭിക്കുക തുടങ്ങിയവ) സ്വീകരിക്കാത്ത നിർവഹണ ഉദ്യോഗസ്ഥന്റെ നടപടി വിശദീകരണം അർഹിക്കുന്നു. നാളിതുവരെ പ്രവൃത്തിയിലെ തകരാർ പരിഹരിക്കാത്തതിനാൽ ഈയിനങ്ങൾക്കായി ചെലവഴിച്ച 3,76,047/- രൂപ നിർവഹണ ഉദ്യോഗസ്ഥന്റെയും മേൽനോട്ടച്ചുമതലയുണ്ടായിരുന്ന വണ്ടൻമേട് സെക്ഷൻ അസി.എൻജിനിയറുടെയും ബാധ്യതയായി കണക്കാക്കാവുന്നതാണ്. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രസ്തുത തകരാർ പരിഹരിക്കാത്തപക്ഷം ടി തുക പ്രസ്തുത ഉദ്യോഗസ്ഥരിൽനിന്ന് ഈടാക്കേണ്ടതാണ്. പരാമർശിത അപാകതകൾ മുൻനിർത്തി ചെലവു തുകയായ ₹1324997/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കലുങ്കിന്റെ നിലവിലെ ദൃശ്യം ചുവടെ ചേർക്കുന്നു.





## 1-66 പണി തീരാത്ത പകൽ വീടുകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 173 (1)-ാം വകുപ്പിനു കീഴിലുള്ള അഞ്ചാം പട്ടികയിലാണ് ജില്ലാ പഞ്ചായത്തിന്റെ പൊതുവും മേഖലാടിസ്ഥാനത്തിലുള്ളതുമായ ചുമതലകൾ നിർവചിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലെ സാമൂഹ്യക്ഷേമം എന്ന XII-ാമത്തെ ഇനത്തിൽ വികലാംഗർ, അഗതികൾ മുതലായവർക്ക് ക്ഷേമകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്ന ചുമതല ഉൾപ്പെടുത്തിയിരിക്കുന്നു.

ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്തിന് ഓരോ വർഷവും ലഭിക്കുന്ന വികസന ഫണ്ടിൽനിന്ന് അനിവാര്യ വകയിരുത്തലിന് മാറ്റിവെച്ചതിനുശേഷം വരുന്ന തുകയുടെ അഞ്ച് ശതമാനം വൃദ്ധർ, ശിശുക്കൾ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവർക്കുള്ള പ്രോജക്റ്റുകൾക്ക് നിർബന്ധമായി വകയിരുത്തണമെന്ന് എല്ലാ പഞ്ചവത്സര പദ്ധതി മാർഗരേഖകളിലും പ്രത്യേക നിർദ്ദേശമുള്ളതാണ്. പ്രസ്തുത വകയിരുത്തൽ കൃത്യമായാൽ മാത്രമേ ഓരോ വാർഷിക പദ്ധതിക്കും വിവിധ തലങ്ങളിൽനിന്ന് അംഗീകാരം ലഭിക്കൂ. ഈ പദ്ധതി മാനദണ്ഡം പാലിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് കണ്ടെത്തിയിട്ടുള്ള ലളിത മാർഗമാണ് 5-ാം പട്ടികയിലെ മേഖലാപരമായ ചുമതലയിൽപ്പെടുന്ന, "വൃദ്ധർക്ക പകൽവീട്" നിർമിക്കുന്ന പ്രോജക്റ്റുകൾ ഏറ്റെടുക്കുക എന്നുള്ളത്. ശരാശരി 50 ലക്ഷം രൂപയാണ് വിവിധ വർഷങ്ങളിലായി ഓരോ പകൽവീടിനും വേണ്ടി ചെലവഴിക്കപ്പെടുന്നത്. പകൽവീട് നിർമാണത്തിന്റെ മറവിൽ ജില്ലാപഞ്ചായത്തിൽനിന്ന് കോടികൾ മുതൽമുടക്കി അനധികൃതമായി സ്വകാര്യവ്യക്തിക്ക് കൂറ്റൻ കെട്ടിടം നിർമിച്ചു നൽകിയതിന്റെ ഉദാഹരണങ്ങളും ഓഡിറ്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ( ഉദാ. മുരിക്കാശ്ശേരി ഡിവിഷനിലെ പടമുഖം പകൽ വീട്). പകൽ വീട് എന്ന പേരിൽ വ്യാപകമായി ഏറ്റെടുത്തിട്ടുള്ള പ്രോജക്റ്റുകളിൽ ബഹു ഭൂരിപക്ഷവും യഥാർത്ഥ ലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ച് നിഷ്ക്രിയ ആസ്തികളായി പരിണമിക്കുകയോ, നിർമാണത്തിന്റെ പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതായാണ് ഇതു സംബന്ധിച്ച വിലയിരുത്തലുകളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. തൻവർഷം 21 പകൽവീടുകളുടെ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങൾക്കായാണ് പ്രോജക്റ്റുകൾ ആവിഷ്കരിച്ചിരുന്നത്. ഇവയിൽതന്നെ മുൻ വാർഷിക പദ്ധതികളുടെ കാലയളവിൽ ആരംഭിച്ച് തുടർന്നു വരുന്നവയും ഉൾപ്പെടുന്നു. ഓരോ ഡിവിഷനിലും ഏറ്റെടുക്കുന്നവ എല്ലാ അർത്ഥത്തിലും തൃപ്തികരമായി പൂർത്തീകരിക്കുവാൻ മുൻഗണന നൽകുന്നതിനു പകരം പുതിയവ നിർമിക്കുവാനുള്ള വ്യഗ്രതമൂലം പലതും പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുകയോ, ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർത്തീകരിക്കാൻ ഏറെ വർഷങ്ങൾ വേണ്ടി വരികയോ ചെയ്യുന്നു. മുൻവർഷങ്ങളിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ അനേക വർഷത്തിനുശേഷം ചെയ്യേണ്ടി വരുന്നത് കരാറുകാരന് കൂടുതൽ സാമ്പത്തികഭാരം ഏൽപ്പിക്കുമെന്നതിനാൽ സ്വാഭാവികമായും അത് പദ്ധതിയുടെ ഗുണമേന്മയെ ബാധിക്കുമെന്നത് തർക്കത്തിനിട നൽകാത്ത വസ്തുതയാണ്. പൂർത്തീകരിച്ച പല പകൽവീടുകളും ലക്ഷ്യം സാക്ഷാത്ക്കരിക്കാനുതകും വിധം ജനങ്ങൾക്കു തുറന്നു നൽകുന്നതിനു പകരം അടച്ചിട്ടിരിക്കുകയാണ്. വിവാഹം, സമ്മേളനം, യോഗങ്ങൾ തുടങ്ങിയ പരിപാടികൾക്കു മാത്രമാണ് അവ പ്രയോജനപ്പെടുന്നത്. ജീവിത സായാഹ്നത്തിൽ വൃദ്ധജനങ്ങൾക്ക് മാനസികോല്ലാസം പ്രദാനം ചെയ്യുമെന്ന ഉദാത്ത ലക്ഷ്യം മുൻനിർത്തി കോടിക്കണക്കിനു രൂപ ചെലവഴിച്ച് നിർമിക്കപ്പെടുന്ന ഇത്തരം ആസ്തികൾ നിഷ്ക്രിയ ആസ്തികളായി മാറുന്ന കാഴ്ച ഏറെ ദൌർഭാഗ്യകരമാണ്. നിർബന്ധിതമായി മാറ്റിവെയ്ക്കപ്പെടുന്ന പദ്ധതിപ്പണം പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന കേവലം കോൺക്രീറ്റ് നിർമിതികൾക്കായി വിനിയോഗിക്കപ്പെടുന്നത് സ്വാഭാവിക നീതിയുടെ നിഷേധവും പദ്ധതി ആസൂത്രണപ്രക്രിയയുടെ അന്തഃസത്തയെത്തന്നെ ചോദ്യം ചെയ്യുന്നതുമാണ്. വിവിധ വാർഷിക പദ്ധതിയിലുൾപ്പെട്ട് തുടർന്നു വന്നതും തൻവർഷം പരിശോധനാവിധേയമാക്കിയതുമായ ഏതാനും പകൽവീട്ടു നിർമാണ പ്രോജക്റ്റുകളുടെ നിർവഹണത്തിലെ പിഴവുകൾ സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-66-1 ഇണ്ടൻചോല പുതുവൽ പകൽവീട്-പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു

വിവിധ വർഷങ്ങളിലെ പ്രോജക്റ്റ് വിവരങ്ങൾ

| | |
|---|---|
| 2017-18 | എസ്1397/18 |
| 2018-19 | എസ്890/19 |
| 2019-2020 | എസ് 945/2020 |

ഓഡിറ്റ് വർഷത്തെ പദ്ധതി വിശദാംശങ്ങൾ

| | |
|---|---|
| അടങ്കൽ | ₹10,00,000/- ( വികസന ഫണ്ട് -പട്ടികജാതി ഘടക പദ്ധതി) |
| കരാറുകാരൻ | ശ്രീ. കെ.എ.ചെറിയാൻ ,കറുകച്ചേരിൽ ,<br>കൽത്തൊട്ടി |
| കരാർ നം | 43/T/AEE/LSGD/IDK /18-19 തീ.06.09.2018 |
| സൈറ്റ് കൈമാറിയ തീയതി | 16.11.2018 |
| പ്രവൃത്തി നിലവിലെ അവസ്ഥയിൽ പൂർത്തീകരിച്ച തീയതി | 18.03.2019 |
| ചെലവഴിച്ച തുക | ₹976706/- |
| ബിൽ നം./തീ. | 58/AEE/19-2020 പണമാക്കിയ തീ. 03.05.2019 |

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ ഇണ്ടൻചോലയിൽ ഒരു പകൽവീട് നിർമിക്കുന്നതിന് ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്റ്റ്. വണ്ടിപ്പെരിയാർ ടൌണിൽനിന്ന് ഏകദേശം 20 കിലോമീറ്റർ അകലെ, അത്യന്തം ദുർഘടമായ ഒരു വഴി അവസാനിക്കുന്ന ഒരു കുന്നിൻമുകളിലാണ് പ്രസ്തുത സൈറ്റ് സ്ഥിതി ചെയ്യുന്നത്. നിർമാണത്തിനാവശ്യമായ 02 ആർ 02 ചതുരശ്ര മീറ്റർ സ്ഥലം തേങ്ങാക്കൽ 110 പുതുവൽ അമ്മൻചേരിൽ പാപ്പൻ മകൻ രാരി എന്ന വ്യക്തി ഗ്രാമപഞ്ചായത്തിന് ഇഷ്ടദാനമായി നൽകിയതാണ്. സ്ഥലം ജില്ലാ പഞ്ചായത്തിന് കൈമാറി ലഭിച്ചതായ രേഖകൾ സൂക്ഷിച്ചിട്ടില്ല. വകയിരുത്തിയ തുകയിലെ പരിമിതി മൂലം രണ്ടു നിലകൾ കോൺക്രീറ്റ് ചെയ്യുന്നതുവരെയുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. 14 മീറ്റർ X 5.5 മീറ്റർ വീതം വിസ്തീർണമുള്ള രണ്ടുനിലകളുടെ സ്ട്രക്ചറൽ വർക്ക് പ്രസ്തുത തുക വിനിയോഗിച്ച് 18.03.2019-ൽ പൂർത്തീകരിച്ചു. ടഷറി

നിയന്ത്രണം മൂലം ബിൽതുക പിൻവലിക്കാൻ കഴിയാതിരുന്നതിനാൽ തൻവർഷം പ്രോജക്ട് തയ്യാറാക്കി തുക കരാറുകാരന് നൽകി പദ്ധതി പ്രവർത്തനം അവസാനിപ്പിച്ചു. (അടുത്ത സാമ്പത്തികവർഷം പ്രോജക്ട് ആസൂത്രണം ചെയ്തിട്ടില്ല.) ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ കാലാവധി ഇതിനോടകം കഴിഞ്ഞതിനാൽ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. കെട്ടിടത്തിന്റെ സ്ഥലപരിശോധനാവേളയിലെ ചിത്രം ചുവടെ ചേർക്കുന്നു.



പദ്ധതി ഫലപ്രാപ്തിയിൽ എത്താത്തതിനാൽ ഈ പ്രവൃത്തിക്കായി ചെലവഴിച്ച തുക ₹976706/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-66-2 പള്ളിക്കട വൃദ്ധസദനം-നിർമ്മാണം അനന്തമായി നീളുന്നു

വിവിധ വർഷങ്ങളിലെ പ്രോജക്ട് വിവരങ്ങൾ

| വർഷം | പ്രോജക്ട് നമ്പർ |
|---|---|
| 2017-18 | എസ് 1498/18 |
| 2018-19 | എസ് 347/19 |
| 2019-2020 | എസ് 935/2020 |
| 2020-21 | എസ് 911/2021 |

ഓഡിറ്റ് വർഷത്തെ പദ്ധതി വിശദാംശങ്ങൾ

അടങ്കൽ തുക :- ₹20,00,000/- (വികസന ഫണ്ട് പട്ടികജാതി ഘടക പദ്ധതി)

ചെലവഴിച്ച തുക :- ₹1925743/-

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ മ്ലാമല റൂട്ടിൽ പള്ളിക്കട എന്ന ടൗണിലാണ് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്. പ്രോജക്ട് ഏറ്റെടുത്ത് നാലു വർഷം പിന്നിട്ടിട്ടും കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് വരെയുള്ള പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇരു നിലകളിലായി ഒരു ഹാൾ, ഒരു മുറി, നാലു ശുചിമുറികൾ എന്നിവയുടെ നിർമ്മാണമാണ് നടക്കുന്നത്. ഇനി തറ ടൈൽ പാകൽ, വൈദ്യുതീകരണം, പ്ലമ്പിംഗ്, പെയിന്റിംഗ്, വാതിൽ-ജനൽ എന്നിവയ്ക്ക് അടപ്പുകൾ തുടങ്ങിയ ഇനങ്ങളാണ് ശേഷിക്കുന്നത്. സാമ്പത്തിക പരിമിതി മൂലം 2019-20-ൽ പിൻവലിക്കാൻ കഴിയാതിരുന്ന തുക കരാറുകാരന് നൽകുന്നതിനാണ് 2020-21-ൽ പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. പി.എ.സി പ്രകാരമുള്ള മുഴുവൻ തുകയും വിനിയോഗിക്കപ്പെട്ടതിനാൽ തുടർന്നുള്ള ഇനങ്ങൾക്കുവേണ്ടി 2021-22 വർഷം പുതിയ പദ്ധതിക്കായി കാത്തിരിക്കേണ്ട സാഹചര്യമാണുള്ളത്. ഒരു പഞ്ചവത്സര പദ്ധതി കാലയളവ് പൂർണമായും ലഭിച്ചിട്ടും സങ്കീർണത ഒട്ടുമില്ലാത്ത ഒരു കെട്ടിടനിർമാണം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം ഏറെ ദൌർഭാഗ്യകരമാണ്. വൃദ്ധസദനത്തിന്റെ സൈറ്റ് ഓഡിറ്റ് ടീം പ്രാദേശികമായി പരിശോധിച്ചിരുന്നു. അനുലഗ്ന ഭൂമിയിലെ മൺനിരപ്പ് ഇടിഞ്ഞതിനാൽ കെട്ടിടത്തിന്റെ സംരക്ഷണഭിത്തിക്ക് തകരാർ സംഭവിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടു. അടിയന്തിരമായി അത് ബലപ്പെടുത്താത്തപക്ഷം കെട്ടിടത്തിന് വിള്ളൽ വീഴാനും, നശിക്കാനുമുള്ള സാധ്യതയേറെയാണ്. പൂരക പ്രോജക്ടിലൂടെ മേൽ പരാമർശിത ഇനങ്ങൾ നിർവഹിച്ച് പദ്ധതി നടപ്പിൽ വരുത്താൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. വൃദ്ധസദനത്തിന്റെ ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.

*സംരക്ഷണഭിത്തി ഇടിഞ്ഞ നിലയിൽ*





1-66-3 ശാന്തിപ്പാലം പകൽവീട് - പ്രവർത്തനക്ഷമമാക്കിയില്ല

| | |
|---|---|
| പദ്ധതി നം./പേര് | എസ് 974/20<br>അയ്യപ്പൻകോവിൽ ഗ്രാമ പഞ്ചായത്ത് - ശാന്തിപ്പാലം പകൽവീട് |
| അടങ്കൽ | ₹15,00,000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് തുക/ബിൽ നം./തീയതി | ₹13,54,725/-<br>ബിൽ നം.162/19-2020 തീ.03.05.2019 |
| കരാറുകാരൻ | ശ്രീ.ജേക്കബ് എബ്രഹാം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എൻജിനീയർ |

വൃദ്ധർക്ക് വിനോദത്തിനും വിശ്രമത്തിനും വേണ്ടി അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ ശാന്തിപ്പാലം എന്ന സ്ഥലത്ത് ഹാൾ, കിച്ചൻ, വരാന്ത, ടോയ്ലറ്റ് എന്നിവ ഉൾപ്പെടുന്ന ഒരു പകൽവീട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതാണ് പദ്ധതി.

പ്രസ്തുത പദ്ധതിയുടെ ഫയൽ, പ്രാദേശിക പരിശോധന എന്നിവയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.കെട്ടിടം നിർമിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്നതിന് മുമ്പ് തന്നെ പ്രോജക്ട് തയ്യാറാക്കി (പദ്ധതി നം.എസ് 1146/18) ടെൻഡർ നടപടി പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ടു (എഗ്രിമെന്റ് തീയതി 31.3.2018). യഥാർത്ഥത്തിൽ ഇഷ്ടദാനമായി സ്ഥലം ലഭിച്ചത് 24.9.2018-ൽ മാത്രമാണ്. സിദ്ധിച്ച ഭൂമി ജില്ലാപഞ്ചായത്തിന്റെ നിയമപരമായ കൈവശത്തിൽ ഉൾപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

2. ലഭ്യമായ സ്ഥലം ഉയരമുള്ള കുന്നിന്റെ പാർശ്വത്തിൽ സ്ഥിതിചെയ്യുന്നതായിരുന്നു. കെട്ടിടം നിർമ്മാണം സാധ്യമാക്കുന്നതിനായി ഗണ്യമായ അളവിൽ മണ്ണ് നീക്കം ചെയ്ത് നിരപ്പാക്കേണ്ടതിനാൽ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് സെക്ഷൻ അസി. എൻജിനീയറുടെ റിപ്പോർട്ട് പ്രകാരം, എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന ചുറ്റമതിൽ നിർമ്മാണം ഒഴിവാക്കി 3 മീറ്റർ മുതൽ 6 മീറ്റർ വരെ ഉയരത്തിൽ മണ്ണ് നീക്കം ചെയ്യൽ എന്നയിനം ഉൾപ്പെടുത്തി പുതുക്കി. ഇത്രയും ഉയരത്തിൽ മണ്ണ് നീക്കം ചെയ്ത് മൺതിട്ടയോട് ചേർന്ന് കെട്ടിടനിർമ്മാണം ആരംഭിച്ചുവെങ്കിലും കെട്ടിടത്തിന്റെ/മൺതിട്ടയുടെ സുരക്ഷയ്ക്കായി ഒരു സംരക്ഷണഭിത്തിയുടെ ആവശ്യകത മുന്നിൽക്കാണാനോ പരിഹാര നടപടികൾ സ്വീകരിക്കാനോ അധികൃതർക്ക് കഴിഞ്ഞില്ല. കെട്ടിടത്തിന്റെ നിർമാണം 08.03.2019-ൽ പൂർത്തിയാക്കി. എന്നാൽ 2019-ലെ പ്രളയത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ അടുക്കള പൂർണമായി തകർത്തുകൊണ്ട് മൺതിട്ട ഇടിഞ്ഞുവീണ് കെട്ടിടം ഉപയോഗിക്കുവാൻ സാധ്യമല്ലാതായി.

3. മണ്ണിടിഞ്ഞ് വീണ് കെട്ടിടം ഉപയോഗശൂന്യമായി ഒരു വർഷത്തിലേറെ കഴിഞ്ഞിട്ടും കേടുപാടുകൾ പരിഹരിക്കാൻ നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. 10.11.2020-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത വിവരം ബോധ്യപ്പെട്ടിട്ടുണ്ട്.

4. പിൻഭാഗത്ത് അപകടകരമായ രീതിയിൽ 6 മീറ്റർ വരെ ഉയരത്തിൽ മൺതിട്ട നിൽക്കുന്നതിനാൽ ഭാവിയിൽ മണ്ണ് ഇടിഞ്ഞുവീണ് കെട്ടിടം പൂർണ്ണമായും നശിക്കുന്നതിന് സാധ്യത ഏറെയാണ്. എന്നാൽ അപകടം ഒഴിവാക്കുന്നതിന് ഒരു സംരക്ഷണഭിത്തി നിർമിക്കുന്നതിനുള്ള സാധ്യത അടിയന്തിരമായി പരിഗണിക്കാതെ, ആർജ്ജിച്ച ആസ്തി പൂർണമായി നശിക്കുന്നതിന് കാത്തുനിൽക്കുന്ന നടപടി ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല.

5. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും വൈദ്യുതീകരണം, ജലലഭ്യത എന്നിവയ്ക്ക് വ്യവസ്ഥകളായിട്ടില്ല.

നിർമ്മിച്ച കെട്ടിടത്തിന്റെ ചിത്രം ചുവടെ ചേർക്കുന്നു.







പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് 2020-21 വാർഷിക പദ്ധതിയിൽ പ്രോജക്റ്റ് ആസൂത്രണം ചെയ്തിട്ടുള്ളതായി ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.27/18.11.2020) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് താമസംവിനാ പകൽവീട് ഉറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ ഊർജ്ജിത നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-66-4 ചെങ്കര പകൽവീട്-അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

| | |
|---|---|
| പ്രോജക്ട് നം,പേര് | എസ്1005/20-ചെങ്കര കുരിശുമല പകൽവീട് നിർമ്മാണം |
| അടങ്കൽ | ₹30,00,000/-രൂപ (വികസനഫണ്ട്-എസ്.സി.പി) |
| PAC | ₹2998984/- |
| എം ബുക്ക് നം | 511/17-18 |
| ചെലവു വിവരങ്ങൾ | ₹1722580/-<br>ബിൽ നം. 56/AEE/19-20 തീ.03/05/2019<br>₹1185233/-<br>ബിൽ നം. 225/AEE/20-21 തീ. 26/05/2020 |

2017-18-വർഷത്തിൽ 25 ലക്ഷം രൂപയും 2018-19-ൽ 5 ലക്ഷം രൂപയും വകയിരുത്തി കുരിശുമല എസ്.സി കോളനിയിൽ പകൽവീട് നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ പകൽ വീടിന് അനിവാര്യമായ ടോയ്ലറ്റ് സൗകര്യം, ജലലഭ്യത, ഫർണ്ണിച്ചർ എന്നിവ സജ്ജീകരിക്കാത്തതിനാൽ ഇതുവരെ പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി അത് ഉറന്ന പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-66-5 വട്ടമേട് പകൽവീട്-ജലലഭ്യത ഉറപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം,പേര് | എസ് 886/20 വട്ടമേട് പകൽവീട് പൂർത്തീകരണം |
| അടങ്കൽ | ₹5,00,000/-(വികസനഫണ്ട്-ജനറൽ) |
| PAC | ₹458859/-രൂപ |
| എം ബുക്ക് നം | 2088/18-19 |
| ബിൽ നം,തുക | 43/AEE/19-20 തീ.03/05/2019<br>₹337513/- |

2017-18-വർഷത്തിൽ 10 ലക്ഷം രൂപ വകയിരുത്തി നിർമ്മിച്ച പകൽ വീടിന്റെ പൂർത്തീകരണമാണ് തൻവർഷ പദ്ധതിയിൽ ലക്ഷ്യമിട്ടത്. പെയിന്റിംഗ്, ടൈൽ പാകൽ എന്നിവ ഇതുപ്രകാരം പൂർത്തീകരിച്ചുവെങ്കിലും ജലലഭ്യതയുള്ള വിഭവ സമാഹരണം നടത്തിയില്ല. പകൽ വീടിനുള്ള ഫർണ്ണിച്ചറും പദ്ധതിയിൽ ഉൾക്കൊള്ളിക്കാത്തതിനാൽ പകൽവീട് ഉറന്ന പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി പകൽ വീട് ഉറന്ന പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-67 വെള്ളാരംകുന്ന് കംഫർട്ട് സ്റ്റേഷൻ-നാല് വർഷം കഴിഞ്ഞിട്ടും പ്രവർത്തനക്ഷമമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം., പേര് | എസ് 1019/20- വെള്ളാരംകുന്ന് കംഫർട്ട് സ്റ്റേഷൻ |
| അടങ്കൽ | ₹1000000/- (വികസനഫണ്ട് -ജനറൽ) |
| കരാറുകാരൻ | ശ്രീ.എൽദോ തോമസ് |
| PAC | ₹903020/- |
| എം-ബുക്ക് നം. | 518/17-18 |
| കരാർ നം. | 22/T/AEE/LSG/IDK തീ. 04/08/2018 |
| ബിൽ നം. | 135/AEE/19-20 DT 03/50/2019 ₹745274/-<br>102/AEE/20-21 DT 27/04/2020 ₹132890/- |

കമളി ഗ്രാമപഞ്ചായത്തിലെ വെള്ളാരംകുന്ന് ടൗണിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഈ പദ്ധതി 2017-18 വർഷത്തിലാണ് ആവിഷ്കരിച്ചത്. 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലും ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും കംഫർട്ട് സ്റ്റേഷന്റെ അനിവാര്യഘടകമായ ജലലഭ്യതപോലും ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. പ്രധാന റോഡ് നിരപ്പിൽ നിന്ന് 10 അടിയോളം താഴ്ചയിലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. കെട്ടിടത്തിലേയ്ക്ക് റോഡ് സൗകര്യമില്ല. കെട്ടിടത്തിൽ എത്താൻ സാധിക്കാത്ത രീതിയിൽ ചുറ്റുപാടുകൾ കാട് പിടിച്ച് കിടക്കുന്നു. കെട്ടിടത്തിനാവശ്യമായ ഇലക്ട്രിക് കണക്ഷൻ, പൂർണമായ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് തുടങ്ങിയവയൊന്നം പൂർത്തീകരിച്ചിട്ടില്ല. കെട്ടിടം നിർമ്മിക്കാൻ തെരഞ്ഞെടുത്ത സ്ഥലത്തിന്റെ പ്രത്യേകതകൾ വിലയിരുത്താതെ പദ്ധതി തയ്യാറാക്കിയതിനാൽ അനുയോജ്യതയ്ക്കായി എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടി വന്നു . മറ്റ് ഇനങ്ങൾ അധികമായി ചെയ്യേണ്ടി വന്നതിനാൽ വകയിരുത്തിയ തുക പൂർത്തീകരണത്തിന് തികഞ്ഞില്ല. 2020-21-ൽ ₹5,00,000/- വകയിരുത്തിയെങ്കിലും അടുത്ത ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കേവലം ഒരു ശുചിമുറി നിർമ്മിച്ച് ഉപയോഗയോഗ്യമാക്കുന്നതിന് 4 വർഷങ്ങൾ കൊണ്ടുപോലും സാധിച്ചിട്ടില്ലായെന്ന വസ്തുത പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിൽ എത്രത്തോളം പുരോഗതി ജില്ലാപഞ്ചായത്ത് കൈവരിച്ചുവെന്നതിന്റെ അളവുകോലായി വിലയിരുത്തപ്പെടുന്നതാണ്. 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 173-ാം വകുപ്പിനു കീഴിലുള്ള 5-ാം പട്ടികയിൽ പരാമർശിക്കുന്ന പൊതുവായതോ, മേഖലാപരമോ ആയ ചുമതലകളിൽ ഉൾപ്പെടാത്ത ശുചിമുറി നിർമ്മാണം ഏറ്റെടുത്തതിന്റെ അനിവാര്യത ഫയലിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ഇക്കാര്യം വിശദീകരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് ജനങ്ങൾക്ക് ഉറന്ന് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സൃഷ്ടിച്ച ആസ്തി അന്യാധീനപ്പെടാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണ്. കെട്ടിടത്തിന്റെ ചിത്രം ചുവടെ നല്കുന്നു.



## 1-68 15 ലക്ഷം ചെലവഴിച്ച് ടോയ്‌ലറ്റ് നിർമ്മാണം- ജല ലഭ്യതയ്ക്കുള്ള സൌകര്യം മാത്രം ഒരുക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | 1095/20ചുരുളി ടോയ്‌ലറ്റ് നിർമ്മാണം |
| അടങ്കൽ | ₹1500000/- (വികസനഫണ്ട് -ജനറൽ) |
| എം.ബുക്ക് നം. | 06/19-20 |
| ബിൽ നം., ഉക | 103/AEE/ ₹1322477/-തീയതി 27.04.2020 |

2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് ചുരുളി ടോയ്‌ലറ്റ് നിർമ്മാണം. വ്യക്തമായ ലക്ഷ്യങ്ങളോ ചർച്ചകളോ ഇല്ലാതെ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഉദാഹരണമാണ് ഈ പദ്ധതി. ചുരുളി ടൗണിൽ നിന്ന് 250 മീറ്ററോളം മാറി റോഡ് സൈഡിലായി ടോയ്‌ലറ്റ് കോംപ്ലക്സ് പണി കഴിപ്പിച്ചു. എന്നാലിതുവരെ ഇത് ഉറന്നുപ്രവർത്തിക്കുന്നതിനാവശ്യമായ വെള്ള സൗകര്യം ഏർപ്പെടുത്തുവാനോ ഇതിനായി പദ്ധതികൾ ആവിഷ്കരിക്കുവാനോ സാധിച്ചിട്ടില്ല. പൂട്ടികിടക്കുന്ന സ്ഥാപനത്തിന്റെ ജനൽ പാളികൾ സാമൂഹ്യ വിരുദ്ധർ മോഷ്ടിച്ചതായി അറിഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി ടോയ്‌ലറ്റ് കോംപ്ലക്സ് ഉറന്ന് പ്രവർത്തിക്കുന്നതിനാവിശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.



## 1-69 വികലാംഗ വർക്ക്ഷെഡ് -സാമൂഹ്യവിരുദ്ധരുടെ താവളം

| | |
|---|---|
| പ്രോജക്റ്റ് നം.,പേര് | 159/2020-വികലാംഗ വർക്ക്ഷെഡ് സേനാപതി ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | ₹1000000/-(വികസനഫണ്ട് ജനറൽ) |
| എം-ബുക്ക് നം | 407/17-18 |
| P.A.C | ₹903879/- |
| ചെലവഴിച്ച ഉക | ₹277236/-<br>ബിൽ നം.118/18-19 തീ.03.05.19 (I & Part)<br>₹576644/- (II & Final) ഉക നൽകിയിട്ടില്ല. |

2004-05 സാമ്പത്തിക വർഷം ₹15,00,000/ വകയിരുത്തി ജില്ലാപഞ്ചായത്ത് സേനാപതി ഗ്രാമപഞ്ചായത്തിൽ ഒരു വികലാംഗ വർക്ക്ഷെഡ് നിർമ്മിച്ചിരുന്നു. ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നല്കി അവരുടെ സാമ്പത്തിക ഉന്നമനം സാധ്യമാക്കുന്നതിന് നിർമ്മിച്ച ഈ വർക്ക്ഷെഡ് 15 വർഷങ്ങൾക്കിപ്പുറവും പ്രസ്തുത ആവശ്യത്തിനായി ഉപയോഗിച്ചിട്ടില്ല. വിവാഹം, സമ്മേളനം തുടങ്ങിയവ നടത്തുന്നതിനുള്ള ഒരു ഓഡിറ്റോറിയം എന്ന നിലയിലാണ് ഇപ്പോൾ ഉപയോഗിച്ച വരുന്നത്. ഈ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 2018-19-ൽ വീണ്ടും ₹10,00,000/- അനുവദിച്ചു. ഇതുപയോഗിച്ച് പെയിന്റിംഗ്, പ്ലംബിംഗ് , സംരക്ഷണഭിത്തി നിർമാണം തുടങ്ങിയ പ്രവൃത്തികൾ 2019-20 വർഷത്തിൽ നടത്തി. ഇപ്രകാരം അറ്റകുറ്റപ്പണികൾ നടത്തുന്നതല്ലാതെ, പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന രീതിയിൽ ഭിന്നശേഷിക്കാർക്ക് ഉപയുക്തമായ രീതിയിൽ ഈ കെട്ടിടത്തെ മാറ്റുന്നതിനായി യാതൊരു പ്രവർത്തനവും ആവിഷ്കരിച്ചിട്ടില്ല. വെള്ള സൗകര്യം ഉറപ്പാക്കിയിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം ഭാവിയിൽ കൈയ്യേറപ്പെടാതിരിക്കുവാൻ തക്കവിധമുള്ള ചുറ്റുമതിൽ പൂർണമായി നിർമ്മിച്ചിട്ടില്ല. ഈ കെട്ടിടവും പരിസരവും നിലവിൽ മദ്യപന്മാരുടെയും സാമൂഹ്യവിരുദ്ധരുടെയും താവളമായി മാറിയിരിക്കുന്നു. മദ്യക്കുപ്പികളും പുകയില ഉത്പന്നങ്ങളുടെ കവറുകളും പരിസരമാകെ വലിച്ചെറിഞ്ഞിരിക്കുന്ന അവസ്ഥയിലാണ് കെട്ടിടത്തിന്റെ ചുറ്റുപാടുകൾ പരിശോധനാവേളയിൽ കാണപ്പെട്ടത്. സ്ഥലവും കെട്ടിടവും സംരക്ഷിക്കുന്നതിനും നിർമ്മാണ ലക്ഷ്യം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർനടപടികളും അടിയന്തിരമായി ആവിഷ്കരിക്കേണ്ടതാണ്. കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ സൂചിപ്പിക്കുന്ന ചിത്രം ചുവടെ ചേർക്കുന്നു.



1-70 സ്കൂൾ കെട്ടിടം അപകടാവസ്ഥയിൽ

പ്രോജക്റ്റ് നം.എസ്1178/2020

കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ മുക്കടം ഗവൺമെന്റ് ഹൈസ്കൂളിന് ₹23,10,000/- വകയിരുത്തി 2019-20 വർഷത്തിൽ 06 ക്ലാസ് മുറികളടങ്ങിയ ഒരു പുതിയ ബ്ലോക്കും വട്ടവട ഗ്രാമ പഞ്ചായത്തിലെ വട്ടവട ഗവ. ഹൈസ്കൂളിന് ₹1600000/- വകയിരുത്തി 3 ക്ലാസ് മുറികളടങ്ങിയ ഒരു പുതിയ ബ്ലോക്കും നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ പിൻവശം വളരെ ഉയരമുള്ളതും ഉറപ്പില്ലാത്തതുമായ മൺതിട്ടയാണ്. ഇതിന്റെ ചില ഭാഗങ്ങൾ ഇപ്പോൾ തന്നെ ഇടിഞ്ഞുവീണു തുടങ്ങിയിട്ടുണ്ട്. ഉറപ്പില്ലാത്ത മണ്ണ് ഈ മേഖലകളുടെ പ്രത്യേകതയാകയാൽ ശക്തമായ മഴയിൽ മൺതിട്ട തകർന്ന് പുതിയ ബ്ലോക്കിലേക്ക് പതിക്കാനുള്ള സാധ്യതയേറെയാണ്. കെട്ടിടത്തിന്റെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് സംരക്ഷണഭിത്തി അനിവാര്യമാണെങ്കിലും അത് നിർമ്മിക്കുന്നതുൾപ്പെടെയുള്ള തുടർ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. 2018-ലെ പ്രളയ സമയത്ത് ഇടുക്കി ജില്ലയിൽ ഏറ്റവുമധികം മണ്ണിടിച്ചിലും പ്രകൃതി ദുരന്തങ്ങളും ബാധിച്ച പ്രദേശമാണ് കൊന്നത്തടിയും വട്ടവടയും എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആയതിനാൽ അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന ചെറിയ അശ്രദ്ധ പോലും വൻ ദുരന്തത്തിന് കാരണമാകും. മുൻ വർഷങ്ങളിലേതുപോലെ ഒരു പ്രളയസമാന സാഹചര്യം മുന്നിൽക്കണ്ട് സ്കൂൾ കെട്ടിടങ്ങൾക്ക് സംരക്ഷണഭിത്തി അടിയന്തിര പ്രാധാന്യത്തോടെ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും ശ്രദ്ധയിൽ പെടുത്തുന്നു. സ്കൂൾക്കെട്ടിടത്തിന്റെയും മൺതിട്ടയുടെയും ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.





1-71 പബ്ലിക് ഹെൽത്ത് ലാബ് നിർമ്മാണം തീരുമാനത്തിലൊതുങ്ങി

ഇടുക്കി ജില്ലാ ആസ്ഥാനത്ത് ഒരു പബ്ലിക് ഹെൽത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള ശിപാർശയും അതോടൊപ്പം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള 15 സെന്റ് സ്ഥലം അതിനായി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷയും ജില്ലാ മെഡിക്കൽ ഓഫീസർ 16.08.2017-ൽ ഭരണസമിതി മുൻപാകെ സമർപ്പിച്ചിരുന്നു. അദ്ദേഹം ഹാജരാക്കിയ പ്ലാൻ, സ്കെച്ച് എന്നിവ 31.12.2018-ലെ (ഒന്നേകാൽ വർഷത്തിനുശേഷം) അജണ്ട 32-ാം നമ്പർ തീരുമാനപ്രകാരം വിദഗ്ധോപദേശത്തിന് എക്സി.എൻജിനിയർക്ക് കൈമാറി. എൻജിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാബ് സ്ഥാപിക്കുവാൻ 18 സെന്റ് സ്ഥലം ആവശ്യമായി വരുമെന്ന് വിലയിരുത്തിയ ഭരണസമിതി പാറേമാവ് വഴിയോര വിശ്രമകേന്ദ്രത്തിനു സമീപം അത് വിട്ടു നൽകുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യ് തീരുമാനമെടുത്തു. (നം.7/തീ.29.03.2019). എന്നാൽ ലാബ് നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം പാറേമാവ് ആയുർവേദ ആശുപത്രിക്കു സമീപമുള്ള സ്ഥലമാണെന്നും അത് അനുവദിച്ചു നൽകണമെന്നും ചൂണ്ടിക്കാട്ടി 08.05.2019-ൽ ഡി.എം.ഒ നൽകിയ കത്ത് പരിഗണിച്ച് പ്രസ്തുത സ്ഥലം സർക്കാർ അനുമതിക്കു വിധേയമായി അനുവദിക്കുന്നതിന് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.(അജണ്ട നം.3 തീരുമാന നം.2/തീ. 14.05.2019). ലാബ് സ്ഥാപിക്കുന്നതിന് സമർപ്പിക്കപ്പെട്ട പ്രസ്തുത ശിപാർശ ലഭിച്ച് ഏതാണ്ട് 2 വർഷത്തിനുശേഷം കൈക്കൊണ്ട പ്രസ്തുത തീരുമാനത്തിന്മേൽ നാളിതുവരെ തുടർനടപടികളുണ്ടായിട്ടില്ലായെന്നത് ഏറെ ഖേദകരമായ വസ്തുതയാണ്.

ഇടുക്കി ജില്ലയിലെ ജനസംഖ്യയിൽ ബഹു ഭൂരിപക്ഷവും കുടിയേറ്റ കർഷകരും കർഷകത്തൊഴിലാളികളും വൻകിട തോട്ടം മേഖലകളിലെ

തൊഴിലാളികളുമാണ്. ഭൂമിശാസ്ത്രപരമായി ഏറെ പ്രത്യേകതകളുള്ള ജില്ലയിലെ ആരോഗ്യ സംവിധാനങ്ങളുടെ സൌകര്യങ്ങൾ വളരെ പരിമിതമാണ്. വിദഗ്ധ ചികിത്സകൾക്ക് ഇപ്പോഴും അന്യജില്ലകളെയാണ് ജനങ്ങൾ ഏറെയും ആശ്രയിക്കുന്നത്. കേരളം ആരോഗ്യമേഖലയിൽ വൻകുതിപ്പ് നടത്തിയ ഈ കാലഘട്ടത്തിൽ ഇതര ജില്ലകളിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളും, താലൂക്ക് ആശുപത്രികൾ ജില്ലാ ആശുപത്രികളായും ജനറൽ ആശുപത്രികളായും വികസിപ്പിക്കപ്പെട്ടപ്പോൾ ഇടുക്കി ജില്ലയുടെ ആസ്ഥാനത്തിന് പറയാനുള്ളത് അംഗീകാരമില്ലാത്ത/പണി തീരാത്ത ഇടുക്കി മെഡിക്കൽ കോളേജിന്റെയും പാറേമാവ് ആയുർവേദാശുപത്രിയുടെയും കഥകൾ മാത്രം. പാറേമാവ് ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ട് ഒരു പതിറ്റാണ്ടോളം ആകുന്നുവെങ്കിലും കോടികൾ ചെലവഴിക്കപ്പെട്ട നിർമ്മിതി ഇപ്പോഴും ജനോപകാരപ്രദമായിട്ടില്ല. ഇടുക്കി മെഡിക്കൽ കോളേജിന്റെ അംഗീകാരത്തിനുള്ള നടപടികൾ ഇതുവരെ എങ്ങുമെത്തിയതുമില്ല. കോവിഡ് 19 മഹാമാരി രൂക്ഷമായി ബാധിച്ച ആദ്യ ഘട്ടത്തിൽ രോഗനിർണ്ണയം നടത്തുന്നതിനു ശേഷിയുള്ള ഒരു ലാബ് പൊതു-സ്വകാര്യമേഖലയിൽ ജില്ലയിൽ ഒരിടത്തുമുണ്ടായിരുന്നില്ലായെന്ന വസ്തുത ജില്ലാ പഞ്ചായത്ത് ലാബ് നിർമ്മാണത്തിൽ പ്രകടിപ്പിച്ച ഉദാസീനതയുടെ പ്രത്യാഘാതം എത്ര വലുതായിരുന്നുവെന്ന് വെളിപ്പെടുത്തുന്നതാണ്. അന്യജില്ലകളായ എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളെയാണ് സ്രവ പരിശോധനയ്ക്ക് ഇക്കാലയളവിൽ ഏറെ ആശ്രയിക്കേണ്ടി വന്നത്. പരിശോധനാഫലം സമയത്തു ലഭിക്കാതെ വന്നത് രോഗനിർണ്ണയം മന്ദീഭവിക്കാനും രോഗികളെ യഥാസമയം ക്വാറന്റൈൻ-ചികിത്സാ കേന്ദ്രങ്ങളിലേക്ക് മാറ്റി രോഗ വ്യാപനം തടയുന്ന നടപടികൾ ത്വരിതപ്പെടുത്താനുമുള്ള ശ്രമങ്ങളെ ഒരളവുവരെ തടസ്സപ്പെടുത്തുന്നതിനും കാരണമായി. സുസജ്ജമായ ലാബ് സൌകര്യം കോവിഡ് 19-നെതിരെയുള്ള പോരാട്ടത്തിൽ വൻകുതിപ്പിന് സഹായകരമാകുമായിരുന്നുവെന്നിരിക്കെ പ്രസ്തുത സൌകര്യം ഒരുക്കുവാൻ വേണ്ടത്ര സമയം ലഭിച്ചിട്ടും അവസരം പാഴാക്കിയ ജില്ലാ പഞ്ചായത്ത് നടപടിക്ക് ജനങ്ങൾ വലിയ വില നൽകേണ്ടി വന്നുവെന്ന് തുടർന്നുണ്ടായ സംഭവവികാസങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഉടമസ്ഥാവകാശം സ്ഥിരീകരിക്കാത്ത സ്ഥലങ്ങളിലും, സ്വകാര്യ വ്യക്തികളുടെ ഭൂമിയിലും, ജനവാസമില്ലാത്ത വനമേഖലയിലും മറ്റും പ്രാപ്യമായ യാതൊരു ലക്ഷ്യവും മുന്നിൽക്കാണാതെ കോടികൾ ചെലവഴിച്ച് കെട്ടിടനിർമ്മാണം മുൻകാലങ്ങളിലും ഇപ്പോഴും നിർബാധം ഏറ്റെടുത്തു നടപ്പാക്കി വരുന്ന ജില്ലാപഞ്ചായത്ത് ഇത്രയും ജനോപകാരപ്രദമായ ഒരു പ്രോജക്ട് സമയബന്ധിതമായും ഇച്ഛാശക്തിയോടുംകൂടി ആവിഷ്കരിച്ച് നടപ്പാക്കാതിരുന്നത് പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിലെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. നടപടികൾ പുനരാരംഭിച്ച്, നടപ്പു സാമ്പത്തികവർഷമോ തുടർന്നുള്ള വർഷമോ പുതിയ പ്രോജക്ട് തയ്യാറാക്കി, ആരോഗ്യവകുപ്പ് തങ്ങളുടെ രൂപരേഖയിൽ വിഭാവനം ചെയ്തിരുന്ന രീതിയിൽ സുസജ്ജമായ ഒരു ഹെൽത്ത് ലാബ് സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-72 കല്ലാർ വട്ടിയാർ ജലവൈദ്യുത പദ്ധതി പുനരുജ്ജീവിപ്പിച്ചില്ല

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പള്ളിവാസൽ പഞ്ചായത്തിലെ കല്ലാറിൽ 18 KW ശേഷിയുള്ള ഒരു ജലവൈദ്യുത പദ്ധതി പ്രവർത്തിച്ചിരുന്നു. കല്ലാറിലൂടെ ഒഴുകിയെത്തുന്ന ജലം ഒരു തടയണയുടെ സഹായത്തോടെ തടഞ്ഞു നിർത്തി ഉത്പാദിപ്പിക്കുന്ന വൈദ്യുതി KSEB-യ്ക്ക് വിൽപ്പന നടത്തിയിരുന്നതിലൂടെ പഞ്ചായത്തിന് മുൻവർഷങ്ങളിൽ ഗണ്യമായ തുക ലഭിച്ചിട്ടുണ്ട്. വൈദ്യുതി നിലയത്തിന്റെ പ്രവർത്തനത്തിലൂടെ ദിവസവേതനാടിസ്ഥാനത്തിൽ 3 വ്യക്തികൾക്ക് തൊഴിലും ലഭിച്ചിരുന്നു. 2018-ജൂണിലുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് വൈദ്യുത നിലയത്തിന് കേടുപാടുകൾ സംഭവിച്ചു. തുടർന്ന് ഓഗസ്റ്റിലെ പ്രളയത്തിൽ അത് വൻതകർച്ചയെ നേരിടുകയും ചെയ്തു. നിലവിൽ പദ്ധതി പ്രവർത്തനരഹിതമാണ്. ആയത് പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി തൻവർഷം ഒരു പ്രോജക്ട് തയ്യാറാക്കുവാൻ ഭരണസമിതി തീരുമാനമെടുത്തിരുന്നു. (തീരുമാന നം.5/1 തീയതി 25.10.2019). ഒരു കോടി രൂപ വകയിരുത്തി Energy Management Centre Kerala എന്ന സ്ഥാപനം മുഖേന നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കുവാനാണ് നിശ്ചയിച്ചത്. എന്നാൽ ഈ സ്ഥാപനത്തിന് സർക്കാർ അംഗീകാരമില്ലാത്തതിനാൽ അനുമതിക്കായി അപേക്ഷിക്കുവാൻ തീരുമാനമുണ്ടായെങ്കിലും അതിനെ പിൻപറ്റി തുടർനടപടികളൊന്നുമുണ്ടായില്ല. വൈദ്യുതനിലയത്തിന്റെ തത്സ്ഥിതി സംബന്ധിച്ച രേഖകൾ ജില്ലാപഞ്ചായത്തിൽ ലഭ്യമല്ല. യന്ത്രസാമഗ്രികളടക്കമുള്ള ആസ്തികളുടെ തുടർപ്രവർത്തനക്ഷമതയും വിലയിരുത്തപ്പെട്ടിട്ടില്ല. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് KSEB-യുടെയും, സംസ്ഥാനതല പരിസ്ഥിതി ആഘാത പഠന സമിതിയുടെയും അംഗീകാരം ആവശ്യമാണ്. നിലയത്തിന്റെയും യന്ത്ര സാമഗ്രികളുടെയും നിലവിലത്തെ അവസ്ഥ ജില്ലാപഞ്ചായത്ത് മരാമത്ത് വിഭാഗം, വൈദ്യുതീകരണ പ്രോജക്ടുകൾക്കായി രൂപീകരിച്ചിട്ടുള്ള ജില്ലാതല സാങ്കേതിക സമിതി എന്നിവയിലെ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ വിലയിരുത്തേണ്ടതും പുനരുജ്ജീവനത്തിനുള്ള സാധ്യതാപഠനം നടത്തേണ്ടതുമാണ്. പദ്ധതിയുടെ പുനരാവിഷ്കാരം സാധ്യമെങ്കിൽ മേൽപരാമർശിത സർക്കാർ ഏജൻസികളുടെ നിരാക്ഷേപ അംഗീകാരം വാങ്ങി പ്രവർത്തനം ആരംഭിക്കേണ്ടതും അല്ലാത്തപക്ഷം ശേഷിക്കുന്ന ആസ്തിയുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി പരസ്യലേലത്തിലൂടെ കൈയ്യൊഴിഞ്ഞ് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്.

## 1-73 മരുന്നു വാങ്ങൽ പ്രോജക്ടുകൾ-വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല

ജില്ലാപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി തൊടുപുഴ ജില്ലാ ആയുർവേദ ആശുപത്രി സൂപ്രണ്ട് മുഖേന മരുന്നുകൾ വാങ്ങുന്നതിനു

ഔഷധി, ആയുർധാര എന്നീ സ്ഥാപനങ്ങൾക്ക് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ അവ പൂർണമായി വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | വിതരണ ഏജൻസി | കൈമാറിയ തുക ₹ | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം ₹ | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| എസ്032/2020 ജില്ലാ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ഔഷധി തൃശ്ശൂർ | 1500000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം) | NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് കുട്ടനല്ലൂർ ശാഖയിലുള്ള 5913005900000015 നമ്പർ അക്കൗണ്ടിലേക്ക് 21.12.2019-ൽ ട്രാൻസ്ഫർ ചെയ്തു. | 1487056 | 12944 |
| ----ടി--- | ആയുർധാര തൃശ്ശൂർ | 1000000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം) | NEFT മുഖേന സ്ഥാപനത്തിന് ഫെഡറൽ ബാങ്ക് സൌത്ത് അഞ്ചേരി ശാഖയിലുള്ള 13680200002495 നമ്പർ അക്കൗണ്ടിലേക്ക് 21.12.2019-ൽ ട്രാൻസ്ഫർ ചെയ്തു. | 811951 | 188049 |
| എസ്033/2020 പാലിയേറ്റീവ് കെയർ മരുന്നുകൾ വാങ്ങൽ | ഔഷധി തൃശ്ശൂർ | 500000/- (വികസനഫണ്ട്- ജനറൽ) | NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് കുട്ടനല്ലൂർ ശാഖയിലുള്ള 5913005900000015 നമ്പർ അക്കൗണ്ടിലേക്ക് 07.2.2020-ൽ ട്രാൻസ്ഫർ ചെയ്തു. | -- | 500000 |
| | | | ആകെ | | 700993 |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-74 ഡിപ്പോസിറ്റ് പ്രവൃത്തികൾ-പ്രവൃത്തികൾ ആരംഭിച്ചില്ല

ഇടുക്കി ജില്ലയിലെ വിവിധ പഞ്ചായത്തുകളിലുള്ള എസ്.സി കോളനികൾക്ക് കുടിവെള്ള പദ്ധതിയ്ക്കായി കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള എസ്റ്റിമേറ്റ് പ്രകാരം തുക ഡിപ്പോസിറ്റ് ചെയ്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര് | അടങ്കൽ₹ | ഡിപ്പോസിറ്റ് തുക ₹ | ചെലവു തുകയുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | കരുണാപുരം ഗ്രാമപഞ്ചായത്ത് ചക്കക്കാനം എസ്.സി കോളനി(1164/49)കുടിവെള്ള പദ്ധതി | 1000000 | 110000 | കേരള ജല അതോറിറ്റി തൊടുപുഴ പി.എച്ച് ഡിവിഷൻ എക്സി.എൻജിനിയറുടെ പേരിൽ എസ്.ബി.ഐ തൊടുപുഴ ശാഖയിലുള്ള 67133387137 നമ്പർ അക്കൌണ്ടിലേക്ക് 06.04.2019 -ൽ നേരിട്ട് ക്രെഡിറ്റ് ചെയ്തു. |
| 2 | പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് തെക്കേകുരിശുമല കുടിവെള്ള പദ്ധതി (1149/19) | 1000000 | 165000 | |
| 3 | കരുണാപുരം ഗ്രാമപഞ്ചായത്ത് 50 ഏക്കർഎസ്സ്.സി കോളനി കുടിവെള്ള പദ്ധതി(1158/19) | 1000000 | 105000 | |

എന്നാൽ പ്രസ്തുത പദ്ധതികൾക്കായി കുഴൽക്കിണർ സ്ഥാപിക്കുകയോ, തുടർ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് നല്കുകയോ ചെയ്യാത്തതിനാൽ പദ്ധതികൾക്ക് യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല. പദ്ധതികളെല്ലാം ഡിപ്പോസിറ്റ് പ്രവൃത്തികളായി നടത്തുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ നിസ്സഹകരണം മൂലമാണ് പദ്ധതികൾക്ക് കാലതാമസം നേരിടുന്നതെങ്കിൽ പദ്ധതി അടിയന്തിരമായി ഭേദഗതി ചെയ്ത് തുക തിരികെ ഈടാക്കി ടെൻഡർ നടപടികളിലൂടെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-75 സിവിൽ നിക്ഷേപങ്ങൾ

സിവിൽ നിക്ഷേപങ്ങളുടെ കണക്കുകളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ)കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ജില്ലാപഞ്ചായത്ത് ഋണബാധ്യതാക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ തുടങ്ങിയവരിൽനിന്ന് സ്വീകരിച്ച നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം, ലേല നിക്ഷേപം, തുടങ്ങിയ ഇനങ്ങളിലായി ലഭിച്ചതും തിരികെ നൽകാനുള്ളതുമായ തുകകളാണ് ധനകാര്യപത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്. അതിൻപ്രകാരം 2016-17 വരെയുള്ള വർഷങ്ങളിൽ നിക്ഷേപിക്കപ്പെട്ടതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തൻവർഷ ധനകാര്യപത്രികയുടെ മുന്നിരിപ്പിൽ ഉൾപ്പെട്ട 2016-17 സാമ്പത്തികവർഷം വരെയുള്ള സിവിൽ നിക്ഷേപത്തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Head Of A/c | Items | Amount |
|---|---|---|
| 340100102 | Suppliers’ Earnest Money Deposit | 124950 |
| 340100103 | Bidders’ Earnest Money Deposit | 141500 |
| 340100301 | Contractors’ Retention | 2498648 |
| 340109901 | Other Deposits | 7122 |
| 340200102 | Auction Deposit | 17250 |
| | Total | 2789470 |

ബി)നിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .

നിക്ഷേപമിനത്തിലുള്ള ഋണബാധ്യതാ കണക്കുകൾ കൃത്യമായി നിർണയിച്ച സൂക്ഷിക്കുന്നതിന് ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടത് അനിവാര്യമാണെങ്കിലും അത് പരിപാലിച്ചിട്ടില്ല. ആകയാൽ റീഫണ്ട് അപേക്ഷകളുടെ ആധികാരികതയും നിയമസാധുതയും ഉറപ്പാക്കാൻ സംവിധാനമില്ല. ഇത് അനാരോഗ്യകരമായ പല പ്രവണതകൾക്കും ഹേതുവാകാനുള്ള സാഹചര്യമുണ്ട്. കണക്കുകളിലെ സുതാര്യത ഉറപ്പ വരുത്തുന്നതിനും ആഭ്യന്തര നിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിനും പ്രസ്തുത രജിസ്റ്ററിന്റെ കുറ്റമറ്റ സൂക്ഷിപ്പ് അനിവാര്യമായതിനാൽ ഇനം, വർഷം എന്നിവ തിരിച്ചുള്ള വിവരങ്ങൾ പ്രത്യേക ശീർഷകങ്ങൾ നൽകി ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-76 രേഖകളുടെ സൂക്ഷിപ്പിൽ ഗുരുതരമായ വീഴ്ച

നിർവഹണ ഉദ്യോഗസ്ഥൻ :- സൂപ്രണ്ട്, ജില്ലാ ആയുർവേദാശുപത്രി, തൊടുപുഴ

എ) ട്രഷറി ബിൽബുക്ക് ഹാജരാക്കിയില്ല

രണ്ടു മരുന്നു വാങ്ങൽ പ്രോജക്ടുകളാണ് ജില്ലാ ആയുർവേദാശുപത്രി സൂപ്രണ്ട് മുഖേന തൻവർഷം നടപ്പാക്കിയത്. ഇവയ്ക്കായി രണ്ടു ബില്ലുകൾ പ്രകാരം ₹30,00,000/- ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര് | പിൻവലിച്ച തുക ₹ | ബിൽ നമ്പർ | പണമാക്കിയ തീയതി |
|---|---|---|---|---|
| 1 | എസ്0032/2020 തൊടുപുഴ ജില്ലാ ആയുർവേദാശുപത്രിക്ക് മരുന്നു വാങ്ങൽ | 2500000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം) | 01/2019-2020 | 21.12.2019 |
| 2 | എസ്0033/2020 പാലിയേറ്റീവ് മരുന്നു വാങ്ങൽ | 500000/- (വികസനഫണ്ട്-ജനറൽ) | 02/2019-2020 | 07.02.2020 |
| | ആകെ | 3000000 | | |

ഓഡിറ്റ് വേളയിൽ ട്രഷറി ബിൽബുക്ക് പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ട്രഷറിയിൽനിന്ന് തിരികെ വാങ്ങിയില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത്. കേരള ട്രഷറി കോഡ് വാല്യം I, ചട്ടം 223-ൽ ട്രഷറി ബിൽബുക്കിന്റെ സൂക്ഷിപ്പ്, ഉപയോഗം എന്നിവ കൃത്യമായി നിർവചിച്ചിട്ടുണ്ട്. ബിൽബുക്ക് നഷ്ടപ്പെട്ടാൽ സ്വീകരിക്കേണ്ട നടപടികളും പ്രസ്തുത ചട്ടത്തിന്റെ കീഴിലുള്ള NOTE-7-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ബില്ലുകൾ പണമാക്കിയശേഷം ബിൽബുക്ക് യഥാസമയം തിരികെ വാങ്ങി വിശദാംശങ്ങൾ കാഷ് ബുക്കിലുൾപ്പെടുത്തുകയും ആ വിവരം ബിൽബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമായ അക്കൗണ്ടിംഗ് ക്രമീകരണമാണെന്നിരിക്കെ അത് നഷ്ടപ്പെട്ട് ഇത്ര നാൾ കഴിഞ്ഞിട്ടും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പരിഹാര നടപടികൾ സ്വീകരിക്കാത്തത് ഏറെ ഗൌരവമുള്ള വീഴ്ചയാണ്. ബിൽബുക്ക് തിരികെ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) പണം പിൻവലിക്കൽ വിവരങ്ങൾ കാഷ്ബുക്കിൽ ഉൾപ്പെടുത്തുന്നില്ല

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായം ഏർപ്പെടുത്തുന്നതിനു പുറപ്പെടുവിച്ച, ധനകാര്യവകുപ്പിന്റെ ജി.ഒ(പി) 177/2006 നമ്പർ മാർഗരേഖയനുസരിച്ച് (ഖണ്ഡിക 18.3 കാണുക) നിർവഹണ ഉദ്യോഗസ്ഥൻ മാതൃവകുപ്പിന്റെ കണക്കുശീർഷകങ്ങളിൽ പിൻവലിക്കുന്ന തുകകൾ രേഖപ്പെടുത്തുന്ന കാഷ് ബുക്കിൽത്തന്നെ (TR7A) പദ്ധതി നിർവഹണത്തിനായി പിൻവലിക്കുന്ന തുകളും കാലാനുക്രമത്തിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ തൊടുപുഴ, ജില്ലാ ആയുർവേദാശുപത്രി സൂപ്രണ്ട് നിർവഹണ ഉദ്യോഗസ്ഥനായ, മുൻഖണ്ഡികയിൽ പരാമർശിക്കുന്ന പ്രോജക്ടുകളുടെ ചെലവുകൾ പ്രസ്തുത കാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. മാർഗരേഖ പുറപ്പെടുവിച്ച് 14 വർഷങ്ങൾക്കിപ്പുറവും അത് പാലിക്കാൻ നടപടികളായില്ലായെന്ന വസ്തുത ദൗർഭാഗ്യകരമാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗരേഖകൾ പാലിക്കാൻ കർശനമായ നിഷ്ഠ പുലർത്തേണ്ടതാണ്.

## 1-77 സ്പിൽ ഓവർ പ്രോജക്ടുകൾ വികസനം വഴിമുടക്കുന്നു

ജില്ലാ പഞ്ചായത്ത് ഓരോ വാർഷിക പദ്ധതിയിലും ആയിരക്കണക്കിനു പ്രോജക്ടുകളാണ് ആസൂത്രണം ചെയ്യുന്നത്. ഇവയിൽ ബഹുഭൂരിപക്ഷവും സ്പിൽ ഓവർപ്രോജക്ടുകളാണ്. ഏകവർഷപ്രോജക്ടായാണ് മിക്കവയും തയ്യാറാക്കപ്പെടുന്നതെങ്കിലും സമയബന്ധിതമായി പദ്ധതിപ്രവർത്തനങ്ങൾ

ഏകോപിപ്പിക്കാത്തതിനാൽ പ്രവർത്തനകലണ്ടറിൽ പരാമർശിക്കുന്ന കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയാറില്ല. തൻമൂലം പ്രസ്തുത വർഷം വകയിരുത്തപ്പെടുന്ന തുക നഷ്ടമാകുകയും തുടർന്നുള്ള വർഷം അതേ തുക വീണ്ടും കണ്ടെത്തി വകയിരുത്തേണ്ടി വരികയും ചെയ്യുന്നു. 2014-15 വരെയുള്ള വർഷങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുവേണ്ടി സംസ്ഥാനബജറ്റിന്റെ അനുബന്ധം-4-ൽ നീക്കിവെച്ചിട്ടുള്ള വിഹിതം അവയുടെ ട്രഷറിയിൽ സൂക്ഷിക്കുന്ന പബ്ലിക് അക്കൌണ്ടിലേക്ക് 10 ഗഡുക്കളായി മുൻകൂർ ക്രെഡിറ്റ് ചെയ്യുന്ന രീതിയാണ് തുടർന്ന് വന്നിരുന്നത് (ധനകാര്യവകുപ്പിന്റെ 12.04.2006 -ലെ 177/2006 നമ്പർ ഉത്തരവ് കാണുക). ആകയാൽ ആസൂത്രണം ചെയ്യുന്ന മുഴുവൻ പ്രോജക്ടുകൾക്കും വേണ്ടതായ തുകയുടെ ലഭ്യത ഉറപ്പു വരുത്തി വകയിരുത്താനും ചെലവഴിക്കാനും കഴിഞ്ഞിരുന്നു. എന്നാൽ 2014-15 മുതൽ ഈ വ്യവസ്ഥയ്ക്ക് മാറ്റം വന്നു. ധനകാര്യ വകുപ്പിന്റെ 21.3.2015-ലെ ജി.ഒ (പി) 119/2015 നമ്പറായി പുറപ്പെടുവിച്ച പുതുക്കിയ ബിൽ സമ്പ്രദായമനുസരിച്ച് സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള തുകയും അതാതു വർഷത്തെ അലോട്ട്മെന്റിനൊപ്പം ലഭിക്കുമെങ്കിലും തൻവർഷത്തെ അലോട്ടുമെന്റ് തുക 100% ചെലവഴിച്ചാൽ മാത്രമാണ് പ്രസ്തുത തുകയ്ക്കുള്ള യഥാർത്ഥ ചെലവനുവാദം (അലോട്ട്മെന്റ് ) ലഭിക്കുക. ജില്ലാപഞ്ചായത്ത് അതാതു വർഷത്തെ അലോട്ട്മെന്റ് തുകയുടെ അൻപതു ശതമാനം പോലും വിനിയോഗിക്കാത്തതിനാൽ ഫലത്തിൽ സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള തുക കടലാസിലെ രേഖ മാത്രമായി പരിണമിക്കുകയാണ്. അവയ്ക്കായി തൻവർഷത്തെ അലോട്ട്മെന്റ് തുകതന്നെ ചെലവഴിക്കേണ്ടി വരുന്നതിനാൽ നൂതനമായ പ്രോജക്ടുകൾക്ക് ഫണ്ട് കണ്ടെത്താൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് എന്നീയിനങ്ങളിലായി ജില്ലാ പഞ്ചായത്തിന് ഓരോ വർഷവും 150 കോടിയോളം രൂപ സർക്കാരിൽനിന്ന് ലഭിക്കുന്നുണ്ട്. പ്രായോഗികതയില്ലാത്ത പ്രോജക്ടുകൾക്കു വേണ്ടി വകയിരുത്തിയ തുകകളുടെ കണക്കുകളെടുത്താൽ ടി തുകയിൽ പാതിയും അതായത് ശരാശരി 75 കോടി രൂപ ഓരോ വർഷവും ജില്ലാ പഞ്ചായത്ത് വിനിയോഗിക്കാതെ പാഴാക്കിക്കളയുന്നു. ശേഷിക്കുന്ന തുകയുടെ സിംഹഭാഗവും ലക്ഷ്യം കൈവരിക്കുമെന്നുറപ്പില്ലാത്ത മരാമത്ത് നിർമിതികൾക്കായും ചെലവഴിക്കുന്നു. കഴിഞ്ഞ രണ്ടു സാമ്പത്തികവർഷങ്ങളിലും (2018-19, 2019-2020) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം യഥാസമയം അലോട്ട്മെന്റ് ലഭിക്കാതെ വരികയും, ട്രഷറി നിരോധനം മൂലം 2019 ഒക്ടോബർ മാസം മുതൽ 5 ലക്ഷത്തിനുമേലുള്ള തുകകൾ പിൻവലിക്കാൻ കഴിയാതിരിക്കുകയും ചെയ്തത് ഗുരുതരമായ പ്രതിസന്ധിയിലേക്കാണ് ജില്ലാ പഞ്ചായത്തിനെ തള്ളിവിട്ടത്. 2019-20-ൽ ആസൂത്രണം ചെയ്ത 1151 പ്രോജക്ടുകളുടെ മൂന്നിലൊന്നു പോലും തൻവർഷം നടപ്പാക്കാൻ കഴിഞ്ഞില്ല. ഇവയുമായി ബന്ധപ്പെട്ട ബഹു ഭൂരിപക്ഷം ബില്ലുകളും നടപ്പു സാമ്പത്തികവർഷത്തെ അലോട്ട്മെന്റിൽ നിന്ന്, അതായത് 2020 മെയ്, ജൂൺ മാസങ്ങളിലായാണ് പിൻവലിക്കപ്പെട്ടിട്ടുള്ളത്.

സ്പിൽ ഓവർപ്രോജക്ടുകൾ പൂർണമായി ഒഴിവാക്കേണ്ടതുണ്ട് എന്ന നയമാണ് സംസ്ഥാനസർക്കാർ സ്വീകരിച്ചിട്ടുള്ളത്. തൻമൂലം 2018-19 മുതൽ സ്പിൽ ഓവർ പ്രോജക്ടുകൾ അനുവദിക്കില്ലായെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇവയുടെ ബാഹുല്യവും, ഭാഗികമായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച നിയമപ്രശ്നങ്ങളും മുൻനിർത്തി 2019-20-ൽ ആദ്യം ബജറ്റ് വിഹിതത്തേക്കാൾ 20 ശതമാനം തുക അധികമായി സ്പിൽ ഓവർപ്രോജക്ടുകൾക്ക് വകയിരുത്തുവാൻ അനുവാദം നൽകിയെങ്കിലും( ജി.ഒ (ആർടി) നം.990/19/ തസ്വഭവ. തീ. 15.05.2019) അത് പര്യാപ്തമാകാതെ വന്നതിനാൽ 10 ശതമാനം കൂടി വകയിരുത്തുന്നതിനും അനുവദിച്ചു. (ജി.ഒ (ആർടി) നം.1209/19/തസ്വഭവ. തീ.12.06.2019). ഇതിലുപരിയായി വേണ്ടി വരുന്ന തുക 2019-2020 വർഷത്തെ വിഹിതത്തിൽനിന്ന് പ്രോജക്ടുകൾ ഉപേക്ഷിച്ചോ ആനുപാതിക കുറവു വരുത്തിയോ കണ്ടെത്തണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. വകയിരുത്തപ്പെടുന്ന തുകകൾ യഥാസമയം കാര്യക്ഷമമായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തേണ്ട ഭരണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും, ഭരണസമിതിയും ക്രിയാത്മക ഇടപെടലുകൾ നടത്താതെ കാഴ്ചക്കാരായി തുടർന്നുവെന്നാണ് ഓഡിറ്റ്വർഷവും, നടപ്പു വർഷവും നടന്നിട്ടുള്ള പ്രോജക്ട് ചെലവുകളിൽനിന്ന് അനുമാനിക്കേണ്ടി വരുന്നത്. 2017-18-ൽ ആവിഷ്കരിച്ച മിക്ക പ്രോജക്ടുകളുടെയും ചെലവുകൾ പ്രസ്തുത വർഷങ്ങളിലാണ് നടന്നിട്ടുള്ളത്. യഥാസമയം പദ്ധതി പുരോഗതി വിലയിരുത്താതെ ഫണ്ടുകൾ ലാപ്സാക്കിയ ജില്ലാ പഞ്ചായത്ത് മേൽ സൂചിപ്പിച്ചിട്ടുള്ള ഉത്തരവുകളിലെ സർക്കാർ തീരുമാനത്തിനെതിരെ കോടതി വ്യവഹാരത്തിനു മുതിരുകയും മാധ്യമങ്ങളിലൂടെ വിവാദത്തിനു ശ്രമിക്കുകയും ചെയ്തത് സ്വന്തം ഉത്തരവാദിത്തങ്ങളിലെ പരാജയം മറച്ചുവെയ്ക്കുന്നതിനാണെന്ന് വ്യക്തമാണ്. വിവിധ വർഷങ്ങളിലായി നഷ്ടപ്പെടുത്തിയ കോടിക്കണക്കിനു രൂപ സ്പിൽ ഓവർ പദ്ധതികളുടെയും നൂതന പ്രോജക്ടുകളുടെയും ഭാവിക്ക് വൻപ്രതിസന്ധിയാണുണ്ടാക്കിയിരിക്കുന്നത്. സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ബജറ്റു വിഹിതത്തിനുപരിയായി ഭാവിയിൽ തുക സർക്കാർ അനുവദിക്കാത്തപക്ഷം പുതിയ ഒരു പ്രോജക്ട് പോലും തുടർന്നുള്ള വർഷം ഏറ്റെടുക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടാകും. സേവനമേഖയിലെ ഭവന നിർമ്മാണ പദ്ധതികൾ, അവയ്ക്കായി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് സ്വീകരിച്ചിട്ടുള്ള വായ്പകളുടെ തിരിച്ചടവ്, സർക്കാർ അനിവാര്യമെന്ന് നിഷ്കർഷിച്ചിട്ടുള്ള വിവിധ സേവന പാക്കേജ് പ്രോജക്ടുകൾ തുടങ്ങിയവയ്ക്ക് ഫണ്ട് കണ്ടെത്താനാവാതെ വരുന്ന സാഹചര്യത്തിന്റെ ആഘാതം എത്രയെന്ന് ഊഹിക്കാവുന്നതേയുള്ളു. കഴിഞ്ഞ ഏതാനും സാമ്പത്തിക വർഷങ്ങളിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെട്ട സ്പിൽ ഓവർ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.







പ്രായോഗികവും ഉപയോഗപ്രദവുമായ പദ്ധതികൾ ആസൂത്രണം ചെയ്യുക, വകയിരുത്തുന്ന തുക പൂർണമായി യഥാസമയംതന്നെ വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുക, നിർവഹണ പുരോഗതി/കാര്യക്ഷമമായ പ്രോജക്ട് പൂർത്തീകരണം സമഗ്രമായി വിലയിരുത്തുക, സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ശരിയായ വിനിയോഗം സാധ്യമാക്കി പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നുവെന്ന് ഉറപ്പാക്കുക തുടങ്ങിയ വിഷയങ്ങളിൽ കർശനമായ നിഷ്ഠ പുലർത്തി പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതാണ്. ജില്ലാപഞ്ചായത്ത് അധികൃതരുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-78 പ്രോജക്ടുകൾ പൂർത്തിയാക്കാതെ ഉപേക്ഷിക്കുന്നു

വാർഷിക പദ്ധതിയിൽ ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ പൂർണമായും, സമയബന്ധിതമായും നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്താൻ പഞ്ചായത്തിൽ സംവിധാനങ്ങളില്ല. ഓരോ വർഷവും ആസൂത്രണം ചെയ്യുന്ന, ആയിരക്കണക്കിനുള്ള പ്രോജക്ടുകളിൽ പലതിനും പ്രായോഗികത ഉണ്ടാവാറില്ല. മുന്നുപാധികളായ പല വ്യവസ്ഥകളും പാലിക്കാറുമില്ല. സൈറ്റിന്റെ അനുയോജ്യതയോ, ലഭ്യതയോ പരിഗണിക്കാതെയാണ് പല മരാമത്ത് പ്രവൃത്തികളും ടെൻഡർ നടപടികളിലേക്ക് കടക്കുന്നത്. പൂർത്തീകരണത്തിനു വേണ്ട എല്ലാ ഇനങ്ങളും ഉൾപ്പെടുത്തുന്നതിനാവശ്യമായ ഫണ്ടില്ലാതെ തയ്യാറാക്കപ്പെടുന്നവ മറ്റൊരു വശത്ത്. ഇത്തരത്തിൽ വ്യക്തമായ ഒരു ദിശാബോധമില്ലാതെയാണ് ഭൂരിപക്ഷം പ്രോജക്ടുകളും നിർവഹണ ഘട്ടത്തിലേക്ക് എത്തുന്നത്. ഇതിന്റെ പരിണിത ഫലം സ്വാഭാവികമായും വികസനത്തിന് പരാങ്മുഖമായി തീരുകയും ചെയ്യുന്നു. (സ്പിൽ ഓവർ പ്രോജക്ടുകൾ വലിയ തോതിൽ ഉയരുന്നത് വികസനം വഴിമുട്ടിക്കുന്നത് സംബന്ധിച്ച പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക)

മുൻ വർഷങ്ങളിൽ ആരംഭിച്ച് പൂർത്തിയാകാതെ അവശേഷിച്ച താഴെപ്പറയുന്ന പദ്ധതികൾ തൻവർഷവും പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് വകയിരുത്താതെ പ്രവർത്തനം അവസാനിപ്പിച്ച് ബാക്കി പണികൾ തുടർവർഷങ്ങളിലേയ്ക്ക് നീട്ടിവയ്ക്കുന്നത് ലക്ഷ്യപ്രാപ്തി അനന്തമായി നീളുന്നതിനും ആസ്തികൾ ഉപയോഗശൂന്യമായി തീരാനും ഇടവരുത്തുന്നു. ഇത്തരത്തിൽ വ്യക്തമായ ലക്ഷ്യങ്ങളില്ലാതെ വാർഷിക പദ്ധതിയുടെ ഭാഗമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) നടപ്പിലാക്കാത്ത "പൂർത്തീകരണപദ്ധതികളുടെ" വിവരങ്ങൾ

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ വിവരങ്ങൾ/അടങ്കൽ തുക- ₹ |
|---|---|---|
| 1 | 418 | 2019- 20 കരിങ്കുന്നം പഞ്ചായത്ത് കർഷക പരിശീലന കേന്ദ്രം പൂർത്തീകരണം.<br>അടങ്കൽ - 1500000 |
| 2 | 735 | 2019- 20 പുറപ്പുഴ പഞ്ചായത്ത് ടോയ്‌ലറ്റ് കോംപ്ലക്സ് പൂർത്തീകരണം<br>അടങ്കൽ - 400000 |
| 3 | 477 | 2019-20, കൊന്നത്തടിപഞ്ചായത്ത്-കൊന്നത്തടി ജലസേചനം പൂർത്തീകരണം<br>അടങ്കൽ - 300000 |
| 4 | 471 | 2019- 20 മുട്ടം പഞ്ചായത്ത് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ വനിത കൗൺസലിംഗ് ഹാൾ പൂർത്തീകരണം.<br>അടങ്കൽ - 100000 |
| 5 | 280 | 2019-20 ഉപ്പുതറ പഞ്ചായത്ത് വളകോട് ജി.എച്ച്.എസ് ആർ.എം.എസ്.എ കെട്ടിട നിർമ്മാണം പൂർത്തീകരണം<br>അടങ്കൽ - 500000 |
| 6 | 623 | 2019-20 കരുണാപുരം പഞ്ചായത്ത് ബാലൻപിള്ള സിറ്റി കമ്യൂണിറ്റി ഹാൾ പൂർത്തീകരണം (ബഹു വർഷം)<br>അടങ്കൽ - 500000 |
| 7 | 392 | 2019-20 കാമാക്ഷി ഗ്രാമ പഞ്ചായത്ത് പാണ്ടിപ്പാറ ജലസേചന പദ്ധതി പൂർത്തീകരണം (ബഹു വർഷം)<br>അടങ്കൽ - 1000000 |
| 8 | 400 | 2019-20 കാമാക്ഷി പഞ്ചായത്ത് താഴത്തു നീലവയൽ പകൽ വീട് പൂർത്തീകരണം<br>അടങ്കൽ - 100000 |
| 9 | 610 | 2019-20 നെടുംകണ്ടം പഞ്ചായത്ത് ചാറൽമേട് എസ്. സി. കോളനി കുടിവെള്ളപദ്ധതി പൂർത്തീകരണം<br>അടങ്കൽ - 1000000 |
| 10 | 1252 | വണ്ടിപ്പെരിയാർ ജി. പി. ഗ്രാമ്പി അംഗനവാടി പൂർത്തീകരണം<br>അടങ്കൽ - 292054 |
| 11 | 463 | 2019- 20 മണക്കാട് പഞ്ചായത്ത് അരിക്കുഴ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ വനിത കൗൺസലിംഗ് ഹാൾ പൂർത്തീകരണം |

| | | |
|---|---|---|
| | | അടങ്കൽ - 700000 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/2020 തീയതി 30.11.2020) മറുപടി ലഭ്യമായിട്ടില്ല.

ബി) 2017-18 , 2018-19 വാർഷിക പദ്ധതിയിൻകീഴിൽ ചെലവ് വന്നിട്ടുള്ളതും എന്നാൽ പൂർത്തിയാകാതിരുന്നിട്ടും തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്താത്ത പ്രോജക്ടുകൾ

2017-18

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ ₹ | ചെലവ്₹ | ചെലവ് % |
|---|---|---|---|---|---|
| 1 | 248 | 2017-18-മുള്ളിരിങ്ങാട് ഡിവിഷൻ- കഞ്ഞികുഴി ജി.പി-മാറാമറ്റംപടി- അയ്യുണ്ണി റോഡ് | 1500000 | 435883 | 29.06 |
| 2 | 263 | 2017-18-നെടുംകണ്ടം ഡിവിഷൻ- സേനാപതി ജി.പി-ഒട്ടാത്തി- വട്ടപ്പാറ റോഡ് | 868273 | 368273 | 42.41 |
| 3 | 269 | ഇടുക്കി ജില്ല പഞ്ചായത്ത് 17-18 വണ്ടൻമേട് ഡിവിഷൻ - വണ്ടൻമേട് പഞ്ചായത്ത് മൈലാടുംപാറ-വേങ്ങാട്ടുകുന്നേൽപടിറോഡ് നിർമ്മാണം (ബഹുവർഷം ) | 694581 | 444512 | 64 |
| 4 | 339 | കമളി പഞ്ചായത്ത് രാജാത്തിപ്പടി - ഹോസ്റ്റൽപടി റോഡ് കോൺക്രീറ്റിംഗ് | 800000 | 543566 | 67.95 |
| 5 | 394 | ഇടുക്കി ജില്ലാ പഞ്ചായത്ത് 2017-18 വണ്ടിപ്പെരിയാർ ഡിവിഷൻ വണ്ടിപ്പെരിയാർ പഞ്ചായത്ത് 110 പുതുവൽ റോഡ് കോൺക്രീറ്റിംഗ് | 700000 | 475170 | 67.88 |
| 6 | 529 | ഉടുമ്പന്നൂർ പഞ്ചായത്ത് രണ്ടുപാലം - മരക്കൊമ്പ് റോഡ് സൈഡ് കെട്ട് | 2000000 | 1460362 | 73.02 |
| 7 | 663 | മൂലമറ്റം ഡിവിഷൻ വെള്ളിയാമറ്റം പഞ്ചായത്ത് ഞരളംപുഴ - നെല്ലിക്കാമല റോഡ് മെയിൻറനൻസ് | 500000 | 333614 | 66.72 |
| 8 | 685 | മൂന്നാർ ഡിവിഷൻ ജി. എച്ച് എസ് കുഞ്ചിത്തണ്ണി സ്കൂൾ റോഡ് നിർമ്മാണം | 1000000 | 707577 | 70.76 |
| 9 | 292 | 2017-18-മൂലമറ്റം ഡിവിഷൻ- അറക്കുളം ജി പി -ആശ്രമം-ചേറാടി പാലം. | 2444160 | 1860528 | 76.12 |
| 10 | 408 | കാമാക്ഷി പഞ്ചായത്ത് പൂക്കളം കവല കുടിവെള്ള പദ്ധതി | 1000000 | 664534 | 66.45 |
| 11 | 409 | ആയുർവേദ ആശുപത്രി പാറേമാവ് വനിതാ വാർഡ് പൂർത്തീകരണം | 4520223 | 767033 | 16.97 |
| 12 | 424 | ചക്കുപള്ളം പഞ്ചായത്ത് മെറ്റീരിയൽ റിക്കവറി സെന്റർ ചെല്ലാർകോവിൽ | 3500000 | 2614159 | 74.69 |
| 13 | 430 | കാന്തല്ലൂർ പഞ്ചായത്തിൽ കാരയൂർ വനിത കാർഷിക പരിശീലന കേന്ദ്രം കേന്ദ്രം | 3000000 | 2398048 | 79.93 |
| 14 | 466 | ഇടുക്കി ജില്ലാ പഞ്ചായത്ത്-2017-18-പൈനാവ് ഡിവിഷൻ-ഇരട്ടയാർ ജിപി- ജി.എച്ച്.എസ്.എസ്. ഇരട്ടയാർ അറ്റകുറ്റപണി | 500000 | 307082 | 61.42 |
| 15 | 467 | ഇടുക്കി ജില്ലാ പഞ്ചായത്ത് 2017-18 വാഗമൺ ഡിവിഷൻ കൊക്കയാർ | 500000 | 317885 | 63.58 |

| | | | | | |
|---|---|---|---|---|---|
| | | പഞ്ചായത്ത് കറ്റിപ്പ്ലാങ്ങാട് ജി എച്ച് എസ് അറ്റകുറ്റപ്പണി | | | |
| 16 | 570 | ശാന്തിഗ്രാം ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിന് സോക്പിറ്റും അനുബന്ധ സൌകര്യങ്ങളും | 500000 | 374100 | 74.82 |
| 17 | 773 | കരിങ്കുന്നം ഡിവിഷൻ-മണക്കാട് ജി.പി-ഗവ.ഹൈ സ്കൂൾ അരിക്കുഴ അറ്റകുറ്റപണി | 500000 | 106107 | 21.22 |
| 18 | 788 | 2017-18-മൂലമറ്റം ഡിവിഷൻ- കുടയത്തൂർ ജി പി - ജി.എച്ച്.എസ് എസ്<br>വനിത കൌൺസിലിംഗ് സെൻറർ. | 1011451 | 701261 | 69.33 |
| 19 | 839 | ഏലപ്പാറ പഞ്ചായത്ത് വാകക്കാട് അംഗൻ വാടി ഭാഗം കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി | 1000000 | 777329 | 77.73 |
| 20 | 840 | വാഴത്തോപ്പ് പഞ്ചായത്ത് അഗതി പുനരധിവാസ കേന്ദ്രം ചെറുതോണി | 1534000 | 965467 | 62.94 |
| 21 | 843 | മാങ്കുളം പഞ്ചായത്തിൽ സിന്കുകുടി വാലായ്മപ്പുര നിർമാണം | 431880 | 273343 | 63.29 |
| 22 | 844 | മാങ്കുളം പഞ്ചായത്തിൽ വെള്ളയപ്പന്കുടി വാലായ്മപ്പുര നിർമാണം | 434127 | 264274 | 60.87 |
| 23 | 1057 | അറക്കുളം പഞ്ചായത്ത് ജി. വി. എച്ച്. എസ് എസ്. മൂലമറ്റം സ്കൂൾ മെയിൻറനൻസ് | 1500000 | 947806 | 63.19 |

2018-19

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ₹ | ചെലവ് ₹ | ചെലവ് % |
|---|---|---|---|---|---|
| 1 | 1206 | മാങ്കുളം പഞ്ചായത്തിൽ കുടുംബശ്രീ തൊഴിൽപരിശീലന കേന്ദ്രം നിർമ്മാണം | 640057 | 440451 | 68.81 |
| 2 | 142 | വടക്കേ ആയിരം ഏക്കർ - നായിക്കുന്ന് ഓടയ്ക്കാസിറ്റി റോഡ് | 1070453 | 427790 | 39.96 |
| 3 | 143 | അടിമാലി പഞ്ചായത്ത് 200 ഏക്കർ - മെഴുകുംചാൽ റോഡ് | 8000000 | 5494642 | 68.68 |
| 4 | 149 | കൊന്നത്തടി പഞ്ചായത്ത് കമ്പിളികണ്ടം കുരിശുകുത്തി റോഡ് ടാറിംഗ് | 1000000 | 532636 | 53.26 |
| 5 | 461 | ഇടുക്കി ജില്ലാ പഞ്ചായത്ത് 2017-18 മൂന്നാർ ഡിവിഷൻ പള്ളിവാസൽ പഞ്ചായത്ത്<br>കല്ലാർ - ചൂണ്ടക്കാട് റോഡ് നിർമ്മാണം | 1000000 | 691228 | 69.12 |
| 6 | 709 | മൂന്നാർ പഞ്ചായത്ത് കടലാർ വെസ്റ്റ് റോഡ് | 1000000 | 594339 | 59.43 |
| 8 | 959 | ആലക്കോട് പഞ്ചായത്ത് -എംവി ഐപി മഞ്ഞപ്ര എസ് സി സങ്കേതം റോഡ് | 2000000 | 1078393 | 53.92 |
| 9 | 980 | മുട്ടം പഞ്ചായത്ത്കൊഞ്ഞര ജഗ്ഷൻ - കരിശുമല റോഡ് | 1427000 | 1001934 | 70.21 |
| 10 | 998 | വാഴത്തോപ്പ് പഞ്ചായത്ത് വെള്ളാരംകാല സംരക്ഷണ ഭിത്തി (പള്ളിക്കവല – ആരാധന മഠം റോഡ്) | 500000 | 334956 | 66.99 |
| 11 | 1020 | ഏലപ്പാറ പഞ്ചായത്ത് പഴയ തേയിലപ്പുര അയ്യപ്പൻ പടി എസ്.സി.കോളനി<br>റോഡ് കോൺക്രീറ്റിംഗ് | 1500000 | 811151 | 54.08 |
| 12 | 1052 | കഞ്ഞിക്കുഴി പഞ്ചായത്ത് മൈലപ്പുഴ - വരിക്കമുത്തൻ റോഡ് | 1500000 | 1076786 | 71.79 |
| 13 | 1053 | വണ്ണപ്പുറം പഞ്ചായത്ത് ജോക്കർസിറ്റി - ഉറുമ്പിതോട് റോഡ് കലുങ്ക്, പാർശ്വഭിത്തി | 1500000 | 713118 | 47.54 |

| | | | | | |
|---|---|---|---|---|---|
| 14 | 1102 | പള്ളിവാസൽ പഞ്ചായത്ത് തോക്കുപാറ-കെ.എസ്.ഇ.ബി.-മൂന്നാംമൈൽ റോഡ് | 1000000 | 227519 | 22.75 |
| 15 | 1189 | കൊക്കയാർ പഞ്ചായത്ത്- ചപ്പാത്ത്-നരകപ്പുഴ-കൊക്കയാർ-വെമ്പിളി-ഏന്തയാർ-വെള്ളപ്പട്ട്-മുക്കുളം-വടക്കേമല-ഉറുമ്പിക്കര റോഡ്-ഇടുക്കിപാക്കേജ് | 17518001 | 1634525 | 9.33 |
| 16 | 1264 | മൂലമറ്റം ഡിവിഷൻ അറക്കുളം പഞ്ചായത്ത് ഇലപ്പള്ളി - കണ്ണിക്കൽ - മൂലമറ്റം റോഡ് - ചേലപ്പള്ളി ഭാഗത്തിന് സമീപം റോഡ് സംലക്ഷണ ഭിത്തി | 800000 | 529175 | 66.15 |
| 17 | 1444 | വണ്ണപ്പുറം പഞ്ചായത്ത് പുളിക്കത്തൊട്ടി ഒരുകുരു ഏണിത്താഴം റോഡ് | 2687312 | 1135725 | 42.26 |
| 18 | 151 | രാജാക്കാട് പഞ്ചായത്ത് കൊച്ചുപുര കുടിവെള്ള പദ്ധതി | 450000 | 359482 | 79.88 |
| 19 | 604 | മുട്ടം ഹോമിയോ ആശുപത്രി കുഴൽ കിണർ | 100000 | 47310 | 47.31 |
| 20 | 612 | രാജകുമാരി ഡിവിഷൻ-രാജാക്കാട് ജി.പി-രാജാക്കാട് സ്കൂൾ അറ്റകുറ്റപണി | 500000 | 333341 | 66.67 |
| 21 | 662 | കരിമ്പുകർഷർക്ക് ക്രഷിങ് യൂണിറ്റ് | 2400000 | 1125000 | 46.88 |
| 22 | 680 | കഞ്ഞിക്കുഴി പഞ്ചായത്ത് ചൂടൻസിറ്റി- പൊരിമറ്റം റോഡ് | 937094 | 723829 | 77.24 |
| 23 | 682 | മൂലമറ്റം ജി. എച്ച് എസ് അറ്റകുറ്റപ്പണി | 3000000 | 2029770 | 67.66 |
| 24 | 687 | കുമാരാമംഗലം പഞ്ചായത്തിലെ പെരുമ്പിള്ളിചിറ-കുടിവെള്ളപദ്ധതി | 1100000 | 360904 | 32.81 |
| 25 | 717 | കഞ്ചിത്തണ്ണി ഹയർ സെക്കണ്ടറി സ്കൂൾ ആർച്ച് നിർമ്മാണം | 1000000 | 757778 | 75.78 |
| 26 | 725 | വെള്ളത്തൂവൽ പഞ്ചായത്ത് - കുമ്പൻപാറ അംഗൻവാടി നിർമാണം | 577104 | 445732 | 77.24 |
| 27 | 729 | വാത്തിക്കുടി പഞ്ചായത്ത് പെരുംതോട്ടി എസ് സി യുവജനകേന്ദ്രം | 1000000 | 732402 | 73.24 |
| 28 | 732 | പെരുവന്താനം പഞ്ചായത്ത് ചുഴിപ്പ് ആനചാരി റോഡിന് സംരക്ഷണ ഭിത്തി | 1000000 | 739114 | 73.91 |
| 29 | 780 | ഇരട്ടയാർ ഗ്രാമപഞ്ചായത്ത് - ശാന്തിഗ്രാം സാംസ്കാരികനിലയം | 292085 | 78553 | 26.89 |
| 30 | 802 | ഇരട്ടയാർ വൃദ്ധ വികലാംഗ മന്ദിരം | 344188 | 56809 | 16.51 |
| 31 | 804 | വണ്ണപ്പുറം - കാളിയാർ ജെ.റ്റി. എസ് ന് സമീപം ഡ്രയിനേജ് | 451348 | 40985 | 9.08 |
| 32 | 817 | കഞ്ഞിക്കുഴിപഞ്ചായത്ത്പുന്നയാർ - വിജയൻ സിറ്റി റീട്ടൈനിംഗ് വാൾ | 500000 | 370870 | 74.17 |
| 33 | 826 | വാത്തിക്കുടി ഗ്രാമപഞ്ചായത്- ക്ഷീരവിജ്ഞാന കേന്ദ്രം രാജമുടി | 1500000 | 1150758 | 76.72 |
| 34 | 863 | മൂന്നാർ പഞ്ചായത്ത് മൂന്നാർ എസ്.എസ്.എ.ബിൽഡിംഗ് പൂർത്തികരണം | 1150000 | 852752 | 74.15 |

| | | | | | |
|---|---|---|---|---|---|
| 35 | 874 | കുമളി പഞ്ചായത്തിൽ റോസപൂകണ്ടം അഴുക്കുച്ചാൽ നിർമാണവും കവർ സ്ലാബ് നിർമാണം | 3000000 | 2179081 | 72.64 |
| 36 | 877 | ബോയ്സ് ഫ്രണ്ട്ലി ടോയിലെറ്റ് ജി.എച്ച്.എസ്.പെരിങ്ങാശ്ശേരി | 400000 | 302338 | 75.58 |
| 37 | 919 | കാളിയാർ പാടശേഖര നീർത്തട സംരക്ഷണം | 1000000 | 654475 | 65.45 |
| 38 | 920 | കുമളി പഞ്ചായത്ത് കുമളി ബഡ്സ് സ്കൂൾ | 1000000 | 663366 | 66.34 |
| 39 | 1193 | വാത്തിക്കുടി പഞ്ചായത്ത് പെരുന്തോട്ടി എസ് സി യുവജന കേന്ദ്രം | 335565 | 213662 | 63.67 |
| 40 | 1194 | അയ്യപ്പന്കോവിൽ പഞ്ചായത്ത് ഹെവൻ വാലി - ശാന്തി കുടിവെള്ള പദ്ധതി പൂര്ത്തികരണം | 500000 | 377742 | 75.55 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/2020 തീയതി 30.11.2020) മറുപടി ലഭ്യമായിട്ടില്ല.

2019-2 020 ൽ പൂർത്തിയാകാതിരുന്നിട്ടും 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാകാതെ പോയ പ്രോജക്റ്റുകൾ

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ ₹ | ചെലവ് ₹ | ചെലവ % |
|---|---|---|---|---|---|
| 1 | 125 | അറക്കുളം പഞ്ചായത്ത് ഇലപ്പള്ളി അന്നൂർ ഭൂസംരക്ഷണ ഭിത്തി | 500000 | 340158 | 68.03 |
| 2 | 167 | ദേവികുളം പഞ്ചായത്ത് ദേവികുളം ജി. എച്ച്. എസ് സ്കൂൾ അറ്റകുറ്റപ്പണി | 2399800 | 1120473 | 46.69 |
| 3 | 824 | ഇടവെട്ടി ഗ്രാമപഞ്ചായത്ത് മുരളിക്കവല -വെള്ളിലാംതൊട്ടി റോഡ് ചെണ്ടർ എക്സസ് തുക നൽകൽ | 393739 | 271219 | 68.88 |
| 4 | 867 | കൊന്നത്തടി പഞ്ചായത്ത് ഇരുമലക്കപ്പ് അയ്യപ്പൻമല റോഡ് പൂർത്തീകരണം | 300000 | 199165 | 66.39 |
| 5 | 953 | ഉടുമ്പന്നൂർ പഞ്ചായത്ത് തട്ടക്കുഴ ജി. എച്ച് എസ് എസ് തട്ടക്കുഴ അറ്റകുറ്റപ്പണി | 1500000 | 1078380 | 71.89 |
| 6 | 968 | കരിമണ്ണൂർ ഡിവിഷൻ - ഉടുമ്പന്നൂർ പഞ്ചായത്ത് ഉടുമ്പന്നൂർ - എടമറുക് റോഡ് ഐറിഷ് ഓട നിർമ്മാണം | 219360 | 127109 | 57.95 |
| 7 | 982 | ജൈവ കൃഷി വികസനം- തരിശ്ശു നില കൃഷി | 2916156 | 687960 | 23.59 |
| 8 | 983 | 2017-18 -മൂലമറ്റം ഡിവിഷൻ-കരിമണ്ണൂർ ജി.പി-സീഡ് ഫാം-കുറുംപാല മറ്റം റോഡ് . | 431829 | 188767 | 43.71 |
| 9 | 1017 | വണ്ടന്മേട് ഡിവിഷൻ-കമിളി ജി.പി-ജി.എച്ച്.എസ്.എസ് അമരാവതി ഓപ്പൺ സ്റ്റേജ്, കംപ്യൂട്ടർ ലാബ് | 175796 | 76741 | 43.65 |
| 10 | 1028 | ഇടുക്കി ജില്ലാ പഞ്ചായത്ത്-2017-18-പൈനാവ് ഡിവിഷൻ-മരിയാപുരം ജി.പി. ചന്ദ്രഗിരിമേട് ജലസേചന പദ്ധതി | 500000 | 394001 | 78.80 |
| 11 | 1031 | തൊടുപുഴ ജില്ലാ ആശുപത്രി കെട്ടിടം | 1083251 | 416790 | 38.48 |

| | | | | | |
|---|---|---|---|---|---|
| 12 | 1164 | ഇടുക്കി ജില്ലാ പഞ്ചായത്ത് 2017-18 അടിമാലി ഡിവിഷൻ<br>അടിമാലി പഞ്ചായത്ത്<br>ഈസ്റ്റേൺ - മണൽപ്പടി കലുങ്ക് നിർമ്മാണം | 1245306 | 803994 | 64.56 |
| 13 | 1238 | മാങ്കുളം ജി.പി-കടലാംപാറക്കുടി വാലായ്മപുര | 1300000 | 238854 | 18.37 |
| 14 | 1345 | കരിമണ്ണൂർ പഞ്ചായത്ത് വാഴാച്ചേരി പാടശേഖരത്തിന്റെ<br>സംരക്ഷണഭിത്തി പൂർത്തീകരണം | 500000 | 205933 | 41.19 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/2020 തീയതി 30.11.2020) മറുപടി ലഭ്യമായിട്ടില്ല.

ഇത്തരത്തിൽ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിന് വിശദീകരണം നൽകേണ്ടതും ഇവയുടെ തത്സ്ഥിതി വിവരങ്ങൾ അറിയക്കേണ്ടതുമാണ്.

## 1-79 നബാർഡ് RIDF XXII- ബൃഹദ് സ്കൂൾ നിർമ്മാണ പദ്ധതികൾ മണ്ണ് പരിശോധന, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നിവയിൽ അവസാനിച്ചു

സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നബാർഡ് വിഹിതം വിനിയോഗിച്ച് 3 സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവ് നം.56/2017/ LSGD/10.01.2017 പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | RIDF Loan (In Lakhs) | സംസ്ഥാന സർക്കാർ വിഹിതം/ ജില്ലാ പഞ്ചായത്ത് വിഹിതം (In Lakhs) | ആകെ പദ്ധതി തുക (In Lakhs) |
|---|---|---|---|
| ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ. ഹൈസ്കൂൾ, ശാന്തിഗ്രാം | 160 | 40 | 200 |
| ഗവ. ഹയർ സെക്കന്ററി സ്കൂൾ, മറയൂർ | 160 | 40 | 200 |
| ഗവ. ഹയർ സെക്കന്ററി സ്കൂൾ, ബൈസൻവാലി | 80 | 20 | 100 |

കെട്ടിടനിർമാണത്തിനു മുന്നോടിയായി മണ്ണ് പരിശോധന, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നിവ അനിവാര്യമായതിനാൽ അതിനുവേണ്ടി ജില്ലാ പഞ്ചായത്ത് 2017-18-ൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്തിരുന്നെങ്കിലും യഥാകാലം നടപ്പായില്ല. അടുത്ത വർഷങ്ങളിൽ സ്പിൽ ഓവറായി തുടർന്ന പ്രസ്തുത പ്രോജക്ടുകൾക്കായി 2019-20 വർഷം പ്രോജക്ട് നം.1545/20 താഴെപ്പറയും പ്രകാരം ₹12,53,015/- ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | സ്കൂൾ | ട്രഷറി ചെക്ക് നം. | തീയതി | തുക ₹ |
|---|---|---|---|---|
| 1 | ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ. ഹൈസ്കൂൾ, ശാന്തിഗ്രാം | 5706805 | 12.03.2020 | 504943 |
| 2 | | 5706806 | 12.03.2020 | 10411 |
| 3 | | 5706807 | 12.03.2020 | 5206 |
| 4 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, മറയൂർ | 5706808 | 12.03.2020 | 358293 |
| 5 | | 5706801 | 12.03.2020 | 3694 |
| 6 | | 5706100 | 12.03.2020 | 7388 |
| 7 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, ബൈസൻവാലി | 5706802 | 12.03.2020 | 352187 |
| 8 | | 5706803 | 12.03.2020 | 7262 |
| 9 | | 5706804 | 12.03.2020 | 3631 |
| | ആകെ | | | 1253015 |

ഇതിനായി കരാറെടുത്ത സിനേർജി ആർക്കിടെക്ക് & എൻജിനീയർ, കൊച്ചി എന്ന സ്ഥാപനം തൻവർഷം റിപ്പോർട്ടുകൾ സമർപ്പിച്ചതായി കാണുന്നുവെങ്കിലും കെട്ടിട നിർമാണത്തിന് നാളിതുവരെ തുടർ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. പദ്ധതി നടത്തിപ്പിലെ അനന്തമായ കാലവിളംബം പദ്ധതിപ്പണം നഷ്ടപ്പെടുന്നതിനും കരാറുകാരുമായി അനാവശ്യ കോടതി വ്യവഹാരത്തിനു ഹേതുവാകുന്നതിനുമുള്ള ഉദാഹരണങ്ങൾ (രണ്ടു റോഡ് നിർമ്മാണ പ്രവൃത്തികൾ യഥാസമയം പൂർത്തീയാക്കാതിരുന്നതിനാൽ കോടിക്കണക്കിനു രൂപ നബാർഡ് വിഹിതമിനത്തിൽ നഷ്ടപ്പെട്ടതും തുടർന്നുള്ള വ്യവഹാരങ്ങളും ഈ റിപ്പോർട്ടിൽ അന്യത്ര ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.) ജില്ലാ പഞ്ചായത്തിനു മുൻപിലുള്ളപ്പോഴാണ് പദ്ധതി നിർവഹണത്തിലെ ഈ ഉദാസീനതയെന്നത് വേറിട്ടു കാണേണ്ടതാണ്. ഭരണാനുമതിത്തുക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്ന പക്ഷം ആയത് നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും വ്യക്തിപര ബാധ്യതയായി പരിഗണിക്കുന്നതാണ്. ലഭിച്ച പണം സമയബന്ധിതമായി വിനിയോഗിക്കുന്നതിന് അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും 3 വർഷത്തെ കാലവിളംബത്തിന് വിശദീകരണം നൽകേണ്ടതുമാണ്.

പ്രസ്തുത പദ്ധതികളിൽ സോയിൽ ടെസ്റ്റ്, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നീ പ്രവൃത്തികൾ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തി പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

| ക്രമ നം. | റിപ്പോർട്ട് സമർപ്പിക്കാതെ തുക നൽകിയത് | എം. ബുക്കിൽ രേഖപ്പെടുത്തിയ തുകയുടെ വിവരങ്ങൾ | റിമാർക്ക്സ് |
|---|---|---|---|
| 1 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, മറയൂർ<br>സ്ട്രക്ചറൽ ഡിസൈനിംഗ് റിപ്പോർട്ട് ലഭ്യമല്ല. | 369375 | സോയിൽ ടെസ്റ്റ് നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| 2 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, ബൈസൺവാലി സോയിൽ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമല്ല. | 163080/- | -- |
| | ആകെ | 369375 | |

പദ്ധതി പൂർത്തിയാകാത്തതിനാൽ മണ്ണ് പരിശോധന, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നിവയ്ക്കായി ചെലവഴിച്ച ആകെ തുക 12,53,015/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.35/2.12.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-80 ജില്ലാ പഞ്ചായത്ത് കാര്യാലയം-അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ അനാസ്ഥ

ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിലെ ഏറ്റവും ഉ യർന്ന ശ്രേണിയിൽപ്പെടുന്ന സ്ഥാപനമാണ് ജില്ലാ പഞ്ചായത്ത്. ജില്ലാതലത്തിൽ നിയന്ത്രണാധികാരമുള്ളവരാണ് നിർവഹണ ഉദ്യോഗസ്ഥരിൽ ബഹു ഭൂരിപക്ഷവും. താഴെത്തട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉൾപ്പെടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകുന്ന ജില്ലാആസൂത്രണ സമിതിയുടെ നെടുനായകത്വം വഹിക്കൽ, സംയോജിത പദ്ധതികൾക്കുള്ള വിഹിതം നൽകൽ, മറ്റ് ഏജൻസികൾ/മേഖലകളിൽനിന്നും വികസന-ക്ഷേമ പ്രവൃത്തനങ്ങൾക്കു ലഭ്യമാകുന്ന വിഹിതം വിതരണം ചെയ്യൽ, വിവിധ സ്ഥാപനങ്ങളുടെ മരാമത്തു പ്രവൃത്തികൾക്കും, ഇതര പ്രോജക്ടുകൾക്കും സാങ്കേതിക/നിർവഹണാനുമതി അനുമതി നൽകൽ തുടങ്ങിയ നിർണായക ചുമതലകൾ ഭരണസമിതി അംഗങ്ങൾ, വിവിധ നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ മുഖേന ജില്ലാ പഞ്ചായത്ത് നിർവഹിക്കുന്നു. ഇതോടൊപ്പം പ്രതിവർഷം 150 കോടിയോളം രൂപ അടങ്കലുള്ള വാർഷികപദ്ധതിയും നടപ്പാക്കുന്നു.

ജില്ലാ പഞ്ചായത്ത് കാര്യാലയത്തിനു പുറമെ എൽ.എസ്.ജി.ഡി വിഭാഗം എക്സി.എൻജിനിയർ, ദേശീയ തൊഴിലുറപ്പു പദ്ധതി ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, ശുചിത്വമിഷ്യൻ ജില്ലാ കോർഡിനേറ്റർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, സാക്ഷരതാമിഷൻ ജില്ലാ കോർഡിനേറ്റർ, തുടങ്ങിയവരുടെ കാര്യാലയങ്ങളും ഇടുക്കി ജില്ലാപഞ്ചായത്ത് കാര്യാലയ സമുച്ചയത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ മുഖേന ലഭിക്കുന്ന മേൽപ്രസ്താവിച്ച സേവനങ്ങൾ ലഭിക്കുന്നതിനായി ത്രിതല പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ, കരാറുകാർ, പൊതുജനങ്ങൾ എന്നിവരുൾപ്പടെ അനേകം ആളുകൾ പ്രതിദിനം നാലു നിലകളിലായി പണികഴിപ്പിച്ചിരിക്കുന്ന ഈ ബൃഹത്കെട്ടിടം സന്ദർശിക്കുന്നു.

ജില്ലാപഞ്ചായത്ത് ഓരോ വർഷവും വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തുന്ന 150കോടി രൂപ അടങ്കലുള്ള ആയിരത്തി ഇരുനൂറോളം പ്രോജക്ടുകളിൽ 100 കോടിയോളം രൂപയുടെ വികസനപദ്ധതികൾ പൊതുമരാമത്ത് മേഖലയിലാണ്. (ഏതാണ്ട് 1000-ലധികം പ്രോജക്ടുകൾ). ഇത്രയും തുക ജില്ലയുടെ വിവിധമേഖലകളിൽ വികസന-ക്ഷേമപ്രവർത്തനങ്ങൾക്കായി ചെലവഴിക്കുമ്പോൾ ഇതിനെല്ലാം നേതൃത്വം കൊടുക്കുന്ന ജില്ലാപഞ്ചായത്ത് കാര്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങളും അടിസ്ഥാന പശ്ചാത്തലസൗകര്യങ്ങളും മെച്ചപ്പെട്ടതാവേണ്ടതുണ്ട് എന്നത് അന്തർലീനമായ വസ്തുതയാണ്. ബഹുനില സമുച്ചയമാണ് കൈവശമുള്ളതെങ്കിലും നിർഭാഗ്യവശാൽ അതിലെ ഭൗതിക സാഹചര്യങ്ങൾ വളരെ അപര്യാപ്തമാണ്. മെച്ചപ്പെട്ട സേവനം കാലവിളംബമില്ലാതെ പ്രദാനം ചെയ്യുന്നതിന് അനിവാര്യമായ ഇന്റർനെറ്റ് സൗകര്യങ്ങൾ, ഇലക്ട്രിക്കൽ-നെറ്റ് വർക്ക് സംവിധാനങ്ങൾ എന്നിവ സുസജ്ജമാക്കി സൂക്ഷിക്കുന്നതിൽ വേണ്ടത്ര പരിഗണന വാർഷിക പദ്ധതിയിൽ പ്രകടിപ്പിച്ചിട്ടില്ല. സദ്ഭരണത്തിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് തന്നെ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈ മേഖലയിലെ അടിസ്ഥാന സൌകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാനാവശ്യമായ പ്രോജക്ടുകളൊന്നും ആസൂത്രണം ചെയ്യുന്നില്ല . ചെയ്ത പ്രവൃത്തിയിലെ ഗുണമേന്മക്കുറവുമൂലം ഓഫീസ് കെട്ടിടത്തിന്റെ പല ഭാഗത്തെയും വയറിംഗ് ഇളകി കേബിളുകൾ അപകട ഭീഷണി ഉയർത്തി തൂങ്ങി കിടക്കുന്നു. (ചിത്രം ചുവടെ ചേർക്കുന്നു). സമുച്ചയത്തിൽ പ്രവർത്തിക്കുന്ന ഘടക സ്ഥാപനങ്ങളിലുൾപ്പടെ നെറ്റ് വർക്കിംഗ് സംവിധാനം ഫലപ്രദമായി സ്ഥാപിച്ചിട്ടില്ല. ഇന്റർനെറ്റ് സംവിധാനം ഏറെ പരിമിതമാണ്.

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തൊടുപുഴ-പുളിയൻമല റോഡിൽനിന്ന് ജില്ലാ പഞ്ചായത്ത് കാര്യാലയത്തിലേയ്ക്കെത്തുന്ന ഒരു കിലോമീറ്റർ ദൈർഘ്യമുള്ള റോഡിൽ ഏകദേശം 500 മീറ്റർ വരുന്ന ഭാഗത്തിന്റെ അവസ്ഥയും ഓഫീസിന്റെ കാര്യം പോലെതന്നെ ശോചനീയമാണ് . വളരെയധികം അപകടഭീഷണി ഉയർത്തുന്ന കുഴികളുമായി റോഡിന്റെ പല ഭാഗങ്ങളും തകർന്നു കിടന്നിട്ടും ഇതിന്റെ പുനരുദ്ധാരണത്തിനായി പദ്ധതി ആവിഷ്കരിക്കാൻ ഇതര മേഖലകളിലെ പശ്ചാത്തല സൗകര്യങ്ങൾക്ക് കോടിക്കണക്കിനു രൂപ ചെലവഴിക്കുന്ന ജില്ലാപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഡിവിഷൻ അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം മാനദണ്ഡമാക്കിയുള്ള പദ്ധതി ആസൂത്രണമാണ് ഈ ദുരവസ്ഥയ്ക്ക് നിദാനമെന്നത് വ്യക്തമാണ്. ഗൃഹങ്ങളിൽനിന്നു ഗ്രാമങ്ങളിലേക്കും, ഗ്രാമങ്ങളിൽനിന്ന് സംസ്ഥാനങ്ങളിലേക്കും, സംസ്ഥാനങ്ങളിൽ നിന്ന് രാഷ്ട്രത്തിലേക്കും വളരുക എന്നതാണ് നമ്മുടെ രാജ്യം മാതൃകയാക്കുന്ന വികസന സങ്കല്പം. സദ്ഭരണത്തിനു മുന്നുപാധി കാര്യാലയത്തിന്റെ അടിസ്ഥാന സൗകര്യ വികസനമാണെന്ന ബോധ്യം ഉൾക്കൊണ്ട് ഓഫീസിന്റെ ആധുനികവല്ക്കരണത്തിനും അനുബന്ധസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെയും, വർക്കിംഗ് ഗ്രൂപ്പിന്റെയും സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.





## 1-81 കല്ലാർ സ്കൂൾ കളിസ്ഥലം നിർമ്മാണം- പദ്ധതിയിൽ പാകപ്പിഴകൾ

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | 162/20-കല്ലാർ സ്കൂൾ കളിസ്ഥലം ഒരുക്കൽ |
| അടങ്കൽ | 2500000 (വികസനഫണ്ട്) |
| കൺവീനർ | ശ്രീ.ഉണ്ണികൃഷ്ണൻ കെ.ആർ. |
| എം-ബുക്ക് നം. | ലഭ്യമല്ല |
| ബിൽ നം,തീയതി,തുക | 70/03.05.2019 ₹945000/- |

ഇടുക്കി ജില്ലയിൽ ഏറ്റവുമധികം വിദ്യാർത്ഥികൾ പഠിക്കുന്ന സർക്കാർ വിദ്യാലയമാണ് കല്ലാർ സ്കൂൾ. ഈ വിദ്യാലയത്തിന്റെ ഏറ്റവും വലിയ പോരായ്മ പരിഹരിക്കുന്നതിനായി 2018-19ൽ ബഹുവർഷ പദ്ധതിയായി ആവിഷ്കരിച്ച പദ്ധതിയാണിത്. കളിസ്ഥലത്തിന് സംരക്ഷണഭിത്തി നിർമ്മാണം, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി കോൺക്രീറ്റ് ഓട നിർമ്മാണം, ഗ്രൗണ്ട് ലെവലിംഗ് എന്നിവയാണ് പദ്ധതിയിൽ ലക്ഷ്യമിട്ടത്. സംരക്ഷണഭിത്തി മാത്രം നിർമ്മിച്ച് 2018-19-ൽ പാർട്ട് ബിൽ പ്രകാരം 945000/-രൂപ അനുവദിക്കുകയും ചെയ്തു. പിന്നീട് 23 മാസങ്ങൾക്ക് ശേഷം ഇതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ഭൗതികപരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ നല്കുന്നു.

വെള്ളക്കെട്ടുള്ള സ്ഥലം ആയതിനാൽ മഴക്കാലത്ത് ഗ്രൗണ്ടിൽ വെള്ളം കെട്ടിനിൽക്കാതെ ഒഴുകിപ്പോകുന്നതിനായി ഗ്രൗണ്ടിന്റെ ഒരു വശത്തുകൂടി കോൺക്രീറ്റ് ഓട ആദ്യം നിർമ്മിച്ചതിനുശേഷം ഗ്രൗണ്ട് നിരപ്പാക്കുന്നതിനായി മണ്ണ് മാറ്റുന്ന പ്രവൃത്തി ഭാഗികമായി നടത്തിയതായി കാണുന്നു. വേണ്ടത്ര പഠനവും മുന്നൊരുക്കവും ഇല്ലാതെ നടപ്പാക്കിയ ഈ പ്രവൃത്തിമൂലം പ്രസ്തുത ഓട സ്ഥല നിരപ്പിൽ നിന്നും ഉയരത്തിലായി. തന്മൂലം ഗ്രൗണ്ടിലെ വെള്ളം യാതൊരു വിധത്തിലും ഓടയിലേയ്ക്ക് ഒഴുകില്ല. ലക്ഷങ്ങൾ ചെലവഴിച്ച് ഏകദേശം 300 മീറ്റർ നീളത്തിൽ നിർമ്മിച്ച കോൺക്രീറ്റ് ഓട കൊണ്ട് ഭൗതീക ലക്ഷ്യം നേടാനാവില്ലെന്ന് വ്യക്തമാണ്. നിലവിൽ കളിസ്ഥലം വെള്ളം കെട്ടിനിന്ന് ചെളിക്കുണ്ടായിരിക്കുന്നതിനാൽ പ്രസ്തുത ഓട നിർമ്മാണം പാഴ്ചെലവായി മാറിയിരിക്കുകയാണെന്നത് നിസ്തർക്കമാണ്.

പദ്ധതിയുടെ അളവ് പുസ്തകം ഫയലിൽ ലഭ്യമല്ല. 20/01/2020-ൽ അളവ് പുസ്തകം കൈപ്പറ്റിയതായി ആരോ ഫയലിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. അളവ് പുസ്തകം കൊണ്ടുപോയി ഒരുവർഷം കഴിഞ്ഞിട്ടും ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഓടനിർമ്മാണത്തിനുവേണ്ടി ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിക്കാനായില്ല. പദ്ധതി പൂർത്തിയാക്കാത്തത് സംബന്ധിച്ച് യാതൊരു വിധത്തിലുള്ള അന്വേഷണവും നടത്തിയിട്ടില്ല. കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിനുള്ള അപേക്ഷയും ലഭിച്ചിട്ടില്ല. അന്തിമ ബിൽ തയ്യാറാക്കുമ്പോൾ അപാകതകൾ പൂർണ്ണമായി പരിഹരിച്ചുവെന്ന് ഉറപ്പാക്കേണ്ടതും പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയതിന്റെ നിയമാനുസൃതപിഴ ഈടാക്കേണ്ടതുമാണ്.

## 1-82 മണക്കാട് ഗ്രാമ പഞ്ചായത്ത്-അരിക്കുഴ കൃഷി ഫാം ട്രെയിനിംഗ് ഹാൾ-ഹാൾ നിർമ്മാണത്തിനായി നീക്കം ചെയ്ത ഇന്റർ ലോക്കിംഗ് ടൈലുകൾ പുനരുപയോഗപ്പെടുത്തിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 1149/20, അരിക്കുഴ കൃഷി ഫാം ട്രെയിനിംഗ് ഹാൾ-ഹാൾ നിർമ്മാണം |
| പദ്ധതി അടങ്കൽ | ₹1500000/-(തനതുഫണ്ട്) |
| കരാറുകാരൻ | ശ്രീ. മനു ചന്ദ്രൻ |
| കരാർ നം./തീയതി | 323/13.2.19 |
| അളവുബുക്ക് | 201/17-18&207/18-19 |

കൃഷി ഫാം ഓഫീസിനോടു ചേർന്ന് 4.3 മീ*1.32മീ അളവിൽ 2 ടോയ്‌ലറ്റ് സൗകര്യങ്ങളോടുകൂടിയ ട്രെയിനിംഗ് ഹാൾ നിർമ്മിക്കുക എന്നതായിരുന്നു 2.02.18 ൽ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നത്. പദ്ധതി പൂർത്തീകരിച്ച് കരാറുകാരന് അന്തിമ ബിൽ അനുവദിച്ചു നൽകിയിട്ടുണ്ടെങ്കിലും വൈദ്യുതീകരണത്തിന്റെ അഭാവത്തിൽ പദ്ധതി ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല.പദ്ധതി നിർവ്വഹണത്തിൽ മറ്റ് ന്യൂനതകളും ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. വൈദ്യുതീകരണ പ്രവൃത്തികൾ നടപ്പാക്കിയില്ല

ട്രെയിനിംഗ് ഹാളിന്റെ വൈദ്യുതീകരണ പ്രവൃത്തികൾക്കായി ₹165000/-അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല. വൈദ്യുതീകരണ പ്രവൃത്തികളുടെ അഭാവത്തിൽ ട്രെയിനിംഗ് ക്ലാസുകൾക്കായി ഹാൾ വിനിയോഗിക്കുവാൻ കഴിയുന്നില്ല.

2.നീക്കം ചെയ്ത ഇന്റർലോക്കിംഗ് ടൈലുകൾ പുനരുപയോഗപ്പെടുത്തിയില്ല

അളവുബുക്കിൽ ഒന്നാമത്തെ ഇനമായി രേഖപ്പെടുത്തിയിരിക്കുന്നത് "Dismantling Tile Work In Floors And Roofs Laid In Cement Mortar (10mm To 25mm) എന്ന പ്രവൃത്തിയും നാല്പത്തി നാലാമത്തെ ഇനമായി രേഖപ്പെടുത്തിയിരിക്കുന്നത് "Providing And Laying 60mm Thick Factory Made Cement Concrete Interlocking Paver Blocks Of 30m Grade" എന്ന പ്രവൃത്തിയുമാണ്.ഓഫീസിന്റെ മുൻവശം ഭൂരിഭാഗവും പഴയ ടൈലുകൾ നിലനിർത്തികൊണ്ട് ചെറിയൊരു ഭാഗത്തു മാത്രമാണ് പുതിയ ഇന്റർലോക്കിംഗ് സിമന്റ് കട്ടകൾ വിരിച്ചിട്ടുള്ളത്.ഓഫീസിന്റെ പിറകുവശം,മുറ്റം എന്നിവിടങ്ങളിലും പുതിയ ടൈലുകൾ വിരിച്ചിട്ടുണ്ട്.280എം2 അളവിൽ ടൈൽ വിരിച്ചതിന് ₹1000/m2 നിരക്കിൽ ₹280000/-കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. അളവുബുക്കിൽ ഒന്നാമത്തെ ഇനം പ്രവൃത്തിയിലൂടെ നീക്കം ചെയ്ത $60m^2$ ടൈൽ ഹാളിന്റെ പിറകുവശം വിരിക്കുന്നതിന് ഉപയോഗപ്പെടുത്തുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിലൂടെ ലഭിക്കുമായിരുന്ന അധിക തുക ട്രെയിനിംഗ് ഹാളിന്റെ അനുബന്ധ സൗകര്യങ്ങൾക്കായി പ്രയോജനപ്പെടുത്താമായിരുന്നു. പ്രവൃത്തി സ്ഥലത്തു നിന്നും നീക്കം ചെയ്തിട്ടുള്ള ടൈലുകൾ ഇപ്പോൾ ഉപയോഗശൂന്യമായ അവസ്ഥയിലാണ്.

ട്രെയിനിംഗ് ഹാളിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടൊപ്പം പ്രവൃത്തി സ്ഥലത്തുനിന്നും നീക്കം ചെയ്തിട്ടുള്ള പഴയ ടൈലുകൾ ലേലം ചെയ്ത നൽകുന്നതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം] ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർക്കാർ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക് ലക്ഷങ്ങൾ ചെലവഴിച്ച് കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് നൽകിയിരിക്കുന്നു. (ഖ.1-12)

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 3.04.2017-ലെ സ.ഉ(എം.എസ്)80/2017 നമ്പർ ഉത്തരവിലെ ഖണ്ഡിക 9.10 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് പാൽ ശേഖരിക്കുന്ന മുറികൾ നിർമ്മിക്കുന്നതിന് ചെലവിന്റെ 25% പരമാവധി ഒരു ലക്ഷം രൂപ മാത്രമേ അനുവദിക്കാവൂ എന്ന് നിർദ്ദേശമുള്ളതാണ്. പ്രസ്തുത നിർദ്ദേശം എക്സിക്യൂട്ടീവ് എൻജിനീയർ ഭരണസമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ഷീരസംഘങ്ങൾക്ക് കെട്ടിടം പണിയുന്നതിന് പ്രത്യേക അനുമതിക്കായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് 31.01.2018-ലെ സി.എ.108/18 നമ്പർ കത്ത് പ്രകാരം സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയോട് അഭ്യർത്ഥിക്കുകയും പ്രസ്തുത കത്ത് പരിഗണിച്ച് സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി 06.02.2018-ലെ 4.14 നമ്പർ തീരുമാനപ്രകാരം പാൽ ശേഖരിക്കുന്ന മുറി നിർമ്മിക്കുന്നതിന് മാത്രമായി അനുമതി നൽകുന്നുവെന്നും ഇതിനായി പരമാവധി ഒരു ലക്ഷം രൂപയിൽ ചെലവ് പരിമിതപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ, മാർഗ്ഗരേഖയിലെ ഖണ്ഡിക 9.10 പ്രകാരമുള്ള സൗകര്യങ്ങൾക്കും തുക ചെലവഴിക്കാവുന്നതാണെന്ന് അറിയിച്ചു. ഖണ്ഡിക 9.10-ൽ പാൽ ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള ഉപകരണങ്ങൾ വാങ്ങലാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരമുള്ള സർക്കാർ ഉത്തരവും സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനവും എൻജിനീയറിംഗ് വിഭാഗത്തിന്റെ എതിർപ്പും മറികടന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക് ലക്ഷങ്ങൾ ചെലവഴിച്ച് കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

3-1-1) വാത്തിക്കുടി ഗ്രാമ പഞ്ചായത്ത് -രാജമുടി മിൽമ കെട്ടിട നിർമ്മാണം

എ) കെട്ടിട നിർമ്മാണം - ആദ്യഘട്ടം

| | |
|---|---|
| പ്രോജക്ട് | 1348/20 വാത്തിക്കുടി ഗ്രാമ പഞ്ചായത്ത്-രാജമുടി മിൽമ കെട്ടിട നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ |

| | |
|---|---|
| അടങ്കൽ (വികസന ഫണ്ട് ജനറൽ) | ₹ 17,50,000/- 2017-18<br>₹ 22,50,000/- 2018-19 |
| ഭരണാനുമതി നം./തീയതി | 24.05.2017 ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനം |
| കരാറുകാരൻ | ശ്രീ. സജി സബാസ്റ്റ്യൻ |
| കരാർ നം./ തീയതി | 425/T/EE/LSGD/IDK/17-18 / 09.03.2018 |
| അളവ് ബുക്ക് നം. | 638/17-18 & 2204/18-19 |
| ബിൽ നം./ തീയതി/ തുക | 311/19-20/ 05.09.2019/ ₹3534356/- |



വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലെ രാജമുടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകിയിട്ടുള്ള കെട്ടിടത്തിന് മുകളിൽ രണ്ട് നിലകളിലായി 222.60 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിച്ച് നൽകുന്നതിനായി 2017-18 വർഷം ഭരണാനുമതി ലഭിച്ചതാണ്.

രാജമുടി ക്ഷീരോല്പാദക സഹകരണ സംഘം പ്രസിഡന്റിന്റെ പേരിലുള്ള സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിന് വിട്ടു നൽകിയിട്ടില്ല.

2.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03.04.2017 ലെ സ.ഉ.(എം.എസ്.) 80/2017 നമ്പർ ഉത്തരവിലെ ഖ.9.10 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് പാൽ ശേഖരിക്കുന്ന മുറികൾ നിർമ്മിക്കുന്നതിന് ചെലവിന്റെ 25% പരമാവധി ഒരു ലക്ഷം രൂപ വരയേ അനുവദിക്കാവൂ എന്നിരിക്കെ രാജമുടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകിയിട്ടുള്ള കെട്ടിടത്തിന് മുകളിൽ രണ്ട് നിലകൾ നിർമ്മിക്കുന്നതിനായി മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം 2019-20 ൽ ₹35,34,356/- ചെലവഴിച്ചിരിക്കുന്നു.

3.ക്ഷീര സംഘങ്ങൾക്ക് പാൽ ശേഖരിക്കുന്ന മുറി പണിയുന്നതിന് പരമാവധി ₹1,00,000/- മാത്രമേ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദിക്കുവാൻ കഴിയുകയുള്ളൂ എന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പണിയുന്നതിന് പ്രത്യേക അനുമതിക്കായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് 31.01.2018 ലെ സി.എ.108/18 നമ്പർ കത്ത് പ്രകാരം സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ടി കത്ത് പരിഗണിച്ച കോ-ഓർഡിനേഷൻ കമ്മിറ്റി 06.02.2018 ലെ 4.14 നമ്പർ തീരുമാനപ്രകാരം പാൽ ശേഖരിക്കുന്ന മുറി നിർമ്മിക്കുന്നതിന് മാത്രമായി അനുമതി നൽകുന്നുവെന്നും ഇതിനായി പരമാവധി ഒരു ലക്ഷം രൂപയിൽ ചെലവ് പരിമിതപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ മാർഗ്ഗരേഖയിൽ ഖണ്ഡിക 9.10 പ്രകാരമുള്ള സൌകര്യങ്ങൾക്കും തുക ചെലവഴിക്കാവുന്നതാണെന്ന് അറിയിച്ചു. ഖണ്ഡിക 9.10 ൽ പാൽ ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള ഉപകരണങ്ങൾ വാങ്ങലാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇവിടെ ₹35,34,356/- മുടക്കി കെട്ടിടം നിർമ്മിക്കുകയാണ് ചെയ്തിരിക്കുന്നത്. 2016-17, 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ക്ഷീര സംഘങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. സർക്കാർ നിർദ്ദേശവും സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനവും ലഭിച്ചതിന് ശേഷവും പദ്ധതിയുടെ ചെലവ് പരിമിതപ്പെടുത്തുവാനോ പദ്ധതി ഉപേക്ഷിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകുവാനോ തയ്യാറാകാതെ ഭരണസമിതി പദ്ധതിയുമായി മുന്നോട്ടുപോവുകയാണ് ഉണ്ടായത്. ഇതിന് ശേഷം 09.03.2018-ൽ എക്സിക്യൂട്ടീവ് എൻജിനീയർ കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിരിക്കുന്നു. പിന്നീട് 24.09.2018-ൽ മാത്രമാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതെന്ന് അളവ് ബുക്കിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നു. അതായത് പദ്ധതി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് ഭരണസമിതിയുടെ ശ്രദ്ധയിൽ വന്നതിന് ശേഷവും പദ്ധതിയിൽ നിന്നും പിന്മാറുന്നതിന് ആവശ്യമായ സമയം ഉണ്ടായിരുന്നിട്ടും പദ്ധതിയുമായി മുന്നോട്ട് പോവുകയും പദ്ധതിക്കു വേണ്ടി ₹35,34,356/- ചെലവഴിക്കുകയും ചെയ്തിരിക്കുന്നു. പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ തന്നെ മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകിയിട്ടുള്ള കെട്ടിടത്തിന് മുകളിലാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യം നിർമ്മിച്ച കെട്ടിടത്തിലാണ് സംഘം നിലവിൽ പാൽ ശേഖരിക്കുകയും സംഭരിക്കുകയും ചെയ്തുവരുന്നത്. ഇപ്പോൾ നിർമ്മിച്ച് നൽകിയിരിക്കുന്ന കെട്ടിടം പ്രത്യേക ഉപയോഗമില്ലാതെ

കിടക്കുന്നതായി സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ സർക്കാർ അനുവദിച്ചിട്ടുള്ള ഒരു ലക്ഷം രൂപ പോലും ഈ നിർമ്മാണത്തിന് അനുവദിക്കുവാൻ കഴിയുന്നതല്ല. ചെലവഴിച്ച മുഴുവൻ തുകയും പാഴ്ചെലവായി കണക്കാക്കേണ്ടതാണ്.

കൂടാതെ ഈ വിഷയത്തിൽ ഇത്രയും ഗുരുതര നിയമലംഘനം ഉണ്ടായിട്ടും 2019-20 ൽ ഇതേ കെട്ടിടത്തിന്റെ രണ്ടാം നില മോടിപിടിപ്പിക്കുന്നതിനും മൂന്നാം നിലയിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനും മറ്റൊരു പദ്ധതി ഏറ്റെടുത്തിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<u>(ബി) കെട്ടിട നിർമ്മാണം – രണ്ടാംഘട്ടം</u>

| | |
|---|---|
| പ്രോജക്ട് | 371/20 വാത്തിക്കുടി ഗ്രാമ പഞ്ചായത്ത്-രാജമുടി മിൽമ കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം<br>(ബഹു വർഷം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ |
| അടങ്കൽ (വികസന ഫണ്ട് ജനറൽ) | ₹ 18,00,000/- 2019-20<br>₹ 15,00,000/- 2020-21<br>₹ 15,00,000/- 2021-22 |
| ഭരണാനുമതി നം./തീയതി | 03.12.2018 ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനം |
| കരാറുകാരൻ | ശ്രീ.സജി സെബാസ്റ്റ്യൻ |
| കരാർ നം./ തീയതി | 118/T/EE/LSGD/IDK/19-20 / 16.01.2020 |
| അളവ് ബുക്ക് നം. | ലഭ്യമാക്കിയില്ല. |
| ബിൽ നം./ തീയതി/ തുക | Q Bill നം.571/19-20/30.03.2020/ ₹15,41,182/- (Part Bill)<br>( 269/20-21/ 27.05.2020/ ₹15,41,182/-) |

ക്ഷീര സഹകരണ സംഘങ്ങൾക്ക് പാൽ ശേഖരിക്കുന്ന മുറികൾ നിർമ്മിക്കുന്നതിന് പരമാവധി ഒരു ലക്ഷം രൂപ മാത്രമാണ് അനുവദിക്കാവുന്നത് എന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ മുൻവർഷം നിർമ്മാണം നടത്തിയ - രാജമുടി ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ കെട്ടിടത്തിന് മുകളിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് ₹48,00,000/- വകയിരുത്തി പ്രവൃത്തി നടത്തിയിരിക്കുന്നു. എസ്റ്റിമേറ്റ് ക്രമ നം.21, 22, 23 എന്നിവ പ്രകാരം Aluminium Composit Panel (ACP), ഗ്ലാസ്സ് തുടങ്ങിയവ ഉപയോഗിച്ച് കെട്ടിടത്തിന്റെ രണ്ടാം നില മോടിപിടിക്കുന്നതിന് മാത്രമായി ₹7,33,801/- വകയിരുത്തിയിരിക്കുന്നു. കെട്ടിടത്തിന്റെ രണ്ടാം നിലയിൽ മൂന്ന് വലിയ മുറികളും മൂന്നാമത്തെ നിലയിൽ ഒരു ഹാളുമാണ് നിർമ്മിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ ₹15,41,182/- യുടെ പാർട്ട് ബിൽ 2019-20 ൽ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും തുക പിൻവലിച്ചിരിക്കുന്നത് 2020-2021 ൽ മാത്രമാണ്. പദ്ധതിയുടെ തുടർ നിർമ്മാണ പ്രവർത്തനം നടന്നു വരികയുമാണ്.

മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളിലായി ഒരു ക്ഷീരസംഘത്തിന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് ₹88,00,000/- രൂപയുടെ അടങ്കലിൽ പദ്ധതി ഏറ്റെടുക്കുകയും നാളിതുവരെ ₹50,75,538/- ചെലവഴിക്കുകയും തുടർ പ്രവൃത്തി നടന്നു വരികയും ചെയ്യുന്നു. ആയതിനാൽ ടി പദ്ധതിക്കായി 2019-20 വർഷം ചെലവഴിച്ച ₹35,34,356/- യും [ക്രമ നം. (എ)] 2019-20ൽ ട്രഷറിയിൽ സമർപ്പിച്ച ബിൽ 'ക്യൂ' ബിൽ ആവുകയും 2020-21 ൽ പിൻവലിക്കുകയും ചെയ്തിട്ടുള്ള ₹15,41,182/-യും [ക്രമ നം. (ബി)] ഉൾപ്പെടെ നാളിതുവരെയുള്ള ആകെ ചെലവ് ₹50,75,538/- പദ്ധതിക്ക് അംഗീകാരം നൽകിയ ഭരണസമിതി അംഗങ്ങളിൽ നിന്നും, നിയമവിരുദ്ധ പദ്ധതി ഏറ്റെടുക്കുന്ന ഘട്ടത്തിൽ യാതൊരു തടസ്സവാദവും ഉന്നയിക്കാതിരിക്കുകയും പിന്നീട് 29.01.2018ലെ കമ്മിറ്റി തീരുമാനം നമ്പർ 11 പ്രകാരം സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം പദ്ധതി നടപ്പാക്കുന്നത് വിലക്കിയിട്ടും അതനുസരിച്ച് യാതൊരു നടപടിയും സ്വീകരിക്കാതിരുന്ന സെക്രട്ടറിമാരിൽ നിന്നും (ഖണ്ഡിക 4-10 കണ്ടാലും) തുല്യമായി ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്. ടി പദ്ധതിക്കായി തുടർ വർഷത്തിൽ നടത്തിയിട്ടുള്ള ചെലവും ഇപ്രകാരം തിരികെ ഈടാക്കേണ്ടതാണ്.




3-1-2) വാത്തിക്കുടി ഗ്രാമ പഞ്ചായത്ത് - ക്ഷീരവിജ്ഞാന കേന്ദ്രം , മുരിക്കാശ്ശേരി

(എ) ക്ഷീരവിജ്ഞാന കേന്ദ്രം, കെട്ടിടനിർമ്മാണം

| | |
|---|---|
| പ്രോജക്ട് | 1094/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ |
| അടങ്കൽ (വികസന ഫണ്ട് ജനറൽ) | ₹ 1500000/- |
| ഭരണാനുമതി നം./തീയതി | 27.09.2017ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനം |
| കരാറുകാരൻ | ശ്രീ. ജോർജ് ജോസഫ് |
| കരാർ നം./ തീയതി | 34/T/EE/LSGD/IDK/15-16 / 03.08.2016 |
| അളവ് ബുക്ക് നം. | 43/16-17 & 662/17-18 |
| ബിൽ നം./ തീയതി/ തുക | 1) 367/19-20 / 31.10.2019/ ₹ 87013/-<br>(മുൻവർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം ലഭ്യമല്ല) |

വാത്തിക്കുടി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുരിക്കാശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘത്തിന് ക്ഷീര കർഷകർക്ക് ട്രെയിനിംഗ് സെന്റർ കെട്ടിടം നിർമ്മിക്കുന്നതിന് 2017-18 വർഷം 15 ലക്ഷം രൂപ അടങ്കലിൽ മേൽ സൂചിത കമ്മിറ്റി തീരുമാനപ്രകാരം ഭരണാനുമതി ലഭിക്കുകയും പദ്ധതി ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽ 2019-20 വർഷം ₹87,013/- അവസാന ബിൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഇത് പ്രകാരം നിലവിലുള്ള സംഘത്തിന്റെ കെട്ടിടത്തിനോട് ചേർന്ന് സെല്ലാർ നിലയിൽ രണ്ട് മുറികളും സ്റ്റെയർകേയ്സ് മുറിയും നിർമ്മിച്ചിട്ടുണ്ട്. പദ്ധതിക്കായി ചെലവഴിച്ച തുക ₹87,013/- വിയോജിപ്പ് അറിയിക്കാത്ത സെക്രട്ടറിയിൽ നിന്നും സൂചിത കമ്മിറ്റിയിൽ തീരുമാനം കൈക്കൊണ്ട ഭരണസമിതി അംഗങ്ങളിൽ നിന്നും (ഖണ്ഡിക 4-10 കണ്ടാലും) തുല്യമായി ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

ഇതിൽ മുൻ വർഷങ്ങളിൽ രണ്ട് ബില്ലുകളിലായി യഥാക്രമം ₹10,31,386/-, ₹ 3,50,392/- എന്നിങ്ങനെ ചെലവഴിച്ചതായി ഫയലിൽ കാണുന്നു. എന്നാൽ ആയതിന്റെ ബിൽ നമ്പർ ഉൾപ്പെടെയുള്ള മറ്റ് വിശദാംശങ്ങൾ ലഭ്യമല്ല.

ഈ പദ്ധതിയ്ക്ക് പുറമെ ടി കെട്ടിടത്തിന്റെ മുകളിലത്തെ നില നിർമ്മാണത്തിനായി താഴെ പറയുന്ന പദ്ധതി പ്രകാരം 10 ലക്ഷം രൂപ വകയിരുത്തി 2017-18 ൽ മറ്റൊരു പദ്ധതി ഏറ്റെടുത്തു.

(ബി) ആപ്കോസ് – കെട്ടിട നിർമ്മാണം പൂർത്തീകരണം

| | |
|---|---|
| പ്രോജക്ട് | 1006/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ |
| അടങ്കൽ (വികസന ഫണ്ട് ജനറൽ) | ₹ 10,00,000/- |
| ഭരണാനുമതി നം./തീയതി | 24.05.2017ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനം |
| കരാറുകാരൻ | ശ്രീ. അനീഷ് സെബാസ്റ്റ്യൻ |
| കരാർ നം./ തീയതി | 29/T/AEE/LSGD/IDK/18-19 / 10.08.2018 |
| അളവ് ബുക്ക് നം. | 700/17-18 |
| ബിൽ നം./ തീയതി/ തുക | 204/19-20/ 03.05.2019/ ₹ 868947/- |

ഇപ്രകാരം ക്ഷീരവിജ്ഞാന കേന്ദ്രം എന്ന പേരിൽ നിർമ്മിച്ച കെട്ടിടത്തിലെ ഒരു മുറി കാലിത്തീറ്റ സംഭരിക്കുന്നതിനും മറ്റൊരു മുറി ബട്ടർഫ്ലൈസ് സ്വയം സഹായ സംഘം എന്ന സ്ഥാപനത്തിന് വാടകയ്ക്കും നൽകിയിരിക്കുന്നു.

മേൽ പദ്ധതി 2017-18 ൽ ഏറ്റെടുത്തതാണെങ്കിലും 10.08.2018 ൽ കരാറിൽ ഏർപ്പെടുകയും അളവ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം 09.10.2018 ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതായത് ക്ഷീര സംഘങ്ങൾക്ക് ഇപ്രകാരം കെട്ടിടം നിർമ്മിച്ച് നൽകാവുന്നതല്ല എന്ന സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018 ലെ തീരുമാനം വന്നതിന് ശേഷം പദ്ധതിയുമായി മുന്നോട്ട് പോയിട്ടുള്ളതാണെന്ന് വ്യക്തമാണ്. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾ മറികടന്ന് ഏറ്റെടുത്ത പദ്ധതിക്കായി ചെലവഴിച്ച തുക ₹8,68,947/- പദ്ധതി ഏറ്റെടുത്തപ്പോഴും കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ലഭിച്ചതിന് ശേഷവും വിയോജിപ്പ് അറിയിക്കാത്ത സെക്രട്ടറിയിൽ നിന്നും 24.05.2017-ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയിൽ 2(1) തീരുമാനം കൈക്കൊണ്ട ഭരണസമിതി അംഗങ്ങളിൽ നിന്നും (ഖണ്ഡിക 4-10 കണ്ടാലും) തുല്യമായി ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.



3-1-3) ഉടമ്പന്നൂർ ഗ്രാമ പഞ്ചായത്ത് - അമയപ്ര ക്ഷീര സഹകരണ സംഘം കെട്ടിട നിർമ്മാണം

| | |
|---|---|
| പ്രോജക്ട് | 955/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ |
| അടങ്കൽ (വികസന ഫണ്ട് ജനറൽ) ₹1500000/- | ₹600000/- 2017-18<br>₹900000/- 2018-19 |
| ഭരണാനുമതി നം./തീയതി | 27.09.2017 ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനം |
| കരാറുകാരൻ | ശ്രീ. സുനിൽകുമാർ വി.എസ്. |
| കരാർ നം./ തീയതി | 445/T/EE/LSGD/IDK/17-18 / 19.03.2018 |
| അളവ് ബുക്ക് നം. | 08/18-19 |
| ബിൽ നം./ തീയതി/ തുക | 86/19-20/03.05.2020/ ₹1241208/- |

ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത് അമയപ്ര ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ 1-75 (ഡി) പേരിലുള്ള തൊടുപുഴ താലൂക്ക് ഉടുമ്പന്നൂർ വില്ലേജ് അമയപ്ര കര റീസർവ്വേ നമ്പർ 41-5 ൽ ഉൾപ്പെട്ട 1.62 ആർ സ്ഥലത്ത് മൂന്ന് മുറികളോട് കൂടിയ ഒരു കെട്ടിടം മേൽ പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്ത് പണികഴിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ല. കെട്ടിടം പണികഴിക്കുന്നതിനായുള്ള അവകാശം മാത്രമാണ് നൽകിയിട്ടുള്ളത്. കെട്ടിട നിർമ്മാണത്തിന് പരമാവധി നൽകാവുന്നത് ഒരു ലക്ഷം രൂപ മാത്രമാണ് എന്നിരിക്കെ ₹12,41,208/-യാണ് നൽകിയിരിക്കുന്നത്. ₹ 11,41,208/- അധികമായി നൽകിയിരിക്കുന്നു.

മേൽ പദ്ധതി 2017-18 ൽ ഏറ്റെടുത്തതാണെങ്കിലും 19.03.2018 ൽ കരാറിൽ ഏർപ്പെടുകയും അളവ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം 12.11.2018 ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതായത് ക്ഷീര സംഘങ്ങൾക്ക് ഇപ്രകാരം കെട്ടിടം നിർമ്മിച്ച് നൽകാവുന്നതല്ല എന്ന സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018 ലെ തീരുമാനം വന്നതിന് ശേഷം പദ്ധതിയുമായി മുന്നോട്ട് പോയിട്ടുള്ളതാണെന്ന് വ്യക്തമാണ്. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾ മറികടന്ന് ഏറ്റെടുത്ത പദ്ധതിക്കായി ചെലവഴിച്ച തുക ₹12,41,208/-പദ്ധതി ഏറ്റെടുത്തപ്പോഴും കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ലഭിച്ചതിന് ശേഷവും വിയോജിപ്പ് അറിയിക്കാത്ത സെക്രട്ടറിയിൽ നിന്നും 27.09.2017-ലെ കമ്മിറ്റി 1(1) തീരുമാനം കൈക്കൊണ്ട ഭരണസമിതി അംഗങ്ങളിൽ നിന്നും (ഖണ്ഡിക 4-10 കണ്ടാലും) തുല്യമായി ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 23.09.2020 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14) നൽകിയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതികളുടെ രൂപീകരണത്തിന്റെ ഭാഗമായി ഓരോ വർഷവും ഏകദേശം 1200 പ്രോജക്ടുകളെങ്കിലും രൂപീകരിക്കുകയും പിന്നീട് പദ്ധതി ഭേദഗതി, പദ്ധതി പുതുക്കൽ എന്നിങ്ങനെ പല നടപടിക്രമങ്ങളുടെ ഭാഗമായി ഒട്ടാകെ 2000 ൽ അധികം പദ്ധതികൾ കൈകാര്യം ചെയ്യേണ്ടിവരുന്നു എന്നും ഒരു സെക്രട്ടറിയ്ക്ക് മാത്രം പദ്ധതികൾ ചട്ടപ്രകാരമാണോ എന്ന് പരിശോധിക്കുന്നത് സാദ്ധ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സെക്രട്ടറിയുടെ മറുപടി അംഗീകരിക്കാവുന്നതല്ല. കാരണം ക്ഷീരസംഘങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് നിബന്ധന പാലിക്കാതെ അംഗീകരിച്ച പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ മുൻ വർഷങ്ങളിൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം നിലവിലുണ്ടായിരുന്നതാണ്. പ്രസ്തുത വിവരം കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സി.എൻജിനീയർ പഞ്ചായത്ത് ഭരണസമിതിക്ക് കത്ത് നൽകുകയും ടി കത്ത് കമ്മിറ്റി വിശദമായി ചർച്ച ചെയ്തതിന് ശേഷം ടി പദ്ധതികൾ നടപ്പാക്കുന്നതിന്

സർക്കാരിന്റെ പ്രത്യേക അനുമതി തേടുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. ഭരണസമിതി എടുക്കുന്ന തീരുമാനം നടപ്പാക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട സെക്രട്ടറിയാണ് സർക്കാരിൽ നിന്നും പദ്ധതിക്ക് പ്രത്യേക അനുമതി വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടത്. ആയതിന്റെ അടിസ്ഥാനത്തിൽ നൽകിയ അപേക്ഷയിൽ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി ഭരണസമിതിയുടെ ആവശ്യം നിരാകരിക്കുകയും ക്ഷീരസംഘങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ മാത്രമേ കെട്ടിട നിർമ്മാണത്തിന് അനുവദിക്കുവാൻ കഴിയുകയുള്ളൂയെന്ന് പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ പദ്ധതി അടിയന്തരമായി ഉപേക്ഷിക്കേണ്ടതാണെന്ന് ഭരണസമിതിയെയും നിർവ്വഹണ ഉദ്യോഗസ്ഥരെയും അറിയിക്കുവാൻ ചുമതലപ്പെട്ട സെക്രട്ടറി, പദ്ധതി രൂപീകരണത്തിന്റെ പൊതുവായ പ്രായോഗിക ബുദ്ധിമുട്ടുകൾ പറയുന്നത് ഈ വിഷയത്തിൽ അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പദ്ധതി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് ഭരണ സമിതിയെ അറിയിച്ച നിർവ്വഹണ ഉദ്യോഗസ്ഥനെ ഒഴിവാക്കി സെക്രട്ടറിയുടെയും ബന്ധപ്പെട്ട കമ്മിറ്റിയിൽ പങ്കെടുത്ത ഭരണസമിതിയംഗങ്ങളുടെയും പക്കൽ നിന്നും മേൽ പദ്ധതികൾക്കായി ചെലവഴിച്ച തുക തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 പകൽ വീട് നിർമ്മാണം- ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധി വിട്ടുള്ള പദ്ധതി,മറ്റ് അപാകതകൾ. (ഖ.1-13)

വിവിധ ധർമ്മ സ്ഥാപനങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി തൻവർഷത്തിൽ രണ്ട് പദ്ധതികൾ പകൽ വീട് എന്ന പ്രോജക്ടായി ഏറ്റെടുത്ത് നടപ്പാക്കിയിരിക്കുന്നു. മുരിക്കാശ്ശേരി പകൽവീട്, പെരുംതൊട്ടി പകൽവീട് എന്നീ പദ്ധതികൾക്കായി തുക ചെലവഴിച്ചതിന്റെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | മുരിക്കാശ്ശേരി പകൽവീട് പൂർത്തീകരണം | വാത്തിക്കുടി ഗ്രാമപഞ്ചായത്ത് പെരുംതൊട്ടി പകൽ വീട് |
|---|---|---|
| പ്രോജക്ട് നം. | 1579/18 , 351/2019, 104/20 | 380/20 |
| അടങ്കൽ | ₹4500000/- (മണ്ണ് പരിശോധന+സ്ട്രക്ചറൽ ഡിസൈനിംഗ് -₹231408/-കെട്ടിടനിർമ്മാണം ₹4268592) | ₹3800000/- (500000/-+3300000) |
| ഫണ്ടിനം | വികസന ഫണ്ട് പൊതുവിഭാഗം | വികസനഫണ്ട് പൊതുവിഭാഗം |
| കരാറുകാരൻ | അനീഷ് സെബാസ്റ്റ്യൻ | പി.സി.മാത്യു. |
| കരാർ തുക | ₹4261857.43 | ₹32608547/- |
| കരാർ നം | 83/T/AEE/LSGD/IDKതീ. 01.11.2018 | 75/T/AEE/LSGD/IDK 19-20 Dt. 07.01.20 |
| ബിൽ നം,തീയതി തുക | 166/AEE/18-19തീ.28.11.18 ₹75000/-<br>200/AEE/19-20തീ.03.05.19 ₹2175000/-<br>295/AEE/19-20തീ.30.09/19 ₹2081343/- | 41/AEE/20-21 തീ. 21.04.20 ₹487500/- |
| അളവ് ബുക്ക് നം. | 750/17-18 | ലഭ്യമല്ല. |

1.ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതി .

ജി.ഒ.(എം.എസ്) നം.72/2017/തസ്വഭവ തീയതി 29.03.2017 ഖണ്ഡിക 13.6 പ്രകാരം പകൽ വീട് ആരംഭിക്കാനാനുള്ള അധികാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കാണ്. ഈ മാർഗ്ഗനിർദ്ദേശം അതിലംഘിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് ജില്ലയിലെ വിവിധ ധർമ്മസ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതിന് പദ്ധതി തുക വിനിയോഗിച്ചിരിക്കുന്നു.

2.ജില്ലാ കളക്ടറുടെ അനുയോജ്യസാക്ഷ്യപത്രം ഇല്ല .

2005-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(3) (1)(എ) അനുസരിച്ച് ജില്ലാപഞ്ചായത്ത് നിർദ്ദിഷ്ട ആവശ്യത്തിന് ഏറ്റെടുക്കുന്ന വസ്തുവിന്റെ അനുയോജ്യതാ സാക്ഷ്യപത്രം ജില്ലാ കളക്ടറിൽനിന്ന് വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ അപ്രകാരമൊരു നടപടി സ്വീകരിച്ചിട്ടില്ല.

3. പകൽ വീടിന്റെ ആവശ്യകത സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല .

പകൽ വീട് പോലെയുള്ള സംരംഭങ്ങൾ തുടങ്ങും മുൻപ് അതിന്റെ ആവശ്യകത സംബന്ധിച്ചും ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ചും വ്യക്തമായ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിലുള്ള പഠനറിപ്പോർട്ട് ഇല്ലാതെ ഫണ്ടിന്റെ ലഭ്യത മാത്രം പരിഗണിച്ച് എസ്റ്റിമേറ്റ്, പദ്ധതി എന്നിവ തയ്യാറാക്കി നിർവ്വഹണം നടത്തുന്നു.

4.പദ്ധതിയുടെ തുടർനടത്തിപ്പ് സംബന്ധിച്ച് വിവരങ്ങളില്ല .

അംഗീകാരം ലഭിച്ച പ്രോജക്ടിൽ ക്രമനം. 41 ൽ പദ്ധതിയുടെ തുടർനടത്തിപ്പും സംരക്ഷണവും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ സർക്കാർ ഫണ്ടിൽ നിന്ന് വൻ തുക മുടക്കി കെട്ടിടം നിർമ്മാണം മാത്രമാണ് ഉദ്ദേശിക്കുന്നത് എന്നും തുടർനടത്തിപ്പ് ജില്ലാപഞ്ചായത്ത് നടത്തുന്നില്ല എന്നും വ്യക്തമാകുന്നു.

5'പകൽ വീട് 'എന്ന ആശയത്തിൽ നിന്ന് വിഭിന്നമായ നിർമ്മാണ രീതി .

60 വയസ്സ് കഴിഞ്ഞവർക്ക് പഞ്ചായത്ത് തലത്തിൽ പകൽ ഒത്തുകൂടുന്നതിന് സൗകര്യമൊരുക്കുക, വൃദ്ധജനങ്ങൾക്ക് മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക, വൃദ്ധ പരിപാലന നിയമങ്ങളെയും, മാനസികവും ശാരീരികവും ആരോഗ്യകരവുമായ വിഷയങ്ങളെയും സംബന്ധിച്ച് ഏതെങ്കിലും നിയമ വിദഗ്ദ്ധർ, പോലീസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, സൈക്കോസോഷ്യൽ കൗൺസിലർമാർ എന്നിവർ മുഖാന്തിരം ക്ലാസുകൾ സംഘടിപ്പിക്കുക എന്നിവയൊക്കെയാണ് പകൽവീട് കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് സാമൂഹ്യനീതിവകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ആവശ്യങ്ങൾക്ക് ഉതകുന്ന രീതിയിലല്ല കെട്ടിടനിർമ്മാണം നടത്തുന്നത്.

6.പൊതുമുതൽ കൈകാര്യം ചെയ്യുന്ന വേളയിൽ അനുവർത്തിക്കേണ്ട സാമ്പത്തിക അച്ചടക്കം പാലിച്ചിട്ടില്ല .

സ്വകാര്യ സ്ഥാപനത്തിന്റെ വികസനത്തിനായി ജില്ലാ പഞ്ചായത്ത് കോടികൾ ചെലവഴിച്ച് കെട്ടിടം നിർമിച്ചു നൽകുന്നത് സർക്കാർ പണം കൈകാര്യം ചെയ്യുമ്പോൾ സ്വകാര്യധനം വിനിയോഗിക്കുന്ന അതേ പക്വതയും വിവേകവും പുലർത്തണമെന്ന കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 40(ബി)-യിൽ വ്യവസ്ഥ ചെയ്യുന്ന സാമ്പത്തിക അച്ചടക്ക തത്ത്വം ലംഘിച്ചാണ്. സുതാര്യത ഇല്ലാത്തതും പൊതുജനത്തിന് അപ്രാപ്യവുമായ പ്രസ്തുത നിർമ്മിതി ഭാവിയിൽ അന്യാധീനപ്പെടാനും സ്വകാര്യസ്വത്തായി പരിണമിക്കാനുമുള്ള എല്ലാ സാധ്യതകളും നിലനിൽക്കുന്നു.

7.മുൻവർഷ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല .

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2 ൽ ചെങ്കുളം മേഴ്സി ഹോമിന് പകൽപ്പുര എന്ന പേരിലും അടിമാലി ഗ്രാമപഞ്ചായത്ത്-മച്ചിപ്ലാവ് കാർമ്മൽ ജ്യോതി ചാരിറ്റബിൾ സൊസൈറ്റി കെട്ടിടം നിർമ്മാണം എന്ന പേരിലും ധർമ്മസ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകിയത് സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നു എങ്കിലും ആയത് പരിഗണിക്കാതെ ധർമ്മസ്ഥാപനങ്ങൾക്കുള്ള കെട്ടിട നിർമ്മാണം തുടരുന്നു.

മറ്റ് അപാകതകൾ

I. മുരിക്കാശ്ശേരി പകൽ വീട്

ഈ പദ്ധതിക്ക് 2017-18ൽ ഭരണസമിതിയുടെ 26.03.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിരിക്കുന്നു. ജനറൽകമ്മറ്റിയുടെ മിനിട്ട് ബുക്ക് പ്രകാരം ഈ പദ്ധതിയുടെ അടങ്കൽ തുക ₹45,00,000/- ആണ്. ശ്രീ.വി.സി. രാജു, വടയ്ക്കാട്ടുപുറത്ത് എന്ന വ്യക്തി ജില്ലാ പഞ്ചായത്തിനു വൃദ്ധമന്ദിരം നിർമ്മിക്കുന്നതിനായി വിട്ടുനൽകിയ 20 സെന്റ് സ്ഥലത്താണ് കെട്ടിടനിർമാണം നടത്തുന്നത്. പദ്ധതിയുടെ അസൂത്രണത്തിലും നിർമ്മാണത്തിലും താഴെപ്പറയുന്ന രീതിയിൽ ഗുരുതരമായ അപാകതകൾ കാണുന്നു.

1.പ്രവേശനമാർഗ്ഗമില്ല . അനുയോജ്യമായ സ്ഥലമില്ല .

പൊതു വഴിയിൽ നിന്നും ഏകദേശം 500 മീറ്റർ ഉള്ളിലായി ശ്രീ.വി.സി. രാജുവിന്റെ ഉടമസ്ഥതയിലുള്ള വൃദ്ധർ, വികലാംഗർ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവരെ പാർപ്പിക്കുന്ന 'സ്നേഹമന്ദിരം 'എന്ന ധർമ്മസ്ഥാപനത്തിന്റെ കെട്ടിടങ്ങൾക്ക് സമീപമായാണ് പ്രസ്തുതസ്ഥലം. പൊതു ജനങ്ങൾക്ക് സ്വതന്ത്രമായി ഉള്ളിൽ പ്രവേശിക്കുവാൻ സാധ്യമാകാത്ത വിധം മതിൽക്കെട്ടിന്റെയുള്ളിലാണ് ജില്ലാപഞ്ചായത്തിന് സാങ്കേതികമായി മാത്രം വിട്ടു നൽകിയ സ്ഥലം. കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം മാത്രമാണ് ആധാരം ചെയ്ത് നൽകിയിട്ടുള്ളത്. വഴിക്കുള്ള സ്ഥലമോ വഴിക്കുള്ള അവകാശമോ വിട്ടുനൽകിയിട്ടില്ല. കെട്ടിടം നിർമിക്കുന്നതിന് ലഭിച്ച സ്ഥലത്തിന്റെ കിഴക്കും തെക്കും അതിരുകൾ സ്നേഹമന്ദിരം വക സ്ഥലവും വടക്ക് തോടും പടിഞ്ഞാറ് ചുണ്ടൻകുഴിയിൽ ടോമിയുടെ സ്ഥലവുമാണ്. വഴിസൗകര്യമില്ലാത്തതുമൂലവും സമീപത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സ്വഭാവവും പരിഗണിച്ച് ജില്ലാപഞ്ചായത്തിന് പരിപാലിക്കുവാൻ അനുയോജ്യമായ സ്ഥലത്തല്ല കെട്ടിടം നിർമ്മാണം നടത്തുന്നത്.

2. പൂർത്തീകരണം എന്ന പേരിൽ നിർമ്മാണത്തിനു തുടക്കം

'പകൽവീട് പൂർത്തീകരണം' എന്ന പേരിലുള്ള ഈ പദ്ധതിക്കായി ₹45,00,000/ വകയിരുത്തിയിരിക്കുന്നു എങ്കിലും അസ്തിവാരം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് മാത്രമാണ് ഉൾപ്പെടുത്തി നിർവ്വഹിച്ചിരിക്കുന്നത്.

3.സ്ഥലം അനുയോജ്യ മല്ലാത്തതിനാൽ അസ്തിവാരത്തിനായി മാത്രം വൻ തുക .

സൗജന്യമായി ലഭിച്ചു എന്നതല്ലാതെ വലിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഒട്ടും അനുയോജ്യമായ സ്ഥലത്തല്ല നിർമ്മാണം നടത്തുന്നത് ആയതിനാൽ അസ്തിവാരം നിർമ്മിക്കാൻ വേണ്ടി മാത്രം ₹43,31,343/- ചെലവഴിച്ചിരിക്കുന്നു. മേൽ തുക ചെലവഴിച്ച് 48 പൈലിംഗ് മാത്രമാണ് നടത്തിയിരിക്കുന്നത്.

4.കൃത്യമായ പ്ലാൻ തയ്യാറാക്കിയിട്ടില്ല .

ഈ കെട്ടിടനിർമ്മാണത്തിനുള്ള ആദ്യ പ്രോജക്ടിൽ 120ച.മീ. വലുപ്പമുള്ള ഒരു നിലയിലുള്ള ഒരുകെട്ടിടമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ കെട്ടിടത്തിന്റെ തുടർ നിർമ്മാണത്തിനായി 2019- 20 എടുത്തിരിക്കുന്ന വാത്തിക്കുടി പടമുഖം പകൽ വീട് (പ്രോജക്ട് നം. 379/20) എന്ന പേരിലുള്ള

പദ്ധതിക്ക് ₹36,00,000/- വകയിരുത്തിയിരിക്കുന്നു. ഇതിന്റെ ആകെ പ്ലിന്ത് ഏരിയ 374 ച.മീ ഉള്ള ഒരു നില കെട്ടിടമാണ്. സ്ട്രക്ച്ചറൽ ഡിസൈൻ പ്രകാരം 12821 ചതുരശ്ര അടി വലുപ്പമുള്ള കെട്ടിടമാണ് . ഇങ്ങനെ വ്യത്യസ്ഥ രേഖകളിൽ വ്യത്യസ്ത വലുപ്പമുള്ള കെട്ടിടങ്ങളുടെ വിവരങ്ങളാണ് ലഭിക്കുന്നത്. പദ്ധതി ആരംഭിക്കുന്നതിന് മുൻപ് നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വലുപ്പം, പ്ലാൻ, ഇതിന്റെ മതിപ്പ് ചെലവ് എന്നിവ സംബന്ധിച്ച രേഖകൾ തയ്യാറാക്കണമെന്നും പ്ലമ്പിംഗ്, വയറിംഗ് ഉൾപ്പെടെ പൂർണമായ ഇനങ്ങൾ ഉൾപ്പെടുത്തി വേണം കെട്ടിടനിർമാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെന്നും 2012-ലെ പരിഷ്കരിച്ച പൊതുമരാമത്ത് മാനുവലിന്റെ സെക്ഷൻ 2302.1, 2301.2 എന്നിവയിൽ പരാമർശിക്കുന്നു. ഈ നിർദ്ദേശം പാലിക്കാതെ അനുവദിക്കുന്ന ഫണ്ടിനനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണം നടത്തുന്നു. ഇത് ഗുരുതരമായ വീഴ്ചയാണ്.

5. 'പകൽ വീട് ' എന്ന പേരിൽ സ്വകാര്യസ്ഥാപനത്തിന് വൻ കെട്ടിടം നിർമ്മാക്കാനുള്ള ശ്രമം .

പ്രോജക്ട് പ്രകാരം 120 ച.മീ മാത്രം പ്ലിന്ത് എരിയ ഉള്ള ഒരു ഒറ്റ നില കെട്ടിടം നിർമ്മാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ നടത്തിയതിന് തൃശ്ശൂർ ഗവ.എൻജിനിയറിംഗ് കോളേജിന് ₹ 75000/- നൽകിയിട്ടുണ്ട്. കേവലം 120 ചതുരശ്ര അടി മാത്രം വിസ്തീർണത്തിൽ വൃദ്ധരുടെ പകൽവീടായി നിർമ്മിക്കാൻ ലക്ഷ്യമിട്ട ഒരു സാധാരണ കെട്ടിടത്തിന്റെ രൂപരേഖയ്ക്ക് ഇത്രയും ചെലവേറിയ വിദഗ്ധ പരിശോധന ആവശ്യമില്ലെന്ന കാര്യം സാമാന്യ യുക്തികൊണ്ടു തന്നെ മനസ്സിലാക്കാവുന്നതാണ്. മേൽ തുകയുടെ ഇൻവോയ്സിൽ നിന്നും 12821 ചതുരശ്ര അടി വലുപ്പമുള്ള കെട്ടിടമാണ് അവിടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാകുന്നു. മേൽ പരാമർശിച്ച വസ്തുതകളിൽ നിന്നും സ്നേഹമന്ദിരം എന്ന സ്വാകാര്യസ്ഥാപനത്തിനുവേണ്ടിയാണ് കെട്ടിടനിർമ്മാണം നടത്തുന്നത് എന്നത് സ്ഥിരീകരിക്കാവുന്നതാണ്. ജില്ലാപഞ്ചായത്തിന് തുടർന്ന് നടത്തിക്കൊണ്ട് പോകാൻ ബുദ്ധിമുട്ടുള്ള ഒരു പദ്ധതിക്കായി പദ്ധതിയുടെ ഒരു ഭാഗത്തും പ്രതിപാദിക്കാത്ത അത്ര വലുപ്പമുള്ള കെട്ടിടം നിർമ്മിക്കിക്കുന്നതിനുള്ള സ്ട്രക്ച്ചറൽ ഡിസൈൻ നടത്തിയതിൽ നിന്നും നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ യഥാർത്ഥ ഗുണഭോക്താക്കൾ പഞ്ചായത്തിലെ വയോജനങ്ങളല്ല എന്നും പകൽ വീടല്ല അവിടെ നിർമ്മിക്കുന്നത് എന്നും വ്യക്തമാകുന്നു.

6 'പകൽ വീട് 'എന്ന ആശയത്തിൽ നിന്ന് വിഭിന്നമായ നിർമ്മാണ രീതി .

ഒന്നാം നിലയിൽ 3.6മീറ്റർx4.5മീറ്റർ വലുപ്പമുള്ള ടോയ്ലറ്റോട്ടുകൂടിയ 6 മുറികൾ 3.6x6.60 മീറ്റർ വലുപ്പമുള്ള 3 മുറികൾ എന്നിവയാണ് നിർമ്മിക്കുന്നത്. ഇതിൽ നിന്നും വൃദ്ധജനങ്ങൾക്ക് ഒത്തുകൂടുന്നതിന് സൗകര്യമൊരുക്കുക എന്ന പകൽവീടിന്റെ ലക്ഷ്യം സാധൂകരിക്കുന്ന രീതിയിലല്ല കെട്ടിടത്തിന്റെ നിർമ്മാണം നടത്തുന്നത് എന്ന് വ്യക്തമാണ്.

7.ജില്ലാ പഞ്ചായത്തിന്റെ ആസ്തിയാണ് എന്ന് സ്ഥാപിക്കാനുള്ള ശ്രമം .

ജില്ലാപഞ്ചായത്തിന് സ്ഥലം വിട്ട് നൽകി, ജില്ലാ പഞ്ചായത്തിന്റെ ആസ്തിയാക്കിയ ശേഷമാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത് എന്ന് സ്ഥാപിക്കുന്നതിനായി സെക്രട്ടറിയുടെ പേരിൽ സ്ഥലം ആധാരം ചെയ്ത് നൽകിയ ശേഷമാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. വൃദ്ധമന്ദിരം നിർമ്മിക്കുക എന്ന ആവശ്യത്തിനാണ് സ്ഥലം വിട്ടുനൽകുന്നത് എന്ന് ആധാരത്തിൽ പ്രത്യേകം പരാമർശിക്കുന്നുമുണ്ട്. വൃദ്ധമന്ദിരംപോലെയുള്ള ധർമ്മ സ്ഥാപനങ്ങളുടെ നടത്തിപ്പ് ജില്ലാപഞ്ചായത്തിന്റെ ചുമതലയല്ലാത്തതിനാലും ഇതിനുള്ള സംവിധാനം ജില്ലാ പഞ്ചായത്തിന് ഇല്ലാതിരിക്കെയുമാണ് ഇത്തരം സ്ഥാപനത്തിനായി കെട്ടിട നിർമ്മാണം നടത്തുന്നതിന് സ്ഥലം വാങ്ങിയിരിക്കുന്നത്.

8.അംഗീകാരം ലഭിച്ച പദ്ധതിയിൽ അടങ്കൽ തുകയിൽ വ്യത്യസ്ത രേഖപ്പെടുത്തലുകൾ .

2018-19 വർഷം അംഗീകാരം ലഭിച്ച പദ്ധതിയിൽ ക്രമനം. 30ൽ ഈ പദ്ധതിയുടെ ആകെ അടങ്കൽ ₹90,00,000/-എന്നും ക്രമനം. 31 ൽ ₹ 60,00,000/- ക്രമനം. 55ൽ ആകെ അടങ്കൽ ₹90,00,000/-എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മിനിട്ട്സ് പ്രകാരം ആകെ അടങ്കൽ ₹45,00,000/-മാത്രമാണ്. യഥാർത്ഥത്തിൽ ചെലവ് വന്ന തുക ഇതിൽ താഴെയാണ്. പ്രോജക്ടിൽ വ്യത്യസ്ത രീതിയിൽ ചെലവുതുക രേഖപ്പെടുത്തിയതിന്റെ സാഹചര്യം വ്യക്തമല്ല.

ജി.ഒ.(എം.എസ്) നം.72/2017/തസ്വഭവ തീയതി 29.03.2017 ഖണ്ഡിക 5.9, 5.10 എന്നിവ പ്രകാരം ഓരോ പദ്ധതിയും ഭരണസമിതിയിൽ വിശദമായി ചർച്ച ചെയ്തതിന് ശേഷം മാത്രമാണ് അംഗീകരിക്കുന്നത് . മാത്രമല്ല സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻവർഷ റിപ്പോർട്ടുകളിലും ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് പരാമർശം നടത്തിയിരുന്നു. എന്നാൽ ഇവയെല്ലാം അവഗണിച്ചുകൊണ്ട് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത് നിർബാധം തുടരുന്നു. അതുകൊണ്ട് ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത, പദ്ധതിനിർവ്വഹണത്തിന് അനുയോജ്യമല്ലാത്ത സ്ഥലം തെരഞ്ഞെടുത്ത് അസ്തിവാരം നിർമ്മിക്കുന്നതിന് തന്നെ വൻതുക ചെലവഴിച്ച് സർക്കാർ ഫണ്ടിന് വൻ നഷ്ടം വരുത്തിയ, യാതൊരുവിധപഠനവും നടത്താതെ, വ്യക്തമായ പ്ലാൻ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാതെ, ജില്ലാ കളക്ടറുടെ അനുയോജ്യ സാക്ഷ്യപത്രം വാങ്ങാതെ, സ്വകാര്യസ്ഥാപനത്തിന് മാത്രം പ്രയോജനപ്പെടുന്നരീതിയിൽ കെട്ടിടനിർമ്മാണം നടത്തുന്നത് എല്ലാം ഭരണസമിതിയുടെ പൂർണ്ണ അറിവോടെയാണ് എന്ന് വ്യക്തമാകുന്നു. ഈ പദ്ധതി നടത്തുന്നതു സംബന്ധിച്ച് തീരുമാനമെടുത്ത ഭരണസമിതിയുടെ 26.03.2018-ലെ കമ്മിറ്റിയിൽ പങ്കെടുത്ത മെമ്പർമാർക്കും സെക്രട്ടറിക്കും സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കുന്നതിൽ ഗുരുതരമായ പിഴവ് സംഭവിച്ചിരിക്കുന്നു.

പകൽവീട് എന്ന ആശയത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ കെട്ടിടനിർമ്മാണത്തിന് മണ്ണ് പരിശോധന, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നിവ ഉൾപ്പെടെയുള്ള ഇനങ്ങളോടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ഒട്ടും അനയോജ്യമല്ലാത്ത സ്ഥലത്ത് ഇക്കാര്യം ചൂണ്ടിക്കാട്ടാതെ കെട്ടിട നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയ നിർവഹണ ഉദ്യോഗസ്ഥനായ അസി.എക്സി.എഞ്ചിനീയർക്കും ഗുരുതരമായവീഴ്ച സംഭവിച്ചിരിക്കുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.23/28.09.2020ന് മറുപടി ലഭ്യമാക്കിയില്ല. ലാഭേച്ഛയോടെ പ്രവത്തിക്കുന്ന വൃദ്ധമന്ദിരം പോലെയുള്ള സ്ഥാപനങ്ങൾ നടത്താൻ മാത്രമെ നിലവിൽ ഈ കെട്ടിടം പ്രയോജനപ്പെടുത്തുള്ളൂ. ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നുമില്ല. ജില്ലാ പഞ്ചായത്തിന് നടത്താൻ സാധിക്കുന്ന ഏതെങ്കിലും സ്ഥാപനം നടത്തുന്നതിന് അനയോജ്യമായ കെട്ടിടമല്ല എന്നതിനാൽ വികസന ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടമാണിത്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം കുറിപ്പ് 24/28.09.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ ഇനത്തിലെ ആകെ₹43,31,343/- ചെലവിൽ 2019-20 ലെ ₹42 56 343/- ന്റെ ചെലവ് അംഗീകരിക്കുന്നില്ല. ഈ പദ്ധതി നടത്തുന്നതിന് അംഗീകാരം നൽകിയ ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, പദ്ധതി നിർവ്വഹണം നടത്തിയ അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

II.വാത്തിക്കുടി ഗ്രാമപഞ്ചായത്ത് . പെരുംതൊട്ടി പകൽ വീട് .

ബഹുവർഷ പദ്ധതിയായി വിഭാവനം ചെയ്തിരിക്കുന്ന ഈ കെട്ടിടത്തിന്റെ 2019-20ൽ വകയിരുത്തിയിരുന്ന തുക ₹5,00,000/- യും 2020-21ൽ ₹33,00,000/- യുമാണ് . എസ്റ്റിമേറ്റ് പ്രകാരം ജി.എസ്.റ്റി ഒഴികെ പദ്ധതിക്കായി വകയിരുത്തിയ തുക₹ 33,92,198 ആണ്. ആയതിൽ ₹1,25,000/- വൈദ്യുതീകരണത്തിനുള്ള തുകയാണ്. ഈ തുകകൂടി ഒഴിവാക്കി ₹32,67,198 യുടെ ഇനങ്ങൾ ഉൾപ്പെടുത്തിയാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്.

2020 വർഷം മാർച്ച് മാസം പാർട്ട് ബിൽ തയ്യാറാക്കി നൽകിയിരുന്നു എങ്കിലും ക്യൂ ബില്ലിൽ ഉൾപ്പെടുത്തി 2020 മെയ് മാസത്തിൽ മാത്രമാണ് ₹4,87,500/-യുടെ ബില്ല് മാറിയിരിക്കുന്നത്.

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പെരുംതൊട്ടി സ്നേഹഭവൻ സൗജന്യമായി നൽകുന്ന സ്ഥലത്താണ് പകൽ വീട് നിർമ്മിക്കേണ്ടത്. സെല്ലാർ നിലയിൽ 43.20 $M^2$ ഉം ആദ്യ നിലയിൽ 108.13$m^2$ ഉം ഉൾപ്പെടുന്ന കെട്ടിടമാണ് നിർമ്മിക്കേണ്ടത് . സെല്ലാർ നിലയിൽ ഘടനമാത്രമാണ് നിലവിലെ നിർമ്മാണത്തിൽ ഉൾപ്പെടുന്നത് .

പദ്ധതിയിലെ അപാകതകൾ

1. സ്ഥലം വിട്ടുനൽകുകയോ ജില്ലാ പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല . എം.കെ പ്രീയൻ എന്ന ആൾ വിവരാവകാശ നിയമ പ്രകാരം നൽകിയ അപേക്ഷയിൽ വാത്തിക്കുടി പഞ്ചായത്തിലെ പകൽവീടുകളുടെയും സ്ഥലം വിട്ടുകിട്ടിയതിന്റെയും വിവരവും ആവശ്യപ്പെട്ടിട്ട് ആയതിന് IDP/B2-1792/20 തീയതി 07.09.2020 പ്രകാരം മറുപടി നൽകിയിരിക്കുന്നു. പ്രസ്തുത മറുപടിയിൽ പെരുംതൊട്ടി പകൽ വീടിനുള്ള സ്ഥലം വിട്ടുകിട്ടിയതായി രേഖപ്പെടുത്തിയിട്ടില്ല; സ്ഥലം വിട്ടുകിട്ടിയതിന്റെ പകർപ്പ് നൽകിയിട്ടുമില്ല. ആയതിൽ നിന്ന് ഈ സ്ഥലം ജില്ലാ പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ല എന്ന് വ്യക്തമാണ്. സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് നിർമ്മാണം നടത്തുന്നതിനാണ് മേൽബില്ലുപ്രകാരം തുക അനുവദിച്ചിരിക്കുന്നത്.

2.പകൽ വീടിനുള്ള നിർമ്മാണമല്ല നടത്തുന്നത് .എസ്റ്റിമേറ്റ് പ്രകാരം 3.6X3.6 മീറ്റർ വലിപ്പമുള്ള മുറികളോട് ചേർന്ന് 1.2x1.95മീറ്റർ വലുപ്പമുള്ള ടോയ്‌ലറ്റും 1.5x1.2 മീറ്റർ വലുപ്പമുള്ള ഡ്രസ്സിംഗ് റൂമും ഉൾപ്പെടുന്ന 3 മുറികളും 3.6x4.2 മീറ്റർ വലുപ്പമുള്ള മുറിയോട് ചേർന്ന് 1.05x1.8 മീറ്റർ വലുപ്പമുള്ള ടോയ്‌ലറ്റും 1.5x1.2 മീറ്റർ വലുപ്പമുള്ള ഡ്രസ്സിംഗ് റൂമും ഉൾപ്പെടുന്ന1മുറിയും 3x3 മീറ്റർ വലുപ്പമുള്ള ഓഫീസ് മുറിയോട് ചേർന്ന് 1.2x1.95മീറ്റർ വലുപ്പമുള്ള ടോയ്‌ലറ്റുംനിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

കിടപ്പുമുറികളുടെമാത്രം വലുപ്പമുള്ള മുറികൾ ടോയ്‌ലറ്റ്, ഡ്രസ്സിംഗ് എന്നിവ ഉൾപ്പെടെ നിർമ്മിക്കാൻ വിഭാവനം ചെയ്തതിൽ നിന്നും പ്രസ്തുതകെട്ടിടം പകൽ വീട് ആയി ഉപയോഗിക്കാനുള്ളതല്ല എന്ന് വ്യക്തമാകുന്നു .

3.അസ്തിവാരം നിർമ്മിക്കാനും ബലപ്പെടുത്തലിനും വൻതുക വകയിരുത്തിയിരിക്കുന്നു .

കെട്ടിടത്തിന്റെ അസ്തിവാരം നിർമ്മിക്കാനും സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ച് ബലപ്പെടുത്തലിനും എസ്റ്റിമേറ്റിൽ വൻതുക വകയിരുത്തിയിരിക്കുന്നു. ഇതിനായി ഒൻപത് ലക്ഷത്തോളം രൂപയാണ് വകയിരുത്തിയിക്കുന്നത്. സെല്ലാറിൽ തന്നെ 0.3x0.3x3 മീറ്ററിലുള്ള 8 കോളങ്ങളും ആദ്യ നിലയ്ക്ക് 18 കോളങ്ങളും ഉൾപ്പെടുന്നു. കൂടാതെ ആദ്യ നിലയിൻ നിന്നും മുകളിലേയ്ക്ക് കയറുന്നതിനായി 4 കോളങ്ങളുള്ള സ്റ്റെയർകേസും നിർമ്മിച്ചിരിക്കുന്നു. സ്റ്റെയർകേസ് നിർമ്മിച്ചിരിക്കുന്നതിലൂടെ ജില്ലാ പഞ്ചായത്തിന്റെ മുതൽ മുടക്കിലോ സ്വകാര്യവ്യക്തി തന്നെയോ ഇതിന് മുകളിലേയ്ക്ക് വീണ്ടും കെട്ടിടം നിർമ്മിച്ച് നൽകാൻ/നിർമ്മിക്കാൻ ഉള്ള സാഹചര്യം ഉണ്ടാക്കിയിരിക്കുന്നു.

4.സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല .

സ.ഉ.(കൈ)നം.11/2018/തസ്വഭവ.തീയതി.29.01.2018 ഖ:6.5 പ്രകാരം പകൽവീട് ആരംഭിക്കുന്നതിന് വേണ്ടി പണികഴിപ്പിച്ച കെട്ടിടം പൂർണ്ണമായി പ്രവർത്തനക്ഷമമാക്കിയതിനുശേഷം മാത്രം ആവശ്യമുണ്ടെങ്കിൽ മാത്രമേ പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും

ഇതുമുഖവിലക്കെടുക്കാതെ കെട്ടിടങ്ങൾ പണിതുകൂട്ടുന്നു. ഇതേ ഗ്രാമപഞ്ചായത്ത് പരിധിയിൽ തന്നെ വൻ മുതൽ മുടക്കിൽ ജില്ലാ പഞ്ചായത്തുതന്നെ പകൽ വീട് എന്നപേരിൽ മുരിക്കാശ്ശേരിയിൽ തന്നെ നിർമ്മാണം നടത്തുന്ന വിവരം 2017-18, 2018-19 വർഷ റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതാണ് . തൻവർഷവും ആയതിന്റെ പണിനടക്കുന്നുണ്ട്. പകൽവീട് എന്ന പേരിൽ ഒരേ പഞ്ചായത്തിൽ തന്നെ രണ്ട് കെട്ടിടങ്ങൾ നിർമ്മിക്കുന്നു. നേരിട്ടുള്ള അന്വേഷണത്തിൽ സ്വകാര്യ ആരാധനാലയത്തിന്റെ ഉടമസ്ഥതയിലുള്ളതാണ് ഈ സ്ഥലം എന്നും നിലവിൽ കെട്ടിടത്തിന്റെ 75% പണി തീർന്നിട്ടുള്ളതായും ബോദ്ധ്യപ്പെട്ടു.

സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് ഫീസ് ഈടാക്കിക്കൊണ്ട് ആളുകളെ താമസിപ്പിക്കുന്ന സൗകര്യങ്ങളോടുകൂടി പകൽ വീട് എന്ന പേരിൽ ഇത്രയും ബലപ്പെട്ട ഒരുകെട്ടിടം നിർമ്മിച്ചുനൽകിയത് സർക്കാർ പണത്തിന്റെ ദുരുപയോഗമാണ്. വേണ്ടത്ര അവധാനതയോടെ ജില്ലാ പഞ്ചായത്ത് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ പദ്ധതികൾ ഏറ്റെടുക്കാത്തതുമൂലമാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് യാതൊരുവിലയും കൽപ്പിക്കാതെ പൊതുമുതൽ കൈകാര്യംചെയ്യുന്നതുകൊണ്ടാണ് ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്. ഇത്തരം പദ്ധതികൾ തുടർന്ന് ഏറ്റെടുക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും നിലവിൽ പണിയുന്ന കെട്ടിടം ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/23.09.2020 ന് മറുപടി ലഭിച്ചിട്ടില്ല.

മേൽ രണ്ട് പദ്ധതികൾക്കുമായി ₹48,48,843/- ആകെ ചെലവഴിച്ചിരിക്കുന്നു. ആയതിൽ 2019-20 വർഷം ചെലവഴിച്ചത് ₹42,56,343/- ആണ്. പ്രസ്തുത തുക അനധികൃതമായി അംഗീകാരം നൽകിയ ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, പദ്ധതി നിർവ്വഹണം നടത്തിയ അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ് (ഖണ്ഡിക 4-10 കണ്ടാലും). വ്യക്തിതാത്പര്യങ്ങൾക്ക് മുൻതൂക്കം നൽകി സർക്കാർ മാനദണ്ഡങ്ങളും നിയമങ്ങളും അവഗണിച്ച് പദ്ധതി നടപ്പാക്കിയ ഭരണസമിതി അംഗങ്ങൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവർക്കെതിരെ നിയമപരമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

മുരിക്കാശ്ശേരി പകൽവീട്



പെരുംതൊട്ടി പകൽവീട്



## 3-3 പബ്ലിക്ക് ടോയ്‌ലറ്റ് എന്ന പേരിൽ എയിഡഡ് സ്കൂളിന് ടോയ്‌ലറ്റ് (ഖ.1-14)

| | |
|---|---|
| പ്രോജക്ട് നം, പേര് | 950/20, മുരിക്കാശേരി പബ്ലിക്ക് ടോയ്‌ലറ്റ് |
| അടങ്കൽ | 1500000 |
| കരാറുകാരന്റെ പേര് | സജി സെബാസ്റ്റ്യൻ |
| എം-ബുക്ക് നം | 2206/18-19 |
| ബിൽ നം,തുക | 185/AEE/03/05/19-₹616288 |

258/AEE/26/05/19- ₹871738

വികസനഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പൊതുജനോപകാരപ്രദമായ രീതിയിൽ സാനിട്ടറി കോംപ്ലക്സ് നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 20.10.2017ലെ 1-ാം നമ്പർ തീരുമാന പ്രകാരമാണ് പദ്ധതിക്ക് അംഗീകാരം നൽകിയിരിക്കുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സാനിട്ടറി കോംപ്ലക്സ് നിർമ്മിക്കാനുദ്ദേശിക്കുന്നത് സെന്റ്.മേരീസ് ഹയർ സെക്കന്ററി സ്കൂൾ വക സ്ഥലത്താണെന്ന് വ്യക്തമാക്കുന്നുണ്ട്. വാത്തിക്കുടി ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ടുനടത്തിയ പരിശോധനയിൽ എയ്ഡഡ് മേഖലയിലുള്ള മുരിക്കാശ്ശേരി സെന്റ്.മേരീസ് ഹയർ സെക്കന്ററി സ്കൂളിനു വേണ്ടി സ്കൂൾ വക സ്ഥലത്ത് ഒരു ടോയ്‌ലറ്റ് കോംപ്ലക്സ് പണിതിട്ടുള്ളതായാണ് ബോദ്ധ്യപ്പെട്ടത്. മുരിക്കാശ്ശേരി ജംഗ്ഷനിൽ നിന്നും ഒരു കിലോമീറ്റർ അകലെയായി പൊതുജനങ്ങൾക്ക് ഉപകാരപ്രദമല്ലാത്ത രീതിയിൽ പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്വകാര്യ സ്കൂളിന്റെ ഭൂമിയിലാണ് നിർമ്മാണം നടത്തിയത്. ടോയ്‌ലറ്റിന് ജലം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ പദ്ധതിയിൽ നടപ്പിലാക്കിയിട്ടുമില്ല. ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത, എയ്ഡഡ് സ്കൂളിന്റെ ഭൂമിയിൽ ജില്ലാ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് സ്കൂളിനുവേണ്ടി പബ്ലിക് ടോയ്‌ലറ്റ് എന്നപേരിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഈ പദ്ധതിയുടെ ആദ്യ പേരുതന്നെ 'സെന്റ് മേരീസ് സ്കൂളിന് ടോയ്‌ലറ്റ് ' എന്നായിരുന്നു. ഈ പേരിൽ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് അസി.എഞ്ചിനീയർ വിയോജിപ്പ് രേഖപ്പെടുത്തിതിനാൽ പേരിൽ മാത്രം മാറ്റം വരുത്തി സ്കൂളിനുവേണ്ടി നിർമ്മാണം നടത്തുകയായിരുന്നു. ജി.ഒ.(എം.എസ്) നം.72/2017/തസ്വഭവ .തീയതി 29.03.2017 ഖണ്ഡിക 5.9, 5.10 എന്നിവ പ്രകാരം ഓരോ പദ്ധതിയും ഭരണസമിതിയിൽ വിശദമായി ചർച്ച ചെയ്തതിന് ശേഷം മാത്രമാണ് അംഗീകരിക്കുന്നത്. സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.18 ഖണ്ഡിക 7-6(8) പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകൾ, ടോയ്‌ലറ്റുകൾ, വാഷ്ബേസിനുകളും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനുശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഒരുക്കാവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. സർക്കാർ സ്കൂളുകളിൽ ഈ സൗകര്യം പൂർണ്ണമായി ഒരുക്കാത്തതിനാലാണ് സ്കൂളിന്റെ പേരിൽ പദ്ധതി തയ്യാറാക്കിയപ്പോൾ അസി.എഞ്ചിനീയർ എതിർപ്പ് രേഖപ്പെടുത്തിയത്. ആയതിനാലാണ് പബ്ലിക് ടോയ്‌ലറ്റ് എന്നപേരിൽ പദ്ധതി തയ്യാറാക്കി എയിഡഡ് സ്കൂളിന് ടോയ്‌ലറ്റ് സൗകര്യം ഉണ്ടാക്കി നൽകിയിരിക്കുന്നത്. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്വകാര്യ സ്ഥലത്തെ നിർമ്മാണപ്രവർത്തനത്തിനായി ചെലവഴിച്ച 1488026/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ പദ്ധതി ഏറ്റെടുത്ത ഭരണസമിതിയും അസി.എഞ്ചിനീയറുടെ പരാമർശമുണ്ടായിട്ടും പദ്ധതി നടപ്പാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനും ഈ നഷ്ടത്തിന് ഉത്തരവാദികളാണ്. തുക ഉത്തരവാദികളായ വ്യക്തികളിൽ നിന്ന് (ഖണ്ഡിക 4-10 കണ്ടാലും) തുല്യമായി ഈടാക്കേണ്ടതാണ്. (₹ 87531 വീതം)






## 3-4 ടാറിംഗ് പ്രവൃത്തികൾക്ക് അധിക തുക നല്കി (ഖ.1-15)

താഴെപ്പറയുന്ന പ്രവൃത്തികൾക്ക് DSR O.D 75.5.1.1 Pb കോഡ് പ്രകാരം ബിറ്റുമിൻ ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളിൽ നിന്ന് ഉപയോഗിച്ച

ബിറ്റുമിന്റെ ഒഴിഞ്ഞ ബാരലിന്റെ വില ഈടാക്കാത്തതിനാൽ താഴെപ്പറയുന്ന രീതിയിൽ നഷ്ടം സംഭവിച്ചിരിക്കുന്നു. ഈ രണ്ട് പ്രവൃത്തികളിലും ബാരലിന്റെ വില ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്. ആയതിനാൽ ബാരലിന്റെ വില തിരികെ ഈടാക്കേണ്ടതായിരുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങളും ഈടാക്കേണ്ട തുകയും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം,പേര് | 50/201<br>രാമക്കൽമേട് ടൂറിസം റോഡ് | 899/20- മൈലപ്പുഴ വരിക്കമുത്തൻ റോഡ് |
| അടങ്കൽ | ₹1000000( വികസനഫണ്ട്) | ₹3000000(വികസന ഫണ്ട്) |
| കരാറുകാരന്റെ പേര് | ശ്രീ. പി.കെ സോമൻപിള്ള | ശ്രീ.രാജൻ വർഗീസ് |
| എം-ബുക്ക് നം. | 441/17-18 | 2098/18-19 |
| ബിൽ നം. തുക | 126/AEE/19-20 Dt03/05/2019,-₹ 992132 | 181/AEE/03/05/19- ₹15446904<br>284/AEE/29/07/2019-₹ 1238918 |

1)രാമക്കൽമേട് ടൂറിസം റോഡ്

ഇൻവോയ്സ് നം. 4550255204 തീയതി 05/03/2019 പ്രകാരം ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്നും വാങ്ങിയ 55 ബാരൽ ബിറ്റുമിനിൽ 5239.36 കിലോ ഗ്രാം (34 ബാരൽ) ബിറ്റുമിനാണ് ഈ പ്രവൃത്തിയ്ക്കായി ഉപയോഗിച്ചതായി ഇൻവോയ്സിൽ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. പ്രവൃത്തിയുടെ അന്തിമ ബിൽ നല്കിയപ്പോൾ 34 കാലിബാരലിന്റെ വിലയായ 8092/- രൂപ (34X238) കരാറുകാരനിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന എങ്കിലും തുക കുറവു ചെയ്തിട്ടില്ല.

2) മൈലപ്പുഴ വരിക്കമുത്തൻ റോഡ്

ഇൻവോയ്സ് നം 4550247629 തീയതി 18/02/2019 പ്രകാരം ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്നും വാങ്ങിയ 7956 കിലോ ഗ്രാം ബിറ്റുമിനും ഇൻവോയ്സ് നം.4550250584 തീയതി 23/02/2019 പ്രകാരം വാങ്ങിയ 2457.50 കി.ഗ്രാം ബിറ്റുമിനുമാണ് (78 ബാരൽ) ഈ പ്രവൃത്തിയ്ക്കായി ഉപയോഗിച്ചതായി ഇൻവോയ്സിൽ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. പ്രവൃത്തിയുടെ അന്തിമ ബിൽ നല്കിയപ്പോൾ 78 ബാരലിന്റെ വിലയായ 18564 (78X238) രൂപ കരാറുകാരനിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന എങ്കിലും തുക കുറവു ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 18/23.09.2020 ന് മറുപടി ലഭിച്ചില്ല. അധികം നല്കിയ 26656/- ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ല. പിഴ ഈടാക്കാതെ അധിക സമയം അനുവദിച്ചിരിക്കുന്നു.മറ്റ് അപാകതകൾ (ഖ.1-16)

താഴെപ്പറയുന്ന പദ്ധതികളുടെ നടത്തിപ്പിൽ അപാകതകൾ കാണുന്നു.

1.സമയബന്ധിതമായി പൂർത്തീകരിക്കുകയോ താമസിച്ച് പൂർത്തീകരിച്ചതിന് നിയമാനുസൃത പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രോജക്ട് | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് വെള്ളാരംകുന്ന് - പടിഞ്ഞാറെ മേത്തൊട്ടി നടപ്പാത | കോടിക്കുളം ഗ്രാമപഞ്ചായത്ത് ഇല്ലിച്ചുവട് കടവൂർ റോഡ് | കരിങ്കുന്നം ഡിവിഷൻ – കരിങ്കുന്നം പഞ്ചായത്ത് ഒറ്റല്ലൂർ (പുഞ്ചിരിക്കവല) തേവരാനി റോഡ് |
|---|---|---|---|
| പ്രോജക്ട് നം. | 505/18<br>567/19<br>1106/20 | 430/18<br>283/19<br>1002/20 | 138/18,1020/20 |
| അടങ്കൽ | ₹1000000/- | ₹1000000/-(എസ്റ്റിമേറ്റ് തുക - ₹907166, അനാമത്ത്-₹90448, നെയിം ബോർഡ് -2385.36) | ₹1100000/- |
| ഫണ്ടിനം | വികസന ഫണ്ട് (ടി.എസ്.പി) | വികസന ഫണ്ട് -പൊതുവിഭാഗം | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| കരാറുകാരൻ | ഡെന്നി ജോസ് | ഏലിയാമ്മ സ്കറിയ | റോബി ബാബു |
| കരാർ തുക | ₹777842 | ₹832382 | ₹1033690 |
| കരാർ നം | 415/T/EE/ LSGD/IDK/ 17-18 തീ.05.03.18 | 169/T/EE/LSGD/IDK/ 17-18തീ.20.10.17 | 230/T/EE/LSGD/IDK/ 17-18 തീ.13.12.17 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി/പൂർത്തീകരിച്ച തീയതി | 04.06.2018(3മാസം)/ 28.02.2019 | 19.04.2018(6മാസം)/19.03.2019 | 12.03.2018(3മാസം)/21.2.19 |
| ബിൽ നം,തീയതി തുക | 227/AEE/19-20 തീ.28.06.19 ₹777842/- | 72/AEE/19-20തീ.03.05.19 ₹832389/- | 77/AEE/19-20 തീ.03.05.19 ₹965007 |
| അളവ് ബുക്ക് നം. | 323/17-18 | 315/17-18 | 257/17-18 |

കരാറിലെ 7-ാം നമ്പർ വ്യവസ്ഥ പ്രകാരം 2% സമയം മാത്രമാണ് പിഴ ഈടാക്കാതെ പരമാവധി അനുവദിക്കാവുന്ന സമയം. എന്നാൽ ഇപ്രകാരം അധിക

സമയം അനുവദിച്ചിട്ടില്ല. മേൽ വ്യവസ്ഥ പ്രകാരവും കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ(പി)13/2012/ പി.ഡബ്ല്യൂ.ഡി/01.02.2012) സെക്ഷൻ 2112-1 പ്രകാരവും കൂടുതൽ വേണ്ടിവരുന്ന മൂന്ന് മാസം വരെയുള്ള സമയത്തിന് കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടിവരുന്ന ഓരോ 3 മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടികൊടുക്കാൻ സാധിക്കൂ.

| വെള്ളാരം കുന്ന് - പടിഞ്ഞാറെ മേത്തൊട്ടി നടപ്പാത | | ഇല്ലിച്ചുവട് കടവൂർ റോഡ് | | ഒറ്റല്ലൂർ(പുഞ്ചിരിക്കവല) തേവരാനി റോഡ് | |
|---|---|---|---|---|---|
| ഈ പദ്ധതി 2017-18ൽ ആവിഷ്കരിച്ചതാണ്. മൺപണി,കട്ടിയുള്ള പാറ പൊട്ടിച്ചുമാറ്റൽ,15 സെ മീ കനത്തിൽ 225 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 1:2:4സിമിന്റ് കോൺക്രീറ്റ് നടത്തൽ എന്നിവയായിരുന്നു ഈ പദ്ധതിയുടെ ഇനങ്ങൾ.<br>ചുമത്തേണ്ട പിഴ താഴെ ചേർക്കുന്നു. | | 305.5മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ മെറ്റലിംഗും ടാറിംഗും നടത്തുന്നതിനുള്ള പദ്ധതിയാണിത്. പല തവണകളിലായി 31.03.2019 വരെ കാലാവധി ദീർഘിപ്പിച്ച് കരാറുകൾ തയ്യാറാക്കിയിരിക്കുന്നു.<br>ചുമത്തേണ്ട പിഴ താഴെ ചേർക്കുന്നു. | | 480മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ റീടാറിംഗും 384$M^2$ പാച്ച് വർക്കും നടത്താനുള്ളതാണ് പദ്ധതി .<br>20.06.2018വരെഅധിക സമയമനുവദിച്ചുകൊണ്ടുള്ള സപ്ലിമെന്ററി എഗ്രിമെന്റ് 1ന്റെയും 19.09.2018വരെ സമയമനുവദിച്ചുകൊണ്ടുള്ളസപ്ലിമെന്ററി എഗ്രിമെന്റ് 2ന്റെയും മുദ്രപത്രം അതിനുശേഷം 14.08.2018ൽ വാങ്ങിയതാണ്. അതിലെ വർഷം 2016 എന്നാക്കിയിരിക്കുന്നു.<br>ചുമത്തേണ്ട പിഴ താഴെ ചേർക്കുന്നു. | |
| 04.06.2018 മുതൽ 03 .09. 2018 വരെ | 777842 X1% =₹7778 | 20.4.2018 മുതൽ 19.07.2018 വരെ | 832382x1% =₹8324 | 13.03.2018 മുതൽ 12.06.2018 വരെ | 1033690x1%=₹10337 |
| 03 .09. 2018 മുതൽ 02.12.2018 വരെ | 777842x2%= 15556 | 20.07.2018 മുതൽ 19.10.2018 വരെ | 832382x2% = 16648 | 13.06. 2018 മുതൽ 12.09.2018 വരെ | 1033690x2%=20674 |
| 02.12.2018 മുതൽ 01.03.2019 വരെ | 777842x2%= 15556 | 20.10.2018 മുതൽ 19.01.2019 വരെ | 832382x2%= 16648 | 13.09.2018 മുതൽ 12.12.2018 വരെ | 1033690x2%= 20674 |
| | | 20.01.2019 മുതൽ 9.03.2019 വരെ | 832382x2%=16648 | 13.12.2018 മുതൽ 21.02.2019 വരെ | 1033690x2%=20674 |
| ആകെ | ₹38890 | | ₹58268/- | | ₹72359 |

2. മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിക്കുന്നതിനായി പദ്ധതിയുടെ പേരിൽ മാറ്റം വരുത്തിയിരിക്കുന്നു .

വെള്ളാരം കുന്ന് - പടിഞ്ഞാറെ മേത്തൊട്ടി നടപ്പാത എന്ന പദ്ധതിയിൽ 15 സെ.മീ കനത്തിൽ കോൺക്രീറ്റിംഗ് നടത്തിയതിൽ നിന്നു തന്നെ നടപ്പാത നിർമ്മാണം എന്ന പേരിൽ റോഡ് നിർമ്മാണമാണ് നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാണ്. ടി.എസ്.പി.ഫണ്ടുപയോഗിച്ച് പട്ടികവർഗ്ഗ കോളനിയിലേയ്ക്ക് റോഡ് നിർമ്മാണത്തിന് മാർഗ്ഗരേഖ പ്രകാരം തടസ്സമുള്ളതിനാൽ പേരിൽ മാത്രം നടപ്പാത എന്നുൾപ്പെടുത്തി റോഡ് നിർമ്മാണത്തിനുള്ള സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി റോഡ് നിർമ്മാണം നടത്തുകയാണ് ചെയ്തത്. വികസനഫണ്ട് ഉപയോഗിച്ച് നടപ്പാക്കേണ്ട പദ്ധതിയായിരുന്നു ഇത്.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 9/26.08.2020 നൽകിയതിന് ഭാഗികമായി നൽകിയ മറുപടി തൃപ്തികരമല്ല. മൂന്നു പദ്ധതികളിലുമായി ആകെ ഈടാക്കേണ്ടിയിരുന്ന ₹169517/- പിഴ ചുമത്താതെ സമയപരിധി നീട്ടിക്കൊടുത്തതും ബില്ല് മാറി നൽകിയപ്പോൾ പിഴ ഈടാക്കാത്തതുമായ, അസി. എക്സി. എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടും അതിനെ ലംഘിക്കുന്നതിനായി കുറുക്കുവഴികൾ ഉപയോഗിക്കുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. ആയതിനാൽ വെള്ളാരംകുന്ന് - പടിഞ്ഞാറെ മേത്തൊട്ടി നടപ്പാത യുടെ ₹777842/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 നാരകംപുഴ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം-സ്ഥാപിക്കാത്ത ഇനം ഉൾപ്പെടുത്തി തുക അനുവദിച്ചു (ഖ.1-17)

കൊക്കയാർ ഗ്രാമ പഞ്ചായത്തിലെ നാരകംപുഴ കമ്മ്യൂണിറ്റി ഹാളിന്റെ പൂർത്തീകരണമാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | കൊക്കയാർ ഗ്രാമ പഞ്ചായത്ത്-നാരകംപുഴ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം(1161/20) |
| അടങ്കൽ | ₹13,00,000/- (റ്റി.എസ്. പി.) |
| കോൺട്രാക്ടർ | ലോറൻസ് ജോസഫ് |
| കരാർ നമ്പർ | 66/AEE/LSGD/IDK/18-19, തീയതി : 15.10.2018 |
| അളവ് ബുക്ക് നമ്പർ | ഫയലിൽ ലഭ്യമായ അളവ് ബുക്കിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| ബിൽ നമ്പർ/തീയതി | 228/തീയതി 29.06.2019<br>₹1268248/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ |

മേൽ പ്രവൃത്തിയുടെ അളവ് ബുക്കിലെ രേഖപ്പെടുത്തലുകളുടെ നിജസ്ഥിതി 12.01.2021-ൽ ഗ്രാമ പഞ്ചായത്തിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഭൗതികമായി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ ഫയലില്ല.

2. ജനങ്ങൾ തിങ്ങിപ്പാർക്കുന്നതിനിടയിൽ ചെറിയ അളവിലുള്ള സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത് എന്നതിനാൽ താഴെയും മുകളിലുമായി പരമാവധി 54 $M^2$ അളവുള്ള രണ്ട് മുറികൾ എന്നതിലുപരി കമ്മ്യൂണിറ്റി ഹാളിന്റേതായ യാതൊരു പ്രയോജനങ്ങളും സ്ഥലവാസികൾക്ക് ഈ കെട്ടിടം

കൊണ്ട് ലഭിക്കില്ലായെന്ന് വ്യക്തമാണ്.

3. ഒരു കമ്മ്യൂണിറ്റി ഹാളിന് പ്രാഥമികമായി വേണ്ടതാണ് ജലസ്രോതസ്സും വൈദ്യുതി കണക്ഷനും. ഇതുരണ്ടും ലഭ്യമാക്കിയിട്ടില്ല. ലഭ്യമായ സ്ഥലത്ത് പൂർണ്ണമായിത്തന്നെ കെട്ടിടം നിറഞ്ഞുനിൽക്കുന്നതിനാൽ ജലസ്രോതസ്സിനുള്ള സ്ഥലം ഇനി ലഭ്യമാകുമോയെന്ന് സംശയമാണ്.

4. മേൽപറഞ്ഞ രണ്ട് പ്രാഥമിക സൗകര്യങ്ങളുമില്ലാതെ സ്ഥാപിക്കാനാവാത്ത എസ്റ്റിമേറ്റിലെ 24-മത്തെ ഇനമായ സബ്മേഴ്സിബിൾ പമ്പ്, സ്ഥാപിച്ചതായി എംബുക്കിൽ രേഖപ്പെടുത്തി (പേജ് 30, 86) തുക അനുവദിച്ച് നല്കിയിട്ടുണ്ട്. ഇത് സ്ഥാപിച്ചിട്ടില്ലായെന്ന് ഭൗതീക പരിശോധനയിൽ കണ്ടുബോദ്ധ്യപ്പെട്ടു.
ആയതിനാൽ ഈയിനത്തിൽ നല്കിയ അധിക തുക ₹9292/- എം. ബുക്ക് തയ്യാറാക്കിയ അസി. എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി(നം.39)ക്ക് മറുപടി ലഭിച്ചിട്ടില്ല.

## 3-7 കപ്പാലുവേങ്ങ അംഗൻവാടി കെട്ടിട നിർമ്മാണം-സ്ഥാപിക്കാത്ത ഇനങ്ങൾക്ക് തുക അനുവദിച്ച് നൽകി (ഖ.1-18)

പെരുവന്താനം ഗ്രാമ പഞ്ചായത്തിലെ കപ്പാലുവേങ്ങ അംഗൻവാടിക്ക് പുതിയ കെട്ടിട നിർമ്മാണമാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. പദ്ധതി വിശദാംശങ്ങൾ:-

| | |
|---|---|
| പ്രോജക്ട് | പെരുവന്താനം ഗ്രാമ പഞ്ചായത്ത്-കപ്പാലുവേങ്ങ അംഗൻവാടി കെട്ടിട നിർമ്മാണം(961/20) |
| അടങ്കൽ | ₹10,00,000/- (എസ്. സി. പി.) |
| കൺവീനർ | ഉഷ കെ. എസ്, |
| കരാർ നമ്പർ | 101/AEE/LSGD/IDK/17-18, തീയതി : 31.03.2018 |
| അളവ് ബുക്ക് നമ്പർ | 2248/18-19, 2251/18-19 |
| ബിൽ നമ്പർ/തീയതി | 133/ 03.05.2019<br>₹396728/-<br>218/26.05.2020<br>₹536578/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

പ്രവൃത്തിയുടെ അളവ് ബുക്കിലെ രേഖപ്പെടുത്തലുകളുടെ നിജസ്ഥിതി 12.01.2021-ൽ ഗ്രാമ പഞ്ചായത്തിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ ഭൗതികമായി പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന സ്ഥാപിക്കാത്ത ഇനങ്ങൾ സ്ഥാപിച്ചതായി എം.ബുക്കുകളിൽ രേഖപ്പെടുത്തി തുക അനുവദിച്ചതായി കണ്ടെത്തി.

| എം.ബുക്കിൽ രേഖപ്പെടുത്തിയ ഇന നമ്പർ | ഇന വിവരണം | അളവ്($m^2$) | | നിരക്ക് (₹/$M^2$) | തുക(₹) | റിമാർക്സ് |
|---|---|---|---|---|---|---|
| 19 | (50.9.3.1) Providing..... Jack Wood (Frame Of Door Shutter) | 0.9x1.93=1.74 | | 2552.72 | 4441.73 | ഒന്നാം നില (First Floor) യിൽ വാതിൽ സ്ഥാപിച്ചിട്ടില്ലായെങ്കിലും അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 20 | (50.9.4.1) Providing..... Jack Wood | 2x0.72x0.31=0.45<br>2x0.98x0.3=0.59 | 1.04 | 2334.36 | 2427.73 | |
| 21 | (9.77) Bolt And Lever Handles | 1 No. | | 654.34 | 654.34 | |
| 36 | (17.7.4) Wash Basin | 1 No. | | 2631.48 | 2631.48 | |
| | | | | ആകെ | 10155.28 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.40)ക്ക് മറുപടി ലഭിച്ചില്ല.

സ്ഥാപിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചതുവഴി ജില്ലാ പഞ്ചായത്തിന് ₹10155/-യുടെ നഷ്ടമുണ്ടായിട്ടുണ്ട്. ആയതിനാൽ ₹10155/- എം.ബുക്ക്

തയ്യാറാക്കിയ അസി.എഞ്ചിനിയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-8 കൊക്കയാർ ഗ്രാമ പഞ്ചായത്ത്-കുറ്റിപ്ലങ്ങാട് ജി.എച്ച്.എസ് ബോയ്സ് സൗഹൃദ ടോയ്‌ലറ്റ്-കൺവീനർക്ക് അധികം തുക നൽകി (ഖ.1-19)

| | | |
|---|---|---|
| പ്രോജക്റ്റ് നം. | 1296/20 | |
| അടങ്കൽ | ₹500000/- | |
| അളവ് ബുക്ക് | 84/19-20 | |
| കൺവീനർ | ശ്രീ. ഷാജി ജോൺ | |
| കരാർ നം./തീയതി | 66/17.12.18 | |
| ബിൽ നം./തീയതി&തുക | 408/18.01.20 | ₹311734 |
| | 142/27.4.20 | ₹138528 |

2018-19 വർഷം ₹5,00,000/-അടങ്കലായി വകയിരുത്തി കരാറിലേർപ്പെട്ട പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 03.03.2020 ലാണ്. പ്രസ്തുത പ്രവൃത്തിക്കായി പാർട്ട് ബില്ലിനത്തിൽ 18.01.2020ൽ ₹311734/-യും 27.04.2020ൽ അന്തിമ ബില്ലിനത്തിൽ ₹138528/-യും അനുവദിച്ചിട്ടുണ്ട്. അന്തിമ ബിൽ തയ്യാറാക്കിയതിലെ അപാകതകൾ മൂലം കൺവീനർക്ക് ₹17186/-അധികം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അനുവദിച്ച തുക(₹) | | അനുവദിക്കാവുന്ന തുക(₹) | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 458307 | ആകെ പ്രവൃത്തി മൂല്യം | 458307 |
| (-)പാർട്ട് ബിൽ(പാർട്ട് ബിൽ തുകയായ ₹338335/-യിൽ നിന്നും റീട്ടെൻഷൻ,OHC എന്നിവ കുറവ് ചെയ്ത ശേഷമുള്ള തുക) | 311733 | (-)ഒന്നാം പാർട്ട് ബിൽ തുക | 338335 |
| | 146590/-<br>(₹146774/-ക്ക് പകരം ₹146590/-നൽകി) | | 119972 |
| (-)OHC 5.5% | 8062 | (+)ഒന്നാം പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്ത 2.5% റീട്ടെൻഷൻ | 8062 |
| | 138528 | | 128034 |
| (-)IT 1% | 1385 | (-)ഓവർ ഹെഡ് ചാർജ്ജ് 5.5% | 7042 |
| (-)KCWWF 1% | 1385 | | 120992 |
| കൺവീനർക്ക് നൽകിയ തുക | 135758 | (-)ഐ.ടി 1% | 1210 |
| | | (-)നിർമ്മാണ തൊഴിലാളി ക്ഷേമ നിധി | 1210 |
| | | കൺവീനർക്ക് നൽകാവുന്ന തുക | 118572 |

കൺവീനർക്ക് അധികം നൽകിയ തുക : ₹17186/-(135758-118572)

ഓവർഹെഡ് ചാർജ്ജുൾപ്പെടെയുള്ള ഒന്നാം പാർട്ട് ബിൽ തുകയായ ₹329876/-അന്തിമ ബില്ലിൽ നിന്നും കുറവുചെയ്യുന്നതിനു പകരം ഓവർഹെഡ് ചാർജ്ജായ ₹18143/-ഒഴിവാക്കി അന്തിമ ബിൽ തയ്യാറാക്കിയതുമൂലമാണ് കൺവീനർക്ക് അധികം തുക നൽകുവാനുള്ള സാഹചര്യമുണ്ടായിട്ടുള്ളത്. 8.4.2020 ലെ 97/DPW/19-20 നമ്പർ കത്ത് പ്രകാരം ₹119999/-പാസ്സാക്കി നൽകുന്നതിനുള്ള അന്തിമ ബില്ലാണ് അഴുത ബ്ലോക്ക് അസി.എക്സി.എഞ്ചിനിയർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് സമർപ്പിച്ചിരുന്നതെങ്കിലും എക്സിക്യൂട്ടീവ് എഞ്ചിനിയർ അന്തിമ ബില്ലിനത്തിൽ അനുവദിച്ചത് ₹138528/-യാണ്. കൺവീനർക്ക് അധികമായി നൽകിയ ₹17186/-ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 കണയങ്കവയൽ വൃദ്ധസദനം-നിർമ്മാണ പ്രവർത്തനങ്ങൾ പാതിവഴിയിൽ അവസാനിച്ചു (ഖ.1-20)

| | |
|---|---|
| പ്രോജക്റ്റ് നം. | 171/20 |
| പദ്ധതി അടങ്കൽ | 1500000 (വികസന ഫണ്ട് ജനറൽ) |
| കരാറുകാരൻ | തോമസ് ജോൺ |

| | |
|---|---|
| കരാർ നം | 328/22.02.119 |
| അളവു ബുക്ക് | 519/17-18 |
| ബിൽ നം./തീയതി&തുക | 290/18.1.20; ₹1498934/- |

2018-19ൽ ആവിഷ്കരിച്ച് 20.02.19 ൽ കരാർ ഒപ്പുവച്ച പ്രവൃത്തി 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1.കണയങ്കവയൽ വായനശാലയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി

കണയങ്കവയൽ വായനശാലയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് വൃദ്ധസദനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. പ്രവൃത്തി സ്ഥലം നാളിതുവരെയും ജില്ലാ പഞ്ചായത്തിന് വിട്ടു നൽകിയിട്ടില്ല. പദ്ധതിക്കുവേണ്ടി നാളിതു വരെയായി ₹1498934/-ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി സ്ഥലം ജില്ലാ പഞ്ചായത്തിന് വിട്ടു കിട്ടാത്തത് പദ്ധതിയുടെ പൂർത്തീകരണത്തെ തടസ്സപ്പെടുത്തുവാൻ സാധ്യത കാണുന്നു.

2.നിർമ്മാണ പ്രവർത്തനങ്ങൾ പാതി വഴിയിൽ അവസാനിച്ചു

ടോയ്‌ലറ്റ്, പ്ലംബിംഗ്, പെയിന്റിംഗ്, ടൈലിംഗ് എന്നിവ ഉൾപ്പെടുത്തി ഏറെക്കുറെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റാണ് ആദ്യം തയ്യാറാക്കിയിരുന്നത്. വായനശാലയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ താഴത്തെ തട്ടിലേക്ക് കെട്ടിട നിർമ്മാണം മാറ്റി സ്ഥാപിക്കുകയും പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തതിനാൽ കെട്ടിടത്തിന്റെ സ്ട്രക്ചറൽ ജോലികൾ മാത്രമെ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളു. കെട്ടിട നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനാവശ്യമായ തുടർ പ്രോജക്ടുകൾ ഏറ്റെടുക്കാത്തതിനാൽ വൃദ്ധസദനനിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. വൃദ്ധസദനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടില്ല.

3.കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിനുവേണ്ടി ഉപയോഗപ്പെടുത്തിയില്ല

അളവുബുക്ക് പേജ് 1 ഇനം 1 പ്രകാരമുള്ള പ്രവൃത്തി 30 സെ.മീ കനത്തിൽ മണ്ണ് കുഴിച്ചെടുക്കുക എന്ന പ്രവൃത്തിയായിരുന്നു. (DSR സ്പെസിഫിക്കേഷൻ 2.1.1). 144എം$^3$ അളവിൽ മണ്ണ് നീക്കം ചെയ്ത പ്രവൃത്തി അളവുബുക്ക് പേജ് 55ൽ രേഖപ്പെടുത്തി 144m$^3$ന് 82.1/m$^3$ നിരക്കിൽ ₹11822/-കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. അളവുബുക്ക് പേജ് 23ൽ എക്സ്ട്രാ ഇനം 3 ആയി രേഖപ്പെടുത്തിയിരിക്കുന്നത് 207.86m$^3$ അളവിൽ കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് എർത്ത് ഫില്ലിംഗ് നടത്തുക എന്ന പ്രവൃത്തിയാണ്. എസ്റ്റിമേറ്റ് അളവായ 185.985 എം$^3$-ൽ പരിമിതപ്പെടുത്തി ₹308.64/m$^3$നിരക്കിൽ ₹57462.48/-കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട് (അളവുബുക്ക് പേജ് 77). അളവുബുക്ക് ഇനം 1 പ്രകാരം നീക്കം ചെയ്ത 144m$^3$ മണ്ണ് ഫില്ലിംഗ് പ്രവൃത്തിക്കുവേണ്ടി വിനിയോഗിച്ചിട്ടില്ല. പെരുവന്താനം ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കുഴിച്ചെടുത്ത മണ്ണ് പ്രവൃത്തി സ്ഥലത്ത് കണ്ടെത്തുവാനും കഴിഞ്ഞില്ല. കുഴിച്ചെടുത്ത മണ്ണ് എർത്ത് ഫില്ലിംഗിന് ഉപയോഗപ്രദമല്ലെന്ന് അളവുബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. അളവുബുക്ക് ഇനം 1 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിനുവേണ്ടി ഉപയോഗിക്കാതിരുന്നതുമൂലം ₹44444/-(144m$^3$@308.64) യുടെ നഷ്ടമുണ്ടായിട്ടുണ്ട്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 44, 48 എന്നിവയ്ക്ക് വിശദീകരണം നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വൃദ്ധസദനം പ്രവർത്തനയോഗ്യമാക്കുന്നതോടൊപ്പം നഷ്ടത്തുകയായ ₹44444/- ഉത്തരവാദികളായ അസി.എഞ്ചിനിയർ, അസി.എക്സി.എഞ്ചിനിയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് തെക്കേ കുരിശുമല അംഗൻവാടി-നീക്കം ചെയ്ത കരിങ്കല്ല് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തിയില്ല (ഖ 1-21)

| | |
|---|---|
| പ്രോജക്ട് നം | 991/20 |
| പദ്ധതി അടങ്കൽ | 1500000(വികസന ഫണ്ട് എസ്.സി.പി) |
| കൺവീനർ | ശ്രീമതി ഉഷ പി.വി |
| അളവു ബുക്ക് | 372/17-18 |
| കരാർ നം. | 88/31.3.18 |

| | |
|---|---|
| ബിൽ നം/തീയതി&തുക | 63/3.5.19;₹1124346/- |

നിലവിലുള്ള അംഗൻവാടി കെട്ടിടം പൊളിച്ച് നീക്കം ചെയ്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2017-18വർഷം ആവിഷ്കരിച്ച പദ്ധതിയാണിത്. നിലവിലുള്ള കെട്ടിടം പൊളിച്ച് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ അളവ് ബുക്കിൽ രേഖപ്പെടുത്തി ₹53839/-കൺവീനർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.പദ്ധതി കൺവീനർക്ക് അധികം തുക നൽകി

അളവ് ബുക്ക് ഇനം 2(സ്പെസിഫിക്കേഷൻ 15.9.2) ആയി 12.47m3 കരിങ്കല്ല് പൊളിച്ച് നീക്കം ചെയ്ത് അട്ടിയിട്ട വകയിൽ കൺവീനർക്ക് ₹18159/- അനുവദിച്ചിട്ടുണ്ട്.അളവ് ബുക്കിൽ പ്രവൃത്തി ഇനം 12 ആയി രേഖപ്പെടുത്തിയിരിക്കുന്നത് Dry Rubble Masonry(60.7.1) എന്ന പ്രവൃത്തിയാണ്.11.586m3 കരിങ്കല്ല് കെട്ടിയ വകയിൽ കൺവീനർക്ക് ₹2778.10/-നിരക്കിൽ ₹32187.06/-നൽകിയിട്ടുണ്ട്.എന്നാൽ അളവ് ബുക്ക് ഇനം 2 പ്രകാരം നീക്കം ചെയ്ത 12.47m3കരിങ്കല്ല് പ്രസ്തുത പ്രവൃത്തിക്കായി വിനിയോഗിച്ചിട്ടില്ല.പ്രസ്തുത കരിങ്കല്ല് ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ DSRസ്പെസിഫിക്കേഷൻ 60.7.8 പ്രകാരം (DR With Departmental Stone)₹1036.03/m3 നിരക്കിൽ 11.586m3 കരിങ്കല്ല് കെട്ടിനായി ₹12003.44/-കൺവീനർക്ക് നൽകിയാൽ മതിയായിരുന്നു.പ്രസ്തുത പ്രവൃത്തിക്കായി ₹20184/-കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്(30187.06-12003.44).അളവ് ബുക്ക് പ്രവൃത്തി ഇനം 1 (സ്പെസിഫിക്കേഷൻ 15.74) പ്രകാരം നീക്കം ചെയ്ത $10.51m^3$ ഇഷ്ടിക, ഇനം 3 (സ്പെസിഫിക്കേഷൻ 15.12.1) പ്രകാരം പൊളിച്ചെടുത്ത 2 വാതിൽ, 8 ജനലുകൾ എന്നിവ ലേലം ചെയ്ത നൽകിയിട്ടില്ല. ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലം നേരിട്ട പരിശോധന നടത്തിയെങ്കിലും അളവ് ബുക്കിൽ പ്രവൃത്തി ഇനം 1, 2&3 ആയി രേഖപ്പെടുത്തിയിട്ടുള്ളതും പുനരുപയോഗപ്രദമെന്ന് കാണിച്ചിട്ടുള്ളതുമായ സാധനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

2.അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടില്ല

വാട്ടർ ടാങ്കിനും അനുബന്ധ പ്രവൃത്തികൾക്കുമായി പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും കുടിവെള്ള സ്രോതസ് കണ്ടെത്തി വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. സമീപ വീടുകളിൽ നിന്നും പൈപ്പിലൂടെ എത്തിക്കുന്ന വെള്ളം വാട്ടർ ടാങ്കിൽ ശേഖരിച്ചാണ് നിലവിൽ കുടിവെള്ളം ലഭ്യമാക്കുന്നത്.

ഉപഖണ്ഡിക 1, 2 എന്നിവ പ്രകാരം പരാമർശിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.43) വിശദീകരണം നൽകിയിട്ടില്ല. നഷ്ടമായി നിജപ്പെടുത്തിയിട്ടുള്ള തുക ₹20184/-ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-11 പാമ്പനാർ ഗവ.സ്കൂൾ സംരക്ഷണ ഭിത്തി-പെയിന്റിംഗ് പ്രവൃത്തിക്ക് അധികം തുക നൽകി (ഖ.1-22)

| | |
|---|---|
| പ്രോജക്റ്റ് നം. | 1254/20 |
| പദ്ധതി അടങ്കൽ | ₹1000000(വികസന ഫണ്ട് ജനറൽ) |
| കൺവീനർ | ശ്രീ. സുനിൽ എസ്, ഹെഡ്മാസ്റ്റർ |
| അളവ് ബുക്ക് നം. | 2322/18-19 |
| കരാർ നം. | 37/20.01.18 |
| ബിൽ നം/തീയതി&തുക | 230/26.5.20;₹917326/- |

പാമ്പനാർ ഗവ.സ്കൂളിന് സംരക്ഷണഭിത്തിയും അതിനു മുകളിൽ ചുറ്റുമതിൽ കെട്ടുന്നതിനുമായി 2017-18 വർഷം തയ്യാറാക്കിയ പദ്ധതിയാണിത്. അളവ് ബുക്ക് പേജ് 12ൽ എക്സ്ട്രാ ഇനം 3 ആയി രേഖപ്പെടുത്തിയിരിക്കുന്നത് 'Painting Walls With Cement Water Proofing Paint As Per Specification Two Coats' എന്ന പ്രവൃത്തിയാണ്. ചുറ്റുമതിലിന്റെ ഇരു വശങ്ങളിലുമായി $324.420m^2$ പെയിന്റിംഗ് പ്രവൃത്തി ചെയ്തതായി അളവ് ബുക്കിൽ രേഖപ്പെടുത്തി $₹85.15/m^2$ നിരക്കിൽ ₹27624.36/-കൺവീനർക്കു നൽകിയിട്ടുണ്ട്. എന്നാൽ LSGD ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലം നേരിട്ട് പരിശോധന നടത്തിയതിൽ ചുറ്റുമതിലിന്റെ ഒരു വശം മാത്രമേ പെയിന്റിംഗ് നടത്തിയിട്ടുള്ളുവെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. $162.21m^2$ പെയിന്റിംഗ് പ്രവൃത്തി അധികമായി അളവ് ബുക്കിൽ രേഖപ്പെടുത്തി $₹85.15/m^2$ നിരക്കിൽ ₹13812/-കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.42) വിശദീകരണം നൽകിയിട്ടില്ല. നഷ്ട തുക ഉത്തരവാദികളായ അസി.എഞ്ചിനിയർ, അസി.എക്സി.എഞ്ചിനിയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി നടത്തിപ്പിലുണ്ടായ അപാകതകൾ മൂലം നഷ്ടം (ഖ. 1-23)

ദേവികുളം ഗ്രാമ പഞ്ചായത്തിലെ ചെണ്ടുവരെ ജി.എച്ച്.എസ്.എസ്.കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി നടത്തിപ്പിലുണ്ടായ അപാകതകൾ മൂലം ജില്ലാ

പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 965/20 |
| അടങ്കൽ തുക | ₹1000000/- |
| ബിൽ നമ്പർ, തീയതി,തുക | 9/03.05.2019, ₹671227/- |
| കരാറുകാരൻ | ശ്രീ. കെ.കെ.ജോസഫ് |
| അളവു പുസ്തകം | 885/2017-18 |
| കരാർ നം., തീയതി | 373/T/EE/LSGD/IDK/17-18 17-02-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സി. എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് |

എ) നിർവ്വഹിക്കാത്ത/സ്ഥാപിക്കാത്ത ഇനങ്ങൾ എം. ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു

കടിവെള്ള പദ്ധതിക്ക വേണ്ടി ജി.ഐ. പൈപ്പ് ശൃംഖല സ്ഥാപിച്ചതിന് ട്രെഞ്ചിംഗ് ഉൾപ്പെടുന്ന ഡി.എസ്.ആർ. നിരക്കാണ് അനുവദിച്ചത്. എന്നാൽ പ്രസ്തുത പദ്ധതി പ്രദേശങ്ങൾ നേരിൽ പരിശോധിച്ചതിൽ, ട്രെഞ്ചിംഗ് നടത്താതെ വിവിധ അളവുകളിലുള്ള പൈപ്പുകൾ ചിലയിടങ്ങളിൽ മണ്ണിന് മുകളിലൂടെയാണ് സ്ഥാപിച്ചിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖാമൂലം അംഗീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ട്രെഞ്ചിംഗ് പ്രവൃത്തി നടത്താത്തതിനാൽ അതിനുള്ള നിരക്ക് കുറവു ചെയ്യാതെ കരാറുകാരന് പ്രതിഫലം നൽകുക വഴി അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ട്രെഞ്ചിംഗ് നടത്താതെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു ബാധകമായ നിരക്ക്

| ക്രമ നം. | ഇനം | GI Pipe | | |
|---|---|---|---|---|
| | | 50mm | 40mm | 25mm |
| 1 | DSR 2016ലെ കോഡ് | 18.12.6 | 18.12.5 | 18.12.3 |
| 2 | DSR 2016 പ്രകാരം 10 മീറ്ററിന് ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള അടിസ്ഥാന നിരക്ക് | 2950.40 | 2591.97 | 1772.20 |
| 3 | DSR 2016 ഡേറ്റയിൽ പരിഗണിച്ചിട്ടുള്ള ട്രെഞ്ചിംഗിന്റെ നിരക്ക് | 485.76 | 485.76 | 485.76 |
| 4 | (2)-(3) | 2464.64 | 2106.21 | 1286.44 |
| 5 | 1% വാട്ടർ ചാർജ് | 24.65 | 21.06 | 12.86 |
| 6 | (4)+(5) | 2489.29 | 2127.27 | 1299.3 |
| 7 | 15% CPOH | 373.39 | 319.09 | 194.9 |
| 8 | (6)+(7) | 2862.68 | 2446.36 | 1494.2 |
| 9 | പ്രവൃത്തികൾക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ്(55.88%) | 1599.67 | 1367.02 | 834.96 |
| 10 | 10 മീറ്ററിന് ബാധകമായനിരക്ക് [(8)+(9)] | 4462.35 | 3813.38 | 2329.16 |
| 11 | 1 മീറ്ററിന് ബാധകമായനിരക്ക് (ട്രെഞ്ചിംഗ് കൂടാതെ) | 446.23 | 381.34 | 232.92 |
| 12 | എസ്റ്റിമേറ്റിലെ നിരക്ക് (ട്രെഞ്ചിംഗ് ഉൾപ്പടെ) | 534.2 | 469.28 | 320.88 |

ജി. ഐ. പൈപ്പുകൾ സ്ഥാപിച്ചതു വഴി അധിക തുക നല്കിയതിന്റെ വിവരം

| അളവ് പുസത്കത്തി ലെ ഇനം | പ്രവൃത്തിയുടെ ആകെ അളവ്(m) | ടെൻഡർ കുറവിന്റെ ശതമാനം | ഭൗതീക പരിശോധനയിൽ ട്രഞ്ചിംഗ് നടത്താത്തതായി കണ്ട അളവ് (M) | ട്രഞ്ചിംഗ് നടത്താത്തി ടത്ത് അത് നടത്തിയ തായി രേഖപ്പെടുത്തി അനുവദിച്ച തുക(₹) | ട്രഞ്ചിംഗ് നടത്താത്തതി നാൽ അനുവദി ക്കാവുന്ന തുക(₹) | അധികം നൽകിയത്(₹) |
|---|---|---|---|---|---|---|
| 1) 25 Mm GI പൈപ്പ് സ്ഥാപിക്കൽ | 213 | 21.1 | 213 | 53925.21 (320.88-യുടെ 21.1% കുറവായ ₹253.17 നിരക്കിൽ) | 39145.14 (232.92യുടെ 21.1% കുറവായ ₹183.78 നിരക്കിൽ) | 14780.07 |
| 2) 40mm GI പൈപ്പ് സ്ഥാപിക്കൽ | 600 | 21.1 | 144 | 53317.44 (469.28-യുടെ 21.1% കുറവായ ₹370.26 നിരക്കിൽ) | 43326.72 (381.34-യുടെ 21.1% കുറവായ ₹300.88 നിരക്കിൽ) | 9990.72 |
| 3) 50mm GI പൈപ്പ് സ്ഥാപിക്കൽ | 578 | 21.1 | 50 | 21074 (534.2/-യുടെ 21.1% കുറവായ ₹421.48 നിരക്കിൽ) | 17603.5 (446.23/-യുടെ 21.1% കുറവായ ₹352.07നിരക്കിൽ) | 3470.5 |
| | | | | നിന്നും | ആകെ | 28241.29 |

നിർവഹിക്കാത്ത/സ്ഥാപിക്കാത്ത ഇനങ്ങൾ നിർവഹിച്ചതായി/സ്ഥാപിച്ചതായി എം. ബുക്കിൽ രേഖപ്പെടുത്തുന്നത് നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ അസി.എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്. ആയത് ചെക്ക് മെഷർ ചെയ്തതായി രേഖപ്പെടുത്തിയ അസി.എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ ഭാഗത്തും വീഴ്ചയുണ്ട്.

ബി) പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു.

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2012- നെ അടിസ്ഥാനമാക്കി തയ്യാറാക്കിയ നിർവ്വഹണ കരാറിലെ 6, 7 എന്നീ വ്യവസ്ഥകൾ പ്രകാരം കരാർ തീയതി മുതൽ പത്ത് ദിവസത്തിനുള്ളിൽ പ്രവ്യത്തി നടത്തുന്നതിനായി സ്ഥലമേറ്റ് വാങ്ങി അടുത്ത പത്ത് ദിവസത്തിനുള്ളിൽ പ്രവ്യത്തി ആരംഭിക്കേണ്ടതും കരാറുടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള കലണ്ടർ പ്രകാരം പ്രവ്യത്തി പൂർത്തിയാക്കേണ്ടതുമാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവ്യത്തി പൂർത്തിയാക്കാൻ സാധിക്കാത്തപക്ഷം കരാർ കാലാവധിയുടെ ഇരുപത് ശതമാനം സമയം കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. പിന്നീടുള്ള മൂന്നുമാസക്കാലയളവിൽ കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും തുടർന്ന് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ടു ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കാൻ സാധിക്കൂ.

ഇവിടുത്തെ പ്രവൃത്തിയുടെ സംഗതിയിൽ, തക്കതായ കാരണങ്ങളാൽ അനുവദിക്കാവുന്ന 20% ഇളവ് അനുവദിച്ച ശേഷവും പിഴ ഈടാക്കാതെ കാലയളവ് നീട്ടി നല്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാർ തീയതി | ടെണ്ടർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി | കരാർ തുക (₹) | ഇളവുകൾ പൂർണമായി അനുവദിച്ചാൽ പോലും പിഴ കൂടാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | പിഴ ഈടാ ക്കേണ്ട തീയതി/ നിരക്ക്/തുക ₹ |
|---|---|---|---|---|---|
| 17-02-2018 | 3 മാസം | 717872.98 | 29-06-18<br>[3 മാസം+<br>(10+10+18) ദിവസം] | 08-03-2019 | 30-06-2018 (1%) -₹7179<br>30-9-2018 (2%)-₹14357<br>30-12-2018 (2%)-₹14357<br>ആകെ-₹35893 |

ഇ-ടെണ്ടറിൽ സൂചിപ്പിച്ചിരിക്കുന്ന പൂർത്തീകരണ കാലാവധിയിൽ അധികരിച്ച കാലാവധി അനുവദിക്കുകയോ അപ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ രേഖകളിൽ എഴുതുകയോ ചെയ്യുന്നത് ശരിയല്ല. ഇവിടുത്തെ സംഗതിയിൽ ഇ-ടെണ്ടറിൽ പൂർത്തീകരണ കാലവധി മൂന്ന് മാസമെന്നാണ്. എന്നാൽ വിവിധ രേഖകളിൽ ആയത് ആറ് മാസമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട എല്ലാ തയ്യാറെടുപ്പുകളും നടത്തിയതിന് ശേഷം മാത്രമാണ് കോൺട്രാക്ടർ കരാറിൽ ഏർപ്പെടുന്നത്. ഒരിക്കൽ കരാറിൽ ഏർപ്പെട്ടാൽ ആവശ്യമായ സാധനസാമഗ്രികൾ ലഭ്യമാക്കി പദ്ധതിയുടെ സുഗമമായ നടത്തിപ്പും പൂർത്തീകരണവും ഉറപ്പാക്കേണ്ടത് കരാറുകാരന്റെ മാത്രം ചുമതലയാണ്.അനുവദനീയ കാലയളവിന്റെ 20% ഇളവ് നൽകാൻ മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥന് അധികാരമുള്ളത്. ആയതിനാൽ സാധനസാമഗ്രികളുടെ ക്ഷാമം കാരണം കാലാവധിയിൽ ഇളവ് നൽകാനുള്ള അപേക്ഷകളിൽ അനുകൂലതീരുമാനമെടുക്കാൻ വ്യവസ്ഥ 7 പ്രകാരം നിർവഹണ ഉദ്യോഗസ്ഥന് ബാദ്ധ്യതയില്ല; അപ്രകാരം ചെയ്യുന്നത് ക്രമവിരുദ്ധവുമാണ്.കരാർ വ്യവസ്ഥ പൂർണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചതു വഴി ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ പോലും ഈടാക്കിയില്ലയെന്നത് നിർവഹണ ഉദ്യേഗസ്ഥനെന്ന നിലയിൽ എക്സി. എഞ്ചിനീയറുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറി (നം.47) മുഖേന എക്സി. എഞ്ചിനീയറെ അറിയിച്ചെങ്കിലും മറുപടി ലഭിച്ചില്ല.

1994-ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ സെക്ഷൻ 2(എൽ)-ൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള വീഴ്ച ഉണ്ടായതിനാൽ മേൽ സൂചിത രണ്ട് അപാകതകളിലുമായി ₹64134/-(28241+35893) ജില്ലാ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുന്നു. നഷ്ട തുക കരാറുകാരിൽ നിന്ന് പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ജി. ഐ. പൈപ്പുകൾ സ്ഥാപിച്ചതു വഴി അധികം നൽകിയ ₹28241/- പ്രവൃത്തി നടപ്പാക്കിയ അസി. എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചതു വഴി ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം ₹35893/- നിർവഹണ ഉദ്യോഗസ്ഥനായ എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

### 3-13 ദേവികുളം ഗുഡാർവിള ഗവ.ഹൈസ്കൂൾ അറ്റകുറ്റ പണി-ചെയ്യാത്ത പ്രവൃത്തി അളവുബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു (ഖ. 1-24)

ദേവികുളം ഗുഡാർവിള ഗവ.ഹൈസ്സ്കൂൾ അറ്റകുറ്റപണി എന്ന പദ്ധതിയിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ച് നല്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | 1418/20-ദേവികുളം ഗുഡാർവിള ഗവ.ഹൈസ്കൂൾ അറ്റകുറ്റപണി |

| | |
|---|---|
| അടങ്കൽ | 500000 (മെയ്റ്റനൻസ് ഫണ്ട് റോഡിതരം) |
| കൺവീനർ | ശ്രീ. പ്രഭാകരൻ |
| എം ബുക്ക് നമ്പർ | 275/19-20 |
| ബിൽ നം,ഉക | 191/11.05.2020 ₹ 330857/- |

അപാകതകൾ

1. പ്രവൃത്തിയുടെ അളവ് ബുക്ക് പേജ് നമ്പർ 1,2 എന്നിവയിലായി ഗേറ്റ് പില്ലർ സ്ഥാപിക്കുന്നതിനായി 6.75m3 മണ്ണ് മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഗേറ്റ് പില്ലർ വളരെക്കാലം മുമ്പ് സ്ഥാപിച്ചതാണെന്നും കരിങ്കല്ല് ഉപയോഗിച്ച് നിർമ്മിച്ച പില്ലറുകളിൽ പെയ്റ്റിംഗ് മാത്രമാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നടത്തിയതെന്നും കൺവീനറായ സ്കൂൾ ഹെഡ്മാസ്റ്റർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഗേറ്റ് പില്ലർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അളവ്പുസ്തകത്തിന്റെ 1 മുതൽ 12വരെ പേജുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ അളവുകളും കൃത്രിമമായി ചമച്ചതാണെന്ന് ദേവികുളം ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാനിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു.മുൻ വർഷം SSA ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പ്രവൃത്തിയുടെ അളവുംകൂടി ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു,തന്മൂലം താഴെ രേഖപ്പെടുത്തിയിരിക്കുന്ന ഇനങ്ങളിലായി ₹60434/- അധികമായി നല്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി ഇനം നമ്പർ (എം. ബുക്ക് പ്രകാരം) | പ്രവൃത്തി (എം. ബുക്ക് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്) | നല്കിയ ഉക(₹) |
|---|---|---|
| 7 | Earth Work(2.8.1) | 1571.6 |
| 8 | 1:4:8 Concrete (4:1:8) | 5639.55 |
| 9 | 1:1.5:3 Concrete (5.1.2) | 18185.4 |
| 10 | R.C.C (5.2.2) | 16048.31 |
| 11 | Centring And Shuttering (5.9.6) | 6467 |
| 12 | Steel (5.22.6) | 12522.31 |
| | Total | 60434 |

2. അളവ് ബുക്ക് പേജ് നം 13 മുതൽ 17 വരെ പേജുകളിലായി 21.394m3 റോഡ് എർത്ത് വർക്കും കോൺക്രീറ്റും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ 17.156m3 മാത്രമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. SSA ഫണ്ട് ഉപയോഗിച്ച് താഴെത്തെ കെട്ടിടത്തിലേക്കുള്ള റാമ്പിന്റെ കോൺക്രീറ്റിന്റെ അളവ്(4.238എം3 )കൂടി ചേർത്താണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ രണ്ടിനങ്ങളിലുമായി 32280.37 രൂപ അധികമായി നല്കി. വിശദാംശം ചുവടെ നല്കുന്നു.

| ഇനം | എം ബുക്ക് പ്രകാരം (എം$^3$) | ഭൗതിക പരിശോധനയിൽ കണ്ടെത്തിയത്(എം$^3$) | | അധികമായി രേഖപ്പെടുത്തിയത്(എം$^3$) (SSA ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചത്) | | അധികം നല്കിയ ഉക(₹) |
|---|---|---|---|---|---|---|
| എർത്ത് വർക്ക് | 21.394 | 15x3x0.15=6.75<br>6.5x(8+5.2)/2 X0.15=6.386<br>8x(3.4+3.3)/2 X0.15=4.02 | 17.156 | 7.4x2.07x0.12=1.838<br>6.5x2x0.12=1.56<br>3.5x2x0.12=0.84 | 4.238 | 4.238 X74.16 =314.29 |
| 1:2:4 കോൺക്രീറ്റ് എം ബുക്ക് പ്രകാരം | 21.394 | 15x3x0.15=6.75<br>6.5x(8+5.2)/2 X0.15=6.386<br>8x(3.4+3.3)/2 X0.15=4.02 | 17.156 | 7.4x2.07x0.12=1.838<br>6.5x2x0.12=1.56<br>3.5x2x0.12=0.84 | 4.238 | 4.238 X7542.73= 31966.08 |
| | | | | ആകെ | | 32280.37 |

പ്രവൃത്തിയിൽ ആകെ 92714.37 രൂപ (60434 + 32280.37) ചെയ്യാത്ത പ്രവൃത്തികൾക്കായി നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കി ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അധികം നല്കിയ ഉക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-14 കൊട്ടക്കാമ്പൂർ ജലപാതയ്ക്ക് സംരക്ഷണം-പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ മൂലം നഷ്ടം (ഖ.1-25)

നിലവിലുള്ള ചെക്ക് ഡാമിൽ നിന്ന് മണ്ണ് നീക്കം ചെയ്യുകയും ഡാമിനും കനാലിനും സമീപത്തുള്ള വാട്ടർ ടാങ്കിനും അറ്റകുറ്റപ്പണികൾ നടത്തുകയും ഫുട്പാത്ത് നിർമ്മിക്കുകയുമാണ് വട്ടവട ഗ്രാമ പഞ്ചായത്തിലെ കൊട്ടക്കാമ്പൂർ ജലപാതയ്ക്ക് സംരക്ഷണം എന്ന പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 1218/20 |
| അടങ്കൽ ഉക | ₹1000000/- |
| ബിൽ നമ്പർ, തീയതി,ഉക | 301/27.05.2020, ₹922132/- |
| കരാറുകാരൻ | ശ്രീ. ശരവണകമാർ എസ്. |
| അളവു പുസ്തകം | 981/2017-18 |
| കരാർ നം., തീയതി | 356/T/AEE/LSGD/IDK/18-19 05.03.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സി. എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് |

(I) പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി പ്രദേശം ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

A) അരുവി വന്നുചേരുന്ന നിലവിലുണ്ടായിരുന്ന ഒരു മീറ്ററോളം പൊക്കമുള്ള ചെക്ക്ഡാമിന്റെ ഉയരമാണ് വീണ്ടും വർദ്ധിപ്പിച്ചത്. എന്നാൽ ഡാമിൽ

